# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

## മുപ്പത്തൊമ്പതാമത് റിപ്പോർട്ട്

**(2023 മാർച്ച് മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1, 3.2, 3.3 എന്നിവയെ അടിസ്ഥാനമാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

FCB5A/SAR/2023/LFAC/Facing Sheet/Name Report/01.03.2023.

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

## മുപ്പത്തൊമ്പതാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1, 3.2, 3.3 എന്നിവയെ അടിസ്ഥാനമാക്കിയത്]

FCB5A/SAR/2023/LFAC/Facing Sheet/Name Report/01.03.2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| റിപ്പോർട്ട് | : | |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

## ഘടന

**അദ്ധ്യക്ഷൻ** :

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്**:

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. സുനിൽകുമാർ. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2021-23)യുടെ മുപ്പത്തൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1, 3.2, 3.3 എന്നിവയെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിനോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 മാർച്ച് 16

## [illegible] റിപ്പോർട്ട്

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1, 3.2, 3.3 എന്നിവയെ ആധാരമാക്കിയുള്ള .

**ഓഡിറ്റ് ഖണ്ഡിക**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം**

**സവിശേഷതകൾ**

1994 - ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലേയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലേയും പട്ടികകളിൽ ചേർത്തിട്ടുള്ള ചുമതലകളുടേയും സ്ഥാപനങ്ങളുടേയും കൈമാറ്റത്തിന്റെ അനന്തരഫലമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിപുലമായ ആസ്തികളുടെ സംരക്ഷകരായി മാറി. നിലവിലുള്ള ആസ്തികൾക്ക് പുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമായ സ്രോതസ്സുകൾ വിനിയോഗിച്ചും പുതിയ ആസ്തികൾ സൃഷ്ടിക്കുന്നു. ആയതിനാൽ ഓരോ വർഷം കഴിയുമ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികളുടെ പരിപാലന ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പരിപാലനച്ചെലവ് തന്നാണ്ടിലെ പദ്ധതിയേതര ചെലവുകളിൽ ഉൾപ്പെടുമെന്നതിനാൽ അത് പ്ലാൻ ഫണ്ടിൽനിന്ന് ചെലവഴിക്കാൻ കഴിയുകയില്ല. 2004 -05 മുതൽ സംസ്ഥാന സർക്കാർ രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാലന ആവശ്യങ്ങൾ നേരിടാൻ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുവാൻ തുടങ്ങി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ സംരക്ഷണത്തിലുള്ള ആസ്തികളുടെ സർവ്വേ നടത്താത്തതുമൂലം ആസ്തികളുടെ ആവശ്യകത പരിഗണിച്ചുള്ള ഫണ്ടിന്റെ വിതരണം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിരുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ

പ്രമാണങ്ങളുടെ പ്രവർത്തനാവലോകനത്തിലൂടെ സംരക്ഷണ ഗ്രാന്റുകളുടെ അന്യായമായ ആസൂത്രണം ചെയ്യൽ, മറ്റ് ആവശ്യങ്ങൾക്കായി വൻതോതിലുള്ള ഫണ്ടിന്റെ വകമാറ്റം, ആന്തരിക നിരീക്ഷണ വ്യവസ്ഥയുടെ അപര്യാപ്തത തുടങ്ങിയവ വെളിവാക്കപ്പെട്ടു

കൈമാറ്റം ചെയ്ത ആസ്തികളുടെ യഥാർത്ഥ മൂല്യവും അവയുടെ പരിപാലന ആവശ്യകതയും കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംരക്ഷണ ഫണ്ടിന്റെ തിരശ്ചീന വിതരണത്തിന് ഒരു പ്രത്യേക സൂത്രവാക്യം (ഫോർമുല) ആവിഷ്കരിക്കുവാൻ സർക്കാരിനായില്ല.

**(ഖണ്ഡിക 3.1.6)**

പരിശോധിച്ച ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സ്വന്തം ആസ്തികളുടെയോ, കൈമാറ്റം ചെയ്തുകിട്ടിയ ആസ്തികളുടേയോ സർവ്വേ നടത്തിയിരുന്നില്ല. തത്ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്യായമായി സംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്യുവാനും സർക്കാർ അശാസ്ത്രീയമായ രീതിയിൽ ഫണ്ട് വിതരണം നടത്തുവാനും ഇടയായി.

**(ഖണ്ഡിക 3.1.7)**

2004-05 മുതൽ 2007-08 വരെയുള്ള കാലയളവിൽ സംരക്ഷണ ഗ്രാന്റിന്റെ മൊത്തം വിനിയോഗം 71 ശതമാനം മാത്രമായിരുന്നു.

**(ഖണ്ഡിക 3.1.8.2(എ))**

അവലോകന കാലയളവിൽ തെരഞ്ഞെടുത്ത ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റോഡ് ആസ്തികളുടേയും റോഡിതര ആസ്തികളുടേയും സംരക്ഷണ ഗ്രാന്റിൽ 8.24 കോടിയോളം രൂപയുടെ വകമാറ്റി ചെലവഴിക്കൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

**(ഖണ്ഡിക 3.1.9.1 മുതൽ 3.1.9.4 വരെ)**

സ്വന്തമോ കൈമാറ്റം ചെയ്തുകിട്ടിയതോ അല്ലാത്ത ആസ്തികളുടെ പരിപാലനത്തിന് എട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2.72 കോടി രൂപ ക്രമവിരുദ്ധമായി വകമാറ്റുകയുണ്ടായി.

**(ഖണ്ഡിക 3.1.9.5)**

നിശ്ചയിച്ചിട്ടുള്ള 10 ശതമാനപരിധിക്കുമുകളിൽ 20 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൊത്തം 3.26 കോടി രൂപ പ്രവർത്തനച്ചെലവുകൾക്കായി ചെലവഴിച്ചു.

**(ഖണ്ഡിക 3.1.9.6)**

സംരക്ഷണ ഗ്രാന്റിന്റെ ആസൂത്രണത്തിലും വിനിയോഗത്തിലുമുള്ള ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിൽ ആന്തരിക നിരീക്ഷണ വ്യവസ്ഥ ഫലവത്തായിരുന്നില്ല.

**(ഖണ്ഡിക 3.1.11)**

### 3.1.1 ആമുഖം

1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക മൂന്ന്, നാല്, അഞ്ച് എന്നിവയിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും, പദ്ധതികളും, കെട്ടിടങ്ങളും മറ്റ് വസ്തുവകകളും ആസ്തികളും ബാധ്യതകളും യഥാക്രമം ഗ്രാമപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടികയിൽ പരാമർശിച്ചിട്ടുള്ളവ മുൻസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമായി 1995 സെപ്റ്റംബറിൽ സർക്കാർ കൈമാറി. മേൽപ്പറഞ്ഞ അധികാരത്തിന്റെയും ചുമതലകളുടേയും കൈമാറ്റത്തിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിപുലമായ ആസ്തികളുടെ സംരക്ഷകരായി മാറി. ഈ ആസ്തികളെ താഴെപ്പറയുന്നതുപോലെ മൂന്നായി തരംതിരിക്കാം.

1. അധികാര വികേന്ദ്രീകരണത്തിനുമുമ്പായി സ്വന്തമായിട്ടുള്ളതും പരിപാലിച്ചുകൊണ്ടിരുന്നതുമായ ആസ്തികൾ
2. വികേന്ദ്രീകരണ പ്രക്രിയയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയ ആസ്തികൾ.
3. വികേന്ദ്രീകരണത്തിനുശേഷം പദ്ധതിപ്പണം, തനതു സ്രോതസ്സുകളിൽനിന്നുള്ള മിച്ചം, പൊതുജനങ്ങളിൽനിന്നുള്ള സംഭാവന എന്നിവ വിനിയോഗിച്ച് നിർമ്മിച്ച ആസ്തികൾ.

ആസ്തികളുടെ ഉൽപാദന ക്ഷമതയ്ക്ക് കോട്ടം വരാതെ നിർദ്ദിഷ്ട കാലയളവിൽ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ട് പോകുന്നതിനാവശ്യമായ ചെലവിനെയാണ് സംരക്ഷണം അഥവാ പരിപാലനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ദശകങ്ങളിൽ സാമൂഹ്യവും മാനവികവുമായ വികസനങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട അടിസ്ഥാനസൗകര്യങ്ങളുടെ പരിപാലനത്തിനുള്ള ഉദാസീനത, അത്തരം ആസ്തികളിൽനിന്നും പരമാവധി സേവനങ്ങൾ ലഭിക്കാത്ത അവസ്ഥയിലേക്കോ അവയുടെ അകാലത്തിലുള്ള പ്രവർത്തനം തകർച്ചയിലേക്കോ നാശത്തിലേക്കോ നയിക്കാം. അങ്ങനെ സംഭവിക്കാതിരിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡും, റോഡിതര ആസ്തികളുടേയും പരിപാലനത്തിനായി സംരക്ഷണ ഗ്രാന്റിന്റെ രൂപത്തിൽ ഒരു പ്രത്യേകഫണ്ട് രൂപീകരിക്കുവാൻ രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ (എസ്.എസ്.എഫ്.സി.) ശുപാർശ ചെയ്യുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംരക്ഷണ ഗ്രാന്റ് സർക്കാർ രണ്ട് വിഭാഗങ്ങളിലായിട്ടാണ് വകയിരുത്തുന്നത്. ഒന്ന് റോഡുകളുടെ പരിപാലനത്തിനുമാത്രമായും, മറ്റൊന്ന് അവയുടെ അധീനതയിലുള്ള മറ്റ് ആസ്തികളുടെ പരിപാലനത്തിനു വേണ്ടിയും. ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡിന്റെ സംരക്ഷണ ചുമതല ഇല്ലാത്തതിനാൽ ആദ്യത്തെ വിഭാഗത്തിലുള്ള ഗ്രാന്റ് അവയ്ക്ക് നല്കാറില്ല.

### 3.1.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കുകയായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലോണോ സംരക്ഷണ ഗ്രാന്റുകൾ കൈമാറ്റം ചെയ്തത്.

2. ആസ്തികളുടെ പരിപാലനത്തിന്റെ ആവശ്യകത വ്യക്തമായി നിർണ്ണയിച്ചിരുന്നോ? സംരക്ഷണ പദ്ധതികൾ തയ്യാറാക്കിയത് കാലാകാലാങ്ങളിലുള്ള നിശ്ചിത മാനദണ്ഡങ്ങളുടെയും സർക്കാരിന്റെ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നോ?

3. സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് സർക്കാർ പുറപ്പെടുവിച്ചിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണോ?

4. ലഭിച്ചതും വിനിയോഗിച്ചതുമായ സംരക്ഷണ ഗ്രാന്റിന്റെ കണക്കുകൾ ശരിയാംവണ്ണം രേഖപ്പെടുത്തിയിരുന്നോ?
5. സംരക്ഷണ ഗ്രാന്റിന്റെ ഫലവത്തായ ആസൂത്രണത്തിനും വിനിയോഗത്തിനും വേണ്ടുന്ന ആന്തരിക നിരീക്ഷണ വ്യവസ്ഥ നിലനിന്നിരുന്നോ?

### 3.1.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

ആസ്തികളുടെ നടത്തിപ്പിന് സംരക്ഷണ ഗ്രാന്റ് എത്രമാത്രം ഫലപ്രദമായി വിനിയോഗിച്ചു എന്ന് തിട്ടപ്പെടുത്തുവാനായി താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് ഉപയോഗിച്ചത്:

1. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ
2. ആക്ഷൻ ടേക്കൺ റിപ്പോർട്ട്, മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ നോട്ട് 2.
3. സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെടുത്തി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.
4. ആസ്തികളുടെ നടത്തിപ്പും പരിപാലനവുമായി ബന്ധപ്പെട്ട 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും കേരള മുനിസിപ്പാലിറ്റി നിയമത്തിലേയും വകുപ്പുകൾ.

### 3.1.4 ഓഡിറ്റ് രീതിയും വ്യാപ്തിയും

2004-05 മുതൽ 2007-08 വരെയുള്ള കാലയളവിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാന്റിന്റെ വിനിയോഗത്തെപ്പറ്റി 2008 മേയ് മുതൽ ഒക്ടോബർ വരെ ഒരു പ്രവർത്തനാവലോകനം നടത്തുകയുണ്ടായി. റാൻഡം സാംപിൾ അടിസ്ഥാനത്തിലായിരുന്നു ജില്ലകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തെരഞ്ഞെടുത്തത്. സംസ്ഥാനത്തെ 14 ജില്ലകളിൽനിന്ന് എറണാകുളം, കോട്ടയം, പാലക്കാട് എന്നീ മൂന്ന് ജില്ലകളാണ് ഓഡിറ്റിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയത്. തെരഞ്ഞെടുത്ത ജില്ലകളിൽ നിന്ന് ആറ് മുനിസിപ്പാലിറ്റികൾ ആലുവ, അങ്കമാലി, കോട്ടയം, പാലക്കാട്, ഷൊർണ്ണൂർ, വൈക്കം, മൂന്ന് ജില്ലാ

പഞ്ചായത്തുകൾ എറണാകുളം, കോട്ടയം, പാലക്കാട്, ആറ് ബ്ലോക്ക് പഞ്ചായത്തുകൾ ആലത്തൂർ, കോതമംഗലം, മുളന്തുരുത്തി, പള്ളം, പട്ടാമ്പി, വൈക്കം, 18 ഗ്രാമപാഞ്ചായത്തുകൾ ആലത്തൂർ, ചേർപ്പ്, ചോറ്റാനിക്കര, എരിമയൂർ, കാവലങ്ങാട്, കോട്ടപ്പടി, നാട്ടകം, നെല്ലിക്കുഴി, ഓങ്ങല്ലൂർ, പനച്ചിക്കാട്, പട്ടാമ്പി, തിരുവാങ്കുളം, തിരുവാർപ്പ്, റ്റി.വി.പുരം, ഉദയംപേരൂർ, ഉദയനാപുരം, വടക്കാഞ്ചേരി, വിളയൂർ എന്നിവയാണ് വിശദമായ സൂക്ഷ്മ പരിശോധനയ്ക്ക് എടുത്തത്. ഇവയെ കൂടാതെ കോഴിക്കോട് കോർപ്പറേഷനും തെരഞ്ഞെടുക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംരക്ഷണ പദ്ധതികളും അവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ധനകാര്യ സ്റ്റേറ്റ്മെന്റും ആസ്തി രജിസ്റ്ററുകൾ, ധനവിനിയോഗ നിയന്ത്രണ രജിസ്റ്ററുകൾ, ഫയലുകൾ, മറ്റ് ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചാണ് ഓഡിറ്റ് നടത്തിയത്. രേഖകളും കണക്കുകളും പരിശോധിച്ച കൂട്ടത്തിൽ നിലവിലുള്ള ആന്തരിക വ്യവസ്ഥയുടെ പര്യാപ്തതയും അവലോകനത്തിന് വിധേയമാക്കിയിരുന്നു.

### 3.1.5 ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഇനിപ്പറയുന്ന വിഭാഗങ്ങളിലായി തരംതിരിച്ചിരിക്കുന്നു.

- സംരക്ഷണ ഗ്രാന്റിന്റെ വിതരണത്തിനുള്ള മാനദണ്ഡങ്ങൾ
- സംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ
- സംരക്ഷണ ഗ്രാന്റിന്റെ വിട്ടുകൊടുക്കൽ
- സംരക്ഷണ ഗ്രാന്റിൽനിന്നുള്ള വകമാറ്റങ്ങൾ
- അടിയന്തര പരിപാലന പ്രവൃത്തികൾ നിർവ്വഹിക്കാതിരിക്കൽ
- ആന്തരിക നിയന്ത്രണ വ്യവസ്ഥ

### 3.1.6 സംരക്ഷണ ഗ്രാന്റിന്റെ വിതരണത്തിനുള്ള മാനദണ്ഡങ്ങൾ

ധനകാര്യ വർഷത്തിന്റെ രണ്ട് വർഷം മുമ്പുള്ളതും അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയതുമായ കണക്കുകളിൽ കാണിച്ചിട്ടുള്ള സംസ്ഥാന വാർഷിക നികുതി വരുമാനത്തിന്റെ അഞ്ചരശതമാനം വരുന്ന തുക ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംരക്ഷണ ഗ്രാന്റായി സംസ്ഥാന സർക്കാർ ലഭ്യമാക്കണമെന്ന് രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശുപാർശകൾ അംഗീകരിച്ചതിനെ തുടർന്ന് 2004 ഏപ്രിൽ മുതൽ സംരക്ഷണ ഗ്രാന്റിന് ബജറ്റിൽ പ്രത്യേക വിഹിതം നീക്കിവെയ്ക്കുകയും രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത സൂത്രവാക്യം സ്വീകരിച്ച് 2004-05 ഉം 2005-06 ഉം വർഷങ്ങളിൽ ഫണ്ട് വിതരണം നടത്തുകയും ചെയ്തിരുന്നു.

മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിലേയ്ക്ക് 10 ശതമാനം വാർഷിക വളർച്ച നിരക്കടിസ്ഥാനമാക്കിയുള്ള സംരക്ഷണ ഗ്രാന്റാണ് നിശ്ചയിച്ചത്. കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 2006-07 -ലെ സംരക്ഷണ ഗ്രാന്റ് 350 കോടി രൂപയും 2007-08 ലേത് 385 കോടി രൂപയുമായിരുന്നു. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ അഞ്ചരശതമാനം സംസ്ഥാന നികുതി വരുമാനം (അന്തിമമായി ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം) പങ്കുവയ്ക്കുന്നതിന് ശുപാർശ ചെയ്ത അതേ സൂത്രവാക്യം (ഫോർമുല) ഉപയോഗിച്ച് വേണം 2006-07 മുതലുള്ള ഗ്രാന്റുകളും വിതരണം ചെയ്യേണ്ടത്.

2006-07 വർഷത്തിലെ ആദ്യത്തെ നാല് മാസത്തിലേക്ക് മാത്രമേ സർക്കാർ മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ മേൽപ്പറഞ്ഞ ശുപാർശകൾ സ്വീകരിച്ചത്. ബാക്കിയുള്ള നാലുവർഷവും എട്ട് മാസ കാലയളവിലേക്ക് (2006 ആഗസ്റ്റ് മുതൽ 2011 മാർച്ച് വരെ) മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മൊത്തം തുക അതേ നിലവാരത്തിൽ നിലനിർത്തികൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തിരശ്ചീന ഫണ്ട് വിതരണം അവയുടെ കൈവശമുള്ള ആസ്തികളുടെ യഥാർത്ഥ മൂല്യവും അവയുടെ പരിപാലന ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ട് നടത്തുവാനും അതിനായി ഒരു പ്രത്യേക സൂത്രവാക്യം

ആവിഷ്കരിക്കാനും തീരുമാനിച്ചു. 2006 ജൂലൈ മാസത്തിനകം സൂത്രവാക്യം തീർച്ചയാക്കേണ്ടതും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനന്റെയും പിന്നീടുള്ള നാല് വർഷം എട്ട് മാസത്തേക്ക് ലഭിക്കേണ്ട തുക പ്രഖ്യാപിക്കേണ്ടതുമായിരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ ഇനം, വിസ്തീർണ്ണം, പഴക്കം തുടങ്ങിയ അടിസ്ഥാന വിവരങ്ങളുടെ ശേഖരിക്കൽ പൂർണ്ണമാകാത്തതിനാൽ, അപ്രകാരമുള്ള ഒരു സൂത്രവാക്യം 2008 ഒക്ടോബർ വരെയും തീർച്ചപ്പെടുത്തിയിട്ടില്ലായിരുന്നു. അതുകൊണ്ട് 2006-07, 2007-08 എന്നീ കാലയളവിലെ ഗ്രാന്റ് മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയുണ്ടായി.

മുൻവർഷങ്ങളിലെ സംസ്ഥാന നികുതി വരുമാനം (ഓഡിറ്റ് ചെയ്ത തുക), അഞ്ചര ശതമാനം നിരക്കിലുള്ള സംരക്ഷണ ഗ്രാന്റ്, ബജറ്റിൽ വകയിരുത്തിയ തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത തുക, വകയിരുത്തിയതിലും വിട്ടുകൊടുത്തതിലും വന്ന കുറവുകൾ തുടങ്ങിയവയെ കുറിച്ചുള്ള വിശദ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ അദ്ധ്യായം 1 ലെ ഖണ്ഡിക 1.9.4 ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത സൂത്രവാക്യത്തിന്റെ അടിസ്ഥാനത്തിൽ ചുമതലകളും സ്ഥാപനങ്ങളും കൈമാറ്റം ചെയ്ത 1995 ന് മുമ്പും അതിനുശേഷവും സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ പരിപാലനത്തിന് പ്രത്യേക ഫണ്ട് മാറ്റി വയ്ക്കേണ്ടതുമായിരുന്നു. എന്നാൽ സംരക്ഷണ ഗ്രാന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം നടത്തിയപ്പോൾ മേൽപ്പറഞ്ഞ രണ്ട് വിഭാഗങ്ങളിലുമുള്ള ആസ്തികൾക്ക് നീക്കിവച്ച തുകയുടെ അനുപാതം പ്രത്യേകമായി പരാമർശിച്ചിരുന്നില്ല. അതിനു പകരം റോഡ്, റോഡിതര ആസ്തികൾ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായി ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുകയാണുണ്ടായത്.

## 3.17 സംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ

### 3.17.1 സംരക്ഷണ പദ്ധതികളുടെ ക്രമരഹിതമായ തയ്യാറാക്കൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംരക്ഷണ പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ടി സ്വന്തമായുള്ളതും കൈമാറ്റം ചെയ്തു കിട്ടിയതുമായ

ആസ്തികളുടെ പരിപാലനത്തിനുള്ള ആവശ്യകത തിട്ടപ്പെടുത്തേണ്ടതുണ്ട്. ഇത്തരം തിട്ടപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാവണം പരിപാലന പ്രവർത്തനങ്ങളുടെ മുൻഗണന നിർണ്ണയിക്കേണ്ടത്. ഈ ഉദ്ദേശ്യത്തിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസ്തികളുടെ സർവ്വേ നടത്തേണ്ടതും ഓരോ ആസ്തിയുടെയും പരിപാലന ആവശ്യം ചൂണ്ടിക്കാട്ടിയിട്ടുള്ള സർവ്വേ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. സർക്കാർ 2004 ഡിസംബറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറ്റം ചെയ്തു കിട്ടിയിട്ടുള്ള സ്ഥാപനങ്ങളിലെ തലവൻമാരുടെ സമ്മേളനം വിളിച്ചുചേർത്ത് അത്തരം സ്ഥാപനങ്ങളുടെ പരിപാലന ആവശ്യങ്ങൾ എഴുതി വാങ്ങേണ്ടതുണ്ട്.

ഓഡിറ്റിന് തെരഞ്ഞെടുത്ത ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ആസ്തികളുടെ സർവ്വേ നടത്തിയിട്ടില്ലായിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ അവയുടെ മിക്ക ആസ്തികളും ഓഫീസ് പരിസരത്ത് തന്നെ സ്ഥിതി ചെയ്തിട്ടും സർവ്വേ നടത്തുകയുണ്ടായില്ല.

സംരക്ഷണ പദ്ധതികൾ തീർപ്പാക്കാനായി തെരഞ്ഞടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിളിച്ചുകൂട്ടിയ കൈമാറ്റം ചെയ്ത് കിട്ടിയിട്ടുള്ള സ്ഥാപനങ്ങളിലെ തലവൻമാരുടെ സമ്മേളനത്തിന്റെ വിവരം ഇനിപ്പറയുംപ്രകാരമായിരുന്നു.

| വർഷം | സമ്മേളനങ്ങൾ വിളിച്ച ചേർത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 2005-06 | 5 (തിരുവാങ്കുളം ഗ്രാമപഞ്ചായത്ത്, ആലത്തൂർ, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തുകൾ, പാലക്കാട് ജില്ലാ പഞ്ചായത്ത്, കോട്ടയം മുൻസിപ്പാലിറ്റി) |
| 2006-07 | 6 (തിരുവാങ്കുളം, വിളയൂർ ഗ്രാമപഞ്ചായത്തുകൾ, ആലത്തൂർ,പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തുകൾ, പാലക്കാട് ജില്ലാ പഞ്ചായത്ത്, കോട്ടയം മുൻസിപ്പാലിറ്റി) |
| 2007-08 | 10 (കോട്ടപ്പാടി, തിരുവാങ്കുളം, തിരുവാർപ്പ്, വിളയൂർഗ്രാമപഞ്ചായത്തുകൾ, ആലത്തൂർ, പള്ളം, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തുകൾ, പാലക്കാട് ജില്ലാ പഞ്ചായത്ത്, കോട്ടയം മുൻസിപ്പാലിറ്റി) |

സർക്കാരിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് കൈമാറ്റം ചെയ്ത് കിട്ടിയിട്ടുള്ള സ്ഥാപനങ്ങളിലെ തലവൻമാരുടെ സമ്മേളനം വിളിച്ചു ചേർത്ത് സംരക്ഷണ പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിൽ ഏറിയകൂറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികളുടെ സർവ്വേയുടെ അഭാവത്തിലും കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനങ്ങളുടെ പരിപാലന ആവശ്യം തീരുമാനിക്കാൻ അവയുടെ തലവൻമാരുടെ സമ്മേളനം വിളിക്കാതെയും ഏതെങ്കിലും സംരക്ഷണ പദ്ധതികൾ തയ്യാറാക്കപ്പെട്ടിട്ടുള്ള പക്ഷം അവ, തുടർന്നുവരുന്ന ഖണ്ഡികകളിൽ വെളിപ്പെടുത്തിയിരിക്കുംപോലെ, യാഥാർത്ഥ്യ ബോധമുള്ളവയായിരുന്നില്ല.

### 3.1.8 സംരക്ഷണ ഗ്രാന്റിന്റെ വിട്ടുകൊടുക്കൽ

### 3.1.8.1 റോഡ് ആസ്തികൾക്കുവേണ്ടി സംരക്ഷണ ഗ്രാന്റിന്റെ അനുപാതമില്ലാതെ വിട്ടുകൊടുക്കൽ

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അഞ്ചാം പട്ടിക പ്രകാരം പ്രധാന ജില്ലാ റോഡുകൾ ഒഴിച്ചുള്ള മറ്റ് ജില്ലാ റോഡുകളുടെ മുഴുവൻ പരിപാലനത്തിന്റെ ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ്. എന്നാൽ, പൊതുമരാമത്ത് വകുപ്പ് അത്തരം റോഡുകളുടെ നിയന്ത്രണം ജില്ലാപഞ്ചായത്തുകൾക്ക് ഇനിയും കൈമാറിയിട്ടില്ല. സംരക്ഷണ ഗ്രാന്റിന്റെ വിതരണത്തിനായുള്ള സൂത്രവാക്യ പ്രകാരം 1995 ന് മുമ്പ് നിർമ്മിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ പരിപാലനത്തിന് ജില്ലാ പഞ്ചായത്തുകൾക്ക് നീക്കിവെച്ചിട്ടുള്ള 50 ശതമാനം വിഹിതം അവയ്ക്കിടയിൽ പങ്കുവയ്ക്കുന്നത്, ഗ്രാമീണ റോഡുകളുടെയും മറ്റ് ജില്ലാറോഡുകളുടേയും അനുപാതത്തിലാണ്. ആയതിനാൽ ജില്ലാപഞ്ചായത്തുകൾക്ക് പൊതുമാരാമത്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ പരിപാലനത്തിനുള്ള സംരക്ഷണ ഗ്രാന്റും ലഭിച്ചുകൊണ്ടിരിക്കുന്നു.

എറണാകുളം, കോട്ടയം, പാലക്കാട് എന്നീ മൂന്നു ജില്ലാപഞ്ചായത്തുകളുടെ രേഖകൾ പരിശോധിച്ചപ്പോൾ, പാലക്കാട് ജില്ലയിലെ 40.30 കി.മി. ദൈർഘ്യമുള്ള ആറ് മറ്റ് ജില്ലാ റോഡുകൾ മാത്രമേ പൊതുമരാമത്ത് വകുപ്പ് കൈമാറിയിരുന്നുള്ളൂ.

റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലായതിനാൽ റോഡ് ആസ്തികൾക്കുള്ള സംരക്ഷണ ഗ്രാന്റിന്റെ വിതരണം അവയുടെ യഥാർത്ഥ ആവശ്യത്തിന്റെ അനുപാതത്തിലായിരുന്നില്ലെന്ന് ഇതിൽനിന്നും സ്പഷ്ടമാകുന്നു. ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യത്തിലധികം ഫണ്ട് ലഭ്യമായതുമൂലം അവയ്ക്ക് ഖണ്ഡിക 3.1.9.5 ൽ വിസ്തരിച്ച് പ്രതിപാദിച്ചിരിക്കുന്നതുപോലെ, സ്വന്തമല്ലാത്ത ആസ്തികളുടെ നിർമ്മാണം, പുനരുദ്ധാരണം, പരിപാലനം എന്നിവ ഏറ്റെടുക്കാനുള്ള സാധ്യത കൈവരുകയുണ്ടായി.

## 3.1.8.2 സംരക്ഷണ ഗ്രാന്റിന്റെ വിട്ടുകൊടുക്കലും വിനിയോഗവും

### (എ) തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിശകലനം

തദ്ദേശ സ്വയഭരണ സ്ഥാപനം തിരിച്ചുള്ള സംരക്ഷണ ഗ്രാന്റിന്റെ തെരഞ്ഞെടുത്ത 34 സ്ഥാപനങ്ങളിലെ വിഹിതവും വിനിയോഗവും ഇനിപ്പറയും പ്രകാരമായിരുന്നു.

(രൂപ ലക്ഷത്തിൽ)

| തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | എണ്ണം | വിട്ടുകൊടുത്തത് | | | വിനിയോഗം | | | വിനിയോഗത്തിന്റെ ശതമാനം | തനതു ഫണ്ടിലേക്ക് കൈമാറിയത് |
|---|---|---|---|---|---|---|---|---|---|
| | | റോഡ് | റോഡിതരം | ആകെ | റോഡ് | റോഡിതരം | ആകെ | | |
| ഗ്രാമ പഞ്ചായത്തുകൾ | 18 | 697.69 | 869.60 | 1567.29 | 526.19 | 671.79 | 1197.98 | 76 | 0.00 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 6 | 0.00 | 448.26 | 448.26 | 0.00 | 283.08 | 283.08 | 63 | 0.00 |
| ജില്ലാ പഞ്ചായത്തുകൾ | 3 | 1941.22 | 3399.72 | 5340.94 | 1304.41 | 2003.58 | 3307.99 | 62 | 0.00 |
| നഗര സ്വയംഭരണ സ്ഥാപനങ്ങൾ | 7 | 1957.56 | 1956.49 | 3914.05 | 1669.93 | 1494.36 | 3164.29 | 81 | 175.43 (കോഴിക്കോട് കോർപറേഷനും വൈക്കം മുൻസിപ്പാലിറ്റിയും) |
| ആകെ | 34 | 4596.47 | 6674.07 | 11270.54 | 3500.53 | 4452.81 | 7953.34 | 71 | 175.43 |

ആകെക്കൂടിയുള്ള വിനിയോഗം 71 ശതമാനം ആയിരുന്നപ്പോൾ, ജില്ലാ പഞ്ചായത്തുകളുടെ വിനിയോഗമായിരുന്നു (62 ശതമാനം) ഏറ്റവും കുറഞ്ഞത്. രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങളായ കോഴിക്കോട്കോർപ്പറേഷനും, വൈക്കം മുനിസിപ്പാലിറ്റിയും മൊത്തം വിട്ടുകൊടുത്ത തുകയുടെ നാലുശതമാനം തനതു ഫണ്ടിലേക്ക് വരവ് വയ്ക്കുകയുണ്ടായി (പരാമർശം ഖണ്ഡിക 3.1.9.8).

## (ബി) വർഷം തിരിച്ചും വിഭാഗം തിരിച്ചുമുള്ള വിശകലനം

പരിശോധിച്ച് 34 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വർഷം തിരിച്ചും വിഭാഗം തിരിച്ചും 2004-05 മുതൽ 2007-08 വരെ വിട്ടുകൊടുത്തതും വിനിയോഗിച്ചതുമായ സംരക്ഷണ ഗ്രാന്റിന്റെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(രൂപ കോടിയിൽ)

| ആസ്തികളുടെ വിഭാഗം | 2004-05 | | | 2005-06 | | | 2006-07 | | | 2007-08 | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിട്ടുകൊടുത്തത് | വിനിയോഗിച്ചത് | ശതമാനം | വിട്ടുകൊടുത്തത് | വിനിയോഗിച്ചത് | ശതമാനം | വിട്ടുകൊടുത്തത് | വിനിയോഗിച്ചത് | ശതമാനം | വിട്ടുകൊടുത്തത് | വിനിയോഗിച്ചത് | ശതമാനം | വിട്ടുകൊടുത്തത് | വിനിയോഗിച്ചത് | ശതമാനം |
| റോഡുകൾ | 8.38 | 4.95 | 59 | 13.88 | 9.18 | 66 | 9.17 | 8.59 | 94 | 14.53 | 12.28 | 85 | 45.96 | 35.00 | 76 |
| റോഡിതരങ്ങൾ | 14.79 | 5.35 | 36 | 17.75 | 14.39 | 81 | 16.29 | 12.84 | 79 | 17.92 | 11.94 | 67 | 66.74 | 44.53 | 67 |
| ആകെ | 23.17 | 10.30 | 44 | 31.63 | 23.57 | 75 | 25.46 | 21.43 | 84 | 32.45 | 24.22 | 75 | 112.70 | 79.53 | 71 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, 2004-05 മുതൽ 2007-08 വരെയുള്ള കാലത്ത് സംരക്ഷണ ഗ്രാന്റിന്റെ മൊത്തത്തിലുള്ള വിനിയോഗം 71 ശതമാനമായിരുന്നപ്പോൾ റോഡിനും റോഡിതര ആസ്തികൾക്കുമുള്ള വിനിയോഗം യഥാക്രമം 76 ഉം 67 ഉം ശതമാനമായിരുന്നു. മൊത്തത്തിലുള്ള വിനിയോഗം ഏറ്റവും കൂടുതൽ (84 ശതമാനം) 2006 - 07-ലും ഏറ്റവും കുറഞ്ഞത് (44 ശതമാനം) 2004 -05 ലുമായിരുന്നു. റോഡ് ആസ്തികളുടെ പരാമാവധി വിനിയോഗം (94 ശതമാനം) 2006-07 ലും ഏറ്റവും കുറഞ്ഞത് (59 ശതമാനം) 2004-05 -ലുമായിരുന്നു. റോഡിതര ആസ്തികളുടെ കുറഞ്ഞ വിനിയോഗം (36 ശതമാനം) 2004-05 ലും കൂടിയത് (81 ശതമാനം) 2005-06 ലും ആയിരുന്നു.

**(സി) റോഡിതര ആസ്തികളുടെ യഥാർത്ഥ പരിപാലനത്തിനായുള്ള വിനിയോഗം**

2004-05 മുതൽ 2007-08 വരെയുള്ള കാലയളവിൽ 44.53 കോടി രൂപ റോഡിതര ആസ്തികളുടെ പരിപാലനത്തിന് ഉപയോഗിച്ചു. ഇതിൽ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം 19.57 കോടി രൂപ (43.94 ശതമാനം) സ്വന്തം ആസ്തികളുടേയും 22.24 കോടി രൂപ (49.95 ശതമാനം) കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടേയും 2.72 കോടി രൂപ (6.11 ശതമാനം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തമോ കൈമാറ്റം ചെയ്തുകിട്ടിയതോ അല്ലാത്ത ആസ്തികളുടെ പരിപാലനത്തിനുമാണ് വിനിയോഗിച്ചത്.

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര് | റോഡിതര ആസ്തികളുടെ മൊത്തം പരിപാലന ചെലവ് | സ്വന്തം ആസ്തികൾക്ക് വിനിയോഗിച്ചത് | | കൈമാറ്റം ചെയ്തു കിട്ടിയ ആസ്തികൾക്ക് വിനിയോഗിച്ചത് | സ്വന്തമല്ലാത്തതും കൈമാറ്റം ചെയ്തു കിട്ടിയതുമായ ആസ്തികൾക്ക് വിനിയോഗിച്ചത് | സ്വന്തമല്ലാത്തതും കൈമാറ്റം ചെയ്തു കിട്ടാത്തതുമായ ആസ്തികൾക്ക് വിനിയോഗിച്ചത് | |
|---|---|---|---|---|---|---|---|---|
| | | | തുക | ശതമാനം | തുക | ശതമാനം | തുക | ശതമാനം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | ആലത്തൂർ ഗ്രാമപഞ്ചായത്ത് | 40.95 | 27.16 | 66.32 | 13.79 | 33.68 | | 0.00 |
| 2 | ചേമ്പ് ഗ്രാമപഞ്ചായത്ത് | 21.42 | 16.12 | 75.26 | 5.30 | 24.74 | | 0.00 |
| 3 | ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് | 36.79 | 23.74 | 64.53 | 13.05 | 35.47 | | 0.00 |
| 4 | എരിമയൂർ ഗ്രാമപഞ്ചായത്ത് | 47.02 | 21.65 | 46.04 | 25.37 | 53.96 | | 0.00 |
| 5 | കാവലങ്ങാട് ഗ്രാമപഞ്ചായത്ത് | 37.60 | 21.46 | 57.07 | 16.14 | 42.93 | | 0.00 |
| 6 | കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | 25.66 | 18.21 | 70.97 | 7.45 | 29.03 | | 0.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | നാട്ടകം ഗ്രാമപഞ്ചായത്ത് | 37.24 | 24.76 | 66.49 | 12.48 | 33.51 | | 0.00 |
| 8 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 46.77 | 34.36 | 73.47 | 11.01 | 23.54 | 1.4 | 2.99 |
| 9 | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 54.80 | 44.64 | 81.46 | 10.16 | 18.54 | | 0.00 |
| 10 | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | 35.39 | 29.32 | 82.85 | 6.07 | 17.15 | | 0.00 |
| 11 | പട്ടാമ്പി ഗ്രാമപഞ്ചായത്ത് | 22.76 | 11.64 | 51.14 | 11.12 | 48.86 | | 0.00 |
| 12 | തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് | 32.13 | 23.71 | 73.79 | 8.42 | 26.21 | | 0.00 |
| 13 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | 34.09 | 22.34 | 65.53 | 11.57 | 33.94 | 0.18 | 0.53 |
| 14 | റ്റി.വി.പുരം ഗ്രാമപഞ്ചായത്ത് | 23.27 | 12.91 | 55.48 | 10.36 | 44.52 | | 0.00 |
| 15 | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | 43.26 | 33.91 | 78.39 | 9.35 | 21.61 | | 0.00 |
| 16 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് | 38.45 | 27.72 | 72.09 | 10.73 | 27.91 | | 0.00 |
| 17 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 48.26 | 40.09 | 83.07 | 8.17 | 16.93 | | 0.00 |
| 18 | വിളയൂർ ഗ്രാമപഞ്ചായത്ത് | 45.93 | 37.10 | 80.78 | 8.83 | 19.22 | | 0.00 |
| 19 | ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 47.07 | 0.00 | 0.00 | 47.07 | 100.00 | | 0.00 |
| 20 | കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 60.07 | 29.56 | 49.21 | 30.51 | 50.79 | | 0.00 |
| 21 | മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 30.29 | 18.36 | 60.61 | 11.93 | 39.39 | | 0.00 |
| 22 | പള്ളം ബ്ലോക്ക് പഞ്ചായത്ത് | 50.59 | 10.55 | 20.85 | 40.04 | 79.15 | | 0.00 |
| 23 | പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | 67.17 | 13.49 | 20.08 | 52.15 | 77.64 | 1.53 | 2.28 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 24 | വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 27.89 | 10.28 | 36.86 | 17.61 | 63.14 | | 0.00 |
| 25 | എറണാകുളം ജില്ലാപഞ്ചായത്ത് | 592.77 | 2.92 | 0.49 | 489.27 | 82.54 | 100.58 | 16.97 |
| 26 | കോട്ടയം ജില്ലാപഞ്ചായത്ത് | 463.36 | 1.24 | 0.27 | 432.32 | 93.30 | 29.80 | 6.43 |
| 27 | പാലക്കാട് ജില്ലാപഞ്ചായത്ത് | 947.45 | 87.09 | 9.19 | 724.95 | 76.52 | 135.41 | 14.29 |
| 28 | ആലുവ മുനിസിപ്പാലിറ്റി | 56.51 | 48.39 | 85.63 | 7.08 | 12.53 | 1.04 | 1.84 |
| 29 | അങ്കമാലി മുനിസിപ്പാലിറ്റി | 62.16 | 46.70 | 75.13 | 15.46 | 24.87 | | 0.00 |
| 30 | കോട്ടയം മുനിസിപ്പാലിറ്റി | 214.33 | 165.16 | 77.06 | 49.17 | 22.94 | | 0.00 |
| 31 | പാലക്കാട് മുനിസിപ്പാലിറ്റി | 238.85 | 225.82 | 94.54 | 13.03 | 5.46 | | 0.00 |
| 32 | ഷൊർണൂർ മുനിസിപ്പാലിറ്റി | 106.22 | 82.22 | 77.41 | 24.00 | 22.59 | | 0.00 |
| 33 | വൈക്കം മുനിസിപ്പാലിറ്റി | 71.19 | 48.12 | 67.59 | 21.00 | 29.50 | 2.07 | 2.91 |
| 34 | കോഴിക്കോട് കോർപ്പറേഷൻ | 745.10 | 695.90 | 93.40 | 49.20 | 6.60 | | 0.00 |
| | **ആകെ** | **4452.81** | **1956.64** | **43.94** | **2224.16** | **49.95** | **272.01** | **6.11** |

സ്വന്തവും കൈമാറ്റം ചെയ്തുകിട്ടിയതുമായ ആസ്തികൾക്ക ചെലവഴിച്ച 41.81 കോടി രൂപയുടെ വിശകലനം നടത്തിയപ്പോൾ, 10.91 കോടി രൂപ (26.09 ശതമാനം) പ്രവർത്തന ച്ചെലവുകൾക്കും 2.49 കോടി രൂപ പുതിയ നിർമ്മിതികൾക്കും 81.32 ലക്ഷം രൂപയുടെ തറ ഓട്ടുപണികൾ ഉൾപ്പെടെ 2.34 കോടി രൂപ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും വിനിയോഗിച്ചതായി തെളിഞ്ഞു. ഇപ്രകാരം പരിപാലനത്തിന് യഥാർത്ഥത്തിൽ വിനിയോഗിച്ചത് 26.07 കോടി രൂപയാണ്. **അനുബന്ധം VII-ൽ** കാണിച്ചിട്ടുള്ള പ്രകാരം, ഇത് റോഡിതര ആസ്തികളുടെ പരിപാലനത്തിന് വിട് കൊടുത്ത തുകയുടെ 39.06 ശതമാനവും മൊത്തം വിനിയോഗത്തിന്റെ 58.55 ശതമാനവുമായിരുന്നു.

### 3.1.9 സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള വകമാറ്റങ്ങൾ

സർക്കാർ മറ്റുവിധത്തിൽ ഉപയോഗിക്കാൻ അനുവദിക്കാത്ത പക്ഷം സംരക്ഷണ ഗ്രാന്റിൽ നിന്നും തുക വകമാറ്റുവാൻ പാടില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ പരിപാലനാവശ്യങ്ങൾ നേരിടാൻ നൽകിയ ഫണ്ടിൽനിന്നും ഇനിപ്പറയുന്ന ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള പ്രകാരം വൻ തോതിലുള്ള വകമാറ്റങ്ങൾ 2004-05 മുതൽ 2007-08 വരെയുള്ള കാലത്ത് നടന്നിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

### 3.1.9.1

**റോഡ് ആസ്തികളുടെ ഫണ്ടിൽ നിന്നും റോഡിതര ആസ്തികൾക്കുള്ള വകമാറ്റം.**

പതിനൊന്ന് ഗ്രാമപഞ്ചായത്തുകളും (ചോറ്റാനിക്കര, കാവലങ്ങാട്, കോട്ടപ്പടി, നാട്ടകം, നെല്ലിക്കുഴി, ഓങ്ങല്ലൂർ, പനച്ചിക്കാട്, തിരുവാങ്കുളം, ഉദയംപേരൂർ, ഉദയനാപുരം, വിളയൂർ ഗ്രാമപഞ്ചായത്തുകൾ.) അഞ്ച് നഗര സ്വയംഭരണ സ്ഥാപനങ്ങളും (അങ്കമാലി, കോട്ടയം, പാലക്കാട്, ഷൊർണൂർ, വൈക്കം മുൻസിപ്പാലിറ്റികൾ) 2005-06 മുതൽ 2007-08 വരെ റോഡ് ആസ്തികളുടെ പരിപാലനത്തിനായി അനുവദിച്ച ഗ്രാന്റിൽനിന്നും 1.02 കോടി രൂപ താഴെ കാണിക്കും പകരം റോഡിതര ആസ്തികൾക്കുവേണ്ടി വകമാറ്റി ചെലവഴിച്ചു.

(രൂപ ലക്ഷത്തിൽ)

| വർഷം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | | | | ആകെ | |
|---|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്തുകൾ | | നഗര സ്വയംഭരണ സ്ഥാപനങ്ങൾ | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | തുക |
| | എണ്ണം | തുക | എണ്ണം | തുക | | |
| 2005-06 | 11 | 36.36 | 5 | 64.17 | 16 | 100.53 |
| 2006-07 | 1 | 0.24 | ... | ... | 1 | 0.24 |
| 2007-08 | 2 | 1.64 | ... | .... | 2 | 1.64 |
| **ആകെ** | | **38.24** | | **64.17** | | **102.41** |

കേരള വാട്ടർ അതോറിറ്റിയിലെ വെള്ളക്കരത്തിന്റെ കുടിശ്ശിക തീർക്കാനാണ് 2005-06 -ൽ ഒരു കോടി രൂപ വകമാറ്റിയത്, അതേ വർഷം വകമാറ്റിയ ബാക്കി തുക ചോറ്റാനിക്കര, തിരുവാങ്കുളം ഗ്രാമപഞ്ചായത്തുകളിലെ റോഡിതര ആസ്തികളുടെ പരിപാലനത്തിനായി വിനിയോഗിക്കുകയുണ്ടായി.

### 3.1.9.2 റോഡിതരത്തിൽ നിന്നും റോഡ് ആസ്തികൾക്കുള്ള വകമാറ്റം

എരിമയൂർ, കാവിലങ്ങാട്, ഉദയംപേരൂർ, വടക്കഞ്ചേരി, എന്നീ നാല് ഗ്രാമപഞ്ചായത്തുകളും, ആലുവ, അങ്കമാലി, കോട്ടയം, മുനിസിപ്പാലിറ്റികളും കോഴിക്കോട് കോർപ്പറേഷനുമടങ്ങുന്ന നാല് നഗര സ്വയംഭരണ സ്ഥാപനങ്ങളും റോഡിതര ആസ്തികളുടെ പരിപാലനത്തിനനുവദിച്ച ഗ്രാന്റിൽ നിന്നും താഴെ കൊടുത്തിട്ടുള്ള പ്രകാരം 34.68 ലക്ഷം രൂപ 2005-06 മുതൽ 2007-08 വരെ റോഡ് ആസ്തികളുടെ പരിപാലനത്തിനായി വകമാറ്റി. റോഡ് ആസ്തികൾക്ക് വകയിരുത്തിയിരുന്നതിലും ഉപരിയായുള്ള പരിപാലന ചെലവുകൾ നേരിടാനായിട്ടായിരുന്നു ഈ വിധം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ടുകൾ വകമാറ്റിയിരുന്നത് .

(രൂപ ലക്ഷത്തിൽ)

| വർഷം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | | | | ആകെ | |
|---|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്തുകൾ | | നഗര സ്വയംഭരണ സ്ഥാപനങ്ങൾ | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | തുക |
| | എണ്ണം | തുക | എണ്ണം | തുക | | |
| 2005-06 | 2 | 2.69 | 1 | 30.05 | 3 | 32.74 |
| 2006-07 | 1 | 1.25 | 3 | 0.51 | 4 | 1.76 |
| 2007-08 | 1 | 0.18 | ... | ... | 1 | 0.18 |
| **ആകെ** | **4** | **4.12** | **4** | **30.56** | **8** | **34.68** |

### 3.1.9.3 പുതിയ നിർമ്മാണങ്ങൾക്കുള്ള വകമാറ്റം

പുതിയ ആസ്തികളുടെ സൃഷ്ടി ഒരു വികസന പ്രവർത്തനമാണ്. റോഡും റോഡിതര വിഭാഗത്തിലുമുള്ള പുതിയ നിർമ്മാണ പ്രവൃത്തികളുടെ ചെലവു വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി നീക്കിവച്ചിട്ടുള്ള ഫണ്ടിൽനിന്നും വേണമായിരുന്നു

നടത്തേണ്ടത്. എന്നാൽ റോഡും റോഡിതര ആസ്തികളുടെയും പുതിയ നിർമ്മിതികൾക്ക് സാരവത്തായ തുക സംരക്ഷണ ഗ്രാന്റിൽനിന്നും വകമാറ്റിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പരിശോധിച്ച 34 ൽ 17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 49 പുതിയ നിർമ്മാണ പ്രവൃത്തികൾക്കായി (റോഡും റോഡിതരവും) താഴെ കൊടുത്തിട്ടുള്ള പ്രകാരം 2.62 കോടി രൂപ വകമാറ്റിയിരുന്നു .

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | റോഡിതര ആസ്തികൾ | | റോഡ് ആസ്തികൾ | | ആകെ | |
|---|---|---|---|---|---|---|---|
| | | പ്രവൃത്തികളുടെ എണ്ണം | തുക | പ്രവൃത്തി കളുടെ എണ്ണം | തുക | പ്രവർത്തികളുടെ എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ആലത്തൂർ ഗ്രാമപഞ്ചായത്ത് | 1 | 0.25 | ... | ... | 1 | 0.25 |
| 2 | ചേമ്പ് ഗ്രാമപഞ്ചായത്ത് | 1 | 0.13 | ... | ... | 1 | 0.13 |
| 3 | ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് | 2 | 5.99 | 2 | 1.68 | 4 | 7.67 |
| 4 | എരിമയൂർ ഗ്രാമപഞ്ചായത്ത് | 3 | 4.08 | ... | ... | 3 | 4.08 |
| 5 | കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | 1 | 2.94 | ... | ... | 1 | 2.94 |
| 6 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 10 | 4.54 | 1 | 1.65 | 11 | 6.19 |
| 7 | പട്ടാമ്പി ഗ്രാമപഞ്ചായത്ത് | 2 | 2.50 | ... | ... | 2 | 2.50 |
| 8 | തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് | 1 | 3.85 | ... | ... | 1 | 3.85 |
| 9 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | 1 | 2.31 | ... | ... | 1 | 2.31 |
| 10 | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | 1 | 8.28 | ... | ... | 1 | 8.28 |
| 11 | കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 4 | 8.03 | ... | ... | 4 | 8.03 |
| 12 | എറണാകുളം | 1 | 7.56 | ... | ... | 1 | 7.56 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ജില്ലാപഞ്ചായത്ത് | | | | | | |
| 13 | കോട്ടയം ജില്ലാപഞ്ചായത്ത് | 2 | 21.57 | ... | ... | 2 | 21.57 |
| 14 | പാലക്കാട് ജില്ലാപഞ്ചായത്ത് | 1 | 5.00 | ... | ... | 1 | 5.00 |
| 15 | കോട്ടയം മുനിസിപ്പാലിറ്റി | 3 | 7.41 | 1 | 6.13 | 4 | 13.54 |
| 16 | വൈക്കം മുനിസിപ്പാലിറ്റി | 4 | 3.58 | 2 | 4.23 | 6 | 7.81 |
| 17 | കോഴിക്കോട് കോർപ്പറേഷൻ | 5 | 160.70 | ... | ... | 5 | 160.70 |
| | **ആകെ** | **43** | **248.72** | **6** | **13.69** | **49** | **262.41** |

സ്കൂളുകളിലെ ക്ലാസ്മുറികൾ, അംഗൻവാടികൾ, മൃഗാശുപത്രികൾ, മൃഗസംരക്ഷണ വകുപ്പിന്റെ കെട്ടിടങ്ങൾ, ഓഡിറ്റോറിയങ്ങൾ, വെയിറ്റിംഗ് ഷെഡ്ഡുകൾ, കളിസ്ഥലങ്ങൾ, സ്റ്റേഡിയങ്ങൾ, പബ്ലിക് പാർക്കുകളിലെ വിളക്കുകൾ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, കുടിവെള്ള പദ്ധതികൾ, പുതിയ റോഡുകളുടെ നിർമ്മാണം തുടങ്ങിയവയാണ് പുതിയ നിർമ്മാണങ്ങളിൽ ഉൾപ്പെടുന്നത്.

## (എ) പുതിയ റോഡിതര ആസ്തികളുടെ നിർമ്മാണം

17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 43 റോഡിതര ആസ്തികളുടെ നിർമ്മാണത്തിനായി 2.49 കോടി രൂപ സംരക്ഷണഗ്രാന്റിൽ നിന്നും വകമാറ്റി വിനിയോഗിക്കുക യുണ്ടായി. കോഴിക്കോട് കോർപ്പറേഷനാണ് ഏറ്റവും കൂടുതൽ തുക ( 1.61 കോടി രൂപ ) അഞ്ച് പ്രവൃത്തികൾക്കായി വകമാറ്റിയത്. അടുത്ത ഉയർന്ന തുകയായ 21.57 ലക്ഷം രൂപ കോട്ടയം ജില്ലാപഞ്ചായത്തും വകമാറ്റിയിരുന്നു. ഗ്രാമപഞ്ചായത്തുകളുടെ കൂട്ടത്തിൽ ഉദയംപേരൂരാണ് പരമാവധി തുക ( 8.28 ലക്ഷം രൂപ ) ഒരു പ്രവൃത്തിക്കായി 2006-07ൽ വക മാറ്റിയത്. ബ്ലോക്ക് പഞ്ചായത്തുകളുടെ കൂട്ടത്തിൽ തുക വകമാറ്റിയ ഏകസ്ഥാപനം കോതമംഗലമായിരുന്നു. അവിടെ 2004-05 -നും 2007-08 -നും മദ്ധ്യേ നാല് പ്രവൃത്തികൾക്കായി മൊത്തം 8.03 ലക്ഷം രൂപ വകമാറ്റുകയുണ്ടായി. കോഴിക്കോട് കോർപ്പറേഷൻ വകമാറ്റി ചെലവഴിച്ച 1.61 കോടി രൂപയിൽ 1.05 കോടി രൂപ ഒരു സ്റ്റേഡിയം സമുച്ചയത്തിന്റെ നിർമ്മാണത്തിനുവേണ്ടിയാണ് വിനിയോഗിച്ചത്.

### ( ബി ) പുതിയ റോഡുകളുടെ നിർമ്മാണം

നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 13.69 ലക്ഷം രൂപ ചെലവിൽ ആറ് റോഡുകൾ നിർമ്മിക്കുകയുണ്ടായി. ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലും വൈക്കം മുനിസിപ്പാലിറ്റിയിലും രണ്ടു റോഡുകൾ വീതവും നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലും കോട്ടയം മുനിസിപ്പാലിറ്റിയിലും ഓരോ റോഡുവീതവുമാണ് നിർമ്മിച്ചത്.

### 3.1.9.4 നിലവിലുള്ള ആസ്തികളുടെ പുനരുദ്ധാരണങ്ങൾ

സാമ്പത്തിക ചട്ടങ്ങൾ അനുസരിച്ച് ആസ്തികളുടെ പരിപാലന ചെലവുകൾ റവന്യൂ ചെലവുകളായും പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണ ചെലവുകൾ മൂലധന ചെലവുകളായും തരംതിരിച്ചിരിക്കുന്നു. നിലവിലുള്ള ആസ്തികളുടെ പുനരുദ്ധാരണം അതിന്റെ പരിമാണത്തിലും അതിൽനിന്നും ലഭിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരത്തിലും വർദ്ധനയുണ്ടാക്കുന്നപക്ഷം,അത്തരത്തിലുള്ള ചെലവുകളെ മൂലധനചെലവുകളായി കരുതാം. അതുകൊണ്ട് ആസ്തികളുടെ പുനരുദ്ധാരണത്തിനുള്ള ചെലവുകൾ സംരക്ഷണ ഗ്രാന്റിൽ നിന്നും വകമാറ്റി ചെലവഴിക്കുന്നത് കണക്കുകളുടെ ക്ലാസിഫിക്കേഷനും, സർക്കാരിന്റെ ഈ സംഗതിയിലുള്ള നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ് . താഴെ വിശദീകരിച്ചിരിക്കും പ്രകാരം റോഡിതര ആസ്തികൾക്ക് 2.34 കോടി രൂപയും റോഡ് ആസ്തികൾക്ക് 1.91 കോടി രൂപയും ഉൾപ്പെടെ 4.25 കോടി രൂപ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2004-05 മുതൽ 2007-08 വരെ വിനിയോഗിച്ചതായി ഓഡിറ്റിൽ കണ്ടെത്തിയിരുന്നു .

### (എ) റോഡിതര ആസ്തികളുടെ പുനരുദ്ധാരണങ്ങൾ

പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മൊത്തം വകമാറ്റിയത് 2.34 കോടി രൂപയായിരുന്നു. അഞ്ച് ഗ്രാമപഞ്ചായത്തുകളിലും മൂന്ന് നഗര സ്വയംഭരണ സ്ഥാപനങ്ങളിലുമായി 1.53 കോടി രൂപയുടെ 47 റോഡിതര പ്രവൃത്തികളും19 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 81.32 ലക്ഷം രൂപയുടെ 89 തറയോട്ട പ്രവൃത്തികളും (ടൈൽസ് വർക്കുകളും) **അനുബന്ധം VII -ൽ** കാണിച്ചിട്ടുള്ള പ്രകാരം, ഇതിൽ ഉൾപ്പെട്ടിരി ക്കുന്നു. മുകളിൽ പറഞ്ഞ 1.53 കോടി രൂപയിൽ കോഴിക്കോട്

കോർപ്പറേഷൻ 12 പ്രവൃത്തികൾക്ക് ചെലവഴിച്ച 68.25 ലക്ഷം രൂപയും പാലക്കാട് മുനിസിപ്പാലിറ്റി മൂന്ന് പ്രവൃത്തികൾക്ക് ചെലവഴിച്ച 62.86 ലക്ഷം രൂപയും ഉൾപ്പെട്ടും. കോഴിക്കോട് കോർപ്പറേഷന്റെ ചെലവുകളിൽ ടാഗോർ ഹാളിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ 31.58 ലക്ഷം രൂപയും പാലക്കാട് മുനിസിപ്പാലിറ്റിയുടെ ചെലവുകളിൽ കൽവാക്കുളം പുതിയ ബസ് സ്റ്റാന്റിന്റെ 62.13 ലക്ഷം രൂപയും ഉൾപ്പെടുന്നു .

## ( ബി ) നിലവിലുള്ള റോഡ് ആസ്തികളുടെ പുനരുദ്ധാരണങ്ങൾ

സംസ്ഥാന സർക്കാരിന്റെ 2004 ഡിസംബറിലെ നിർദ്ദേശങ്ങൾ പ്രകാരം മെറ്റലിട്ടതോ, ഗ്രാവൽ ഇട്ടതോ ആയ റോഡുകളുടെ ആദ്യത്തെ ടാറിങ്ങിന്റെയോ, കോൺക്രീറ്റിങ്ങിന്റെയോ ചെലവ് സംരക്ഷണ ഗ്രാന്റിൽ നിന്ന് വഹിക്കാൻ പാടില്ല . അത്തരം ചെലവുകൾ പദ്ധതി ഫണ്ടിൽനിന്നാ,തനതു ഫണ്ടിൽനിന്നോ അല്ലെങ്കിൽ മറ്റു സ്രോതസ്സുകളുടെ ഫണ്ടിൽനിന്നോ വേണം വഹിക്കാൻ. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള മിക്ക പരിപാലന പ്രവൃത്തികൾക്കും മെറ്റലിട്ടതോ അല്ലെങ്കിൽ മണ്ണ് നിറഞ്ഞതോ, ഗ്രാവലിട്ടതോ ആയ റോഡുകളുടെ ആദ്യ ടാറിങ്ങ് അല്ലെങ്കിൽ ആദ്യ കോൺക്രീറ്റിങ്ങ് ജോലികളുടെ തുക സംരക്ഷണ ഗ്രാന്റിൽനിന്ന് ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. 2004 - 05 മുതൽ 2007 - 08 വരെയുള്ള കാലയളവിൽ 18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 221 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി താഴെ കാണിച്ചിരിക്കും പ്രകാരം മൊത്തം 1.91 കോടി രൂപ ചെലവാക്കിയിരുന്നു .

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | 2004-05 | | 2005-06 | | 2006-07 | | 2007-08 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|
| | | പ്രവൃത്തികളുടെ എണ്ണം | തുക | പ്രവൃത്തികളുടെ എണ്ണം | തുക | പ്രവൃത്തികളുടെ എണ്ണം | തുക | പ്രവൃത്തികളുടെ എണ്ണം | തുക | പ്രവൃത്തികളുടെ എണ്ണം | തുക |
| 1 | ആലത്തൂർ ഗ്രാമപഞ്ചായത്ത് | | | 2 | 1.00 | 2 | 1.69 | | | 4 | 2.69 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | എരിമയൂർ ഗ്രാമപഞ്ചായത്ത് | | | 4 | 3.78 | 8 | 6.68 | | | 12 | 10.46 |
| 3 | കാവലങ്ങാട് ഗ്രാമപഞ്ചായത്ത് | | | | | | | 10 | 3.73 | 10 | 3.73 |
| 4 | കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | | | | | 2 | 1.88 | 5 | 4.54 | 7 | 6.42 |
| 5 | നാട്ടകം ഗ്രാമപഞ്ചായത്ത് | | | 1 | 0.78 | | | 9 | 12.97 | 10 | 13.75 |
| 6 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | | | 10 | 8.67 | 2 | 0.68 | 6 | 4.25 | 18 | 13.60 |
| 7 | ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | | | | | 9 | 3.77 | 3 | 1.00 | 12 | 4.77 |
| 8 | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | 22 | 7.14 | 8 | 4.05 | 14 | 6.95 | 7 | 4.82 | 51 | 22.96 |
| 9 | പട്ടാമ്പി ഗ്രാമപഞ്ചായത്ത് | 2 | 2.00 | 3 | 1.81 | 1 | 1.50 | 2 | 2.28 | 8 | 7.59 |
| 10 | തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് | | | | | 1 | 0.88 | | | 1 | 0.88 |
| 11 | റ്റി.വി.പുരം ഗ്രാമപഞ്ചായത്ത് | | | | | | | 1 | 0.86 | 1 | 0.86 |
| 12 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | | | 2 | 4.29 | 11 | 13.13 | 7 | 13.06 | 20 | 30.48 |
| 13 | വിളയൂർ ഗ്രാമപഞ്ചായത്ത് | 6 | 6.47 | 2 | 1.50 | 4 | 2.46 | | | 12 | 10.43 |
| 14 | പാലക്കാട് ജില്ലാപഞ്ചായത്ത് | | | 7 | 16.84 | 3 | 8.91 | 1 | 2.25 | 11 | 28.00 |
| 15 | ആലുവാ മുനിസിപ്പാലിറ്റി | 5 | 3.82 | 9 | 5.09 | | | 5 | 3.14 | 19 | 12.05 |
| 16 | കോട്ടയം മുനിസിപ്പാലിറ്റി | 1 | 2.31 | | | 4 | 2.98 | | | 5 | 5.29 |
| 17 | പാലക്കാട് മുനിസിപ്പാലിറ്റി | | | 1 | 1.83 | 1 | 0.96 | | | 2 | 2.79 |
| 18 | വൈക്കം മുനിസിപ്പാലിറ്റി | 3 | 2.10 | | | 4 | 4.11 | 11 | 7.64 | 18 | 13.85 |
| | **ആകെ** | **39** | **23.84** | **49** | **49.64** | **66** | **56.58** | **67** | **60.54** | **221** | **190.60** |

51 പ്രവൃത്തികൾക്കായി 22.96 ലക്ഷം രൂപ മുടക്കിയ പനച്ചിക്കാട് ഗ്രാമപഞ്ചായത്താ യിരുന്നു ഏറ്റവും ഉയർന്ന തുക വകമാറ്റിയത് . 2004 - 05 മുതൽ

2007 - 08 വരെ തുടർച്ചയായി എല്ലാവർഷവും ഈ പഞ്ചായത്ത് സംരക്ഷണ ഗ്രാന്റിൽനിന്നും തുക വകമാറ്റുകയുണ്ടായി. പട്ടാമ്പി ഗ്രാമപഞ്ചായത്തിലും മേല്പറഞ്ഞ കാലയളവിൽ തുടർച്ചയായി എട്ട് പ്രവൃത്തികൾക്ക് 7.59 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുകയുണ്ടായി .

**3.1.9.5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമല്ലാത്ത ആസ്തികളുടെ പരിപാലനത്തിന് ഫണ്ടുകൾ വകമാറ്റം ചെയ്തത്.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്വന്തവും കൈമാറ്റം ചെയ്തുകിട്ടിയതുമായ ആസ്തികളുടെ പരിപാലനം ഏറ്റെടുക്കാനാണ് സർക്കാർ ഫണ്ട് നൽകുന്നത്. 2004-05 മുതൽ 2007-08 വരെയുള്ള വർഷങ്ങളിൽ എട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമോ കൈമാറ്റം ചെയ്തുകിട്ടിയതോ അല്ലാത്ത പഴയ റോഡിതര ആസ്തികളുടെ പരിപാലനത്തിനും പുതിയവയുടെ നിർമ്മാണത്തിനുമായി 2.72 കോടി രൂപ (അനുബന്ധംVII) വിനിയോഗിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സംരക്ഷണ ഗ്രാന്റിൽനിന്നും ഇപ്രകാരം ക്രമവിരുദ്ധമായി വിനിയോഗിച്ച 2.72 കോടി രൂപയിൽ 4.06 ലക്ഷം രൂപ എറണാകുളം ജില്ലാപഞ്ചായത്ത് മൂന്ന് പുതിയ റോഡിതര ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിച്ചതായിരുന്നു. ബാക്കി തുകയിൽ 2.66 കോടി രൂപ മൂന്ന് ജില്ലാ പഞ്ചായത്തുകൾ (എറണാകുളം-1.01 കോടി രൂപ, കോട്ടയം-0.30 കോടി രൂപ, പാലക്കാട് 1.35 കോടി രൂപ) അപ്പർ പ്രൈമറി സ്കൂളുകളുടെ പരിപാലനത്തിന് വിനിയോഗിച്ചിരുന്നു . ഈ ആസ്തികൾ ജില്ലാപഞ്ചായത്തുകളുടെ സ്വന്തമോ, കൈമാറ്റം ചെയ്തുകിട്ടിയതോ ആയ ആസ്തികൾ അല്ലാത്തതിനാൽ, അവയുടെ പരിപാലനത്തിനായി സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് സർക്കാരിന്റെ നിർദ്ദേശങ്ങളുടെ സ്പഷ്ടമായ ലംഘനമായിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംരക്ഷണ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കേണ്ടതുണ്ട്. പദ്ധതികൾ അംഗീകാരം നൽകുന്നതിന് മുമ്പ് ജില്ലാ ആസൂത്രണ സമിതികൾ അവ വേണ്ടവിധമുള്ള സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നെങ്കിൽ ഇത്തരം വൻതോതിലുള്ള സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു.

### 3.1.9.6 പരിധിക്ക് അതീതമായി പ്രവർത്തനച്ചെലവുകൾക്ക് സംരക്ഷണ ഗ്രാന്റ് വകമാറ്റിയത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന സംരക്ഷണ ഗ്രാന്റുകൾ തികച്ചും പുതിയ നിർമ്മിതികൾക്കോ അല്ലെങ്കിൽ നിലവിലുള്ള സ്വേച്ഛാപരമായ ചെലവുകൾക്കോ വകമാറ്റാൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. ഇതിന് അപവാദമായി, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംരക്ഷണ ഗ്രാന്റിന്റെ പത്തു ശതമാനംവരെ പ്രവർത്തനച്ചെലവുകൾക്കും നിത്യനിദാനച്ചെലവുകൾക്കും വിനിയോഗിക്കുവാൻ സർക്കാർ അനുവദിക്കുകയുണ്ടായി. പരിശോധിച്ച 34 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2004-05 നും 2007-08 നും ഇടയിൽ മൊത്തം 10.91 കോടി രൂപ പ്രവർത്തനച്ചെലവുകൾക്കായി വിനിയോഗിച്ചിരുന്നു. ഈ തുകയിൽ അനുബന്ധം VII ൽ കാണിച്ചിരിക്കും പ്രകാരം 7.70 കോടി രൂപ സ്വന്തം ആസ്തികളുടെയും 3.21 കോടി രൂപ കൈമാറ്റം ചെയ്തു കിട്ടിയ ആസ്തികളുടെയും പ്രവർത്തനച്ചെലവുകൾക്കാണ് വിനിയോഗിച്ചിരുന്നത്. എന്നാൽ 34 -ൽ 20 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിനിയോഗം സർക്കാർ നിർദ്ദേശിച്ച 10 ശതമാനം പരിധിയ്ക്കു മുകളിലായിരുന്നുവെന്ന് വെളിപ്പെടുകയുണ്ടായി. അധിക വിനിയോഗത്തിന്റെ വ്യതിയാനം താഴെ സൂചിപ്പിച്ചിട്ടുള്ള പ്രകാരം 3.18 ശതമാനത്തിനും 27.66 ശതമാനത്തിനും ഇടയിലായിരുന്നു .

| ക്രമ നം. | തദ്ദേശ സ്വയംഭരണത്തിന്റെ പേര് | ആകെ വിട്ടുകൊടുത്ത തുക | അർഹതപ്പെട്ട തുക (10 ശതമാനം) | വിനിയോഗിച്ച തുക | അധിക വിനിയോഗം | |
|---|---|---|---|---|---|---|
| | | | | | തുക | ശതമാനം |
| 1 | ചേമ്പ് ഗ്രാമപഞ്ചായത്ത് | 90.65 | 9.07 | 11.95 | 2.88 | 3.18 |
| 2 | ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് | 80.58 | 8.06 | 13.82 | 5.76 | 7.15 |
| 3 | കാവലങ്ങാട് ഗ്രാമപഞ്ചായത്ത് | 99.31 | 9.93 | 15.11 | 5.18 | 5.22 |
| 4 | കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | 85.88 | 8.59 | 16.35 | 7.76 | 9.04 |

| | | | | | | |
|---|---|---|---|---|---|---|
| 5 | നാട്ടകം ഗ്രാമപഞ്ചായത്ത് | 99.03 | 9.90 | 22.68 | 12.78 | 12.91 |
| 6 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 103.76 | 10.38 | 34.56 | 24.18 | 23.30 |
| 7 | ഓണങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 103.94 | 10.39 | 25.87 | 15.48 | 14.89 |
| 8 | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | 95.52 | 9.55 | 23.09 | 13.54 | 14.18 |
| 9 | തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് | 61.45 | 6.15 | 15.96 | 9.81 | 15.96 |
| 10 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | 55.07 | 5.51 | 11.05 | 5.54 | 10.06 |
| 11 | റ്റി.വി.പുരം ഗ്രാമപഞ്ചായത്ത് | 49.73 | 4.97 | 9.23 | 4.26 | 8.57 |
| 12 | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | 67.55 | 6.76 | 19.76 | 13.00 | 19.25 |
| 13 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് | 69.64 | 6.96 | 26.22 | 19.26 | 27.66 |
| 14 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 135.35 | 13.54 | 18.75 | 5.21 | 3.85 |
| 15 | വിളയൂർ ഗ്രാമപഞ്ചായത്ത് | 88.23 | 8.82 | 21.39 | 12.57 | 14.25 |
| 16 | അങ്കമാലി മുനിസിപ്പാലിറ്റി | 175.78 | 17.59 | 31.58 | 13.99 | 7.96 |
| 17 | കോട്ടയം മുനിസിപ്പാലിറ്റി | 479.43 | 47.94 | 111.15 | 63.21 | 13.18 |
| 18 | പാലക്കാട് മുനിസിപ്പാലിറ്റി | 751.78 | 75.18 | 102.28 | 27.10 | 3.60 |
| 19 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 211.23 | 21.12 | 64.45 | 43.33 | 20.51 |
| 20 | വൈക്കം മുനിസിപ്പാലിറ്റി | 145.61 | 14.56 | 35.56 | 21.00 | 14.42 |
| | **ആകെ** | **3049.52** | **304.97** | **630.81** | **325.84** | **10.68** |

പ്രവർത്തനച്ചെലവുകളിലെ പ്രധാന ഘടകം തെരുവുടാപ്പുകളിൽ കൂടി വെള്ളം വിതരണം ചെയ്തവകയിൽ കേരള വാട്ടർ അതോറിറ്റിക്ക് അടച്ച വെള്ളക്കരമായിരുന്നു. പ്രവർത്തനചെലവുകളിൽ ഉൾപ്പെട്ടിട്ടുള്ള വർഷം തിരിച്ചുള്ള വെള്ളക്കരവും അതിന്റെ ശതമാനവും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | പ്രവൃത്തന ചെലവുകളുടെ തുക | വെള്ളക്കരത്തിന്റെ തുക | ശതമാനം |
|---|---|---|---|---|
| 2004-05 | 7 | 28.63 | 25.40 | 89 |
| 2005-06 | 20 | 400.89 | 383.21 | 96 |
| 2006-07 | 19 | 163.59 | 147.52 | 90 |
| 2007-08 | 19 | 165.33 | 152.52 | 93 |
| **ആകെ** | | 758.44 | 708.65 | 93 |

തെരുവു ടാപ്പുകളിൽ നിന്ന് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനതു ഫണ്ടിൽനിന്നോ പൊതു ഉദ്ദേശ്യ ഫണ്ടിൽനിന്നോ വഹിക്കണമായിരുന്നു . വെള്ളക്കരം തക്കസമയത്ത് അടയ്ക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയതിനാൽ, അത് കുന്നുകൂടി കുടിശ്ശികയായി മാറുകയും, താമസം നേരിട്ടതിന് അദ്ധ്യായം IV ലെ ഖണ്ഡിക 4.8 ൽ വിവരിച്ചിട്ടുള്ള പ്രകാരം ഒഴിവാക്കാമായിരുന്ന പലിശ/പിഴ ഒടുക്കേണ്ടിവരികയും ചെയ്തു .

## 3.1.9.7 വരുമാനദായക ആസ്തികളുടെ പരിപാലനത്തിനും നിർമ്മാണത്തിനും സംരക്ഷണ ഗ്രാന്റിന്റെ വകമാറ്റം

### (എ) ജലവിതരണവും ജലസേചനവും ഒഴിച്ചുള്ള പദ്ധതികൾ

തനതു ഫണ്ടുകളോ വായ്പ വാങ്ങിയ ഫണ്ടുകളോ ഉപയോഗിച്ചു വേണം ആദായം ലഭിക്കുന്ന ആസ്തികളുടെ നിർമ്മാണവും പുനരുദ്ധാരണവും ഏറ്റെടുക്കാൻ. നിലവിലുള്ള രീതിയനുസരിച്ച് അത്തരം ആസ്തികളുടെ പരിപാലനച്ചെലവ് അവയിൽ നിന്ന് ലഭിക്കുന്ന വരുമാനം ഉപയോഗിച്ചോ അല്ലാത്തപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

തനതുഫണ്ടിൽനിന്നോ വേണം വഹിക്കേണ്ടത്. അക്കാരണത്താൽ സംരക്ഷണ ഗ്രാന്റുകൾ വരുമാനദായക ആസ്തികളുടെ പരിപാലനത്തിനായി പൊതുവേ ഉപയോഗിക്കാറില്ല.

2004-05 മുതൽ 2007-08 വരെയുള്ള കാലയളവിൽ താഴെ വിശദീകരിച്ചിരിക്കുന്ന പ്രകാരം 17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഷോപ്പിംഗ് സമുച്ചയങ്ങൾ, ടൗൺ ഹാളുകൾ , മാർക്കറ്റുകൾ, സ്റ്റേഡിയങ്ങൾ തുടങ്ങി വരുമാനദായകങ്ങളായ 124 നിർമ്മാണ, പുനരുദ്ധാരണ, പരിപാലന പ്രവൃത്തികൾക്ക് 4.57 കോടി രൂപ സംരക്ഷണ ഗ്രാന്റിൽനിന്ന് വിനിയോഗിക്കുകയുണ്ടായി .

(രൂപ ലക്ഷത്തിൽ)

| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | പ്രവൃത്തികളുടെ എണ്ണം | തുക |
|---|---|---|---|
| 2004-05 | 3 | 16 | 141.76 |
| 2005-06 | 11 | 30 | 130.70 |
| 2006-07 | 12 | 55 | 100.05 |
| 2007-08 | 9 | 23 | 84.67 |
| **ആകെ** | | **124** | **457.18** |

നഗര സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ കോഴിക്കോട് കോർപറേഷൻ ആസ്തികളുടെ നിർമ്മാണം, പുനരുദ്ധാരണം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട 47 പ്രവൃത്തികൾക്ക് 2.42 കോടി രൂപ വിനിയോഗിക്കുകയുണ്ടായി. ആ തുകയിൽ 92.35 ലക്ഷം രൂപ ഖരമാലിന്യ സംസ്കരണ സംവിധാനത്തിനും 30 ലക്ഷം രൂപ കടകളും സ്റ്റേഡിയവും ചേർന്ന സമുച്ചയത്തിന്റെ നിർമ്മാണത്തിനുമായിരുന്നു വിനിയോഗിച്ചത്. പാലക്കാട് മുനിസിപ്പാലിറ്റി 1.03 കോടി രൂപയുടെ 21 പ്രവൃത്തികൾ ഏറ്റെടുത്തതിൽ മുഖ്യയിനം 57.86 ലക്ഷം രൂപ ചെലവുവരുന്ന ഒരു ബസ്സ്റ്റാന്റും അതിന്റെ യാർഡുമായിരുന്നു. കോട്ടയം മുനിസിപ്പാലിറ്റി 19 ലക്ഷം രൂപ ചെലവ് വരുന്ന ഒരു സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടെ മൊത്തം 32.31 ലക്ഷം രൂപയുടെ 11 പ്രവൃത്തികൾ ഏറ്റെടുക്കുകയുണ്ടായി . പഞ്ചായത്തുകളുടെ കൂട്ടത്തിൽ , ആലത്തൂർ 11.18 ലക്ഷം രൂപ മൂന്ന് പ്രവൃത്തികൾക്കായി വിനിയോഗിച്ചതിൽ മുഖ്യം 6 ലക്ഷം രൂപ ചെലവു വരുന്ന ഷോപ്പിംഗ് സമുച്ചയമായിരുന്നു.

**ബി ) ജലവിതരണ / ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

വരുമാനം നേടിത്തരുന്ന പദ്ധതികളായ ലിഫ്റ്റ് ഇറിഗേഷൻ, ജലവിതരണം തുടങ്ങിയവയിൽ നിന്നുള്ള ആദായം അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഏജൻസികൾക്ക് പുനർവിനിയോഗത്തിന് അനുവദിച്ചിട്ടുള്ള പക്ഷം അവയുടെ പ്രവർത്തനച്ചെലവുകൾക്കും പരിപാലനച്ചെലവുകൾക്കും മറ്റ് ആസ്തികളുടെ സംരക്ഷണ ഫണ്ട് വിനിയോഗിക്കുന്നത് യാതൊരു കാരണവശാലും ന്യായീകരിക്കാനാവില്ല. ഗുണഭോക്തൃസമിതികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും വെള്ളക്കരം പിരിക്കുകയും ചെയ്യുന്ന ജലവിതരണ പദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവയുടെ ചെലവുകൾക്കായി താഴെ കൊടുത്തിട്ടുള്ള നാല് ഗ്രാമ പഞ്ചായത്തുകളും ഒരു ജില്ലാ പഞ്ചായത്തും മൊത്തം 7.67 ലക്ഷം രൂപ ചെലവഴിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു .

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | വർഷം | പ്രവൃത്തിയുടെ പേര് | വിനിയോഗിച്ച സംരക്ഷണ ഗ്രാന്റ് |
|---|---|---|---|---|
| 1 | വിളയൂർ ഗ്രാമപഞ്ചായത്ത് | 2004-05 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പരിപാലനം | 1.50 |
| 2 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 2005-06 | പമ്പ്സെറ്റ് മാറ്റിവയ്ക്കൽ | 1.24 |
| 3 | എരിമയൂർ ഗ്രാമപഞ്ചായത്ത് | 2006-07 | ജലവിതരണ പദ്ധതികളുടെ കടിശ്ശിക വൈദ്യുതി ചാർജ്ജ് അടയ്ക്കൽ | 3.21 |
| 4 | കാവലങ്ങാട്ഗ്രാമപഞ്ചായത്ത് | 2007-08 | | 0.78 |
| 5 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 2007-08 | ലിഫിറ്റ് ഇറിഗേഷൻ പദ്ധതിയുടെ പരിപാലനം | 0.94 |
| | | | | **7.67** |

## 3.1.9.8 സംരക്ഷണ ഗ്രാന്റിൽനിന്ന് തനതു ഫണ്ടിലേക്ക് അനധികൃത വകമാറ്റം

രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങളായ കോഴിക്കോട് കോർപ്പറേഷനും വൈക്കം മുനിസിപ്പാലിറ്റിയും മൊത്തം 1.75 കോടി രൂപ താഴെ സൂചിപ്പിച്ചിട്ടുള്ള പ്രകാരം റോഡും റോഡിതര ആസ്തികളുടെ സംരക്ഷണ ഗ്രാന്റുകളിൽനിന്നും 2004-05 മുതൽ 2007-08 വരെയുള്ള കാലയളവിൽ തനതു ഫണ്ടിലേക്ക് വകമാറ്റിയിരുന്നു.

(രൂപ ലക്ഷത്തിൽ)

| വർഷം | കോഴിക്കോട് കോർപറേഷൻ | | | വൈക്കം മുൻസിപ്പാലിറ്റി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | റോഡ് | റോഡിതരം | ആകെ | റോഡ് | റോഡിതരം | ആകെ | റോഡ് | റോഡിതരം | ആകെ |
| 2004-05 | 45.87 | .... | 45.87 | .... | 3.37 | 3.37 | 45.87 | 3.37 | 49.24 |
| 2005-06 | .... | 15.10 | 15.10 | .... | .... | .... | .... | 15.10 | 15.10 |
| 2006-07 | ..... | 49.28 | 49.28 | 3.62 | ..... | 3.62 | 3.62 | 49.28 | 52.90 |
| 2007-08 | ..... | 54.21 | 54.21 | 2.30 | 1.68 | 3.98 | 2.30 | 55.89 | 58.19 |
| **ആകെ** | **45.87** | **118.59** | **164.46** | **5.92** | **5.05** | **10.97** | **51.79** | **123.64** | **175.43** |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന നികുതി, നികുതിയേതര വരുമാനമാണ് തനതു ഫണ്ടിൽ (എഫ്. വിഭാഗം ഫണ്ട്) ഉൾപ്പെട്ടിരിക്കുന്നത്.

രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങളിലും പരമാവധി തുക വകമാറ്റം നടന്നത് 2007 - 08 വർഷമാണ്. കോഴിക്കോട് കോർപ്പറേഷൻ റോഡിതര ആസ്തികളുടെ സംരക്ഷണ ഗ്രാന്റിൽ നിന്നും പരമാവധി തുകയായ 1.19 കോടി രൂപ വകമാറ്റിയപ്പോൾ, വൈക്കം മുനിസിപ്പാലിറ്റി പരമാവധി 5.92 ലക്ഷം രൂപ റോഡ് ആസ്തികളുടെ സംരക്ഷണ ഗ്രാന്റിൽനിന്നും തനതു ഫണ്ടിലേക്ക് വകമാറ്റി. 2004-2005 മുതൽ 2007-08 വരെ ഈ രണ്ട് നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും തനതു ഫണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് ഉണ്ടായിരുന്നതിനാൽ സംരക്ഷണ ഗ്രാന്റിൽനിന്ന് ഇത്തരത്തിലുള്ള ഫണ്ടിന്റെ വകമാറ്റം ക്രമവിരുദ്ധമായിരുന്നു

## 3.1.9.9 പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ)സ്കീമിന് സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത്

2007-08 ൽ ജില്ലാപഞ്ചായത്തുകളായ പാലക്കാടും, എറണാകുളവും യഥാക്രമം 50 ലക്ഷം രൂപയും 52.23 ലക്ഷം രൂപയും റോഡിതര ആസ്തികളുടെ സംരക്ഷണ ഗ്രാന്റിൽ നിന്നും വകമാറ്റി ചെലവഴിക്കുകയുണ്ടായി. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന സ്കീമിനു കീഴിലുള്ള റോഡു നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി റോഡുകളിലുള്ള പൊതു ജന സേവനോപാധികളായ ടെലിഫോൺ, ഇലക്ട്രിക്

പോസ്റ്റുകൾ, ഭൂഗർഭ കേബിളുകൾ, ജലവിതരണ പദ്ധതികളുടെ പൈപ്പുകൾ തുടങ്ങിയവ മാറ്റിസ്ഥാപിക്കാനാണ് ഈ തുക വകമാറ്റിയത്.

പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന 100 ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ അത് നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ പൊതുജന സേവനോപാധികൾ നീക്കം ചെയ്യാനുള്ള ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടിൽനിന്നും ജില്ലാപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ കൂട്ടായി വേണം ഇത്തരം ചെലവുകൾ നിർവ്വഹിക്കാൻ എന്ന് സർക്കാർ സാന്ദർഭികമായി 2008 മാർച്ചിൽ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം നിർമ്മിക്കപ്പെടുന്ന റോഡുകൾ അവയുടെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം ജില്ലാപഞ്ചായത്തുകൾക്ക് കൈമാറണം. ആദ്യത്തെ അഞ്ചുവർഷത്തേക്ക് ഒരു തരത്തിലുമുള്ള പരിപാലനവും ഇത്തരം റോഡുകൾക്ക് ആവശ്യമില്ലാത്തതിനാൽ ആ കാലയളവിനുശേഷം മാത്രമേ പരിപാലനം നടത്തേണ്ടതുള്ളൂ. പദ്ധതി നിർദ്ദേശങ്ങളോടൊപ്പം ഇവയുടെ പരിപാലന ചെലവുകൾ അടയ്ക്കാം എന്ന ഒരു ഉറപ്പു മാത്രം ജില്ലാ പഞ്ചായത്തുകളും സർക്കാരും കേന്ദ്രസർക്കാരിന് നൽകേണ്ടതുള്ളൂ. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ 50 ലക്ഷം രൂപയുടെയും എറണാകുളം ജില്ലാപഞ്ചായത്തിന്റെ 52.23 ലക്ഷം രൂപയുടെയും സംരക്ഷണ ഗ്രാന്റുകളിൽ നിന്നുള്ള വിനിയോഗം റോഡു നിർമ്മാണത്തിനുള്ള മൂലധനച്ചെലവായി മാത്രമേ കണക്കാക്കാൻ കഴിയൂ. ആയതിനാൽ ഇവ സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള വ്യക്തമായ വക മാറ്റം തന്നെയാണ്.

### 3.1.9.10 ഹഡ്കോ വായ്പ തിരിച്ചടക്കുവാൻ സംരക്ഷണ ഗ്രാന്റിന്റെ വകമാറ്റം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാധ്യതകൾ ഒഴിവാക്കാനായി സംരക്ഷണ ഗ്രാന്റ് വകമാറ്റി ഉപയോഗിക്കാൻ അനുവദിക്കുന്നില്ല. കോഴിക്കോട് കോർപ്പറേഷൻ - സ്റ്റേഡിയം നിർമ്മാണത്തിനായി ഹഡ്കോയിൽനിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാനായി 2004-05 ൽ 14.45 ലക്ഷം രൂപ. സംരക്ഷണ ഗ്രാന്റിൽ

നിന്നും വക മാറ്റിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ക്രമരഹിതമായ ഇത്തരം നടപടികൾ പഴക്കമേറിയ ആസ്തികളുടെ സംരക്ഷണത്തിന് പ്രതിബന്ധമാകാനിടയുണ്ട്.

**3.1.9.11 കൈമാറ്റം ചെയ്ത സ്ഥാപനത്തിന്റെ വസ്തു നികുതി ഒടുക്കാനായി സംരക്ഷണ ഗ്രാന്റിന്റെ വകമാറ്റം**

മുനിസിപ്പാലിറ്റിയുടെ കെട്ടിടങ്ങളെ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 235(1) വകുപ്പ് പ്രകാരം നൽകേണ്ട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ വൈക്കം മുനിസിപ്പാലിറ്റി 2007-08 ൽ സംരക്ഷണ ഗ്രാന്റിൽനിന്നും 1.32 ലക്ഷം രൂപ അതിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ മൃഗാശുപത്രിയുടെയും സർക്കാർ ആയുർവ്വേദാശുപത്രിയുടെയും വസ്തു നികുതിയായി തനതു ഫണ്ടിൽ വരവു വച്ചതായി ശ്രദ്ധയിൽപ്പെട്ടു . ഇത് കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ ലംഘനമായിരുന്നു .

**3.1.9.12 കരുതൽ സ്റ്റോക്ക് വാങ്ങാനായി സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത്**

2006-07 വർഷത്തിൽ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് ജലവിതരണ പദ്ധതിയ്ക്കുവേണ്ട രണ്ടു ലക്ഷം രൂപയുടെ പൈപ്പുകൾ വാങ്ങി. എന്നാൽ പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം എടുത്തിരുന്നില്ല. ഇപ്രകാരം വാങ്ങിയ സാധനങ്ങൾ 2008 ഒക്ടോബറിലും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിക്കണ്ടില്ല. ജലവിതരണ പദ്ധതികളുടെ ചെലവ് മൂലധനച്ചെലവായതിനാൽ സംരക്ഷണ ഗ്രാന്റ് ഇതിനായി വിനിയോഗിച്ചത് ക്രമരഹിതമായ നടപടിയാണ്.

**3.1.10 അടിയന്തിര പരിപാലന പ്രവൃത്തികൾ നിർവ്വഹിക്കാതിരിക്കൽ**

**3.1.10.1 കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനങ്ങളിലെ പരിപാലന പ്രവൃത്തികൾ ഏറ്റെടുക്കാതിരിക്കൽ**

എറണാകുളം ജില്ലയിലെ മരടിലുള്ള മാങ്കായിൽ സർക്കാർ വി.എച്ച്.എസ്. സ്കൂളിന്റെ പ്രിൻസിപ്പൽ രണ്ട് നിലകളുള്ള സ്കൂളിന്റെ തകരാറിലായ മേൽക്കൂരയുടെ

അപകടകരമായ സ്ഥിതിയെക്കുറിച്ച് 2004 ജനുവരിയിൽ കേടായ ഭാഗത്തിന്റെ ഫോട്ടോ സഹിതം ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. കേടായ മേൽക്കൂരയിൽനിന്നും കോൺക്രീറ്റ് പാളികൾ താഴേക്ക് പതിച്ച് കുട്ടികളുടേയും അദ്ധ്യാപകരുടേയും ജീവന് ഭീഷണി നേരിടുന്നതിനാലും ലബോറട്ടറി ഉപകരണങ്ങൾക്ക് നാശം സംഭവിക്കുന്നതിനാലും സ്കൂൾ കെട്ടിടത്തിന്റെ കേടുപാടുകൾ അത്യാവശ്യമായി തീർത്തു കൊടുക്കുവാൻ പ്രിൻസിപ്പൽ അപേക്ഷിച്ചിരുന്നു .

ജില്ലാപഞ്ചായത്ത് ഒരു കൊല്ലത്തിനുശേഷം 2005 ജനുവരിയിൽ 3.62 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി. അനന്തരം അടങ്കൽ 2006 ഫെബ്രുവരിയിൽ 5 ലക്ഷം രൂപയായി ഉയർത്തുകയും 2006-07 ധനകാര്യ വർഷത്തിൽ പ്രവൃത്തി ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. 2006-07 ൽ അടങ്കൽ വീണ്ടും 6 ലക്ഷം രൂപയായി പുതുക്കുകയും 2007 ഫെബ്രുവരിയിൽ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതുമൂലം പവൃത്തി അദ്ധ്യാപക രക്ഷകർത്തൃ സമിതിയെ ഏൽപ്പിക്കുവാൻ 2007 സെപ്റ്റംബറിൽ തീരുമാനിക്കുകയുണ്ടായി. 2008 ജൂണിൽ ഭരണാനുമതി വീണ്ടും 7.92 ലക്ഷം രൂപയാക്കി ഉയർത്തി. 2008 ജൂലൈയിലും പ്രവൃത്തി ഏറ്റെടുത്തിരുന്നില്ല. ഇപ്രകാരം സ്കൂൾ കുട്ടികളുടേയും അധ്യാപകരുടെയും ജീവന് ഭീഷണിയുയർത്തിയതും അടിയന്തിരമായി ചെയ്തു തീർക്കേണ്ടതുമായ ഒരു പ്രവൃത്തി നാലര വർഷത്തിനുശേഷവും ഏറ്റെടുക്കാതെ കിടക്കുന്നു . ഇതു കൂടാതെ വർഷാവർഷമുള്ള അടങ്കലിന്റെ അന്യായമായ പുതുക്കലിനും മേൽ വിവരിച്ച കാലതാമസം ഇടയാക്കി .

### 3.1.11 ആന്തരിക നിരീക്ഷണ വ്യവസ്ഥ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആന്തരിക നിരീക്ഷണ വ്യവസ്ഥ സംരക്ഷണ ഗ്രാന്റിന്റെ വരവിന്റെയും വിനിയോഗത്തിന്റെയും കാര്യത്തിൽ ദുർബലവും ഫലവത്തല്ലാത്തതുമായി കാണുകയുണ്ടായി. കൈമാറ്റം ചെയ്തുകിട്ടിയ ആസ്തികൾ ഉൾപ്പെടെ ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ആസ്തികളും വേണ്ട വിധത്തിൽ പരിപാലിക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള ഒരു സംവിധാനവും

പരിശോധിച്ച ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നിലവിലില്ലായിരുന്നു. വ്യക്തമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിൽ കാലാകാലങ്ങളിലുള്ള ആസ്തികളുടെ പരിപാലന ആവശ്യകതയുടെ അവലോകനം പരിശോധിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൊന്നും നടത്തിയിരുന്നില്ല. ഓഡിറ്റിനിടയിൽ ശ്രദ്ധയിൽപ്പെട്ട ആന്തരിക നിരീക്ഷണ വ്യവസ്ഥയിലെ ഏതാനും പാളിച്ചകൾ താഴെ കൊടുത്തിരിക്കുന്നു.

### 3.1.11.1 അപൂർണ്ണമായി ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നത്

മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററുകൾ അപൂർണ്ണമായി കാണുകയുണ്ടായി. ഇവയിൽ ആസ്തികളുടെ വിശദവിവരങ്ങൾ, നിർമ്മാണം നടന്ന വർഷം, ചെലവായ തുക, അവസാനമായി പരിപാലനം നടത്തിയതിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിരുന്നില്ല. സംഗതമായ വിവരങ്ങളുടെ അഭാവം താഴെ വിവരിച്ചിട്ടുള്ള പ്രകാരം വാർഷിക പദ്ധതികളുടെ തയ്യാറാക്കലിനേയും സംരക്ഷണ ഗ്രാന്റിന്റെ വിതരണത്തിനുള്ള മാനദണ്ഡങ്ങളേയും സാരമായി ബാധിച്ചിരുന്നു.

i) ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആസ്തികളുടെ നിർമ്മാണം നടന്ന വർഷം രേഖപ്പെടുത്താത്തതുമൂലം മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നീക്കിവെച്ചിട്ടുള്ള സംരക്ഷണ ഗ്രാന്റിന്റെ അനുപാതമനുസരിച്ചുള്ള പ്രത്യേക പരിപാലന പദ്ധതികൾ 1995 -നു മുമ്പും അതിനുശേഷവും സൃഷ്ടിച്ചിട്ടുള്ള ആസ്തികൾക്കു വേണ്ടി തയ്യാറാക്കാൻ കഴിഞ്ഞിരുന്നില്ല .

ii) മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആസ്തികളുടെ അവാസാനമായി പരിപാലനം നടത്തിയ വർഷവും മറ്റ് വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ലാത്തതുകാരണം രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളനുസരിച്ചുള്ള കാലയളവും മാനദണ്ഡങ്ങളും അവയുടെ പരിപാലനത്തിൽ പിൻതുടരുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

iii) കോട്ടയം ജില്ലാ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ കൈമാറ്റം ചെയ്യുകിട്ടിയ 49 സ്ഥാപനങ്ങളുടെ ആസ്തികൾ രേഖപ്പെടുത്തിയിരുന്നില്ല. ഇതുപോലെ എറണാകുളം

ജില്ലാ പഞ്ചായത്തിൽ ഒന്നും ആലുവ മുനിസിപ്പാലിറ്റിയിൽ രണ്ടും കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനങ്ങളുടെ വസ്തു വകകൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയുണ്ടായില്ല.

iv) ഒരേ ആസ്തി തന്നെ വ്യത്യസ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ കത്തനാരുചിറ-കന്നിയത്തുനിരപ്പ് റോഡ് എറണാകുളം ജില്ലാപഞ്ചായത്തിന്റേയും ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റേയും ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തികണ്ടു. ആസ്തി രജിസ്റ്ററുകൾ അപൂർണ്ണമായിരുന്നതിനാൽ ഒരേ ആസ്തി വ്യത്യസ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിച്ച ഉദാഹരണങ്ങളുമുണ്ടായിരുന്നു. ചോറ്റാനിക്കര ഒ.ഇ.എൻ. റോഡിന്റെ പരിപാലന പ്രവൃത്തി 2007-08-ൽ എറണാകുളം ജില്ലാപഞ്ചായത്തും ചോറ്റാനിക്കര ഗ്രാമപഞ്ചായത്തും ഏറ്റെടുത്തിരുന്നു. ഇതുപോലെ, തലക്കോട്-മുള്ളരിങ്ങാട് റോഡിന്റെ പരിപാലന പ്രവൃത്തി കാവലങ്ങാട് ഗ്രാമപഞ്ചായത്തും എറണാകുളം ജില്ലാ പഞ്ചായത്തും 2006-07-ൽ ഏറ്റെടുക്കുകയുണ്ടായി. ബന്ധപ്പെട്ട ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത മൊത്തം 144 ആസ്തികളുടെ പരിപാലന പ്രവൃത്തികൾക്കായി 3.88 കോടി രൂപ 2005-06 മുതൽ 2007-08 വരെ താഴെ കാണിച്ചിട്ടുള്ള വിധം കോട്ടയം ജില്ലാ പഞ്ചായത്തിലും പാലക്കാട് ജില്ലാ പഞ്ചായത്തിലും ചെലവഴിച്ചു.

(രൂപ ലക്ഷത്തിൽ)

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | 2005-06 | | 2006-07 | | 2007-08 | | ആകെ | |
|---|---|---|---|---|---|---|---|---|
| | പ്രവൃത്തികളുടെ എണ്ണം | തുക | പ്രവൃത്തികളുടെ എണ്ണം | തുക | പ്രവൃത്തികളുടെ എണ്ണം | തുക | പ്രവൃത്തികളുടെ എണ്ണം | തുക |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 9 | 33.17 | 10 | 23.54 | 24 | 40.94 | 43 | 97.65 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 32 | 97.42 | 33 | 71.23 | 36 | 121.67 | 101 | 290.32 |
| **ആകെ** | **41** | **130.59** | **43** | **94.77** | **60** | **162.61** | **144** | **387.97** |

പരിപാലന പ്രവൃത്തികളുടെ ഇരട്ടിക്കൽ പരിശോധിക്കാനുള്ള സ്വയാർജ്ജിത ആന്തരിക നിരീക്ഷണ വ്യവസ്ഥയുടെ അഭാവം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തെറ്റായ അവകാശങ്ങൾ ഉന്നയിക്കാനുള്ള ധാരാളം അവസരം പ്രദാനം ചെയ്യുന്നുണ്ട്.

## 3.1.12 നിഗമനം

ആസ്തികളുടെ യഥാർത്ഥ മൂല്യം അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകളുടെ തിരശ്ചീന വിതരണം നടത്താനുതകുന്ന പ്രത്യേക സൂത്രവാക്യത്തിന് സർക്കാർ രൂപം നൽകിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരിപാലന ചെലവുകളുടെ നിലവാരം നിശ്ചയിക്കാനായി രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ സർവ്വേ സർക്കാർ നടത്താത്തതുമൂലം സംരക്ഷണ ഗ്രാന്റിന്റെ വിതരണം യാഥാർത്ഥ്യ ബോധത്തോടുകൂടിയതായിരുന്നില്ല. ആസ്തികളെക്കുറിച്ചുള്ള വിശ്വസനീയമായ അടിസ്ഥാന വിവരങ്ങളുടെ അഭാവത്തിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിപാലന പദ്ധതികൾ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. 2004-05 മുതൽ 2007-08 വരെയുള്ള കാലത്ത് സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ 29 ശതമാനം കുറവ് ഉണ്ടായിരുന്നു. അവലോകന കാലയളവിൽ സർക്കാരിന്റെ മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി സംരക്ഷണ ഗ്രാന്റിന്റെ വൻതോതിലുള്ള വകമാറ്റം നടന്നിരുന്നു. ഫണ്ട് കാലഹരണപ്പെടുന്നത് ഒഴിവാക്കാനായി രണ്ട് നഗരസ്വയംഭരണ സ്ഥാപനങ്ങൾ 1.75 കോടിയോളം രൂപ സംരക്ഷണ ഗ്രാന്റിൽ നിന്നും തനതു ഫണ്ടിലേയ്ക്ക് വകമാറ്റം ചെയ്യുകയുണ്ടായി. വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വർഷാവർഷം അടങ്കലുകൾ പുതുക്കിയെങ്കിലും അടിയന്തരമായി ചെയ്തു തീർക്കേണ്ടിയിരുന്ന കേടുപാടു തീർക്കൽ പ്രവൃത്തികൾ ദീർഘകാലമായി ഏറ്റെടുക്കാതെ കിടന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആന്തരിക നിരീക്ഷണ വ്യവസ്ഥ ദുർബലവും പ്രയോജനരഹിതവുമായിരുന്നു. സമ്പത്ത് ഫലപ്രദമായി വിനിയോഗിച്ച് പൊതു സ്വത്തുകളുടെ കൃത്യമായ പരിപാലനം ഉറപ്പുവരുത്താനും മറ്റ്

ആവശ്യങ്ങൾക്കായി ഫണ്ട് വകതിരിച്ച് വിടുന്നത് ഒഴിവാക്കാനുമുള്ള കാര്യക്ഷമമായ ഒരു സംവിധാനം നിലവിലില്ലായിരുന്നു.

### 3.1.13 ശിപാർശകൾ

- സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സർവ്വേ നടത്താനും ആസ്തി രജിസ്റ്ററുകൾ പൂർണ്ണമാക്കി സൂക്ഷിക്കാനുമുള്ള നടപടികൾ എടുക്കണം.
- സംരക്ഷണ ഗ്രാന്റിന്റെ വിതരണത്തിനായി സർക്കാർ യുക്തമായ സൂത്രവാക്യത്തിന് രൂപം നൽകുകയും 1995-ന് മുമ്പും അതിനുശേഷവും സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ പരിപാലനത്തിന് ബജറ്റിൽ പ്രത്യേകമായി ഫണ്ട് വകയിരുത്തുകയും വിട്ടുകൊടുക്കുകയും വേണം.
- നിശ്ചിത മാനദണ്ഡങ്ങൾക്കനുസരണമായി തന്മയത്വമുള്ള പരിപാലന പദ്ധതികൾ തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം.
- സംരക്ഷണ ഗ്രാന്റിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി വൻതോതിൽ നടക്കുന്ന വകമാറ്റം ഒഴിവാക്കാനുള്ള അനുയോജ്യമായ നിയന്ത്രണ നടപടികൾ കൈക്കൊള്ളണം.
- സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ പരിപാലനത്തിന് വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കാൻ ആന്തരിക നിയന്ത്രണ വ്യവസ്ഥകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

## അനുബന്ധം- VII

2004-05 മുതൽ 2007-08 വരെ റോഡിതര ആസ്തികൾക്കുള്ള സംരക്ഷണ ഗ്രാന്റിൽ നിന്നും പ്രവർത്തനച്ചെലവുകൾ, പുനരുദ്ധാരണങ്ങൾ, പുതിയ നിർമ്മാണങ്ങൾ, സ്വന്തമോ കൈമാറ്റം ചെയ്തു കിട്ടിയതോ അല്ലാത്ത ആസ്തികൾ എന്നിവയ്ക്ക് വകമാറ്റിയ തുക സംബന്ധിച്ച പട്ടിക

(പരാമർശം ഖണ്ഡിക 3.1.8.2(സി), 3.1.9.4(എ), 3.1.9.5& 3.1.9.6; )

(രൂപ ലക്ഷത്തിൽ)

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ആകെ വകയിരുത്തിയ സംരക്ഷണ ഗ്രാന്റ് റോഡിതരം | റോഡിതര ചെലവുകൾക്ക് ആകെ വിനിയോഗിച്ച തുക | പ്രവർത്തന ചെലവുകൾ | | | ആസ്തികളുടെ പുനരുദ്ധാരണം (റോഡിതരം) | പുതിയ നിർമ്മാണം | സ്വന്തമോ കൈമാറ്റം ചെയ്തു കിട്ടിയതോ അല്ലാത്ത ആസ്തികൾ | തറപ്പണി കോളം 5 മുതൽ 8 വരെ ഉൾപ്പെടാത്ത) | ആകെ (കോളം 5 മുതൽ 9 വരെ) | യഥാർത്ഥത്തിൽ പരിപാലനത്തിന് വിനിയോഗിച്ച തുക (4-10) | വിനിയോഗ ശതമാനം | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | തനത് ആസ്തികൾ | കൈമാറ്റം ചെയ്തു കിട്ടിയ ആസ്തികൾ | ആകെ | | | | | | | വകയിരുത്തിയ തുക അടിസ്ഥാനമാക്കി | ആകെ ചെലവ് അടിസ്ഥാനമാക്കി |
| 1 | 2 | 3 | 4 | 5 | | | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | ആലത്തൂർ ഗ്രാമപഞ്ചായത്ത് | 42.49 | 40.95 | 3.07 | 0.50 | 3.57 | | 0.25 | | | 3.82 | 37.13 | 87.39 | 90.67 |
| 2 | ചേമ്പ് ഗ്രാമപഞ്ചായത്ത് | 37.65 | 21.42 | 11.93 | 0.00 | 11.93 | | 0.13 | | 1.47 | 13.53 | 7.89 | 20.96 | 36.83 |
| 3 | ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് | 35.44 | 36.79 | 12.00 | 1.80 | 13.80 | | 5.99 | | 4.10 | 23.89 | 12.90 | 36.40 | 35.06 |
| 4 | എരിമയൂർ ഗ്രാമപഞ്ചായത്ത് | 63.35 | 47.02 | 6.68 | 2.20 | 8.88 | 0.10 | 4.08 | | 1.85 | 14.91 | 32.11 | 50.69 | 68.29 |
| 5 | കാവലങ്ങാട് ഗ്രാമപഞ്ചായത്ത് | 57.19 | 37.60 | 15.11 | 0.00 | 15.11 | 7.26 | | | | 22.37 | 15.23 | 26.63 | 40.51 |
| 6 | കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | 36.16 | 25.66 | 14.85 | 1.50 | 16.35 | | 2.94 | | 1.35 | 20.64 | 5.02 | 13.88 | 19.56 |
| 7. | നാട്ടകം ഗ്രാമപഞ്ചായത്ത് | 63.30 | 37.24 | 17.80 | 4.86 | 22.66 | | | | 1.38 | 24.04 | 13.20 | 20.85 | 35.45 |
| 8 | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 52.09 | 46.77 | 32.15 | 2.41 | 34.56 | 1.88 | 4.54 | 1.40 | | 42.38 | 4.39 | 8.43 | 9.39 |
| 9 | ഓങ്ങല്ലൂർ ഗ്രാമപഞ്ചായ | 58.54 | 54.80 | 23.87 | 2.00 | 25.87 | 5.02 | | | 1.39 | 32.28 | 22.52 | 38.47 | 41.09 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ത്ത് | | | | | | | | | | | | | |
| 10 | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | 61.32 | 35.39 | 23.09 | 0.00 | 23.09 | | | | | 23.09 | 12.30 | 20.06 | 34.76 |
| 11 | പട്ടാമ്പി ഗ്രാമപഞ്ചായത്ത് | 35.44 | 22.76 | 0.00 | 0.00 | 0.00 | | 2.50 | | | 2.50 | 20.26 | 57.17 | 89.02 |
| 12 | തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് | 35.44 | 32.13 | 15.96 | 0.00 | 15.96 | 0.80 | 3.85 | | | 20.61 | 11.52 | 32.51 | 35.85 |
| 13 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | 52.71 | 34.09 | 8.84 | 2.21 | 11.05 | | 2.31 | 0.18 | 1.22 | 14.76 | 19.33 | 36.67 | 56.70 |
| 14 | റ്റിവിപുരം ഗ്രാമപഞ്ചായത്ത് | 35.78 | 23.27 | 8.73 | 0.50 | 9.23 | | | | 1.16 | 10.39 | 12.88 | 36.00 | 55.35 |
| 15 | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | 52.47 | 43.26 | 19.76 | 0.00 | 19.76 | | 8.28 | | | 28.04 | 15.22 | 29.01 | 35.18 |
| 16 | ഉദയാനപുരം ഗ്രാമപഞ്ചായത്ത് | 47.17 | 38.45 | 25.22 | 1.00 | 26.22 | | | | | 26.22 | 12.23 | 25.93 | 31.81 |
| 17 | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 62.33 | 48.26 | 18.33 | 0.42 | 18.75 | | | | 2.18 | 20.93 | 27.33 | 43.85 | 56.63 |
| 18 | വിളയൂർ ഗ്രാമപഞ്ചായത്ത് | 40.73 | 45.93 | 19.64 | 1.75 | 21.39 | | | | | 21.39 | 24.54 | 60.25 | 53.43 |
| 19 | ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 101.04 | 47.07 | | 8.39 | 8.39 | | | | | 8.39 | 38.68 | 38.28 | 82.18 |
| 20 | കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | 88.60 | 60.07 | | 0.00 | 0.00 | | 8.03 | | 8.31 | 16.34 | 43.73 | 49.36 | 72.80 |
| 21 | മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 46.82 | 30.29 | | 1.10 | 1.10 | | | | 4.79 | 5.89 | 24.40 | 52.11 | 80.55 |
| 22 | പള്ളം ബ്ലോക്ക് പഞ്ചായത്ത് | 81.36 | 50.59 | | 6.33 | 6.33 | | | | 4.82 | 11.15 | 39.44 | 48.48 | 77.96 |
| 23 | പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | 82.97 | 67.17 | | 6.80 | 6.80 | | | 1.53 | 5.81 | 14.14 | 53.03 | 63.91 | 78.95 |
| 24 | വൈക്കം ബ്ലോക്ക് | 47.47 | 27.89 | | 2.11 | 2.1 | | | | 0.49 | 2.60 | 25.29 | 53.28 | 90.68 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | | | | | | | | | |
| 25 | എറണാകുളം ജില്ലാ പഞ്ചായത്ത് | 1051.67 | 592.77 | | 74.40 | 74.40 | | 7.56 | 100.58 | 19.86 | 202.40 | 390.37 | 37.12 | 65.86 |
| 26 | കോട്ടയംജില്ലാ പഞ്ചായത്ത് | 925.89 | 463.36 | 0.21 | 26.31 | 26.52 | | 21.57 | 29.80 | 9.37 | 87.26 | 376.10 | 40.62 | 81.17 |
| 27 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 1422.16 | 947.45 | | 157.26 | 157.26 | | 5.00 | 135.41 | 9.20 | 306.87 | 640.58 | 45.04 | 67.61 |
| 28 | ആലുവ മുനിസിപ്പാലിറ്റി | 56.28 | 56.51 | | 0.00 | 0.00 | | | 1.04 | | 1.04 | 55.47 | 98.56 | 98.16 |
| 29 | അങ്കമാലി മുനിസിപ്പാലിറ്റി | 83.58 | 62.16 | 31.58 | 0.00 | 31.58 | | | | | 31.58 | 30.58 | 36.59 | 49.20 |
| 30 | കോട്ടയം മുനിസിപ്പാലിറ്റി | 183.89 | 214.33 | 100.78 | 10.37 | 111.15 | | 7.41 | | | 118.56 | 95.77 | 52.08 | 44.68 |
| 31 | പാലക്കാട് മുനിസിപ്പാലിറ്റി | 349.28 | 238.85 | 102.28 | 0.00 | 102.28 | 62.85 | | | 1.80 | 166.93 | 71.92 | 20.59 | 30.11 |
| 32 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 124.28 | 106.22 | 62.91 | 1.54 | 64.45 | | | | | 64.45 | 41.77 | 33.61 | 39.32 |
| 33 | വൈക്കം മുനിസിപ്പാലിറ്റി | 62.70 | 71.19 | 31.69 | 3.87 | 35.56 | 6.54 | 3.58 | 2.07 | 0.77 | 48.52 | 22.67 | 36.16 | 31.84 |
| 34 | കോഴിക്കോട് കോർപ്പറേഷൻ | 1096.48 | 745.10 | 163.36 | 1.62 | 164.98 | 68.25 | 160.70 | | | 393.93 | 351.17 | 32.03 | 47.13 |
| | **ആകെ** | **6674.07** | **4452.81** | **769.84** | **321.25** | **1091.09** | **152.70** | **248.72** | **272.01** | **81.32** | **1845.84** | **2606.97** | **39.06** | **58.55** |

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

സംരക്ഷണ പദ്ധതികളുടെ ക്രമരഹിതമായ തയ്യാറാക്കൽ സംബന്ധിച്ച് സർക്കാർ സമാഹരിച്ച മറുപടി സമിതി പരിശോധിക്കുകയും , അംഗീകരിക്കുകയും ചെയ്തു.

1. റോഡ് ആസ്തികൾക്കുവേണ്ടി സംരക്ഷണ ഗ്രാന്റിന്റെ അനുപാതമില്ലാത്ത വിട്ടുകൊടുക്കൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ സമർപ്പിച്ച മറുപടി പരിഗണിച്ച സമിതി പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകൾക്ക് ജില്ലാപഞ്ചായത്തിന്റെ ഫണ്ട് ചെലവാക്കാറുണ്ടോയെന്ന് ആരാഞ്ഞതിന് ജില്ലാപഞ്ചായത്തിന്റെ നിലവിലുള്ള റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് വിട്ടുനൽകിയിട്ടുള്ളതും നിലവിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ റോഡുകൾക്കാണ് സംരക്ഷണ ഗ്രാന്റുപയോഗിച്ച് പ്രവൃത്തികൾ നടത്തിയതെന്നും നിലവിൽ അങ്ങനെ ചെയ്യുന്നില്ലെന്നും എറണാകുളം ജില്ലാപഞ്ചായത്ത് സെക്രട്ടറിയും നിലവിൽ ജില്ലാപഞ്ചായത്തിന് അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് ജില്ലാ പഞ്ചായത്തിന്റെ റോഡുകൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്നും മുമ്പ് ഗ്രാമീണ റോഡുകളുടെ ചില പ്രവൃത്തികൾ ചെയ്തിട്ടുണ്ടായിരുന്നുവെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത റോഡുകൾക്ക് സംരക്ഷണ ഗ്രാന്റ് ചെലവഴിച്ചിട്ടില്ലെന്ന് കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) യും മറുപടി നൽകി.

2. സംരക്ഷണ ഗ്രാന്റിന്റെ വിട്ടുകൊടുക്കലും വിനിയോഗവും എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി പരിഗണിച്ച സമിതി സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെ വിശദീകണം ആരാഞ്ഞു. ആയതിന് നിലവിൽ സംരക്ഷണ ഗ്രാന്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമാണ് വിനിയോഗിക്കുന്നതെന്ന് കോട്ടപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്തിന് തനത് ഫണ്ട് വരുമാനം ഇല്ലാതിരുന്ന സാഹചര്യത്തിലാണ് അത്തരത്തിൽ തുക ചെലവഴിച്ചതെന്നും നിലവിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി തന്നെയാണ് തുക ചെലവഴിക്കുന്നതെന്നും കവളങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നിലവിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ഫണ്ട് ചെലവഴിക്കുന്നതെന്നും മുമ്പ് പദ്ധതികളുടെ അടിയന്തര സ്വഭാവം കണക്കിലെടുത്താണ് സംരക്ഷണ ഗ്രാൻറ് വിനിയോഗിച്ചതെന്നും നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വിശദീകരിച്ചു

3. ആലുവ നഗരസഭ വകമാറ്റി ചെലവഴിച്ച തുക സംബന്ധിച്ച രേഖകൾ സമിതി ആരാഞ്ഞതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ 1.04 ലക്ഷം രൂപയുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെന്നും ഡി.പി.സി. അംഗീകാരത്തോടുകൂടിതന്നെയാണ് പ്രസ്തുത പ്രവൃത്തികൾ നടന്നിട്ടുള്ളതെന്നും ആലുവ നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചു

4. ഡി.പി.സി. അംഗീകാരത്തോടെയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയതെന്നും ആ കാലഘട്ടത്തിൽ റോഡ് & നോൺ റോഡ് ഗ്രാന്റിന്റെ 10% ജി.പി. ഗ്രാന്റ് പോലെതന്നെ വിനിയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായിരുന്നുവെന്നും ടി തുക സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിലെ ചെലവുകൾക്ക് വേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളതെന്നും ഓഡിറ്റ് പരാമർശമുണ്ടായതിനുശേഷം 05.07.2014, 03.09.2014 എന്നീ തീയതികളിൽ സാധൂകരണത്തിന് നൽകിയിരുന്നുവെന്നും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി അറിയിച്ചു. കൂടാതെ പ്രസ്തുത കാലയളവിൽ നഗരസഭ വളരെയധികം സാമ്പത്തിക പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയായിരുന്നുവെന്നും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ മൂന്നരക്കോടി രൂപയോളം ചെലവുവരുമായിരുന്നുവെന്നും ഇക്കാരണത്താലാണ് മെയിന്റനൻസ് ഗ്രാന്റ് ഇതരകാര്യങ്ങൾക്കായി ചെലവവഴിക്കേണ്ടി വന്നതെന്നും നിലവിൽ അത്തരത്തിലുള്ള നടപടികളൊന്നും നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നും കൃത്യമായ മാർഗ്ഗനിർദ്ദേശം അനുസരിച്ചാണ് ഫണ്ടുകൾ ചെലവഴിക്കുന്നതെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി അറിയിച്ചു

5. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് കോട്ടപ്പടി, കവളങ്ങാട്, നെല്ലിക്കുഴി ഗ്രാമപഞ്ചായത്തുകളും, ആലുവ, വൈക്കം മുനിസിപ്പാലിറ്റികളും കോഴിക്കോട് നഗരസഭയും നൽകിയ മറുപടികളും എറണാകുളം, പാലക്കാട്, കോട്ടയം ജില്ലാ പഞ്ചായത്തുകൾ സമർപ്പിച്ച മറുപടികളും സമിതി അംഗീകരിച്ചു

6. റോഡ് ആസ്തികളുടെ ഫണ്ടിൽ നിന്നും റോഡിതര ആസ്തികൾക്കുള്ള വകമാറ്റം, റോഡിതരത്തിൽ നിന്നും റോഡ് ആസ്തികൾക്കുള്ള വകമാറ്റം, പുതിയ നിർമ്മാണങ്ങൾക്കുള്ള വകമാറ്റം, നിലവിലുള്ള ആസ്തികളുടെ പുനരുദ്ധാരണങ്ങൾ,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമല്ലാത്ത ആസ്തികളുടെ പരിപാലനത്തിന് ഫണ്ടുകൾ വകമാറ്റം ചെയ്യുന്നത്, പരിധിക്ക് അതീതമായി പ്രവർത്തനച്ചെലവുകൾക്ക് സംരക്ഷണ ഗ്രാന്റ് വകമാറ്റിയത് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

7. വരുമാനദായക ആസ്തികളുടെ പരിപാലനത്തിനും നിർമ്മാണത്തിനും സംരക്ഷണ ഗ്രാന്റിന്റെ വകമാറ്റം എന്നതിലെ ജലവിതരണവും ജലസേചനവും ഒഴിച്ചുള്ള പദ്ധതികൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി പരിഗണിച്ച സമിതി സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിശദീകരണം ആരാഞ്ഞതിന് നിലവിൽ സംരക്ഷണ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്നും ഓഡിറ്റ് പരാമർശത്തിലെ ചെലവ് സർക്കാരിന്റെ സാധൂകരണത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും കോട്ടയം മുനിസിപ്പാലിറ്റി സെക്രട്ടറിയും കോഴിക്കോട് ടാഗോർ ഹാളിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും അക്കാലയളവിൽ ഒറ്റത്തവണ മാത്രമാണ് തുക വക മാറ്റി ചെലവഴിച്ചിട്ടുള്ളതെന്നും നിലവിൽ മാർഗ്ഗരേഖയനുസരിച്ചുള്ള പ്രവൃത്തികൾ മാത്രമാണ് ചെയ്തു വരുന്നതെന്നും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറിയും വ്യക്തമാക്കി.

8. കോട്ടയം മുനിസിപ്പാലിറ്റി, കോഴിക്കോട് നഗരസഭ എന്നിവയുടെ മറുപടി സമിതി അംഗീകരിച്ചതിനെ തുടർന്ന് പാലക്കാട് നഗരസഭയെ സംബന്ധിച്ച സർക്കാർ മറുപടി സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

9. സംരക്ഷണ ഗ്രാന്റിന്റെ വകമാറ്റം-വരുമാനദായക ആസ്തികളുടെ പരിപാലനത്തിനും നിർമ്മാണത്തിനും ജല വിതരണ/ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി പരിശോധിച്ച സമിതി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിശദീകരണം ആരാഞ്ഞതിന് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും പിന്നീട്, ഇത് നിറുത്തലാക്കിയെന്നും വാട്ടർ

അതോറിറ്റിയ്ക്ക് ഇലക്ട്രിക്കൽ ചാർജ്ജ് ഇനത്തിലുള്ള തുക മാത്രമാണ് കൈമാറിയിരുന്നതെന്നും നിലവിൽ ഇത്തരം പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്യുന്നതെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

10. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു. അതോടൊപ്പം നെല്ലിക്കുഴി , ആലത്തൂർ, വിളയൂർ, എരിമയൂർ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് സർക്കാർ സമർപ്പിച്ച മറുപടി സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

11. സംരക്ഷണ ഗ്രാന്റിൽ നിന്ന് തനതു ഫണ്ടിലേയ്ക്ക് അനധികൃത വകമാറ്റം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി ചർച്ചയ്ക്കെടുത്ത സമിതി ഇത് സംബന്ധിച്ച് കോഴിക്കോട് നഗരസഭയുടെ വിശദീകരണം ആരാഞ്ഞു. സർക്കാർ ഉത്തരവ് 330/2014 പ്രകാരം അടിയന്തര ആവശ്യങ്ങൾക്കായി നഗരസഭ ഗ്രാന്റിന്റെ 10 ശതമാനത്തിലധികം തുക വിനിയോഗിക്കുവാൻ നഗരസഭകൾക്ക് അധികാരം നൽകിയിരുന്നുവെന്നും അക്കാലയളവിൽ നഗരസഭകൾക്ക് അനുവദിക്കുന്ന തനത് ഫണ്ട് അപര്യാപ്തമായിരുന്നുവെന്നും ഒരു തവണ മാത്രമാണ് തനത് ഫണ്ട് വകമാറ്റി ചെലവഴിച്ചതെന്നും നിലവിൽ മാർഗ്ഗരേഖ പ്രകാരം തന്നെയാണ് മുന്നോട്ട് പോകുന്നതെന്നും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി അറിയിച്ചു കൂടാതെ ഈ വിഷയത്തിൽ സാധൂകരണത്തിനായി സർക്കാരിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

12. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

13. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.) സ്കീമിന് സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള എറണാകുളം, പാലക്കാട് ജില്ലാപഞ്ചായത്തുകളുടെ മറുപടി പരിശോധിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിന് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകൾ ആദ്യത്തെ 5 വർഷം കഴിഞ്ഞ് ജില്ലാപഞ്ചായത്ത് ഏറ്റെടുക്കണമെന്നതായിരുന്നു സർക്കാർ നിർദ്ദേശമെന്നും അത്തരത്തിൽ കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്തിയിട്ടുള്ളതെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത്

സെക്രട്ടറി അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തി-ന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

14. ഹഡ്കോ വായ്പ തിരിച്ചടയ്ക്കുവാൻ സംരക്ഷണ ഗ്രാന്റിന്റെ വകമാറ്റം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ സമർപ്പിച്ച മറുപടി പരിശോധിച്ച സമിതി ആയത് സംബന്ധിച്ച കോഴിക്കോട് നഗരസഭയുടെ വിശദീകരണം ആരാഞ്ഞു. കോഴിക്കോട് ഇ.എം.എസ്. സ്റ്റേഡിയത്തിനായി നഗരസഭ എടുത്ത ഹഡ്കോ വായ്പ തിരിച്ചടയ്ക്കുന്നതിനുവേണ്ടി സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും ഒരു തവണ മാത്രമാണ് ഇത്തരത്തിൽ തുക ചെലവഴിച്ചതെന്നും പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ സ്റ്റേഡിയം സജ്ജീകരിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും നഗരസഭാ അഡീഷണൽ സെക്രട്ടറി അഭ്യർത്ഥിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

15. കൈമാറ്റം ചെയ്ത സ്ഥാപനത്തിന്റെ വസ്തു നികുതി ഒടുക്കാനായി സംരക്ഷണ ഗ്രാന്റിന്റെ വകമാറ്റം, കരുതൽ സ്റ്റോക്ക് വാങ്ങാനായി സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു

16. അടിയന്തര പരിപാലന പ്രവൃത്തികൾ നിർവ്വഹിക്കാതിരിക്കൽ, കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനങ്ങളിലെ പരിപാലന പ്രവൃത്തികൾ ഏറ്റെടുക്കാതിരിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി സമിതി പരിശോധിക്കുകയും ഓഡിറ്റ് പരാമർശം സംബന്ധിച്ച് എറണാകുളം ജില്ലാപഞ്ചായത്തിന്റെ അഭിപ്രായം ആരായുകയും ചെയ്തു. മരട് ജി.വി.എച്ച്.എസ്. സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര പുതുക്കി പണിയുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും എസ്റ്റിമേറ്റ് തുക ഉയർത്തണമെന്നു കാണിച്ച് ഓരോ തവണയും പി.ടി.എ കത്ത് നൽകിയതിനാലാണ് പ്രവൃത്തികൾ നീണ്ടുപോയതെന്നും 2010-ൽ മരട് മുനിസിപ്പാലിറ്റി രൂപീകൃതമായപ്പോൾ ടി സ്കൂൾ ജില്ലാപഞ്ചായത്തിന്റെ കീഴിൽ നിന്ന് മരട് മുനിസിപ്പാലിറ്റിയുടെ ഭാഗമാകുകയാണുണ്ടായതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു

17. 2007-ൽ സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂരയ്ക്ക് നാശം സംഭവിച്ചിട്ടും 2010 വരെയും നടപടി സ്വീകരിക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് അറ്റകുറ്റപ്പണികൾക്കായി ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും ക്വാട്ട് ചെയ്തിരുന്നില്ലെന്ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി എസ്റ്റിമേറ്റ് തുക കുറവായതിനാലാണ് ആരും ടെണ്ടർ എടുക്കാതിരുന്നതെന്നും അത് പരിഹരിക്കാതിരുന്നത് ശരിയായില്ലെന്നും അഭിപ്രായപ്പെട്ട സമിതി നിലവിൽ സ്കൂൾ കെട്ടിടത്തിന്റെ അവസ്ഥ ആരാഞ്ഞു. ആയതിന് നിലവിൽ സ്കൂളിനായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും പഴയ കെട്ടിടം പൊളിച്ചു കളയുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും ജില്ലാപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

18. ആന്തരിക നിരീക്ഷണ വ്യവസ്ഥ, നിഗമനം, ശിപാർശകൾ എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**19. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് നിലവിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നടപടികൾ തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു.**

**20. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സർവ്വേ നടത്തുന്നതിനും ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഭരണ വകുപ്പ് ഉറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**21. സംരക്ഷണ ഗ്രാന്റിന്റെ വിതരണത്തിനായി യുക്തമായ നടപടികൾ സ്വീകരിക്കണമെന്നും ആസ്തികളുടെ പരിപാലനത്തിനായി ആവശ്യമായ പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**22. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംരക്ഷണ ഗ്രാന്റ് അവയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ പരിപാലനത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും സംരക്ഷണ ഗ്രാന്റിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി വൻതോതിൽ നടക്കുന്ന വകമാറ്റം ഒഴിവാക്കുവാനും അനുയോജ്യമായ നിയന്ത്രണ നടപടികൾ ഭരണ വകുപ്പ് ഉറപ്പ് വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**23. സംരക്ഷണ ഗ്രാന്റിൽ നിന്ന് തനത് ഫണ്ടിലേയ്ക്ക് അനധികൃത വകമാറ്റം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വൈക്കം മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**3.2 തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ വൈദ്യുതിയുടെയും ജലത്തിന്റേയും വിതരണം**

**സവിശേഷതകൾ**

കേരളത്തിൽ വൈദ്യുതിയും ജലവും വിതരണം ചെയ്യുന്നതിന് യഥാക്രമം കേരള സംസ്ഥാന വൈദ്യുതിബോർഡും (കെ.എസ്.ഇ.ബി.) കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ)യുമാണ്. സംസ്ഥാനത്ത് 1223 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉള്ളതിൽ വൈദ്യുതിയും ജലവും വിതരണം നടത്തുന്ന ഏക തദ്ദേശസ്വയംഭരണ സ്ഥാപനമാണ് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ(റ്റി.എം.സി). 1937-നു ശേഷം വൈദ്യുതിയും 1962 മുതൽ ജലവും റ്റി.എം.സി. വിതരണം നടത്തിക്കൊണ്ടിരിക്കുന്നു. 2000-ൽ റ്റി.എം.സി.യോട് കൂട്ടിച്ചേർത്ത പഞ്ചായത്ത് പ്രദേശങ്ങളിലെ വൈദ്യുതിയുടെയും ജലത്തിന്റെയും വിതരണ ചുമതല തുടർന്നും കെ.എസ്.ഇ.ബി. യും കെ.ഡബ്ല്യു.എ .യും നടത്തുന്നു.

- യുക്തമായ തീരുമാനം എടുക്കുന്നതിൽ തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിനുണ്ടായ (റ്റി.സി.ഇ.ഡി.) വീഴ്ച കെ,എസ്.ഇ.ബി.യ്ക്ക് പലിശ നൽകൽ വഴി 2.58 കോടി രൂപയുടെ ഒഴിവാക്കാവുന്ന സാമ്പത്തിക നഷ്ടത്തിനിട വരുത്തി.

(ഖണ്ഡിക 3.2.7.3)

➔ തെരുവുവിളക്കുകൾ, പാർക്കുകൾ തുടങ്ങിയവയുടെ വൈദ്യുതി ഉപഭോഗത്തിന്റെ ചാർജ്ജായ 11.64 കോടി രൂപ വസൂലാക്കുകയോ കണക്കിൽപ്പെടുത്തുകയോ ചെയ്തിരുന്നില്ല.

(ഖണ്ഡിക 3.2.7.8)

➔ വാർഷിക വരുമാനം തെറ്റായി കണക്കാക്കിയതുമൂലം റ്റിസിഇഡി 42.47 ലക്ഷം രൂപ ഓഡിറ്റ് ഫീസിനത്തിൽ അശ്രദ്ധമായി ചെലവഴിക്കുകയുണ്ടായി.

(ഖണ്ഡിക 3.2.7.13)

➔ ഓഡിറ്റ് പരിശോധന നടത്തിയ കാലയളവിൽ റ്റിസിഇഡി വാർഷിക കണക്കുകളും ഡിസിബിയും തയ്യാറാക്കിയിരുന്നില്ല.

(ഖണ്ഡിക 3.2.7.15)

➔ കെഡബ്ല്യൂഎ യുടെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വെള്ളക്കരം ഈടാക്കിയതുമൂലം 2 കോടി രൂപയുടെ റവന്യൂ നഷ്ടം റ്റി.എം.സി.യ്ക്ക് ഉണ്ടായി.

(ഖണ്ഡിക 3.2.8.3)

### 3.2.1 ആമുഖം

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ (റ്റി.എം.സി.) നിലവിലിരുന്ന തൃശ്ശൂർ മുനിസിപ്പാലിറ്റിയോട് തൊട്ടടുത്ത് കിടന്നിരുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് 2000 ഒക്ടോബറിലാണ് നിലവിൽ വന്നത്. കെ.എസ്.ഇ.ബി.യിൽ നിന്നും റ്റി.എം.സി. മൊത്തമായി വൈദ്യുതി വാങ്ങുകയും, മുമ്പുണ്ടായിരുന്ന മുനിസിപ്പൽ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് കാലാകാലങ്ങളിൽ കെഎസ്ഇബി നിശ്ചയിച്ചിട്ടുള്ള താരിഫ് ഈടാക്കിക്കൊണ്ട് വിതരണം നടത്തുകയും ചെയ്യുന്നു. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റ്റി.എം.സി.യുടെ വൈദ്യുതിവകുപ്പാണ് ഈ ചുമതലകൾ നിറവേറ്റുന്നത്. കേരള വാട്ടർ അതോറിറ്റി മുമ്പത്തെ മുനിസിപ്പൽ പ്രദേശങ്ങളിൽ എത്തിക്കുന്ന സംസ്കരിച്ച ജലം ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കി റ്റി.എം.സി. വിതരണം ചെയ്യുകയും ചെയ്യുന്നു. സംസ്കരിച്ച വെള്ളത്തിന്റെ വില റ്റിഎംസി നൽകുന്നില്ല. പകരം പീച്ചി ഡാമിൽ സ്ഥാപിച്ചിട്ടുള്ള ജലശുദ്ധീകരണ പ്ലാന്റിന്റെ പരിപാലനച്ചെലവിന്റെ ഒരു പങ്കായി റ്റി.എം.സി. പ്രതിവർഷം 48 ലക്ഷം രൂപ കെഡബ്ല്യൂഎ യ്ക്ക് നൽകുന്നു. കോർപ്പറേഷനോട് കൂട്ടിച്ചേർത്ത പഞ്ചായത്ത് പ്രദേശങ്ങളിലെ വൈദ്യുതിയുടെയും ജലത്തിന്റെയും

വിതരണ ചുമതല യഥാക്രമം കെഎസ്ഇബിയിലും കെ.ഡബ്ല്യു.എ.യിലും നിക്ഷിപ്തമായിരിക്കുന്നു.

### 3.2.2 സംഘടനാരൂപം

വൈദ്യുതിവകുപ്പിന്റെയും ജലവിഭാഗത്തിന്റെയും മൊത്തത്തിലുള്ള നിയന്ത്രണം റ്റിഎംസിയുടെ സെക്രട്ടറിയ്ക്കാണ്. അസിസ്റ്റന്റ് സെക്രട്ടറി തലവനായുള്ള വൈദ്യുതി വകുപ്പാണ് വൈദ്യുതി വാങ്ങുന്നതും വിൽക്കുന്നതും. വൈദ്യുതി വിതരണത്തിനാവശ്യമുള്ള അടിസ്ഥാനസൗകര്യങ്ങളായ പോഷകലൈനുകൾ, വിതരണലൈനുകൾ, ട്രാൻസ്ഫോർമറുകൾ, കോൺക്രീറ്റ് തൂണുകൾ, ഉപഭോക്തൃ മീറ്ററുകൾ തുടങ്ങിയവ വൈദ്യുതി വകുപ്പ് സംഭരിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു. വകുപ്പിന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് വിഭാഗവും അക്കൗണ്ട്സ് വിഭാഗവും ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തലവനായുള്ള ജലവിഭാഗത്തിനാണ് ജലവിതരണത്തിന്റെയും വെള്ളക്കരം പിരിക്കുന്നതിന്റെയും ചുമതല.

### 3.2.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

i) വൈദ്യുതി, ജലം എന്നിവയുടെ വിതരണവുമായി ബന്ധപ്പെട്ട പൊതുജന സേവനങ്ങളുടെ വിലയിരുത്തൽ

ii) ചട്ടങ്ങളിലും നിശ്ചിത നടപടിക്രമങ്ങളിലുമുള്ള വ്യതിയാനങ്ങൾ എടുത്തുകാട്ടുക

Iii) ലക്ഷ്യങ്ങൾ നേടുന്നതിലുള്ള ആന്തരിക നിരീക്ഷണ വ്യവസ്ഥയുടെ പ്രയോഗക്ഷമത തിട്ടപ്പെടുത്തുക എന്നിവയായിരുന്നു അവലോകനത്തിന്റെ ലക്ഷ്യങ്ങൾ.

### 3.2.4 ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 2003-ലെ ഇലക്ട്രിസിറ്റി നിയമം
2. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ടേംസ് ആന്റ് കണ്ടീഷൻസ് ഓഫ് സപ്ലൈ 2005(ടേംസ്)
3. കേരള സർക്കാർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള വാട്ടർ അതോറിറ്റി എന്നിവയുടെ ഉത്തരവുകളും നിർദ്ദേശങ്ങളും

### 3.2.5 ഓഡിറ്റ് രീതി

സ്വന്തം പരമാധികാര പ്രദേശങ്ങളിൽ വൈദ്യുതിയുടെയും ജലത്തിന്റെയും വിതരണം കൈകാര്യം ചെയ്യുന്ന സംസ്ഥാനത്തെ ഏക തദ്ദേശസ്ഥാപനമാണ് തൃശ്ശൂർ മുനിസപ്പൽ കോർപ്പറേഷൻ. 2008 മാർച്ച് മുതൽ ജൂൺ വരെ നടത്തിയ അവലോകനത്തിൽ കോർപ്പറേഷന്റെ 2003-04 മുതൽ 2007-08 വരെയുള്ള അഞ്ചുവർഷക്കാലത്തെ പ്രവർത്തനങ്ങൾ പരിശോധിക്കുകയുണ്ടായി.

### 3.2.6 ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഇനിപ്പറയുന്ന വിഭാഗങ്ങളിലായി തരംതിരിച്ചിരിക്കുന്നു:

- വൈദ്യുതി വിതരണം
- ജല വിതരണം
- ആന്തരിക നിയന്ത്രണ വ്യവസ്ഥ

### 3.2.7 വൈദ്യുതി വിതരണം

തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ് (റ്റിസിഇഡി) ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.യിൽ നിന്ന് വൈദ്യുതി വാങ്ങി 2000-ൽ കോർപ്പറേഷനോട് കൂട്ടിച്ചേർത്ത അഞ്ച് പഞ്ചായത്ത് പ്രദേശങ്ങൾ ഒഴികെയുള്ള കോർപ്പറേഷൻ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നു. കോർപ്പറേഷനിൽ നിന്നും വ്യത്യസ്തമായ സത്തയായിട്ടാണ് റ്റി.സി.ഇ.ഡി. പ്രവർത്തിക്കുന്നത്. കെഎസ്ഇബി 8000 കിലോ വോൾട്ട് ആമ്പയറിന്റെ (കെ.വി.എ.) കോൺട്രാക്ട് ഡിമാന്റ് ആയി റ്റി.സി.ഇ.ഡി.യുടെ പാട്ടുരാക്കൽ സബ് സ്റ്റേഷനിൽ മൊത്തവിലയ്ക്ക് വൈദ്യുതി എത്തിക്കുന്നു. റ്റിസിഡിയ്ക്ക് നൽകുന്ന വൈദ്യുതിയുടെ അളവ് നിശ്ചയിക്കുന്നതിനും, മാസത്തിൽ ഏതെങ്കിലും സമയത്തുള്ള പരമാവധി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഡിമാൻഡ് ചാർജ് കണക്കാക്കുവാനും, മാസംതോറുമുള്ള എനർജി ചാർജ്ജ് ബില്ലുകൾ തയ്യാറാക്കാനുമായി സബ്സ്റ്റേഷൻ പരിസരത്ത് കെഎസ്ഇബി പ്രധാന മീറ്റർ സ്ഥാപിച്ചിരിക്കുന്നു. ഇപ്രകാരം ലഭ്യമാക്കുന്ന വൈദ്യുതി റ്റിസിഇഡി അതേ സബ്സ്റ്റേഷൻ പരിസരത്ത് കെഎസ്ഇബി പ്രധാന മീറ്റർ സ്ഥാപിച്ചിരിക്കുന്നു.

ഇപ്രകാരം ലഭ്യമാക്കുന്ന വൈദ്യുതി റ്റിസിഇഡി അതേ സബ്സ്റ്റേഷൻ പരിസരത്ത് സ്ഥാപിച്ചിട്ടുള്ള ആറ് പോഷകമീറ്ററുകളിൽ കൂടികടത്തിവിട്ട് അളവ് എടുത്തശേഷം പഴയ മുനിസിപ്പൽ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. റ്റി.സി.ഇ.ഡി. ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി. അംഗീകരിച്ചിട്ടുള്ള താരിഫ് വില അനുസരിച്ച് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ചാർജ്ജും എനർജി ചാർജ്ജും പിരിക്കുന്നു. റ്റി.സി.ഇ.ഡി. ഇപ്രകാരം വസൂലാക്കുന്ന വരുമാനത്തിൽ നിന്നും വൈദ്യുതിയുടെ വില കെ.എസ്.ഇ.ബി.യ്ക്ക് നൽകുകയും പോഷകലൈനുകൾ, ട്രാൻസ്ഫോർമറുകൾ, ഉപഭോക്തൃ മീറ്ററുകൾ തുടങ്ങിയവയുടെ മൂലധനച്ചെലവുകൾക്ക് വിനിയോഗിക്കുകയും, മിച്ചം വരുന്ന തുക ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. 2008 മാർച്ച് 31-ന് എല്ലാ വിഭാഗത്തിലുമായുള്ള ഉപഭോക്താക്കളുടെ എണ്ണം 33,570 ഉം അവലോകനകാലത്ത് വസൂലാക്കിയിട്ടുള്ള വരുമാനം 194.31 കോടി രൂപയുമാണെന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് വ്യക്തമാകുന്നതാണ്.

(രൂപ ലക്ഷത്തിൽ)

| വർഷം | ഉപഭോക്താക്കളുടെ എണ്ണം | വസൂലാക്കിയ വരുമാനം |
|---|---|---|
| 2003-04 | 29304 | 3445.69 |
| 2004-05 | 30060 | 3513.24 |
| 2005-06 | 33450 | 3867.17 |
| 2006-07 | 34618 | 4061.41 |
| 2007-08 | 33570 | 4543.53 |
| **ആകെ** | | **19431.04** |

### 3.2.7.1 സാമ്പത്തിക നില

ഓഡിറ്റിന് സമർപ്പിച്ച കണക്കുകളും രേഖകളും പ്രകാരം വൈദ്യുതി വകുപ്പിന്റെ 2003-04 മുതൽ 2007-08 വരെയുള്ള സാമ്പത്തികനില താഴെക്കൊടുത്തിരിക്കുന്നു.

(രൂപ ലക്ഷത്തിൽ)

| വിശദാംശങ്ങൾ | വർഷം | | | | |
|---|---|---|---|---|---|
| | 2003-04 | 2004-05 | 2005-06 | 2006-07 | 2007-08 |
| പ്രാരംഭബാക്കി | 2630 | 3797 | 4358 | 3905 | 2651 |
| വരവ് | 4863 | 5155 | 6200 | 7398 | 9554 |
| ആകെ | 7493 | 8952 | 10558 | 11303 | 12205 |
| ചെലവ് | 3696 | 4594 | 6653 | 8652 | 9546 |
| നീക്കിയിരിപ്പ് | 3797 | 4358 | 3905 | 2651 | 2659 |
| വരവിന്റെ അടിസ്ഥാനത്തിലുള്ള ചെലവിന്റെ ശതമാനം | 76.00 | 89.12 | 107.30 | 116.95 | 99.92 |

2003-04 മുതൽ 2007-08 വരെയുള്ള കാലയളവിൽ വരവുകളും ചെലവുകളും വർദ്ധന രേഖപ്പെടുത്തി. എന്നാൽ 2005-06-യിലും 2006-07 ലും ചെലവുകൾ വരവിനേക്കാൽ വർദ്ധിച്ചിരുന്നതിനാൽ റ്റി.സി.ഇ.ഡി. സ്വരുക്കൂട്ടിയിരുന്ന വരുമാനം വിനിയോഗിക്കാൻ നിർബന്ധിതമായി. എന്നിരിക്കിലും 2007-08-ൽ ചാർട്ടിൽ കാണുംവിധം വരവും ചെലവും ഏതാണ്ട് തുല്യനിലയിലായിരുന്നു.

റിപ്പോർട്ടിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. നൽകിയ വൈദ്യുതിയുടെ അളവും ഇതേ കാലയളവിൽ റ്റിസിഇഡി അടച്ച എനർജി ചാർജ്ജുകളും ഡിമാന്റ് ചാർജ്ജുകളും താഴെപ്പട്ടികയിൽ വിശദമായി കൊടുത്തിരുന്നു.

| വർഷം | എനർജി ചാർജ്ജുകൾ | | ഡിമാന്റ് ചാർജ്ജുകൾ | കെഎസ്ഇബിയ്ക്ക് ആകെ നൽകിയ തുക |
|---|---|---|---|---|
| | യൂണിറ്റിന്റെ അളവ് (ദശലക്ഷത്തിൽ) | തുക | | |
| 2003-04 | 83.12 | 1703.92 | 476.11 | 2180.03 |
| 2004-05 | 86.86 | 1780.67 | 495.10 | 2275.77 |
| 2005-06 | 91.08 | 1867.04 | 511.76 | 2378.80 |
| 2006-07 | 95.30 | 1953.55 | 543.93 | 2497.48 |
| 2007-08 | 101.17 | 2318.77 | 595.42 | 2914.19 |
| **ആകെ** | **457.53** | **9623.95** | **2622.32** | **12246.27** |

### 3.2.7.2 അധിക ലോഡ് ക്രമീകരിക്കാതിരിക്കൽ

2005-ലെ കെഎസ്ഇബി ടേംസ് ആന്റ് കണ്ടിഷൻസ് ഓഫ് സപ്ലൈയുടെ (ടേംസ്) നിബന്ധന 45 അനുസരിച്ച്, 66 കെ.വി. വിതരണത്തിലെ പരമാവധി ഡിമാന്റ് 8000 കെ.വിഎ ആണ്. 66 കെവിയും അതിനുമുകളിലുമുള്ള എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി വ്യതിയാനം അനുവദിക്കാറുണ്ട്. 2004-05 മുതൽ 2007-08 വരെ 66 കെവി വിതരണത്തിലൂടെ ഉപയോഗപ്പെടുത്തിയ പരമാവധി ലോഡിന്റെ വിവരങ്ങൾ ഇനിപ്പറയുന്നു.

| വർഷം | വർഷത്തിലെ പരമാവധി ലോഡ് | പരമാവധി ഡിമാന്റ് രേഖപ്പെടുത്തിയ മാസം |
|---|---|---|
| 2004-05 | 18762 കെവിഎ | മാർച്ച് 2005 |
| 2005-06 | 19259 കെവിഎ | മാർച്ച് 2006 |
| 2006-07 | 20787 കെവിഎ | മാർച്ച് 2007 |
| 2007-08 | 19922 കെവിഎ | ഏപ്രിൽ 2007 |

അനധികൃത ലോഡുകൾക്ക് കെ.എസ്.ഇ.ബി. ടേംസിലെ നിബന്ധന 50-ഉം 51-ഉം പ്രകാരം ചുമത്താനിടയുള്ള ശിക്ഷാനടപടികൾ ഒഴിവാക്കാനായി അധിക ഡിമാന്റ് ക്രമീകരിക്കുകയും കെ.എസ്.ഇ.ബി.യുമായി കരാർ ഒപ്പിടേണ്ടതുമുണ്ട്. എന്നാൽ റ്റി.സി.ഇ.ഡി. 2008 ജൂൺ വരെയും പരമാവധി ലോഡ് വർദ്ധിപ്പിക്കാൻ വേണ്ട നടപടി എടുത്തിരുന്നില്ല.

### 3.2.7.3 കെഎസ്ഇബിയ്ക്കു പലിശ നൽകുന്നതുമൂലമുള്ള ഒഴിവാക്കുന്ന നഷ്ടം

1982 ജൂലൈ 8-ലെ ഗ്രിഡ് താരിഫ് റിവിഷൻ ഉത്തരവിൽ 11 കെവിയും 66 കെവിയും വൈദ്യുതി ഉപയോഗപ്പെടുത്തുന്ന ലൈസൻസികൾക്കും അനുവാദം ലഭിച്ചിട്ടുള്ളവർക്കുമായി പ്രത്യേകം നിരക്ക് നിശ്ചയിക്കുകയും 1982 ഡിസംബർ 2 മുതൽ 66 കെവി വൈദ്യുതിയുടെ വിലയിൽ 30 ശതമാനം റിബേറ്റ് അനുവദിക്കുകയും ചെയ്തു. റിബേറ്റ് 1988 നവംബർ 1 മുതൽ പിന്നീട് പിൻവലിച്ചിരുന്നു. റിബേറ്റ് പിൻവലിച്ചത് അംഗീകരിക്കാതെ കെ.എസ്.ഇ.ബി.യുടെ മാസ ബില്ലുകളിൽ കാണിച്ചിട്ടുള്ള

തുകയേക്കാൾ കുറഞ്ഞ തുക റ്റി.സി.ഇ.ഡി. നൽകിക്കൊണ്ടിരുന്നു. ഇതുമൂലം 2002 ഡിസംബർ മുതൽ 2005 ഡിസംബർ വരെ 40.81 കോടി രൂപയുടെ കുറവ് കെഎസ്ഇബിയ്ക്ക് നൽകിയ തുകയിൽ ഉണ്ടായി. ഈ വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിൽ 2005-ലെ 40 -ാം നമ്പർ അപ്പീലായി എത്തുകയും, റ്റിസിഇഡിയ്ക്ക് താരിഫ് പരിഷ്കരണ നടപടികളിൽ പങ്കെടുക്കുന്നതിൽ വീഴ്ച പറ്റിയതായി ട്രൈബ്യൂണൽ കണ്ടെത്തുകയും ചെയ്തു..റ്റി.സി.ഇ.ഡി. ഉപഭോക്താക്കളിൽനിന്നും ഉപഭോഗ ചാർജ്ജും പിഴയും വൈദ്യുതി ബോർഡ് നിശ്ചയിച്ചിട്ടുള്ള തോതിൽ ഈടാക്കിയിരുന്നതായും അതിൽനിന്നും 30 ശതമാനം പിടിച്ചുവച്ചിരുന്നതായും ട്രൈബ്യൂണൽ വിധിച്ച ആയതിനാൽ റ്റി.സി.ഇ.ഡി.യ്ക്ക് റിബേറ്റ് കൂടാതെ ഗ്രിഡ് താരിഫ് പരിഷ്കരണം സ്വീകരിക്കാൻ ബാധ്യതയുണ്ടായിരുന്നുവെന്നും 2005 ഡിസംബർ വരെയുള്ള കുടിശ്ശികയായ വൈദ്യുതി ചാർജ്ജും പലിശയും കെഎസ്ഇബി യ്ക്ക് നൽകണമെന്ന് 2006 ജനുവരിയിൽ ട്രൈബ്യൂണൽ ഉത്തരവായി. റ്റി.സി.ഇ.ഡി. 2.58 കോടി രൂപയുടെ പലിശ ഉൾപ്പെടെ 45.49 കോടി രൂപ 2007 ഫെബ്രുവരിയിൽ കെ.എസ്.ഇ.ബി.യ്ക്ക് നൽകി. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പരാമർശമനുസരിച്ച്, റ്റി.സി.ഇ.ഡി. ഉപഭോക്താക്കളിൽ നിന്നും ഉപഭോഗചാർജ്ജും പിഴയും ഈടാക്കിക്കൊണ്ട് 30 ശതമാനം ഒഴിച്ചുള്ള തുകയാണ് കെ.എസ്.ഇ.ബി.യ്ക്ക് അടച്ചിരുന്നത്. ഇതിന്റെ ഫലമായി ഒരുവശത്ത് വരുമാനം കുന്നുകൂടിയപ്പോൾ ബാധ്യതയായി മറുവശത്ത് പലിശ വർദ്ധിക്കുകയായിരുന്നു. കെഎസ്ഇബിയ്ക്ക് നൽകാതെ ഈവിധം കുന്നുകൂടിയ വരുമാനത്തിൽനിന്നും ഫണ്ടുകൾ റ്റിസിഇഡി 2005 മാർച്ച് വരെ ഖണ്ഡിക 3.2.7.6-ൽ പരാമർശിച്ചതരത്തിൽ, റ്റിഎംസിയ്ക്ക് കൈമാറുകയുണ്ടായി. കെ.എസ്.ഇ.ബി.യ്ക്ക നൽകേണ്ട തുക ബില്ലനുസരിച്ച് അടയ്ക്കുകയും അതിനുശേഷം ട്രൈബ്യൂണലിനെ സമീപിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അന്തിമ തീരുമാനമനുസരിച്ച് അടച്ചതുക തിരികെവാങ്ങുവാനോ, പലിശ കൊടുക്കുന്നത് ഒഴിവാക്കാനോ സാധിക്കുമായിരുന്നു. യുക്തമായ തീരുമാനം എടുക്കുന്നതിൽ റ്റിസിഇഡിയ്ക്കുണ്ടായ വീഴ്ച 2.58 കോടി രൂപയുടെ പലിശ ഇനത്തിലുള്ള ഒഴിവാക്കാമായിരുന്ന നഷ്ടത്തിനിടയാക്കി .

### 3.2.7.4 സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ ട്രാൻസ്ഫോർമറുകൾ വാങ്ങിയത്

2003-04 മുതൽ 2007 -08 വരെയുള്ള കാലത്ത് റ്റിസിഇഡി 1.10 കോടി രൂപയുടെ ട്രാൻസ്ഫോർമറുകൾ വാങ്ങിക്കൂട്ടി . വാഗ്ദാനം ചെയ്ത അടിസ്ഥാന വിലയുടെ 10 മുതൽ 13 ശതമാനം വരെ ഡിസ്കൗണ്ട് ആധാരമാക്കി ഒറ്റ ക്വട്ടേഷൻ വ്യവസ്ഥയിൽ കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിൽ നിന്നായിരുന്നു ഇവ വാങ്ങിയിരുന്നത്. റ്റിസിഇഡിയ്ക്ക് മത്സരാധിഷ്ഠിത വിലയുടെ അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകൾ സംഭരണം നടത്തുവാൻ കഴിയുമാറ്, 20,000 രൂപയ്ക്കു മുകളിലുള്ള ഏതൊരു വാങ്ങലും മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിച്ചുവേണം നടത്താൻ എന്നുള്ളതിനാൽ മേലുദ്ധരിച്ച വാങ്ങലുകൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ ലംഘനമായിരുന്നു.

### 3.2.7.5 ഉപയോഗമില്ലാത്ത മെക്കാനിക്കൽ മീറ്ററുകൾക്ക് മുടക്കിയ പാഴ് ചെലവ്

പുതിയ വൈദ്യുതി കണക്ഷൻ നൽകുമ്പോൾ സ്ഥാപിക്കാനായി ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങണം എന്ന് 2003 ഫെബ്രുവരി 10-ന് കൂടിയ റ്റി.എം.സിയുടെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (9-ാം നമ്പർ പ്രമേയം) തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനത്തിന് ശേഷവും റ്റി.സി.ഇ.ഡി. 5.59 ലക്ഷം രൂപയുടെ മെക്കാനിക്കൽ മീറ്ററുകൾ വാങ്ങിയതായി താഴെക്കൊടുത്തിരിക്കുന്ന വിവരങ്ങളിൽ നിന്ന് കാണാം.

| ഇനം | എണ്ണം | വില രൂപ | വാങ്ങിയ ഉത്തരവിന്റെ നമ്പരും തീയതിയും | സപ്ലൈ ചെയ്ത തീയതി | സപ്ലൈ ചെയ്ത കമ്പനി |
|---|---|---|---|---|---|
| 2.5-10 എ | 500 | 193019 | 646/13-2-06 | 6-3-06 | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, കൊല്ലം |
| 5-20 എ | 1000 | 366000 | 647/13-2-06 | 2-3-06 | ടെക്നോമീറ്റർ, ജയ്പൂർ |
| ആകെ | 1500 | 559019 | | | |

മെക്കാനിക്കൽ മീറ്റർ വാങ്ങാനുള്ള ഉത്തരവുകൾ നൽകിയശേഷം, ഇനിമേലിൽ ഇലക്ട്രോണിക്സ് മീറ്ററുകൾ മാത്രം വാങ്ങിയാൽ മതിയാകുമെന്ന് 2006 ഫെബ്രുവരി 21-ന് മേയർ ഉത്തരവ് ഇറക്കി. വേണ്ടുവോളം ഇലക്ട്രോണിക്സ് മീറ്ററുകൾ വാങ്ങിയിരുന്നതിനാൽ മേൽപ്പറഞ്ഞ 1500 മെക്കാനിക്കൽ മീറ്ററുകളിൽ 5-20 എ വിഭാഗത്തിലുള്ള 775 എണ്ണം സ്ഥാപിക്കുന്നതിനോ, മാറ്റിവയ്ക്കുന്നതിനോ കഴിയാതെ വരികയും അവ വാങ്ങാൻ മുടക്കിയ 2.84 ലക്ഷം രൂപ പാഴ് ചെലവായിത്തീരുകയും ചെയ്തു.

### 3.2.7.6 കോർപ്പറേഷന്റെ പൊതുഫണ്ടിലേയ്ക്ക് മിച്ചം കൈമാറിയത്

കൊച്ചി മഹാരാജാവിന്റെ 1937 ആഗസ്റ്റ് 19- ലെ ഉത്തരവ് നമ്പർ ഡി 7 -പി 1.15/12 പ്രകാരം, വൈദ്യുതി വകുപ്പ് മുമ്പുണ്ടായിരുന്ന മുനിസിപ്പൽ പ്രദേശങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു വ്യത്യസ്ത സത്തയായി നിലകൊള്ളണ മായിരുന്നു. കൂടാതെ, എല്ലാ ബാധ്യതകളും, ഉപഭോക്താക്കൾക്ക് നൽകുന്ന സേവന ങ്ങളുടെ നവീകരണ ചെലവുകളും കഴിച്ച് ബാക്കിവരുന്ന ലാഭം 10 ശതമാനത്തിലധി കമാണെങ്കിൽ, അങ്ങനെയുള്ള അധികലാഭം മുനിസിപ്പൽ കൗൺസിലിന്റെ പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കാനും വ്യവസ്ഥചെയ്തിരുന്നു. ലാഭം കണക്കാക്കുന്ന തിനുമുമ്പ് വാണിജ്യസ്ഥാപനങ്ങൾ നീക്കിവയ്ക്കുന്ന അനുപാതത്തിൽ പര്യാപ്തമായ തുക തേയ്മാനത്തിന് വകയിരുത്തേണ്ടതുണ്ട്. എന്നാൽ കേരള സർക്കാർ ഇതുമായി ബന്ധപ്പെട്ട യാതൊരു ഉത്തരവുകളും പുറപ്പെടുവിച്ചിരുന്നില്ല.

റ്റി.സി.ഇ.ഡി. ഒരു വർഷത്തേയും ലാഭനഷ്ടക്കണക്കുകളും ബാക്കിപത്രവും തയ്യാറാക്കിയിരുന്നില്ല. എന്നാൽ 1993 ജൂൺ മുതൽ 2005 മാർച്ച് വരെ 14.04 കോടി രൂപ റ്റി.എം.സി.യുടെ ജനറൽ ഫണ്ടിലേയ്ക്ക് കൈമാറുകയുണ്ടായി. ഇതിൽ 52.18 ലക്ഷം രൂപ റ്റി.എം.സി. തിരിച്ച് നൽകിയിരുന്നു. 2008 മാർച്ച് 31-ലെ കണക്കനുസരിച്ച് 13.51 കോടി രൂപ, താഴെക്കൊടുത്തിരിക്കും പ്രകാരം റ്റിഎംസിയ്ക്ക് കൈമാറിയ വകയിൽ തിരിച്ചുകിട്ടാനുണ്ട്.

| ക്രമ നം. | കൈമാറ്റം ചെയ്ത തീയതി | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 24.06.1993 | 8.00 |
| 2 | 07.07.1993 | 8.00 |
| 3 | 24.08.1994 | 15.00 |
| 4 | 12.09.1994 | 15.00 |
| 5 | 27.09.1994 | 13.00 |
| 6 | 06.06.1995 | 20.00 |
| 7 | 10.12.1998 | 70.00 |
| 8 | 18.12.2000 | 100.00 |
| 9 | 21.03.2001 | 50.00 |
| 10 | 22.01.2001 | 50.00 |
| 11 | 26.02.2002 | 64.75 |
| 12 | 02.01.2003 | 100.00 |
| 13 | 22.08.2003 | 50.00 |
| 14 | 20.10.2003 | 37.49 |
| 15 | 05.11.2003 | 10.82 |
| 16 | 29.12.2003 | 91.45 |
| 17 | 30.10.2004 | 100.00 |
| 18 | 26.02.2005 | 100.00 |
| 19 | 11.03.2005 | 500.00 |
| | **ആകെ** | **1403.51** |
| | **കിഴിക്കേണ്ട തിരിച്ചടവ് തുകകൾ** | |
| 1 | 17.06.1995 | 20.00 |
| 2 | 25.03.2004 | 32.18 |
| | **ആകെ** | **1351.33** |

ഖണ്ഡിക 3.2.7.3-ൽ വിവരിച്ച പ്രകാരം കെ.എസ്.ഇ.ബി.ക്ക് നൽകാനുള്ള കുടിശ്ശിക വൈദ്യുതിചാർജ്ജും പലിശയും ബാധ്യതയായി കിടക്കുമ്പോഴും

റ്റി.എം.സി.യുടെ ജനറൽ ഫണ്ടിലേയ്ക്കു് തുക കൈമാറ്റം ചെയ്യുകൊണ്ടിരുന്നു കൃത്യമായ കണക്കുകൾ തയ്യാറാക്കാതെയും കുടിശ്ശിക ബാധ്യതകൾ തീർക്കാതെയുമുള്ള ഫണ്ടുകളുടെ കൈമാറ്റം നിലവിലുള്ള ഉത്തരവുകളുടെയും സാമ്പത്തിക പ്രമാണങ്ങളുടെയും നിഷേധമാണ്. തുക വായ്പയായി റ്റി.എം.സി.യ്ക്ക് നൽകിയതാണെന്നും തിരിച്ച് വസൂലാക്കാനുള്ള നടപടികൾ തുടങ്ങിയതായും 2008 മേയിൽ റ്റി.സി.ഇ.ഡി. അറിയിക്കുകയുണ്ടായി.

### 3.2.7.7 പഴയ മുനിസിപ്പൽ പ്രദേശത്തിന് പുറത്തുള്ള ഉപയോഗത്തിന് ഇലക്ട്രിക്കൽ സാധനങ്ങൾ വിതരണം ചെയ്യുത്

പഴയ മുനിസിപ്പൽ പ്രദേശങ്ങളിലെ വൈദ്യുതിയുടെ വിതരണത്തിന്റെ ചുമതലമാത്രമേ റ്റി.സി.ഇ.ഡി.യ്ക്കുള്ളൂ. കോർപ്പറേഷനോട് കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലെ വൈദ്യുതിവിതരണത്തിന്റെ ചുമതല കെ.എസ്.ഇ.ബി.യ്ക്കാണ്. എന്നാൽ കൂട്ടിച്ചേർത്ത പ്രദേശങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി 77.89 ലക്ഷം രൂപ വിലയുള്ള സാധനങ്ങൾ പരിശോധനാ കാലയളവിൽ താഴെക്കൊടുത്തിട്ടുള്ള പ്രകാരം റ്റി.സി.ഇ.ഡി. വിതരണം ചെയ്യുകയുണ്ടായി.

(രൂപ ലക്ഷത്തിൽ)

| വർഷം | തുക |
|---|---|
| 2003-04 | 4.82 |
| 2004-05 | 13.46 |
| 2005-06 | 22.40 |
| 2006-07 | 16.23 |
| 2007-08 | 20.98 |
| **ആകെ** | **77.89** |

### 3.2.7.8 തെരുവുവിളക്കുകൾ കോർപ്പറേഷന്റെ സ്വന്തമായുള്ള കെട്ടിടങ്ങൾ പാർക്കുകൾ എന്നിവയുടെ വൈദ്യുതി ഉപഭോഗവും ചെലവും

പഴയ മുനിസിപ്പൽ പ്രദേശങ്ങളിലെ തെരുവുവിളക്കുകൾ കത്തിക്കാൻ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കും റ്റി.എം.സി.യുടെ സ്വന്തം കെട്ടിടങ്ങളിലും പാർക്കുകളിലും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കും റ്റി.സി.ഇ.ഡി. ബില്ലുകൾ തയ്യാറാക്കുകയോ കണക്കിൽ കൊള്ളിക്കുകയോ ചെയ്തിട്ടില്ലായിരുന്നു.

| വർഷം | ഉപയോഗിച്ച വൈദ്യുതി | | | |
|---|---|---|---|---|
| | തെരുവുവിളക്കുകൾ | കോർപ്പറേഷന്റെ കെട്ടിടങ്ങൾ | പാർക്കുകൾ | ആകെ |
| 2003-04 | 3449000 | 132000 | 3680 | 3584680 |
| 2004-05 | 3464000 | 133020 | 3900 | 3600920 |
| 2005-06 | 4158000 | 135300 | 4200 | 4297500 |
| 2006-07 | 4244000 | 138000 | 5300 | 4387300 |
| 2007-08 | 4510000 | 142584 | 6200 | 4658784 |
| **ആകെ** | **19825000** | **680904** | **23280** | **20529184** |

റ്റി.എം.സി.യും റ്റി.സി.ഇ.ഡി.യും പ്രത്യേക സത്തകളായി പ്രവർത്തിക്കുന്നതിനാലും റ്റി.സി.ഇ.ഡി. വ്യാവസായികാടിസ്ഥാനത്തിൽ നടക്കുന്നതിനാലും, കോർപ്പറേഷന്റെ ആവശ്യത്തിനുള്ള വൈദ്യുതിയുടെ ഉപഭോഗം ബില്ല് ചെയ്യേണ്ടതും കണക്കിൽപ്പെട്ടു ത്തേണ്ടതുമുണ്ട്. 2003-04 മുതൽ 2007-08 വരെയുള്ള കാലയളവിലെ വൈദ്യുതിയുടെ ശരാശരി വില്പനവില യൂണിറ്റിന് അഞ്ചുരൂപ അറുപത്തിയേഴ് പൈസയാണ്. ഉയർന്ന ഉപഭോഗത്തിന് കൂടിയ നിരക്കായിരിക്കും. കോർപ്പറേഷന്റെ വൈദ്യുതി ഉപഭോഗത്തിന്റെ ചാർജ്ജുകൾ പിരിച്ചെടുക്കുന്നതിൽ വന്നവീഴ്ചമൂലം, മുകളിൽ കാണിച്ചിട്ടുള്ള പ്രകാരം, റ്റി.ഡി.ഇ.ഡി.യ്ക്ക് വരുമാനത്തിൽ 11.64 കോടി രൂപയുടെ കുറവ് നേരിട്ടു.

### 3.2.7.9 മീറ്റർ വാടകകൾ ഈടാക്കാത്തതുമൂലമുള്ള നഷ്ടം

വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും 2002 മേയ് മുതൽ വൈദ്യുതി മീറ്ററുകൾക്ക് മാസവാടക ഈടാക്കുവാൻ കെ.എസ്.ഇ.ബി. 2002 ഏപ്രിലിൽ തീരുമാനിച്ചു. ഇപ്രകാരം നിശ്ചയിച്ച നിരക്കുകൾ റ്റി.എം.സി.യുടെ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്കും ബാധകമായിരുന്നു. എന്നാൽ കോർപ്പറേഷൻ കൗൺസിൽ വാടക ഈടാക്കാനുള്ള തീരുമാനം നടപ്പിലാക്കുന്നത് 2005 മാർച്ച് 31 വരെ

നീട്ടിവയ്ക്കാൻ 2004 ജനുവരിയിൽ തീരുമാനിച്ചു. ഇതുമൂലം, റ്റി.ഡി.ഇ.ഡി.യ്ക്ക് താഴെ കാണിച്ചിട്ടുള്ള പ്രകാരം 78.23 ലക്ഷം രൂപയുടെ വരുമാന നഷ്ടം ഉണ്ടായി.

| ക്രമ നം. | മീറ്ററിന്റെ വിവരണങ്ങൾ | വർഷം | മീറ്ററുകളുടെ എണ്ണം | മാസങ്ങളുടെ എണ്ണം | നിരക്ക് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|
| 1 | സിംഗിൾ ഫേസ് | 2003-04<br>2004-05 | 14236<br>416 | 12<br>12 | 10<br>10 | 17,08.320<br>49,920 |
| 2 | 20 ആംപിയർ വരെയുള്ള ത്രീ ഫേസ് | 2003-04<br>2004-05 | 8542<br>250 | 12<br>12 | 20<br>20 | 20,50,080<br>60000 |
| 3 | 20-ന് മുകളിൽ 30 ആംപിയർ വരെയുള്ള ത്രീഫേസ് | 2003-04<br>2004-05 | 4271<br>125 | 12<br>12 | 50<br>50 | 25,62,600<br>75,000 |
| 4 | 30 ആംപിയറിന് മുകളിലുള്ള ത്രീ ഫേസ് | 2003-04<br>2004-05 | 1423<br>41 | 12<br>12 | 75<br>75 | 12,80,700<br>36,900 |
| | | | | ആകെ | | 78,23,520 |

### 3.2.7.10 ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്നും ജാമ്യനിക്ഷേപം കുറച്ചു പിരിച്ചത്

ടേംസിന്റെ ചട്ടം 15 പ്രകാരം വൈദ്യുതി ഉപഭോക്താക്കൾ നൽകേണ്ട ജാമ്യനിക്ഷേപം പ്രതിമാസ വൈദ്യുതി ചാർജ്ജിന്റെ രണ്ടിരട്ടിയും, രണ്ടുമാസത്തിലൊരിക്കൽ ബില്ലുചെയ്യുന്ന ഉപഭോക്താക്കൾക്ക് മൂന്നിരട്ടിയും ആണ്. എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യപാദത്തിൽ ഈ തുക അവലോകനം ചെയ്യേണ്ടതും ഏറ്റവും പുതിയ വൈദ്യുതി ചാർജ്ജുമായി ബന്ധപ്പെടുത്തി പുതുക്കേണ്ടതുമാണ്. റ്റി.സി.ഇ.ഡി.യിലെ ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.യുടെ 2005-ലെ ടേംസ് ബാധകമാണെങ്കിലും ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്നും പിരിക്കേണ്ട ജാമ്യനിക്ഷേപം പുനരവലോകനത്തിന് വിധേയമായിരുന്നില്ല. ഇതുമൂലം അവലോകന കാലയളവിൽ അനുബന്ധം VIII-ൽ കാണിച്ചിട്ടുള്ള പ്രകാരം 23 ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കേണ്ട ജാമ്യനിക്ഷേപത്തുകയിൽ 55.65 ലക്ഷം രൂപയുടെ കുറവ് വന്നു.

### 3.2.7.11 മെക്കാനിക്കൽ മീറ്ററുകൾ മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കൽ

ഇന്റർഫേസ് മീറ്ററുകൾ, ഉപഭോക്തൃ മീറ്ററുകൾ, എനർജി അക്കൗണ്ടിംഗും ഓഡിറ്റും മീറ്ററുകൾ എന്നിവയെല്ലാം സ്റ്റാറ്റിക് ടൈപ്പിലുള്ളതായിരിക്കണമെന്ന് കേന്ദ്രവൈദ്യുതി അതോറിറ്റിയുടെ 2006 മാർച്ച് 17-ലെ വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരുന്നതിനാൽ ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകൾ നിർബന്ധമായും മാറ്റി ഇലക്ട്രോണിക് എനർജി മീറ്ററുകൾ (സ്റ്റാറ്റിക് വാട്ട് ഔർ മീറ്ററുകൾ) സ്ഥാപിക്കണമായിരുന്നു. എന്നാൽ അത്തരത്തിലുള്ള മാറ്റി സ്ഥാപിക്കലിന് കേന്ദ്രവൈദ്യുതി അതോറിറ്റി പ്രത്യേക സമയക്രമം നിശ്ചയിച്ചിരുന്നില്ല. 2005-06-ൽ തന്നെ റ്റി.സി.ഇ.ഡി. മെക്കാനിക്കൽ മീറ്ററുകൾ മാറ്റി സ്റ്റാറ്റിക് മീറ്ററുകൾ സ്ഥാപിച്ചു തുടങ്ങിയെങ്കിലും, മാറ്റിവയ്ക്കലിന്റെ ഗതിവേഗം താഴെക്കൊടുത്തിരിക്കുംപോലെ വളരെ മന്ദഗതിയിലുള്ളതായിരുന്നു.

| വർഷം | പ്രാരംഭം ബാക്കി | വാങ്ങിയ മീറ്ററുകളുടെ എണ്ണം | ആകെ | ആകെ സ്ഥാപിച്ച മീറ്ററുകളുടെ എണ്ണം | സ്റ്റോക്കിൽ ബാക്കി നിൽക്കുന്നത് |
|---|---|---|---|---|---|
| 2005-06 | ...... | 180 | 180 | 77 | 103 |
| 2006-07 | 103 | 2900 | 3003 | 2401 | 602 |
| 2007-08 | 602 | 16634 | 17236 | 4321 | 12915 |
| **ആകെ** | | **19714** | | **6799** | **12915** |

2007-08 അവസാനം വൈദ്യുതി വിതരണം നടത്തുന്ന പ്രദേശങ്ങളിൽ 33570 കണക്ഷനുകൾ ഉണ്ടായിരുന്നതിൽ,6799 സ്റ്റാറ്റിക് മീറ്ററുകൾ മാത്രമാണ് ജൂൺ 2008 വരെ മാറ്റി സ്ഥാപിച്ചിരുന്നത്. വളരെ ചെറിയ തോതിലുള്ള വൈദ്യുതിയുടെ ഉപഭോഗം പോലും സ്റ്റാറ്റിക് മീറ്ററുകൾ രേഖപ്പെടുത്തുന്നതിനാൽ അവയുടെ പ്രവർത്തനം മെക്കാനിക്കൽ മീറ്ററുകളെക്കാളും മെച്ചമാണ്. മന്ദഗതിയിലുള്ള മാറ്റിവയ്ക്കൽ പ്രവർത്തനം റ്റി.സി.ഇ.ഡി.യ്ക്ക് വരുമാനനഷ്ടം ഉണ്ടാക്കിയിരുന്നു.

### 3.2.7.12 പിരിച്ചെടുക്കാനുള്ള കുടിശ്ശികകൾ

2008 മാർച്ച് അവസാനം 8.52 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാതെ കിടക്കുകയായിരുന്നു. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ തുടങ്ങിയവയുൾപ്പെട്ടതായിരുന്നു വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയവ. കുടിശ്ശികയുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(രൂപ കോടിയിൽ)

| ക്രമനമ്പർ | മേഖല | തുക |
|---|---|---|
| 1 | സർക്കാർ/അർദ്ധ സർക്കാർ | 4.00 |
| 2 | പൊതുമേഖല | 0.75 |
| 3 | സ്വകാര്യ കമ്പനികൾ | 3.77 |
| **ആകെ** | | **8.52** |

കുടിശ്ശികയിൽ 6 കോടി രൂപ മൂന്ന് വർഷത്തിലധികം പഴക്കമുള്ളതായിരുന്നു. 18.89 ലക്ഷം രൂപ വസൂലാക്കാനായി രണ്ട് സ്വകാര്യ വ്യക്തികൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ എടുത്തിട്ടുണ്ടായിരുന്നു. 25.80 ലക്ഷം രൂപ കുടിശ്ശിക വരുന്ന നാലു പേർക്ക് എതിരെ കോടതി വ്യവഹാരം നടന്നുകൊണ്ടിരിക്കുന്നു. മൂന്നു ലക്ഷം രൂപ വസൂലാക്കാൻ വേണ്ടി ഒരാൾക്ക് നോട്ടീസ് നൽകിയിരിക്കുകയായിരുന്നു. മറ്റ് കുടിശ്ശികക്കാരുടെ പേരിൽ നടപടിയൊന്നും എടുത്ത് കണ്ടിരുന്നില്ല. വസൂലാക്കൽ നടപടി വളരെ മന്ദഗതിയിലുള്ളതായിരുന്നു.

വാർഷിക വരുമാനം തെറ്റായി പരിഗണിച്ചതുമൂലം റ്റീസിഇഡിയ്ക്ക് ഓഡിറ്റ് ചാർജ്ജിനത്തിൽ 42.47 ലക്ഷം രൂപയുടെ അധികചെലവ് വഹിക്കേണ്ടി വന്നു.

### 3.2.7.13 വാർഷിക വരുമാനം തെറ്റായി കണക്കാക്കിയതുമൂലം ഓഡിറ്റ് ചാർജിനത്തിലുള്ള അധിക ചെലവ്

1996-97 മുതൽ 2000-01 വരെയുള്ള ഓഡിറ്റ് ചാർജായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് മൊത്തം 57.96 ലക്ഷം രൂപ 2006 മാർച്ചിലും 2007

ആഗസ്റ്റിലുമായി റ്റി.സി.ഇ.ഡി. നൽകിയിരുന്നു. കേരള ലോക്കൽ ഫണ്ട് ചട്ടം 24 (1) അനുസരിച്ചായിരുന്നു ഓഡിറ്റ് ചാർജ്ജ് കണക്കാക്കിയരുന്നത്. ഇതനുസരിച്ച് വായ്പയെടുത്ത ഫണ്ടുകളും മൂലധനശീർഷ കണക്കുകളും ഒഴിച്ചുള്ള ലോക്കൽ അതോറിറ്റിയുടെ വാർഷിക വരുമാനത്തിന്റെ നിശ്ചിത ശതമാനമാണ് ഓഡിറ്റ് ചാർജ്ജ് ആയി കണക്കാക്കുന്നത്. റ്റി.സി.ഇ.ഡി. ഒരു വാണിജ്യ വ്യാപാര സ്ഥാപനമായതിനാൽ മൊത്തം വരുമാനത്തിൽ നിന്നും വില്പന വസ്തുവിന്റെ വാങ്ങിയ വില കുറച്ചുള്ള തുകയാണ് വാർഷിക വരുമാനമായി കണക്കാക്കേണ്ടിയിരിക്കുന്നത്. അതായത് മൊത്തം വരുമാനത്തിൽ നിന്നും വൈദ്യുതിയുടെ വാങ്ങിയ വില കുറവ് ചെയ്ത ശേഷമുള്ള തുക വേണമായിരുന്നു വാർഷിക വരുമാനമായി കണക്കിലെടുക്കേണ്ടത്. മേലുദ്ധരിച്ച പ്രകാരം വാർഷിക വരുമാനം കണക്കാക്കാൻ വിട്ടുപോയതിനാൽ ഓഡിറ്റ് ചാർജ്ജും തെറ്റായി നിശ്ചയിക്കേണ്ടിവന്നു. ഇതിന്റെ ഫലമായി റ്റി.സി.ഇ.ഡി. താഴെ കാണിച്ചിട്ടുള്ള പ്രകാരം 42.47 ലക്ഷം രൂപ ഓഡിറ്റ് ചാർജിനത്തിൽ അധികം നൽകേണ്ടി വരികയുണ്ടായി.

(രൂപ കോടിയിൽ)

| **വിശദാംശങ്ങൾ** | **1996-97** | **1997-98** | **1998-99** | **1999-00** | **2000-01** | **ആകെ** |
|---|---|---|---|---|---|---|
| ഓഡിറ്റ് ഫീ ചാർജ്ജ ചെയ്യാൻ അടിസ്ഥാനമാക്കിയ വരുമാനം | 698.59 | 805.75 | 1058.41 | 1422.53 | 1985.12 | 5970.40 |
| കുറവു ചെയ്യേണ്ട വൈദ്യുതിയുടെ വാങ്ങിയ വില | 445.45 | 634.20 | 760.91 | 1116.30 | 1271.65+131.83 | 4359.34 |
| വാർഷിക വരുമാനം | 254.14 | 171.55 | 297.50 | 306.23 | 581.64 | 1611.06 |
| നൽകേണ്ട ഓഡിറ്റ് ഫീസ് | 1.91 | 1.72 | 2.98 | 3.06 | 5.82 | 15.49 |
| നൽകിയ ഓഡിറ്റ് ഫീസ് | 5.24 | 8.06 | 10.58 | 14.23 | 19.85 | 57.96 |
| **അധികം നൽകിയ ഓഡിറ്റ് ഫീസ്** | **3.33** | **6.34** | **7.60** | **11.17** | **14.03** | **42.47** |

### 3.2.7.14 പെൻഷൻ നൽകിയതിലെ അധികച്ചെലവ്

1990 ജൂലൈ 16-ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നം.101/90/എൽ.എ.ഡി. പ്രകാരം നടപ്പിലാക്കിയ പുതിയ പെൻഷൻ പദ്ധതി റ്റി.സി.ഇ.ഡി.യിലെ ജീവനക്കാർക്കും ബാധകമായിരുന്നു. പെൻഷനും ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും വിതരണം നടത്തുന്ന നഗരകാര്യ ഡയറക്ടർ കൈകാര്യം ചെയ്യുന്ന കേന്ദ്ര പെൻഷൻ ഫണ്ടിലേക്ക് റ്റി.സി.ഇ.ഡി. അതിന്റെ ജീവനക്കാരുടെ പെൻഷൻ വിഹിതം അടയ്ക്കാൻ ബാധ്യസ്ഥമായിരുന്നു. ഇപ്രകാരം ചെയ്യുന്നതുമൂലം ഭാവിയിലുണ്ടാകാവുന്ന ബാധ്യതക ളിൽനിന്ന് റ്റി.സി.ഇ.ഡി.യ്ക്ക് മോചനം കിട്ടുമായിരുന്നു. വിളംബം കൂടാതെ റ്റി.സി.ഇ.ഡി. പ്രതിമാസ പെൻഷൻ വിഹിതം അടച്ചിരുന്നുവെങ്കിലും 1990 ജൂലൈ 16 മുതൽ 1991 സെപ്റ്റംബർ 30 വരെയുള്ള കുടിശ്ശിക അടച്ചിരുന്നില്ല. ആയതിനാൽ നഗരകാര്യ ഡയറക്ടർ റ്റിസിഇഡിയ്ക്ക് നൽകുന്ന പെൻഷൻ ആനുകൂല്യങ്ങളിൽനിന്നും ആനുപാതികമായി കുടിശ്ശിക തുക അഡ്ജസ്റ്റ് ചെയ്തുകൊണ്ടിരുന്നു. 2007 മാർച്ച് 31-ന് അവസാനിച്ച സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടിലെ (കേരള സർക്കാർ തസ്വഭ സ്ഥാപനങ്ങൾ) ഖണ്ഡിക 3.4-ൽ പരാമർശിച്ചിട്ടുള്ളതുപോലെ, പെൻഷൻ പദ്ധതി വിജയകരമായി നടത്തിക്കൊണ്ടു പോകുവാൻ പെൻഷൻ വിഹിതത്തിന്റെ നിരക്ക് അപര്യാപ്തമായിരുന്നു. ആയതിനാൽ, റ്റി.സി.ഇ.ഡി. 2003-04 മുതൽ 2007-08 യുള്ള കാലയളവിൽ, താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പ്രകാരം 6.50 കോടി രൂപ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ തനതു ഫണ്ടിൽനിന്നും ചെലവഴിക്കേണ്ടി വന്നിരുന്നു.

(രൂപ ലക്ഷത്തിൽ)

| വർഷം | നൽകിയ പെൻഷൻ | നഗരകാര്യ ഡയറക്ടറിൽ നിന്നും ലഭിച്ച തുക | റ്റിസിഇഡി അധിക ചെലവു ചെയ്ത തുക |
|---|---|---|---|
| 2003-04 | 77.40 | ..... | 77.40 |
| 2004-05 | 84.94 | ..... | 84.94 |
| 2005-06 | 207.43 | ..... | 207.43 |
| 2006-07 | 196.41 | 70.91@ | 125.50 |
| 2007-08 | 155.21* | ....... | 155.21 |
| **ആകെ** | **721.39** | **70.91** | **650.48** |

### 3.2.7.15 കണക്കുകളും റിട്ടേണുകളും

റ്റി.സി.ഇ.സി. ഒരു വ്യവസായ വാണിജ്യസ്ഥാപനമായി പ്രവർത്തിക്കുന്നുവെങ്കിലും അവലോകന കാലയളവിലെ ലാഭനഷ്ടകണക്കോ, വരവുചെലവുകണക്കോ, ബാക്കിപത്രമോ, ഡിസിബിയോ തയ്യാറാക്കിയിരുന്നില്ല. തൽഫലമായി തേയ്മാനം വകയിരുത്തുകയോ, തേയ്മാനഫണ്ട് സൂക്ഷിക്കുകയോ ചെയ്തിരുന്നില്ല.

### 3.2.7.16 വൈദ്യുതി കണക്ഷൻ നൽകുന്നതിലെ കാലതാമസം

വൈദ്യുതി കണക്ഷൻ ആവശ്യമുള്ള അപേക്ഷകൻ നിശ്ചിത ഫോറത്തിൽ അപേക്ഷ[1] സമർപ്പിക്കേണ്ടതും അപേക്ഷയോടൊപ്പം വൈദ്യുതി ലഭിക്കേണ്ട സ്ഥലത്ത് വയറിംഗ്[2] പൂർത്തിയാക്കിയതായി കാണിക്കുന്ന ലൈസൻസുള്ള ഇലക്ട്രീഷ്യന്റെ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. ഇതുകൂടാതെ വൈദ്യുതി ലൈൻ വലിക്കാനുള്ള ചെലവ്, ജാമ്യത്തുക, പരിശോധനഫീസ് ഇവയും അപേക്ഷകൻ അടയ്ക്കണം. റ്റിസിഇഡി പിന്നീട് പരിസരം പരിശോധിക്കുകയും ആവശ്യമായത്ര നിലവാരത്തിൽ വയറിംഗ് നടത്തിയിട്ടുണ്ട് എന്ന് ബോധ്യമാകുന്ന പക്ഷം വൈദ്യുതി കണക്ഷൻ നൽകുന്നതുമാണ്. ലൈൻ നീട്ടൽ ആവശ്യമില്ലാത്തപക്ഷം അപേക്ഷ സമർപ്പിച്ച് ചാർജ് അടച്ചശേഷം 30 ദിവസങ്ങൾക്കകം വൈദ്യുതി കണക്ഷൻ നൽകേണ്ടതാണ്. വിതരണ മെയിൻ ആവശ്യമായി വരികയാണെങ്കിൽ കണക്ഷൻ 45 ദിവസങ്ങൾക്കകം നൽകിയാൽ മതിയാകും. എന്നാൽ വൈദ്യുതി കണക്ഷൻ നൽകുന്നതിൽ രണ്ടു മാസം മുതൽ ഒരു വർഷം വരെ കാലതാമസം താഴെകാണിച്ചിട്ടുള്ള 17 കേസുകളിൽ ശ്രദ്ധയിൽ പ്പെടുകയുണ്ടായി.

| ക്രമ നമ്പർ | ഉപഭോക്തൃ നമ്പർ | വിഭാഗം | കണക്ഷൻ ചാർജ്ജ് അടച്ച തീയതി | കണക്ഷൻ തീയതി | കാലതാമസ പത്രിക | |
|---|---|---|---|---|---|---|
| | | | | | മാസം | തീയതി |
| 1 | 12364 എ | എൽറ്റിVII എ | 20.11.2007 | 20.02.2008 | 3 | 1 |
| 2 | 12365 മുതൽ 12370 വരെ | എൽറ്റിVII എ | 20.11.2007 | 30.01.2008 | 2 | 11 |

1@ 2004-05 ഉം 2005-06 ഉം വർഷങ്ങളിലെ തുക

* 2008 ഫെബ്രുവരി വരെ

2

| | | | | | | |
|---|---|---|---|---|---|---|
| 3 | 12082 എ മുതൽ 12090 എ വരെ | എൽറ്റി I എ | 24.01.2007 | 24.11.2007 | 10 | 1 |
| 4 | 11724 എ | എൽറ്റി I എ | 26.11.2005 | 23.03.2006 | 3 | 27 |
| 5 | 13013 ബി മുതൽ 13021 വരെ | എൽറ്റിVII എ | 21.11.2006 | 10.04.2007 | 4 | 21 |
| 6 | 13041 ബി മുതൽ 13048 ബി വരെ | എൽറ്റി I എ | 15.12.2006 | 25.04.2007 | 3 | 11 |
| 7 | 13106 ബി മുതൽ 13117 ബി വരെ | എൽറ്റി I എ | 20.01.2007 | 24.10.2007 | 9 | 5 |
| 8 | 13128 ബി | എൽറ്റി I എ | 09.02.2007 | 06.03.2008 | 12 | 27 |
| 9 | 13169 മുതൽ 13179 ബി വരെ | എൽറ്റി I എ | 27.02.2007 | 06.09.2007 | 6 | 11 |
| 10 | 13198 ബി മുതൽ 13204 വരെ | എൽറ്റി I എ | 14.03.2007 | 05.10.2007 | 6 | 22 |
| 11 | 13206 മുതൽ 13224 വരെ | എൽറ്റി I എ | 22.03.2007 | 06.10.2007 | 6 | 15 |
| 12 | 11950 സി | എൽറ്റി I എ | 28.05.2004 | 21.12.2004 | 6 | 24 |
| 13 | 12690 സി മുതൽ 12708 വരെ | എൽറ്റി I എ | 10.07.2006 | 19.10.2006 | 3 | 10 |
| 14 | 12844 സി മുതൽ 12856 സി വരെ | എൽറ്റി I എ | 04.12.2006 | 01.06.2007 | 5 | 29 |
| 15 | 12877 സി മുതൽ 12887 വരെ | എൽറ്റി I എ | 05.12.2006 | 26.04.2007 | 4 | 22 |
| 16 | 12899 സി മുതൽ 12914 വരെ | എൽറ്റി I എ | 17.01.2007 | 12.07.2007 | 5 | 26 |
| 17 | 12989 സി മുതൽ 12996 വരെ | എൽറ്റി I എ | 08.01.2007 | 19.07.2007 | 6 | 12 |

### 3.2.7.17 മീറ്റർ റീഡിംഗ് രജിസ്റ്ററുകൾ

വൈദ്യുതി മീറ്റർ സ്ഥാപിച്ചിരിക്കുന്ന പരിസരം പൂട്ടിയിട്ടിരിക്കുന്നതിനാൽ മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ ശരാശരി ഉപഭോഗം കണക്കാക്കി താൽക്കാലിക ചാർജ് ഈടാക്കേണ്ടതാണ്. രണ്ടാമത്തെ തവണയും പരിസരം പൂട്ടിയിട്ടതായി കണ്ടാൽ മീറ്റർ റീഡിംഗ് എടുക്കുവാനായി ഉപഭോക്താവ് പരിസരം തുറന്നുവയ്ക്കുവാൻ നോട്ടീസ് നൽകേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കേണ്ടതുമാണ്. റ്റി.എം.സി.യിലെ രണ്ടു ഡിവിഷനിലെ മീറ്റർ റീഡിംഗ് രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ പരിസരം പൂട്ടിക്കിടന്നതിനാൽ 4539 ഉപഭോക്താക്കളിൽ 61 പേരുടെ മീറ്റർ റീഡിംഗ് (അനുബന്ധം IX) ആറുമാസത്തിലധികമായി എടുക്കാൻ കഴിഞ്ഞിരുന്നില്ലെന്ന് കണ്ടു. തുടർനടപടികളായ നോട്ടീസ് നൽകൽ, വൈദ്യുതി വിച്ഛേദിക്കൽ എന്നിവ ഈ ഉപഭോക്താക്കൾക്കെതിരെ എടുത്തിരുന്നില്ല.

### 3.2.8 ജലവിതരണം

### 3.2.8.1 ആമുഖം

പഴയ മുനിസിപ്പൽ പ്രദേശങ്ങളിലെ ജലവിതരണത്തിന്റെ ചുമതല റ്റി.എം.സി.യ്ക്കാണ്. വിതരണത്തിന് ആവശ്യമായ ജലം പഴയ മുനിസിപ്പൽ പ്രദേശത്തെ നാല് ജലസംഭരണികളിൽ കെഡബ്ല്യൂഎ ലഭ്യമാക്കുന്നു. റ്റി.എം.സി. ഗാർഹികവും ഗാർഹികേതരവുമായ ഉപഭോക്താക്കൾക്ക് ജലം വിതരണം നടത്തുകയും കാലാകാലങ്ങളിൽ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വെള്ളക്കരം പിരിക്കുകയും ചെയ്യുന്നു. ജല വിതരണത്തിനാവശ്യമായ പൈപ്പുകൾ ഇടുന്നതിനും, സംഭരണ ടാങ്കുകൾ നിർമ്മിക്കുന്നതിനും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വം റ്റിഎംസിക്കാണ്. കൂട്ടിചേർക്കപ്പെട്ട പഞ്ചായത്തുകളിലെ ജലവിതരണം നിർവ്വഹിക്കുന്നത് കെഡബ്ല്യൂഎയാണ്.

### 3.2.8.2 ഉപഭോക്താക്കളുടെ വിവരങ്ങളും റവന്യൂപിരിവും

2008 മാർച്ച് അവസാനത്തെ കണക്കനുസരിച്ച് കോർപ്പറേഷൻ 16981 ഉപഭോക്താക്കൾക്ക് ജലം ശേഖരിച്ച് വിതരണം ചെയ്യുന്നു. കോർപ്പറേഷൻ പ്രദേശത്തെ

ഗാർഹിക-ഗാർഹികേതര ഉപഭോക്താക്കളുടെ വിവരവും മൊത്തം പിരിച്ചെടുത്ത റവന്യൂവും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വർഷം | ഗാർഹീക ഉപഭോക്താക്കൾ | ഗാർഹികേതര ഉപഭോക്താക്കൾ | ആകെ | വരുമാനം (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 2003-04 | 12635 | 3632 | 16267 | 64.57 |
| 2004-05 | 12847 | 3693 | 16540 | 63.73 |
| 2005-06 | 12998 | 3736 | 16734 | 67.95 |
| 2006-07 | 13092 | 3764 | 16856 | 69.24 |
| 2007-08 | 13189 | 3792 | 16981 | 90.86 |

## 3.2.8.3 കെഡബ്ല്യൂഎയുടെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള വെള്ളക്കരം പിരിവ്

പഴയ മുനിസിപ്പൽ പ്രദേശങ്ങളിലെ ജലവിതരണ ശൃംഖലയുടെ പരിപാലനത്തി ന്റെയും ഉപഭോക്താക്കളിൽ നിന്നുള്ള വെള്ളക്കരം പിരിക്കലിന്റെയും ചുമതല റ്റിഎം സിയിൽ നിക്ഷിപ്തമായിരിക്കുമ്പോൾ, ബാക്കി പ്രദേശങ്ങളിലെ ഉത്തരവാദിത്വം കെഡബ്ല്യൂഎയ്ക്കാണ്. കാലാകാലങ്ങളിൽ കെഡബ്ല്യൂഎ നിശ്ചയിക്കുന്ന നിരക്കിനേ ക്കാൾ കുറഞ്ഞ നിരക്കിൽ വെള്ളക്കരം പിരിക്കാൻ പാടില്ല എന്ന് 2003 ജൂണിൽ റ്റി.എം.സി. തീരുമാനിച്ചിരുന്നു. എന്നാൽ അവലോകന കാലയളവിൽ കെഡബ്ല്യൂഎ നിശ്ചയിച്ചതിനേക്കാൾ കുറഞ്ഞ തോതിൽ റ്റി.എം.സി. തുടർന്നും വെള്ളക്കരം പിരിച്ചു കൊണ്ടിരുന്നു. ഇതുമൂലം ഏറ്റവും കുറഞ്ഞ സ്ലാബിലെ നിരക്കനുസരിച്ച് കണക്കാ ക്കുമ്പോൾ റ്റി.എം.സി.ക്ക് രണ്ട് കോടി രൂപയുടെ നഷ്ടം താഴെകൊടുത്തിട്ടുള്ള പ്രകാരം നേരിട്ടു.

| | ഗാർഹികം | | | | | ഗാർഹികേതരം | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| വർഷം | മീറ്റർ പരിശോധനയുടെ 2 രൂപ ഫീസ് ഉൾപ്പെടെ 10,00 ലിറ്റർ ജലത്തിന് കെഡബ്ല്യുഎ ഈടാക്കുന്ന പ്രതിമാസ നിരക്ക് (രൂപ | കോർപ്പറേഷൻ ഈടാക്കുന്ന പ്രതിമാസ നിരക്ക് (രൂപ) | വ്യത്യാസം (രൂപ) | ഉപഭോക്താക്കളുടെ എണ്ണം) | നേരിട്ട നഷ്ടം (കോളം 4x5x12 മാസം (രൂപ) | 10,000 ലിറ്ററിന് കെഡബ്ല്യുഎയുടെ പ്രതിമാസ നിരക്ക് (രൂപ) | കോർപ്പറേഷൻ ഈടാക്കുന്ന പ്രതിമാസ നിരക്ക്(രൂപ) | (രൂപ)വ്യത്യാസം | ഉപഭോക്താക്കളുടെ എണ്ണം | നേരിട്ട നഷ്ടം (കോളം 4x5x12 മാസം (രൂപ) | ആകെ നഷ്ടം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 2003-04 | 22 | 13 | 9 | 12635 | 1364580 | 102 | 44 | 58 | 3632 | 2527872 | 3892452 |
| 2004-05 | 22 | 13 | 9 | 12847 | 1387476 | 102 | 44 | 58 | 3693 | 2570328 | 3957804 |
| 2005-06 | 22 | 13 | 9 | 12998 | 1403784 | 102 | 44 | 58 | 3736 | 2600256 | 4004040 |
| 2006-07 | 22 | 13 | 9 | 13092 | 1413936 | 102 | 44 | 58 | 3764 | 2619744 | 4033680 |
| 2007-08 | 22 | 13 | 9 | 13189 | 1424412 | 102 | 44 | 58 | 3792 | 2639232 | 4063644 |
| **ആകെ** | | | | | **6994188** | | | | | **12957432** | **19951620** |

## 3.2.3.4 പിരിച്ചെടുക്കാത്ത വെള്ളക്കര കുടിശ്ശിക

തൃശ്ശൂർ കോർപ്പറേഷനിലെ ജലവിഭാഗം 2005-06 വരെ മാത്രമേ ഡിമാൻഡ് കളക്ഷൻ, ബാലൻസ് (ഡി.സി.ബി.) സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിരുന്നുള്ളൂ. മേല്പറഞ്ഞ കാലയളവിലെ വെള്ളക്കരത്തിന്റെ ഡിസിബിയിലെ സ്ഥിതി താഴെ കൊടുത്തിരിക്കുന്നു.

(രൂപ ലക്ഷത്തിൽ)

| വർഷം | ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|---|
| | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ |
| 2003-04 | 250.52 | 115.02 | 365.54 | 18.25 | 46.31 | 64.56 | 232.37 | 68.71 | 300.98 |
| 2004-05 | 300.98 | 105.67 | 406.65 | 26.25 | 37.48 | 63.73 | 274.73 | 68.19 | 342.92 |
| 2005-06 | 342.92 | 113.54 | 456.46 | 25.08 | 42.86 | 67.94 | 317.84 | 70.68 | 388.52 |

2005-06 വർഷത്തിന്റെ അവസാനം പിരിഞ്ഞുകിട്ടാതെ കിടക്കുന്ന കുടിശ്ശികയായ 3.89 കോടി രൂപ അതേവർഷത്തെ ഡിമാൻഡായ 1.14 കോടി രൂപയുടെ 3.42 മടങ്ങായിരുന്നു. വെള്ളക്കരം അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ പ്രമുഖരുടെ ലിസ്റ്റ് അനുബന്ധം X- ൽ കൊടുത്തിരിക്കുന്നു .

### 3.2.8.5 ജലവിതരണത്തിലെ കുറവ്

(എ) 2001- ലെ സെൻസസ് അനുസരിച്ച് റ്റി. എം. സി. യിലെ ജനസംഖ്യ 317526 ആയിരുന്നു. അംഗീകൃത മാനദണ്ഡങ്ങളനുസരിച്ച് (പ്രതിദിനം ആളൊന്നുക്ക് 135 ലിറ്റർ) ആവശ്യമുള്ള ജലത്തിന്റെ ശരാശരി അളവ് പ്രതിദിനം 41.27 ദശലക്ഷം ലിറ്റർ (എം. എൽ. ഡി.) ആണ്. പീച്ചി ഡാമിലെ ശുദ്ധീകരണ പ്ലാന്റിന്റെ കപ്പാസിറ്റി 50 എം. എൽ. ഡി. ആണ്. കെ. ഡബ്ല്യൂ. എ. യുമായുള്ള ഉടമ്പടി പ്രകാരം പ്രതിദിനം 21.5 ദശലക്ഷം ലിറ്റർ ശുദ്ധീകരിച്ച ജലം പഴയ മുനിസിപ്പൽ പ്രദേശത്തെ നാല് ജലസംഭരണികളിൽ വിതരണത്തിനായി ലഭ്യമാക്കണം. എന്നാൽ ഡാമിലെ ജലലഭ്യതക്കുറവ്, ജലമെത്തിക്കുന്ന പ്രധാന കുഴലുകളുടെ പരിതാപകരമായ അവസ്ഥ തുടങ്ങിയ വിവിധങ്ങളായ കാരണങ്ങളാൽ അവലോകനകാലയളവിൽ ഒരിക്കൽപോലും നിശ്ചിത അളവിലുള്ള ജലം എത്തിക്കാൻ കെ.ഡബ്ല്യൂ.എ.യ്ക്ക് കഴിഞ്ഞിരുന്നില്ല. കൂടാതെ പ്രധാന വിതരണ കുഴലിൽ പലയിടത്തുമുള്ള പൊട്ടലുകൾ ജലവിതരണത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ടായിരുന്നു. അതിനാൽ ഉപഭോക്താക്കൾക്കുള്ള ജലവിതരണം നില നിർത്താൻ റ്റിഎംസിയ്ക്ക് ഇതരമാർഗ്ഗങ്ങൾ അവലംബിക്കേണ്ടി വന്നിരുന്നു. കെ.ഡബ്ല്യൂ.എ.യുടെ ജലവിതരണത്തിൽ കുറവുവരുമ്പോൾ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുകയുണ്ടായി, ജലമെത്തിക്കുന്ന പഴയ പ്രധാന കുഴലുകൾ മാറ്റി സ്ഥാപിക്കാൻ കെഡബ്ല്യൂയ്ക്ക് റ്റി.എം.സി. സാമ്പത്തിക സഹായം എത്തിച്ചിരുന്നു. ഇതു കൂടാതെ ഓരോ വർഷത്തേയും പദ്ധതി ഫണ്ട് ഉപയോഗിച്ച് പ്രത്യേക കുടിവെള്ള പദ്ധതികളും റ്റി.എം.സി. ഏറ്റെടുത്തിരുന്നു. ഇതൊക്കെ ഉണ്ടായിട്ടും പ്രതിദിനം ആളൊന്നുക്ക് 70 ലിറ്റർ മാത്രമേ ഉറപ്പാക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

(ബി) എല്ലാവർഷവും ജനുവരി മുതൽ ജൂൺ വരെയുള്ള സമയം ജലലഭ്യത കുറഞ്ഞ പഞ്ഞകാലമായി കണക്കാക്കുന്നു. റ്റിഎംസി, കെഡബ്ല്യൂഎയുടെ ഉറവിടത്തിനു

പുറത്തുള്ള സ്ഥലങ്ങളിൽ നിന്ന് ജലമെത്തിക്കാൻ സ്വന്തം ടാങ്കർ ലോറികൾ ഉപയോഗപ്പെടുത്തുകയും ആവശ്യമുള്ള പ്രദേശങ്ങളിൽ സേവനത്തിന് ഫീസ് ഈടാക്കാതെ ജലവിതരണം നടത്തുകയും ചെയ്യുന്നു. കൂടാതെ സ്വകാര്യ വാട്ടർ ടാങ്കർ ഓപ്പറേറ്റർമാർ വഴിയും ജലവിതരണത്തിന് ചട്ടം കെട്ടുന്നു. ജലവിതരണം ആവശ്യമായി വരുന്ന പ്രദേശങ്ങൾ കണ്ടെത്തുകയും അവയെ പല മേഖലകളായി തിരിക്കുകയും ചെയ്യുന്നു. ഈ മേഖലകളിൽ ജലലഭ്യത കുറഞ്ഞ മുഴുവൻ കാലയളവിലേയ്ക്കും ജലവിതരണത്തിനായി സ്വകാര്യ ഓപ്പറേറ്റർമാരിൽനിന്നും ഓപ്പൺ ടെൻഡർ ക്ഷണിക്കുന്നു. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ കെ.ഡബ്ല്യൂ.എ.യുടെ ടെസ്റ്റ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരുന്നു. അവലോകന കാലയളവിൽ , എല്ലാവർഷവും ജനുവരി മുതൽ ജൂൺ വരെ സ്വകാര്യ വാട്ടർടാങ്കർ ലോറികൾ ജലവിതരണത്തിനായി നിയോഗിക്കുകയുണ്ടായി. ഈ ഇനത്തിൽ 3.75 കോടി രൂപ താഴെ കൊടുത്തിരിക്കും പ്രകാരം ചെലവായി.

(രൂപ ലക്ഷത്തിൽ)

| വർഷം | തുക |
|---|---|
| 2003-04 | 48.78 |
| 2004-05 | 44.06 |
| 2005-06 | 73.50 |
| 206-07 | 115.78 |
| 2007-08 | 93.24 0 |
| **ആകെ** | **375.36** |

വിതരണ ലൈനുകളിൽ പലേടത്തും പൊട്ടലുകൾ ഉണ്ടായതിനാൽ പഴയ മുനിസിപ്പൽ പ്രദേശങ്ങളടക്കം കോർപ്പറേഷന്റെ മുഴുവൻ പ്രദേശങ്ങളിലും 2007 ജൂൺ വരെ സ്വകാര്യ വാട്ടർ ടാങ്കർ ലോറികളെ നിയോഗിച്ച് ജലവിതരണം നടത്തുവാൻ 2007 ഫെബ്രുവരിയിൽ റ്റി.എം.സി. തീരുമാനിക്കുകയുണ്ടായി. 2007 ഏപ്രിൽ ഒന്നുമുതൽ 2007 ജൂൺ പന്ത്രണ്ടുവരെ മൊത്തം 189. 23 ദശലക്ഷം ലിറ്റർ വെള്ളം 93.24 ലക്ഷം രൂപ ചെലവിൽ റ്റി.എം.സി.യിലെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | മേഖല | ടാങ്കറിന്റെ അളവ് (ലിറ്റർ) | ഒരു ട്രിപ്പിന്റെ നിരക്ക് (രൂപ) | ട്രിപ്പിന്റെ എണ്ണം | നൽകിയ തുക | വിതരണം ചെയ്ത ജലത്തിന്റെ അളവ് (ദശലക്ഷം ലിറ്റർ) |
|---|---|---|---|---|---|---|
| 1 | അയ്യന്തോൾ | 5000 | 270 | 8221 | 2219670 | 41.10 |
| 2 | വിൽവട്ടം | 5000 | 250 | 774 | 193500 | 3.87 |
| 3 | പഴയമുനിസിപ്പൽ പ്രദേശങ്ങൾ | 5000 | 240 | 163 | 39120 | 0.82 |
| 4 | കൂർക്കാഞ്ചേരി | 5000<br>12000 | 240<br>450 | 6737<br>846 | 1616880<br>380700 | 33.68<br>10.15 |
| 5 | ഒല്ലൂർ | 5000<br>12000 | 274<br>493 | 10491<br>1203 | 2874534<br>593079 | 52.45<br>14.45 |
| 6 | ഒല്ലുക്കര | 5000 | 215 | 6543 | 1406745 | 32.71 |
| **ആകെ** | | | | **34978** | **9324228** | **189.23** |

ലോറികളുടെ ഓരോ ട്രിപ്പിലും കൊണ്ടുവന്ന് 5000 അല്ലെങ്കിൽ 12,000 ലിറ്റർ ജലം ആ പ്രദേശത്തെ രണ്ടോ മൂന്നോ കുടുംബങ്ങൾക്കായി വിതരണം ചെയ്യുകയായിരുന്നു. ഇത് ഓരോ ലോറിയുടെയും ട്രിപ്പ് ഷീറ്റിന്റെ കൂടെ ചേർത്തിട്ടുള്ള വിശദമായ വിതരണ റിപ്പോർട്ടിന്റെ ഫോറത്തിൽനിന്ന് വ്യക്തമായിരുന്നു. ഇപ്രകാരം വിതരണം നടത്താനുള്ള കാരണം ഫോറത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിരുന്നില്ല. ജലദൗർലഭ്യം അനുഭവപ്പെട്ട സമയത്ത്, തെരഞ്ഞെടുത്ത പ്രദേശങ്ങളിലെ മറ്റ് പലർക്കും ജലത്തിന്റെ തീവ്രമായ ആവശ്യം നേരിട്ടപ്പോൾ കുറച്ച് കുടുംബങ്ങൾക്കുമാത്രമായി ജലവിതരണം പരിമിതപ്പെടുത്താനുണ്ടായ കാരണം റ്റി.എം.സി.യ്ക്ക് വിശദീകരിക്കാൻ കഴിഞ്ഞിരുന്നില്ല.

### 3.2.8.6 കേരള വാട്ടർ അതോറിറ്റിയെക്കൊണ്ട് നടപ്പിലാക്കിക്കുന്ന കുടിവെള്ള പദ്ധതികളിലെ കാലതാമസം

കുടിവെള്ളത്തിന്റെ കുറവ് ലഘൂകരിക്കാനായി റ്റിഎംസി 2003-04 മുതൽ 2007-08 വരെ യുള്ള കാലയളവിൽ കെഡബ്ല്യുഎ യെ കൊണ്ട് നടപ്പിലാക്കിക്കാനായി 64 ലക്ഷം രൂപയുടെ ഏഴ് പദ്ധതികൾക്ക് രൂപം നൽകുകയും മുഴുവൻ തുകയും മുൻകൂറായി നൽകുകയും ചെയ്തു. ഇതിൽ 18.12 ലക്ഷം രൂപ ചെലവുവരുന്ന താഴെ കാണിച്ചിട്ടുള്ള രണ്ട് പദ്ധതികൾ അഞ്ച് വർഷങ്ങൾക്കുശേഷവും കമ്മീഷൻ ചെയ്യുകയുണ്ടായില്ല.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതി | മുൻകൂർ നൽകിയ തുക | മുൻകൂറിന്റെ തീയതി | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|
| 1 | എൽ.ഐ.സി. സഹായമുള്ള കുടിവെള്ള പദ്ധതി | 7.82 | 28.08.2002 | കമ്മീഷൻ ചെയ്തില്ല. |
| 2 | ഒല്ലൂർ പടിഞ്ഞാറെ അങ്ങാടിക്കുളം | 4.00<br>6.30 | 3.03.2004<br>3.03.2004 | കമ്മീഷൻ ചെയ്തില്ല |
| **ആകെ** | | **18.12** | | |

## 3.2.8.7 കൂടുതൽ പ്രദേശങ്ങളിലേക്കുള്ള പൈപ്പ് ലൈനിന്റെ വിപുലീകരണം

അവലോകന കാലയളവിൽ കോർപ്പറേഷൻ പ്രദേശങ്ങൾക്കകത്തുള്ള പൈപ്പ് ലൈൻ വിപുലീകരണത്തിന് റ്റി.എം.സി 92.24 ലക്ഷം രൂപ ചെലവുവരുന്ന എട്ട് പദ്ധതികൾ കെഡബ്ല്യൂഎയെ ഏൽപ്പിക്കുകയുണ്ടായി. മൊത്തം തുകയും മുൻകൂറായി കെ.ഡബ്ല്യൂ.എ.-യ്ക്ക് നൽകിയിരുന്നു. ഇവയിൽ താഴെ കാണിച്ചിട്ടുള്ള 47.28 ലക്ഷം രൂപ ചെലവുവരുന്ന നാലു പദ്ധതികൾ 2008 ജൂണിലും പൂർത്തിയാക്കിയിട്ടില്ലായിരുന്നു.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതി | മുൻകൂർ നൽകിയ തുക | മുൻകൂറിന്റെ തീയതി | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|
| 1 | വിവിധ ഡിവിഷനിലെ ലൈൻ വിപുലീകരണം | 5.00 | 29.03.2005 | കമ്മീഷൻ ചെയ്തില്ല. |
| 2 | വിവിധ ഡിവിഷനിലെ ലൈൻ വിപുലീകരണം | 25.68 | 14.03.2006 | ഭാഗീകമായി കമ്മീഷൻ ചെയ്തു |
| 3 | വിവിധ ഡിവിഷനിലെ ലൈൻ വിപുലീകരണം | 15.52 | 08.02.2007 | കമ്മീഷൻ ചെയ്തില്ല. |
| 4 | വിവിധ ഡിവിഷനിലെ ലൈൻ വിപുലീകരണം | 1.08 | 05.01.2008 | കമ്മീഷൻ ചെയ്തില്ല. |
| **ആകെ** | | **47.28** | | |

## 3.2.8.8 കേരള വാട്ടർ അതോറിറ്റിയുടെ ആസ്തികളുടെ പരിപോഷണത്തിനും പരിപാലനത്തിനുമായി ഫണ്ടുകളുടെ വകമാറ്റം

റ്റി.എം.സി. തനതു ഫണ്ടുപയോഗിച്ച് കെഡബ്ല്യുഎയ്ക്കുവേണ്ടി 5.96 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് താഴെ വിവരിക്കും പ്രകാരം രൂപം നൽകുകയുണ്ടായി.

(എ) പീച്ചി ഡാമിൽനിന്ന് ജലമെത്തിക്കുന്ന ട്രാൻസ്മിഷൻ മെയിൻസിന്റെ നാലു റീച്ചുകളിലെ പൊട്ടിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാനായി മൊത്തം 3 കോടി രൂപ ചെലവ് വരുന്ന പദ്ധതിയ്ക്ക് താഴെ കൊടുത്തിട്ടുള്ള പ്രകാരം രൂപം നൽകുകയുണ്ടായി.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | റീച്ച് | അടങ്കൽ | | | |
|---|---|---|---|---|---|
| | | പൈപ്പ് സ്ഥാപിക്കൽ | സാധനങ്ങളുടെ വില | സെന്റേജ് ചാർജ്ജുകൾ | ആകെ |
| 1 | മുല്ലക്കൻ പാടം ചെയിനേജ് 11900 മീറ്റർ മുതൽ 12750 മീറ്റർ വരെ | 14.40 | 74.50 | 11.11 | 100.01 |
| 2 | മുക്കാട്ടുകര 500 മീറ്റർ | 12.75 | 43.75 | 7.06 | 63.56 |
| 3 | പുത്തൻവീട് വഴി 500 മീറ്റർ | 11.75 | 43.80 | 6.94 | 62.49 |
| 4 | തോട്ടപ്പടി 600 മീറ്റർ | 14.73 | 51.00 | 8.22 | 73.95 |
| **ആകെ** | | **53.63** | **213.05** | **33.33** | **300.01** |

റ്റി.എം.സി. 2007 ഏപ്രിലിൽ 2.35 കോടി രൂപ പദ്ധതി നടപ്പിലാക്കാനായി കെഡബ്ല്യുഎയ്ക്ക് മുൻകൂറായി നൽകി. ഇതിൽ ഒരു കോടി രൂപ റ്റി.എം.സി.യുടെ റോഡിതര ആസ്തികളുടെ പരിപാലനത്തിനായി നൽകിയ സംരക്ഷണ ഗ്രാന്റിൽ നിന്നും വകമാറ്റിയതായിരുന്നു.

(ബി) പീച്ചി ഡാമിൽ നിന്നുള്ള തകരാറിലായ 700 മില്ലീമീറ്റർ പ്രിമോ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ 2 കോടി രൂപയുടെ അടങ്കലുള്ള പദ്ധതി താഴെ വിവരിച്ചിരിക്കും പ്രകാരം നടപ്പിലാക്കുവാൻ 1.40 കോടി രൂപ റ്റിഎംസി 2006 മാർച്ചിൽ കെഡബ്ല്യുഎയ്ക്ക് മുൻകൂർ നൽകി.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | റീച്ച് | പൈപ്പ് സ്ഥാപിക്കൽ | സാധനങ്ങളുടെ വില | സെന്റേജ് ചാർജ്ജുകൾ | ആകെ |
|---|---|---|---|---|---|
| 1 | മൂപ്പൻ തുരുത്ത് ചെയിനേജ് 11000 മീറ്റർ മുതൽ 11900 മീറ്റർ വരെ | 15.70 | 83.09 | 12.35 | 11.14 |
| 2 | നല്ലങ്കര ചെയിനേജ് 15550 മുതൽ 1625 മീറ്റർ വരെ | 12.77 | 66.08 | 10.00 | 88.85 |
| **ആകെ** | | **28.47** | **149.17** | **22.35** | **199.99** |

കെ.പി.ഡബ്ല്യൂ.എ. കോഡിലെ ഖണ്ഡിക 16 പ്രകാരം, കെ.ഡബ്ല്യൂ.എ.വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സെന്റേജ് ചാർജ്ജ് നൽകേണ്ടതില്ല. എന്നാൽ റ്റി.എം.സി. മുകളിൽ

(എ) ലും (ബി) ലുമായി രൂപം നൽകിയതും കെ.ഡബ്ല്യൂ.എ. വഴി നടപ്പിലാക്കിയതുമായ പദ്ധതി കൾക്ക് 55.68 ലക്ഷം രൂപ (33.33 ലക്ഷവും 22.35 ലക്ഷവും) സെന്റേജ് ചാർജ്ജ് നൽകിയതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. റ്റിഎംസിയുടെ ഈ പ്രവൃത്തി അത്യന്തം ക്രമരഹിതമായിരുന്നു.

(സി) കെ.ഡബ്ല്യൂ.എ.-യുടെ സ്വന്തവും അവർ തന്നെ കൈകാര്യം ചെയ്യുന്നതുമായ പീച്ചി ഡാമിന്റെ പരിപാലനത്തിനായി സംരക്ഷണഗ്രാന്റിൽ നിന്നും 48 ലക്ഷം രൂപ വീതം 2007 മാർച്ചിലും 2008 മാർച്ചിലുമായി റ്റിഎംസി നൽകി. പീച്ചി ഡാം റ്റി.എം.സി. യുടെ സ്വന്തമോ, കൈമാറ്റം ചെയ്തുകിട്ടിയതോ ആയ ആസ്തിയല്ല. സർക്കാരിന്റെ നിർദ്ദേ ങ്ങളനുസരിച്ച് സംരക്ഷണ ഗ്രാന്റ് വകമാറ്റാൻ പാടില്ലാത്തതും തനതും കൈമാറ്റ ചെയ്തുകിട്ടിയതുമായ ആസ്തികളുടെ പരിപാലനത്തിന് ഉപയോഗിക്കേണ്ടതുമാണ്. ആയതിനാൽ 1.96 കോടി രൂപ കെ.ഡബ്ല്യൂ.എ.യുടെ പൈപ്പുകളുടെ മാറ്റി സ്ഥാപിക്കു ന്നതിനും പരിപാലനത്തിനുമായി മേല്പറഞ്ഞ (എ) ലും (ബി) യിലുമായി വകമാറ്റിയത് ക്രമരഹിതമായ നടപടി ആയിരുന്നു.

### 3.2.8.9 സേവനങ്ങൾ നൽകുന്നതിലെ അപര്യാപ്തത

കോർപ്പറേഷനോട് കൂട്ടിചേർത്ത പഞ്ചായത്ത് പ്രദേശങ്ങളിൽ 2288 തെരുവു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടത്തെ ജലവിതരണത്തിന്റെ ചുമതല

കെ.ഡബ്ല്യൂ.എ.യ്ക്കാണ്. ഈ ടാപ്പുകളിലൂടെ വിതരണം നടത്തുന്ന വെള്ളത്തിന്റെ ചാർജ്ജ് റ്റി.എം.സി. പ്രതി വർഷം 60.13 ലക്ഷം കെ.ഡബ്ല്യൂ.എ.യ്ക്ക് നൽകുന്നു. മിനിട്ടിൽ അഞ്ച് ലിറ്റർ ക്രമത്തിൽ ദിവസം 12 മണിക്കൂർ ജലം ലഭ്യമാക്കാമെന്ന് വ്യവസ്ഥപകാരം ടാപ്പ് ഒന്നിന് പ്രതി വർഷം 2628 രൂപ നിരക്കിലാണ് കെഡബ്ല്യൂഎ ചാർജ്ജ് ഈടാക്കുന്നത്. എന്നാൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം 2003-04 മുതൽ 2007-08 വരെയുള്ള കാലയളവിൽ ദിവസേന ശരാശരി നാലു മണിക്കൂർ- മാത്രമേ തെരുവു ടാപ്പുകളിൽ ജലം ലഭ്യമായിരുന്നുള്ളൂ. കെ.ഡബ്യൂ.എ.യെക്കൊണ്ട് നിശ്ചയിച്ചിട്ടുള്ളപകാരം ദിവസേന 12 മണിക്കൂർ തെരുവുടാപ്പുകളിലൂടെ ജലം വിതരണം നടത്തിക്കുന്നതിനോ അല്ലാത്തപക്ഷം യഥാർത്ഥത്തിൽ വിതരണം ചെയ്ത ജലത്തിനനുപാതികമായി വാർഷിക നിരക്കിൽ കുറവുവരുത്തുന്നതിനോ ആവശ്യമായ യാതൊരു നടപടിയും റ്റി.എം.സി സ്വീകരിക്കുകയുണ്ടായില്ല.

### 3.2.8.10 വാട്ടർ കണക്ഷനുകൾ നൽകുന്നതിലെ കാലതാമസം

വാട്ടർ കണക്ഷനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ ആവശ്യമായ പ്രവൃത്തികൾ പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയ ലൈസൻസുള്ള പ്ലംബറുടെ സർട്ടിഫിക്കറ്റ് സെക്യൂരിറ്റി ഡിപ്പോസിറ്റ്, പരിശോധന ഫീസ് എന്നിവ സഹിതം റ്റി.എം.സി.ക്ക് സമർപ്പിക്കണം. റോഡ് വെട്ടി മുറിക്കേണ്ടി വന്നാൽ, അത് പൂർവ്വസ്ഥിതിയിലാക്കുവാ നുള്ള ചാർജ്ജുകളും അപേക്ഷകനിൽനിന്നും വസൂലാക്കുന്നു. സ്ഥല പരിശോധന യ്ക്കുശേഷം റ്റി.എംസി. കണക്ഷന് അനുവാദം നൽകുന്നു. കണക്ഷൻ നൽകിയ പരിസരത്ത് സ്ഥാപിച്ചിട്ടുള്ള വാട്ടർ മീറ്ററുകൾ കേടുവരുത്തുന്നത് തടയാനായി റ്റി.എം.സി. അവ സീലും ചെയ്യുന്നു. കോർപ്പറേഷനിലെ മീറ്റർ റീഡർമാർ രണ്ടുമാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുകയും ഉപഭോക്താക്കൾ ക്രമമായി വെള്ളക്കരം ഒടുക്കുകയും ചെയ്യുന്നു. അവലോകന കാലയളവിൽ റ്റി.എം.സി മൊത്തം 1409 കണക്ഷനുകൾ നൽകിയിരുന്നു. നിശ്ചിത സർട്ടിഫിക്കറ്റും പരിശോധന ഫീസും ലഭിച്ച് ഒരു മാസത്തിനകം കണക്ഷൻ നൽകാൻ കഴിയണമായിരുന്നു. എന്നാൽ കണക്ഷൻ നൽകുന്നതിന് താഴെ കാണിച്ചിട്ടുള്ള പ്രകാരം മൂന്നുമുതൽ 64 മാസം വരെ കാലതാമസം നേരിട്ടിരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| ഉപഭോക്താവിന്റെ നമ്പർ | സെക്യൂരിറ്റി ഡെപ്പോസിറ്റും മറ്റു ഫീസുകളും അടച്ച തീയതി | കണക്ഷൻ നൽകിയ തീയതി | കണക്ഷൻ നൽകിയതിലെ കാലതാമസം |
|---|---|---|---|
| 16273 | 07.05.2003 | 28.08.2003 | 3 മാസം |
| 16280 | 04.05.2003 | 06.09.2003 | 4 മാസം |
| 16393 | 07.06.2003 | 15.12.2003 | 6 മാസം |
| 16653 | 31.01.2003 | 23.06.2004 | 18 മാസം |
| 16695 | 08.08.1998 | 18.12.2003 | 64 മാസം |
| 16747 | 05.01.2004 | 06.01.2005 | 12 മാസം |
| 16748 | 05.01.2004 | 06.01.2005 | 12 മാസം |
| 16750 | 05.01.2004 | 06.01.2005 | 12 മാസം |
| 16961 | 01.03.2005 | 02.09.2005 | 6 മാസം |
| 16985 | 18.05.2005 | 22.10.2008 | 5 മാസം |

## 3.2.9 ആന്തരിക നിയന്ത്രണ വ്യവസ്ഥ

### 3.2.9.1 കെ.എസ്.ഇ.ബി.യുടെയും റ്റി.സി.ഇ.ഡി.യുടെയും മീറ്റർ റീഡിംഗുകളിലെ പൊരുത്തമില്ലായ്മ

പഴയ തൃശ്ശൂർ മുനിസിപ്പൽ പ്രദേശങ്ങളിലെ താമസക്കാരായ പൊതുജനങ്ങൾക്ക് വിതരണത്തിനാവശ്യമായ വൈദ്യുതി 66 കെ.വി. ലൈനിലൂടെ കെ.എസ്.ഇ.ബി., റ്റി.സി.ഇ.ഡി.ക്ക് വിതരണം ചെയ്യുന്നു. പാട്ടുരാക്കൽ സബ്സ്റ്റേഷൻ പരിസരമാണ് വില്പന നടക്കുന്ന സ്ഥലം, റ്റി.സി.ഇ.ഡി.ക്ക് നൽകുന്ന വൈദ്യുതിയുടെ അളവ് തിട്ടപ്പെടുത്താനായി ഇവിടെ കെ.എസ്.ഇ.ബി പ്രധാന മീറ്റർ സ്ഥാപിച്ചിരിക്കുന്നു. ഇപ്രകാരം ലഭിക്കുന്ന വൈദ്യുതി ആറ് 11 കെവി ഫീഡർ ലൈനുകളിലേക്ക് റിസിഇഡി കടത്തിവിടുന്നു. ഫീഡർ ലൈനുകളിലൂടെ കടത്തിവിടുന്ന വൈദ്യുതിയുടെ റീഡിംഗ് കെഎസ്ഇബി മീറ്ററിന്റെ സമീപത്തായി ഫീഡർലൈനിന്റെ തുടക്കത്തിൽ റ്റിസിഇഡി സ്ഥാപിച്ചിട്ടുള്ള ആറ് മീറ്ററുകളിൽ രേഖപ്പെടുത്തുന്നു. മീറ്റർ റീഡിംഗ് ഓരോ മണിക്കൂർ ഇടവിട്ട് എടുക്കുകയും വൈദ്യുതിയുടെ ഉപഭോഗം സബ്സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള ഡെയിലി ലോഗ്ഷീറ്റിൽ രേഖപ്പെടുത്തുകയും, സബ്സ്റ്റേഷൻ

എൻജിനീയർ സാക്ഷ്യ പ്പെടുത്തുകയും ചെയ്യുന്നു. ലോഗ്ഷീറ്റിലെ രേഖകൾ കൂട്ടി ഓരോ മാസത്തേയും ആകെ വൈദ്യുതിയുടെ ഉപഭോഗം ലഭ്യമാക്കുന്നു. പ്രധാന മീറ്ററും ഫീഡറുകളുടെ മീറ്ററുകളും ഒരേപരിസരത്തായതിനാൽ അവയുടെ റീഡിംഗുകളിലെ നിസ്സാരവ്യത്യാസം ഒഴിവാക്കിയാൽ അവ തമ്മിൽ പൊരുത്തപ്പെടേണ്ടതാണ്. സബ്സ്റ്റേഷൻ പരിസരത്തിലെ പ്രധാന മീറ്റർ റിഡിംഗിന്റെ അടിസ്ഥാനത്തിലാണ് മാസംതോറുമുള്ള ഡിമാൻഡ് ചാർജിനും എനർജി ചാർജിനുമുള്ള ബില്ലുകൾ കെ.എസ്.ഇ.ബി. പുറപ്പെടുവിക്കുന്നത്. എന്നാൽ കെ.എസ്.ഇ.ബി.യുടെയും റ്റി.സി.ഇ.ഡി.യുടെയും മീറ്ററുകളുടെ റീഡിംഗിൽ താഴെപ്പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം വ്യത്യാസം ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. എല്ലാ അവസരത്തിലും കെഎസ്ഇബിയുടെ മീറ്ററിന്റെ റീഡിംഗ്, ഫീഡർ മീറ്ററിന്റെ റീഡിംഗിനേക്കാൾ 41 മുതൽ 68 ശതമാനം വരെ കൂടുതലായിരുന്നു. എന്നാൽ ഈ വിഷയം പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി കെഎസ്ഇബിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. കെഎസ്സ് ഇബിയും റ്റി.സി.ഇ.ഡി.യും സ്ഥാപിച്ചിട്ടുള്ള മീറ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള റീഡിംഗിന്റെ നിജസ്ഥിതി അറിയാത്തതിനാൽ ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടപ്പ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ആന്തരിക നിയന്ത്രണങ്ങളിലെ ഗൗരവമായ വീഴ്ചയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്.

| വർഷം | കെ.എസ്.ഇ.ബിയുടെ മീറ്റർ പ്രകാരം വിതരണം നടത്തിയ വൈദ്യുതി (പത്ത് ലക്ഷം യൂണിറ്റിൽ) | ഉപഭോക്താക്കൾക്ക് വിതരണത്തിനായി വിനിയോഗിച്ച വൈദ്യുതി (ഫീഡർ റീഡിംഗ്) ( പത്ത് ലക്ഷം യൂണിറ്റ്) | | | | | | | ആകെ (പത്ത് ലക്ഷം യൂണിറ്റിൽ) | കെ.എസ്.ഇ. ബിയുടെയും റ്റി സി ഇഡി യുടെ യും മീറ്റർ റീഡിംഗിലെ വ്യത്യാസം | |
|---|---|---|---|---|---|---|---|---|---|---|---|
| | | ഫീഡർ 1 ജീർക്കഞ്ചേരി | ഫീഡർ 2 രാമനിലയം | ഫീഡർ3 മിഷൻ ക്വാർട്ടേഴ്സ് | ഫീഡർ 4 ബിനി | ഫീഡർ 5 പൂത്തോൾ | ഫീഡർ 6 അരനാട്ടുകര | സബ്സ്റ്റേഷൻ ഉപയോഗിച്ച വൈദ്യുതി | | യൂണിറ്റുകൾ(പത്ത് ലക്ഷം യൂണിറ്റുകൾ) | ശതമാനം |
| 2003-04 | 83.120 | 13.945 | 9.317 | 13.181 | 8.039 | 14.615 | 0.000 | 0.008 | 59.105 | 24.015 | 40.63 |
| 2004-05 | 86.860 | 14.717 | 8.162 | 14.232 | 8.584 | 15.355 | 0.000 | 0.008 | 61.058 | 25.802 | 42.26 |
| 2005-06 | 91.081 | 15.747 | 9.461 | 14.267 | 7.312 | 13.971 | 0.000 | 0.009 | 60.767 | 30.314 | 49.88 |
| 2006-07 | 95.300 | 12.841 | 7.793 | 12.742 | 8.030 | 15.345 | 0.122 | 0.009 | 56.882 | 38.418 | 67.54 |
| 2007-08 | 101.170 | 5.476 | 10.972 | 14.615 | 22.726 | 10.164 | 5.366 | 0.010 | 69.329 | 31.841 | 45.93 |
| ആകെ | 457.531 | 62.726 | 45.705 | 69.037 | 54.691 | 69.450 | 5.488 | 0.044 | 307.141 | 150.390 | 48.93 |

## 3.2.9.2 ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കാത്തത്

ഫീഡർ ലൈനുകൾ, ട്രാൻസ്ഫോർമറുകൾ, സർവ്വീസ് ലൈനുകൾ ബന്ധിപ്പിച്ചിട്ടുള്ള മീറ്ററുകൾ തുടങ്ങിയവ അടക്കം, 2006 മാർച്ച് 31- ലെ മൂല്യനിർണ്ണയമനുസരിച്ച് 20.76 കോടി രൂപ വിലമതിക്കുന്ന അസ്സൽ ആസ്തികൾ റ്റിസിഇഡിയ്ക്ക് ഉണ്ടായിരുന്നു. എന്നാൽ ആസ്തികൾ കൈവശം വന്ന തീയതി, അതിന്റെ വില, വിക്രയം, ബാക്കി മുതലായവയുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുകയുണ്ടായില്ല.

### 3.2.9.3 അന്വേഷണവും നടപ്പാക്കലുമായി ബന്ധപ്പെട്ട വിഭാഗം പ്രവർത്തിക്കാത്തത്

കോർപ്പറേഷൻ പ്രദേശങ്ങളിലെ വൈദ്യുതിയുടെ മോഷണവും അനധികൃത ഉപയോഗവും തടയുന്നതിനും വിവിധ ചട്ടങ്ങളും നിശ്ചിത കാര്യക്രമങ്ങളും നടപ്പിലാക്കുന്നതിനും 2003 ലെ വൈദ്യുതി നിയമത്തിലെ 126-ാം വകുപ്പുപ്രകാരം അന്വേഷണ സ്ക്വാഡ് രൂപീകരിക്കുവാൻ വകുപ്പിന് കഴിയും. ഇതുപ്രകാരം 2005, ഫെബ്രുവരി 8-ന് വകുപ്പ് വൈദ്യുതി മോഷണ വിരുദ്ധ സ്ക്വാഡ് രൂപീകരിക്കുകയുണ്ടായി. ഇത് 2005 സെപ്റ്റംബർ 2 വരെ പ്രവർത്തിക്കുകയും ഈ ചെറിയ കാലയളവിൽ 20 പരിശോധനകൾ നടത്തി 18.56 ലക്ഷം രൂപയുടെ 17 മോഷണവും അനധികൃത ഉപയോഗവും കണ്ടുപിടിക്കുകയും ചെയ്തിരുന്നു. എന്നാൽ രൂപം നൽകി ഏഴ് മാസത്തിനകം ഈ സ്ക്വാഡിന്റെ പ്രവർത്തനം നിർത്തലാക്കുകയുണ്ടായി. അതിനു ശേഷം അന്വേഷണ സ്ക്വാഡ് രൂപീകരിച്ചിരുന്നില്ല. ജലവിതരണ വിഭാഗത്തിലും അന്വേഷണ സ്ക്വാഡിന് രൂപം നൽകുകയുണ്ടായില്ല.

### 3.2.10 നിഗമനം

ഏത് രീതിയിലും ഫോമിലും റ്റിസിഇഡിയും ജലവകുപ്പും കണക്കുകൾ സൂക്ഷിക്ക ണമെന്ന് 2008 ജൂൺവരെ സർക്കാർ നിർദ്ദേശിക്കുകയുണ്ടായില്ല എന്നാണ് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ വൈദ്യുതിയുടേയും ജലവിതരണത്തിന്റെയും ഓഡിറ്റ് അവലോകനത്തിൽനിന്നും വെളിവായത്. ചട്ടങ്ങൾ പാലിക്കാത്തതുമൂലം രണ്ടു വകുപ്പുകൾക്കും റവന്യൂ നഷ്ടം നേരിട്ടിരുന്നു. ഈ രണ്ട് വകുപ്പുകളിലും ആന്തരിക നിയന്ത്രണ സംവിധാനം ദുർബലമായിരുന്നു.

### 3.2.11 ശിപാർശകൾ

- വാർഷിക കണക്കുകൾ തയാറാക്കുന്നതുൾപ്പെടെയുള്ള റ്റിസിഇഡിയുടെ പങ്കും ചുമതലകളും വ്യക്തമായി നിർവ്വചിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം.
- ലാഭം കണക്കാക്കാനും, റ്റിഎം.സിക്ക് ഫണ്ട് കൈമാറ്റം ചെയ്യാനുമുള്ള വ്യവസ്ഥകൾ സർക്കാർ നിർദ്ദേശിക്കണം.
- റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാൻ റ്റിസിഇഡി സമയബന്ധിതമായി നടപടി എടുക്കേണ്ടതാണ്.

- കേരള വാട്ടർ അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള റേറ്റുകൾക്കനുസൃതമായി റ്റിഎംസി വെള്ളക്കരം പുതുക്കേണ്ടതാണ്.
- കുടിവെള്ള പദ്ധതികളുടേയും പൈപ്പ് ലൈൻ വിപുലീകരണത്തിന്റെയും പ്രവൃത്തികൾ ത്വരിതപ്പെടുത്തണം.
- ജലത്തിന്റെയും വൈദ്യുതിയുടെയും മോഷണങ്ങൾ തടയുവാൻ മോഷണ വിരുദ്ധ സ്ക്വാഡിന് രൂപം നൽകികൊണ്ട് ആന്തരികനിയന്ത്രണവ്യവസ്ഥ ശക്തമാക്കണം

## അനുബന്ധം VIII

### മതിയായ ജാമ്യനിക്ഷേപം ഒടുക്കാത്ത ഹൈ ടെൻഷൻ (എച്ച്. റ്റി.) ഉപഭോക്താക്കളുടെ പട്ടിക

| ക്രമ നമ്പർ | ഉപഭോക്താവിന്റെ നമ്പരും പേരും | ജാമ്യനിക്ഷേപം പുതുക്കിയ അവസാന തീയതി | വസൂലാക്കിയ ജാമ്യ നിക്ഷേപ തുക | വൈദ്യുതി ചാർജ്ജ് | | ആകെ (രൂപ) | വസൂലാക്കാൻ ബാക്കി നിൽക്കുന്ന ജാമ്യ നിക്ഷേപം (രൂപ) (7-4) |
|---|---|---|---|---|---|---|---|
| | | | | 01/2008 (രൂപ) | 02/2008 (രൂപ) | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | എച്ച്.റ്റി-II അസിസ്റ്റന്റ് എഞ്ചിനീയർ ടെലിഗ്രാഫ് | 14.02.2005 | 601497 | 362905 | 355279 | 718184 | 166687 |
| 2 | എച്ച്.റ്റി-V സബ്ഡിവിഷൻ എഞ്ചിനീയർ ദക്ഷിണ റെയിൽവേ | 17.03.2005 | 322145 | 208274 | 204966 | 413240 | 91095 |
| 3 | എച്ച്.റ്റി-VIII ഡിവിഷൻ എഞ്ചിനീയർ ടെലികോം | 1.3.2005 | 1149231 | 795103 | 749492 | 1544595 | 395364 |
| 4 | എച്ച്.റ്റി-X മാതൃഭൂമി | 1.2.2005 | 401546 | 313284 | 294289 | 607573 | 206027 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് | | | | | | |
| 5 | എച്ച്.റ്റി-X സിദ്ധാർത്ഥ ഏജൻസി | 22.07.1996 | 13160 | 239979 | 198808 | 438785 | 425625 |
| 6 | എച്ച്.റ്റി-XI കാസിനോ ഹോട്ടൽ | 13.07.2005 | 174292 | 312633 | 281065 | 593698 | 419406 |
| 7 | എച്ച്.റ്റി-XIII ഹോട്ടൽ ആലൂക്കാസ് | 18.04.2005 | 165589 | 140881 | 136423 | 277304 | 111715 |
| 8 | എച്ച്.റ്റി-XIII മലയാള മനോരമ | 11.08.2006 | 538880 | 401487 | 417232 | 818719 | 279839 |
| 9 | എച്ച്.റ്റി-XIV കെ. എസ്. എഫ്. ഡി.സി | 1.8.2005 | 319072 | 217164 | 218407 | 435571 | 116499 |
| 10 | എച്ച്.റ്റി-XV ജൂബിലി മിഷൻ ആശുപത്രി | 15.02.2005 | 1653021 | 1374916 | 1359737 | 2734653 | 1081632 |
| 11 | എച്ച്.റ്റി-XVII ഡിവിഷൻ എൻജിനീയർ സെൻട്രൽ ടെലിഗ്രാഫ് | 1.2.2005 | 119955 | 102110 | 105608 | 207718 | 87763 |
| 12 | എച്ച്.റ്റി-VIII അശ്വനി ആശുപത്രി | 4.8.2005 | 210688 | 316158 | 337909 | 654067 | 443379 |
| 13 | എച്ച്.റ്റി-XIX കല്യാൺ സിൽക്ക് | 10.02.2005 | 437698 | 608819 | 485921 | 1094740 | 657042 |
| 14 | എച്ച്.റ്റി-XX ധനലക്ഷ്മി ബാങ്ക് | 7.2.2005 | 255333 | 255135 | 243203 | 498338 | 243005 |
| 15 | എച്ച്.റ്റി-XXI ജോസ്കോ ഫാഷൻ ജൂവലറി | 15.2.2005 | 142510 | 133434 | 127560 | 260994 | 118484 |
| 16 | എച്ച്.റ്റി-XXIII ചീഫ് മാനേജർ എസ്.ഐ.ബി | 9.7.2004 | 86935 | 73425 | 78804 | 152229 | 65294 |
| 17 | എച്ച്.റ്റി-XXIV | 08.01.2004 | 185600 | 118973 | 112584 | 231557 | 45957 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പോൾ റീജൻസി | | | | | | |
| 18 | എച്ച്.റ്റി-XXV സൗത്ത് ഇൻഡ്യൻ ബാങ്ക് | 23.02.2005 | 260510 | 148838 | 157277 | 306115 | 45605 |
| 19 | എച്ച്.റ്റി-XXVII സീന പ്രൊമോട്ടേഴ്സ് | ....... | 138000 | 139008 | 132618 | 271626 | 133626 |
| 20 | എച്ച്.റ്റി.XXVIII സെൻട്രൽ പോയിന്റ് | ....... | 173000 | 214269 | 207967 | 422236 | 249236 |
| 21 | എച്ച്.റ്റി-XXIX ജോസ് ഫാഷൻ ജൂവലറി | 26.06.2006 | 243000 | 148519 | 132637 | 281156 | 38156 |
| 22 | എച്ച്.റ്റി-XXX ലവ്ഷെയർ ഇൻ | ..... | 110000 | 89288 | 105539 | 194827 | 84827 |
| 23 | എച്ച്.റ്റി-XXXI ഹോട്ടൽ ലൂസിയ പാലസ് | 13.10.2006 | 229000 | 169677 | 168011 | 337688 | 108688 |

## അനുബന്ധം IX

## പരിസരം പൂട്ടിയിരുന്നതിനാൽ മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാതിരുന്ന ഉപഭോക്താക്കളുടെ പട്ടിക

| ക്രമ നമ്പർ | ഉപഭോക്തൃ നമ്പർ | താരിഫ് | പരിസരം പൂട്ടിയിട്ടിരുന്നത് |
|---|---|---|---|
| 1 | 11953-ബി | VII-എ | 19.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 2 | 7282-ബി | VII-ബി | 18.08.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 3 | 12068-ബി | VII-എ | 19.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 4 | 12069-ബി | VII-എ | 19.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 5 | 8558-ബി | VII-ബി | 29.09.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 6 | 3578-ബി | I-എ | 22.09.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 7 | 8739-ബി | VII-എ | 23.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 8 | 8584-ബി | VII-എ | 26.06.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 9 | 9554-ബി | VII-എ | 23.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 10 | 1234-ബി | VII-എ | 23.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |

| | | | |
|---|---|---|---|
| 11 | 11953-ബി | I-എ | 23.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 12 | കെ.ഇ.എച്ച്.35-ബി6 | VII-എ | 24.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 13 | 677-ബി | I-എ | 28.06.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 14 | 197-ബി | I-എ | 28.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 15 | കെ.ഇ.എച്ച്.319-ബി | I-എ | 27.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 16 | 4759-ബി | I-എ | 24.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 17 | 3694-ബി | I-എ | 26.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 18 | 8058-ബി | I-എ | 26.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 19 | 80-ബി | VII-എ | 26.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 20 | 12069-ബി | VII-എ | 27.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 21 | 1998-ബി | VII-എ | 26.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 22 | 9441-ബി | VII-എ | 27.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 23 | 15954-ബി | VII-എ | 27.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 24 | 2573-ബി | VII-സി | 1.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 25 | 11368-ബി | VII-എ | 1.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 26 | 8138-ബി | VII-എ | 02.08.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 27 | 7606-ബി | VII-ബി | 19.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 28 | 5201-ബി | VII-എ | 03.08.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 29 | 3685-ബി | I-എ | 03.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 30 | 705-ബി | I-എ | 09.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 31 | 7329-ബി | VII-എ | 07.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 32 | ജെ-2232-ബി | VII-എ | 07.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 33 | 998-ബി | VII-എ | 10.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 34 | 7343-ബി | VII-എ | 10.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 35 | 5364-ബി | VII-എ | 11.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 36 | 1267-ബി | VII-എ | 11.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 37 | 3759-ബി | I-എ | 13.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 38 | 9688-ബി | I-സി | 16.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 39 | 7602-ബി | VII-എ | 06.04.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 40 | 9305-ബി | I-സി | 17.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |

| | | | |
|---|---|---|---|
| 41 | 7722-ബി | VII-എ | 24.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 42 | 9492-സി | I-സി | 26.02.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 43 | 4142-സി | VII-എ | 29.52.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 44 | 9580-ബി | VII-എ | 03.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 45 | 6708-ബി | VII-എ | 03.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 46 | 10650-ഇ | VII-എ | 04.07.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 47 | 12305-ബി | VII-എ | 12.09.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 48 | 9841-ബി | VII-എ | 09.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 49 | 173-ബി | VII-എ | 13.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 50 | 449-ബി | VII-എ | 13.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 51 | 7140-ബി | VII-എ | 14.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 52 | 8382-ബി | VII-എ | 16.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 53 | 1305-ബി | I-എ | 18.05.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 54 | 2314-സി | I-എ | 19.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 55 | 173-ബി | VII-എ | 13.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 56 | 7966-സി | I-എ | 18.05.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 57 | 3616-സി | I-എ | 20.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 58 | 3172-സി | I-എ | 20.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 59 | 11822 | VII-എ | 20.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 60 | എ.റ്റി.എച്ച്.358 എ | I-എ | 20.03.2007 ന് മുമ്പ് മുതൽ 03.2008 വരെ |
| 61 | 9635-ബി | VII-ബി | 22.05.2007 ന് മുമ്പ് മുതൽ 03.2008 വരെ |

## അനുബന്ധം X
### വെള്ളക്കരം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ പ്രമുഖരുടെ പട്ടിക

| ക്രമ നം. | വാർഡ് നമ്പർ | ഉപഭോക്തൃ നമ്പർ | തുക(രൂപ) |
|---|---|---|---|
| 1 | V | 2255 | 357380 |
| 2 | XX | 20604 | 139320 |
| 3 | XIX | 5027 | 122668 |
| 4 | XVIII | 7740 | 150120 |
| 5 | XIV | 8943 | 138225 |

പരിഗണനയിലാണെന്നും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

25. എഗ്രിമെന്റില്ലാതെ കോർപ്പറേഷൻ വൈദ്യുതി വിതരണം നടത്തുന്നതെങ്ങനെയെന്ന സമിതിയുടെ ചോദ്യത്തിന് 1957-ലാണ് കെ.എസ്.ഇ.ബി നിലവിൽ വന്നതെങ്കിലും 1937 മുതൽ സംസ്ഥാനത്ത് വൈദ്യുതി വിതരണം നടത്തുന്ന ഏക സ്ഥാപനം തൃശ്ശൂർ കോർപ്പറേഷനാണെന്നും അതിനാൽ ഡീംഡ് ലൈസൻസി എന്ന നിലയിലാണ് പവർ പർച്ചേസ് എഗ്രിമെന്റില്ലാതെ കോർപ്പറേഷൻ വൈദ്യുതി വിതരണം നടത്തിയിരുന്നതെന്നും 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിലവിൽ വരുകയും കമ്മീഷന്റെ നിർദ്ദേശ പ്രകാരം കെ.എസ്.ഇ.ബി.യുമായി പർച്ചേസ് എഗ്രിമെന്റ് വയ്ക്കുന്നതിന് ചർച്ചകൾ നടത്തുകയും കരട് എഗ്രിമെന്റ് അപ്രൂവലിനായി കെ.എസ്.ഇ.ബി.യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണെന്നും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. നിലവിലുള്ള വൈദ്യുതി റേറ്റ് എങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നതെന്നും റെഗുലേറ്ററി കമ്മീഷൻ നിലവിൽ വരുന്നതിന് മുമ്പ് എങ്ങനെയാണ് റേറ്റ് നിശ്ചയിച്ചിരുന്നതെന്നും സമിതി ആരാഞ്ഞു. നിലവിൽ റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച റേറ്റാണ് കോർപ്പറേഷൻ ഈടാക്കി വരുന്നതെന്നും റഗുലേറ്ററി കമ്മീഷൻ വരുന്നതിനു മുമ്പ് സർക്കാരാണ് വൈദ്യുതി നിരക്ക് നിശ്ചയിച്ചിരുന്നതെന്നും തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി, വിശദീകരിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

26. കെ.എസ്.ഇ.ബി.യ്ക്ക് പലിശ നൽകിയതുമൂലമുള്ള ഒഴിവാക്കാമായിരുന്ന നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

27. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ ട്രാൻസ്ഫോർമറുകൾ വാങ്ങിയത് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി ട്രാൻസ്ഫോർമറുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് ആരാഞ്ഞു. സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള കെ.ഇ.എൽ. എന്ന കമ്പനിയിൽ നിന്നാണ് ട്രാൻസ്ഫോർമറുകൾ വാങ്ങിയതെന്നും ഗുണനിലവാരത്തിൽ തൃശ്ശൂർ കോർപ്പറേഷൻ യാതൊരു വിട്ടുവീഴ്ചയും ചെയ്യാത്തതിനാലാണ് കെൽ-ന്റെ

പക്കൽ നിന്നും ഗുണമേന്മയുള്ള ട്രാൻസ്ഫോർമറുകൾ വാങ്ങിയതെന്നും നാളിതുവരെയായി അവയ്ക്ക് യാതൊരു തകരാറും സംഭവിച്ചിട്ടില്ലെന്നും നിലവിൽ ടെണ്ടർ മുഖേനയാണ് പർച്ചേസുകൾ നടത്തുന്നതെന്നും തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

28. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി : അംഗീകരിച്ചു.

29. ഉപയോഗമില്ലാത്ത മെക്കാനിക്കൽ മീറ്ററുകൾക്ക് മുടക്കിയ പാഴ് ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി പരിശോധിച്ച സമിതി ഉപയോഗമില്ലാത്ത മീറ്ററുകളാണോ വിതരണം ചെയ്തതെന്ന് ആരാഞ്ഞു. രാജ്യത്തെ എല്ലാ മീറ്ററുകളും ഇലക്ട്രോണിക് മീറ്ററുകളാക്കണമെന്ന സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നിർദ്ദേശം ലഭിക്കുന്നതിന് മുമ്പാണ് മെക്കാനിക്കൽ മീറ്ററുകൾ വാങ്ങുന്നതിന് ഓർഡർ നൽകിയതെന്നും ടി നിർദ്ദേശം ലഭിച്ചതിനെ തുടർന്നാണ് മുഴുവൻ മെക്കാനിക്കൽ മീറ്ററുകളും മാറ്റി ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചതെന്നും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

30. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി : അംഗീകരിച്ചു.

31. കോർപ്പറേഷന്റെ പൊതുഫണ്ടിലേയ്ക്ക് മിച്ചം കൈമാറിയത് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി സമിതി പരിശോധിക്കുകയും തറവാടക നിശ്ചയിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ എന്തെങ്കിലും നടത്തിയിരുന്നുവോയെന്നും ആയത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോയെന്നും ആരാഞ്ഞു. ഉയർന്ന നിരക്കിലാണ് തറവാടക നിശ്ചയിച്ചിരിക്കുന്നതെന്നും ആയത് കെ.എസ്.ഇ.ആർ.സി.യുടെ നിർദ്ദേശപ്രകാരം പുനർനിശ്ചയിക്കണമെന്ന് കൗൺസിലിനോട് അഭ്യർത്ഥിച്ചിരിക്കുകയാണെന്നും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

32. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി : അംഗീകരിച്ചു.

33. പഴയ മുനിസിപ്പൽ പ്രദേശത്തിന് പുറത്തുള്ള ഉപയോഗത്തിന് ഇലക്ട്രിക്കൽ സാധനങ്ങൾ വിതരണം ചെയ്തത് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

34. തെരുവു വിളക്കുകൾ, കോർപ്പറേഷന്റെ സ്വന്തമായുള്ള കെട്ടിടങ്ങൾ, പാർക്കുകൾ എന്നിവയുടെ വൈദ്യുതി ഉപഭോഗവും ചെലവും എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

35. മീറ്റർ വാടകകൾ ഈടാക്കാത്തതുമൂലമുള്ള നഷ്ടം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി പരിഗണിച്ച സമിതി നിലവിൽ മീറ്റർ വാടക ഈടാക്കുന്നുണ്ടോയെന്ന് ആരാഞ്ഞതിന്, ഈടാക്കുന്നുണ്ടെന്നും 2002-ൽ ഈടാക്കിയ തുകയെക്കുറിച്ചാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു. തുടർന്ന്, പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

36. ഹൈ-ടെൻഷൻ ഉപഭോക്താക്കളിൽ നിന്നും ജാമ്യനിക്ഷേപം കുറച്ച് പിരിച്ചത് എന്ന പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി ചർച്ചയ്ക്കെടുത്ത സമിതി ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്നും ജാമ്യനിക്ഷേപം കുറച്ചു പിരിച്ചുവെന്ന് പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് ആരാഞ്ഞു. എല്ലാ ഉപഭോക്താക്കളിൽ നിന്നും ഇപ്പോൾ മൂന്നു മാസത്തെ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി കൃത്യമായി ഈടാക്കുന്നുണ്ടെന്ന് തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. തുടർന്ന്, പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

37. മെക്കാനിക്കൽ മീറ്ററുകൾ മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

38. പിരിച്ചെടുക്കാനുള്ള കുടിശ്ശികകൾ എന്ന ഓഡിറ്റ് പാരാമർശം സംബന്ധിച്ച സർക്കാർ മറുപടി പരിശോധിച്ച സമിതി റവന്യൂ റിക്കവറി നിലനിൽക്കുന്നവയുടെ നിലവിലെ സ്ഥിതി ആരാഞ്ഞു. റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ആർ.സി.യിൽ തന്നെ രണ്ട് തവണ അദാലത്ത് നടത്താൻ അനുമതി നൽകുകയുണ്ടായിയെന്നും കുറച്ചു തുക തർക്കങ്ങളിൽപ്പെട്ട് ഇനിയും കിട്ടാനുണ്ടെന്നും

പരമാവധി കേസുകൾ തീർപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. 8.52 കോടി രൂപയുടെ കടിശ്ശികയുണ്ടെന്നാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ 2006-ലെ കണക്കുകൾ സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുള്ളതെന്നും നിലവിൽ രണ്ടു കോടി രൂപയിൽ കൂടുതൽ കടിശ്ശിക ഇല്ലെന്നും തർക്കങ്ങളിൽപ്പെട്ട് കിടക്കുന്നതുകൊണ്ടാണ് ടി തുക പിരിച്ചെടുക്കാൻ സാധിക്കാത്തതെന്നും തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

39. വാർഷിക വരുമാനം തെറ്റായി കണക്കാക്കിയതുമൂലം ഓഡിറ്റ് ചാർജ്ജിനത്തിലുള്ള അധിക ചെലവ് എന്ന പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

40. പെൻഷൻ നൽകിയതിലെ അധികചെലവ് എന്ന ഓഡിറ്റ് പരാമർശത്തിൻമേലുള്ള സർക്കാർ മറുപടി സമിതി ചർച്ച ചെയ്തു. ഇരുനൂറ്റി അൻപതോളം ജീവനക്കാർക്ക് പെൻഷൻ നൽകുന്ന വകയിൽ 40 കോടി രൂപയാണ് സംസ്ഥാന സർക്കാർ നൽകാനുള്ളതെന്ന് തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. പ്രസ്തുത തുക സർക്കാരിൽ നിന്നും റീഇംബേഴ്സ് ചെയ്തു കിട്ടുമോയെന്ന സമിതിയുടെ ചോദ്യത്തിന് അത് സർക്കാർ നൽകേണ്ടതാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. എന്നാൽ, അത് യഥാർത്ഥത്തിൽ സർക്കാരിന്റെ ബാധ്യത അല്ലെന്നും നഗരസഭയാണ് പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടയ്ക്കേണ്ടതെന്നും യഥാസമയം ആ തുക അടയ്ക്കാൻ നഗരസഭകൾക്ക് കഴിയാതെ വന്നതുകൊണ്ടുണ്ടായ കടിശ്ശിക തീർക്കാൻ സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം രണ്ടുതവണയായി 100 കോടി രൂപ നൽകിയിരുന്നുവെന്നും ഡയറക്ടറേറ്റിൽ നിന്നും ഉചിതമായ റേഷ്യോ അനുസരിച്ചാണ് പ്രസ്തുത തുക വിതരണം ചെയ്യുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. പെൻഷൻ നൽകുക എന്നുള്ളത് സർക്കാരിന്റെ ബാധ്യത അല്ലെന്നും ജീവനക്കാർക്ക് ശമ്പളം നൽകുമ്പോൾ തന്നെ 15% തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണെന്നും അതിന് പല നഗരസഭകൾക്കും കഴിയാത്തതുകാരണം നിലവിൽ കുടിശ്ശിക

ഉണ്ടെന്നും ഈ കുടിശ്ശിക തീർക്കാൻ സർക്കാർ ഇടക്കാലാശ്വാസമായി നാല്വ തവണ തുക നൽകിയിട്ടുണ്ടെന്നും പെൻഷൻ മൊത്തമായി ഏറ്റെടുക്കുകയെന്നത് ധനകാര്യവകുപ്പിന്റെ പരിഗണനയിലില്ലെന്നും, ഈ വർഷം ഇതുവരെയായി എസ്.ഡി.ജി. വഴി 50 കോടി രൂപ പെൻഷൻ ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത തുക ഇതുവരെ റിലീസ് ചെയ്തിട്ടില്ലെന്നും അത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവാദിത്തമാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മുമ്പാകെ അറിയിച്ചു.

41. തൃശ്ശൂർ കോർപ്പറേഷൻ എല്ലാ മാസവും കൃത്യമായി പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നുണ്ടെന്നും നഗരസഭകൾക്ക് നൽകിയ 100 കോടി രൂപയിൽ തൃശ്ശൂർ കോർപ്പറേഷന് തുച്ഛമായ തുകയാണ് ലഭിച്ചതെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു

42. മുനിസിപ്പൽ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നവരാണ് 100 കോടി രൂപയിൽ നിന്നും ഓരോ നഗരസഭയ്ക്കും എത്ര തുക നൽകണമെന്ന് നിശ്ചയിക്കുന്നതെന്നും 100 കോടി രൂപ മുഴുവൻ വാങ്ങിയിട്ടില്ലെന്നും ഈ വർഷവും തുക നൽകിയെങ്കിലും റിലീസ് ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളൊന്നുമുണ്ടായിട്ടില്ലെന്നും കോമൺ ഫണ്ടിൽ നിന്നും തുക നൽകുമ്പോൾ നഗരസഭകൾക്ക് യഥാസമയം തുക ലഭിക്കാതെ വരാമെന്നും നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു

43. ചില മുനിസിപ്പാലിറ്റികളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ആവശ്യമെങ്കിൽ നഗരസഭകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും പെൻഷൻ തുക കണ്ടെത്താമെന്ന് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇന്റഗ്രേഷൻ വരുന്നതോടുകൂടി തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുമെന്നും അപ്പോൾ പെൻഷൻ

ഫണ്ട് മാറ്റുന്നതിന് തടസമുണ്ടാവില്ലെന്നും സമിതിയുടെ ചോദ്യത്തിനുള്ള മറുപടിയായി ഗ്രാമവികസന അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ അറിയിച്ചു പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി സമിതി അംഗീകരിച്ചു

44. കണക്കുകളും റിട്ടേണുകളും എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു

45. വൈദ്യുതി കണക്ഷൻ നൽകുന്നതിലെ കാലതാമസം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി സമിതി അംഗീകരിച്ചു

46. മീറ്റർ റീഡിംഗ് രജിസ്റ്ററുകൾ എന്ന ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി മീറ്റർ റീഡിംഗ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോയെന്ന് ആരാഞ്ഞതിന് നിലവിൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിനുശേഷമാണ് ശമ്പളം നൽകുന്നതെന്നും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

47. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു

കെ.ഡബ്ല്യു.എ.യുടെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള വെള്ളക്കരം പിരിവ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി പരിശോധിച്ച സമിതി ഗാർഹിക ഉപഭോക്താക്കളുടെ വെള്ളക്കരം നിരക്ക് വാട്ടർ അതോറിറ്റി നിരക്കിൽ ഏകീകരിക്കുന്നതിന് തീരുമാനിക്കുകയും സ്പോട്ട് ബില്ലിംഗ് നടപടികൾ ആരംഭിച്ചതുമൂലം ജലവിതരണ വിഭാഗത്തിലെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നിലവിൽ സാധിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടി അംഗീകരിച്ചു.

48. പിരിച്ചെടുക്കാത്ത വെള്ളക്കരം കുടിശ്ശിക എന്ന പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി പരിശോധിച്ച സമിതി വെള്ളക്കരം പിരിച്ചെടുക്കാത്തത് സംബന്ധിച്ച് തൃശ്ശൂർ നഗരസഭയുടെ വിശദീകരണം ആരാഞ്ഞതിന് 1993-ൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി, വാട്ടർ സെക്ഷൻ പൂർണ്ണമായും കോർപ്പറേഷന് കൈമാറിയെന്നും ആ സമയത്ത് ജീവനക്കാരുടെ അഭാവം ഉണ്ടായിരുന്നതായും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ജീവനക്കാരുടെ അഭാവം കാരണമാണോ കുടിശ്ശിക തുക പിരിച്ചെടുക്കാതിരുന്നതെന്നും കുടിശ്ശികയുടെ നിലവിലെ സ്ഥിതി എന്താണെന്നും സമിതി ആരാഞ്ഞതിന് ഇപ്പോൾ പിരിച്ചെടുക്കുന്നുണ്ടെന്നും മുൻകാലങ്ങളിലെ കുടിശ്ശിക കൂടി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

49. ജലവിതരണത്തിലെ കുറവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

50. കേരള വാട്ടർ അതോറിറ്റിയെക്കൊണ്ട് നടപ്പിലാക്കിക്കുന്ന കുടിവെള്ള പദ്ധതികളിലെ കാലതാമസം എന്ന ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി എൽ.ഐ.സി. സഹായമുള്ള കുടിവെള്ള പദ്ധതിയും ഒല്ലൂർ പടിഞ്ഞാറേ അങ്ങാടിക്കുളം കുടിവെള്ള പദ്ധതിയും കമ്മീഷൻ ചെയ്തിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് നഗരസഭയുടെ വിശദീകരണം ആരാഞ്ഞു. നിലവിൽ പ്രസ്തുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

51. കൂടുതൽ പ്രദേശങ്ങളിലേയ്ക്കുള്ള പൈപ്പ് ലൈനിന്റെ വിപുലീകരണം എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

52. കേരള വാട്ടർ അതോറിറ്റിയുടെ ആസ്തികളുടെ പരിപോഷണത്തിനും പരിപാലനത്തിനുമായി ഫണ്ടുകളുടെ വകമാറ്റം എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

53. സേവനങ്ങൾ നൽകുന്നതിലെ അപര്യാപ്തത എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ സമർപ്പിച്ച മറുപടി സമിതി അംഗീകരിച്ചു.

**54. വാട്ടർ കണക്ഷൻ നൽകുന്നതിലെ കാലതാമസം** എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിശോധിച്ച സമിതി വാട്ടർ കണക്ഷൻ നൽകുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ടോയെന്ന് ആരാഞ്ഞു. വാട്ടർ കണക്ഷൻ നൽകുന്നത് സംബന്ധിച്ച പരാതികൾ അദാലത്തുകൾ നടത്തി പരിഹരിച്ചുകൊണ്ടിരിക്കുകയാണെന്ന് തൃശ്ശൂർ നഗരസഭ അഡീഷണൽ സെക്രട്ടറി അറിയിച്ചു. തുടർന്ന് പ്രസ്തുത പരാമർശത്തിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

55. ആന്തരിക നിയന്ത്രണ വ്യവസ്ഥ എന്നതിലെ കെ.എസ്.ഇ.ബി.യുടെയും റ്റി.സി.ഇ.ഡിയുടെയും മീറ്റർ റീഡിംഗുകളിലെ പൊരുത്തമില്ലായ്മ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച ന്യൂനതാപരിഹാര നടപടിപത്രിക സമിതി പരിശോധിക്കുകയും മീറ്റർ റീഡിംഗിലെ അപാകത പരിഹരിച്ചിട്ടുണ്ടോയെന്ന് ആരായുകയും ചെയ്തതിന് കെ.എസ്.ഇ.ബി.യുമായി സഹകരിച്ച് ഓഡിറ്റ് സമയത്തുണ്ടായിരുന്ന അപാകത പരിഹരിച്ചതായി തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു

56. ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കാത്തത് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സ്വീകരിച്ച മറുപടി സമിതി അംഗീകരിച്ചു

57. അന്വേഷണവും നടപ്പാക്കലുമായി ബന്ധപ്പെട്ട വിഭാഗം പ്രവർത്തിക്കാത്തത് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി പരിശോധിച്ച സമിതി അന്വേഷണ സ്ക്വാഡിനെ സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞു അന്വേഷണ സ്ക്വാഡ് കോർപ്പറേഷന്റേതാണെന്നും ഇലക്ട്രിസിറ്റി ബോർഡിനുള്ള എല്ലാ സംവിധാനങ്ങളും കോർപ്പറേഷനുമുണ്ടെന്നും നിലവിൽ വൈദ്യുതി മോഷണം തടയൽ കാര്യക്ഷമമായി നടക്കുന്നുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. തുടർന്ന് പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു

## നിഗമനങ്ങൾ/ ശിപാർശകൾ

**58. തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളുടെ/റവന്യൂ റിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം കുടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുത്ത് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.**

**59. വാർഷിക വരുമാനം തെറ്റായി കണക്കാക്കിയതു മൂലം ഓഡിറ്റ് ചാർജ്ജ് ഇനത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് അധികം നൽകിയ തുക തിരിച്ചു പിടിക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും അധികമായി നൽകിയ തുക തിരിച്ചു പിടിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു.**

**60. തൃശ്ശൂർ നഗരസഭയിലെ ജലവിഭാഗം 2006-07 മുതൽ നാളിതുവരെയുള്ള ഡി. സി.ബി പത്രികകൾ കാലികമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഡി.സി.ബി പത്രികകൾ കാലികമാക്കുന്നതിനോടൊപ്പം പിരിഞ്ഞു കിട്ടുവാനുള്ള വെള്ളക്കരം കുടിശ്ശിക എത്രയെന്ന് തിട്ടപ്പെടുത്തി ആയത് പിരിച്ചെടുക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**61. കേരള വാട്ടർ അതോറിറ്റിയുടെ സ്വന്തവും അവർ തന്നെ കൈകാര്യം ചെയ്യുന്നതുമായ പീച്ചി ഡാമിന്റെ പരിപാലനത്തിനായി സംരക്ഷണ ഗ്രാന്റിൽ നിന്നും നഗരസഭ ക്രമരഹിതമായി വകമാറ്റിയ തുകയിൽ തിരികെ ലഭ്യമാക്കുവാനുള്ള തുക തിരിച്ചു പിടിക്കുന്നതിനായി 2010 ന് ശേഷം നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ-പൊതുമരാമത്തു പണികളുടെ നിർവ്വഹണം.**

**3.3.1 ആമുഖം.**

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെയും കേരല മുനിസിപ്പാലിറ്റി നിയമത്തിന്റെയും ഭാഗമായി രൂപം നൽകിയിട്ടുള്ള കേരള പഞ്ചായത്ത്‌രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997 (കെ. പി. ആർ (ഇ.പി.ഡബ്ല്യു.) ചട്ടങ്ങൾ, 1997) കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ, 1997 (കെ.എം(ഇ.പി.എം) ചട്ടങ്ങൾ, 1997) എന്നിവയിൽ അനുശാസിക്കുംപ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പണികളുടെ നിർവ്വഹണം. ഈ ചട്ടങ്ങൾ പ്രകടമായി വ്യവസ്ഥ ചെയ്യിട്ടില്ലെങ്കിൽ, സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ, അടങ്കലും പ്ലാനും തയ്യാറാക്കൽ, ടെൻഡർ ക്ഷണിക്കൽ, പ്രവൃത്തികളുടെ നടത്തിപ്പ്, പണം നൽകൽ, കണക്ക് സൂക്ഷിക്കൽ എന്നിവയ്ക്ക് അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ്. പണികളുടെ സർവ്വേ, അന്വേഷണം,

ഡിസൈനിംഗ്, നിർമ്മാണങ്ങൾ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും പരിപാലനവും, റോഡുകൾ, ഇടവഴികൾ, കലുങ്കുകൾ, പാലങ്ങൾ, ചെറുതും ഇടത്തരവുമായ ജലസേചന പദ്ധതികൾ, ജലവിതരണ പദ്ധതികൾ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, തെരുവു വിളക്കുകൾ, ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ എന്നിവ നിയമങ്ങളിലൂടെ കൈമാറിക്കിട്ടിയ അധികാരങ്ങൾക്കും അവകാശങ്ങൾക്കും ഉത്തരവാദിത്വങ്ങൾക്കും അനുസൃതമായി ഏറ്റെടുക്കാനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്.

ജില്ലാ പഞ്ചായത്തുകളായ കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം എന്നിവയാണ് അവലോകത്തിനായി തെരഞ്ഞെടുക്കുന്നത്. ഇതു കൂടാതെ മേൽപ്പറഞ്ഞ ജില്ലകളിൽ ഒരോന്നിൽനിന്നു രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ വീതവും ആറ് ഗ്രാമ പഞ്ചായത്തുകൾ വീതവും തെരഞ്ഞെടുക്കുകയുണ്ടായി. നഗരസ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും ആറ് മുനിസിപ്പാലിറ്റികളും തെരഞ്ഞെടുത്തിരുന്നു. തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ രേഖകൾക്കുപുറമേ ചീഫ് എൽജിനീയർ (ത.സ്വ.ഭ.വ), നഗരകാര്യ ഡയറക്ടർ, സൂപ്രണ്ടിംഗ് എൽജിനീയറുടെ (ത.സ്വ.ഭ.വ) വടക്കും തെക്കുമുള്ള സർക്കിൾ ഓഫീസുകൾ എന്നിവടങ്ങളിലെ രേഖകളും ടെസ്റ്റ് ചെക്ക ചെയ്യുകയുണ്ടായി. 2003-04 മുതൽ 2007-08 വരെയുള്ള കാലയളവിലെ പ്രവൃത്തികളാണ് 2008 ഏപ്രിൽ മുതൽ ആഗസ്റ്റുവരെ അവലോകനവിധേയമാക്കിയത്.

### 3.3.2 ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റിന്റെ കണ്ടെത്തലുകൾ താഴെപ്പറയുന്ന വകപ്പുകളുമായി തരംതിരിച്ചിരിക്കുന്നു.

- ധനാഗമം
- പൊതുമരാമത്ത്പണികളുടെ നടത്തിപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ
- പണികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

- അടങ്കലുകൾ തയ്യാറാക്കൽ, സാങ്കേതികാനുമതി
- ടെണ്ടർ ക്ഷണിക്കൽ, പ്രവൃത്തികൾ ഏല്പിക്കൽ, എഗ്രിമെന്റുകൾ, സെക്യൂരിറ്റി/ ഡിപ്പോസിറ്റുകൾ തുടങ്ങിയവ
- പണികളുടെ നടത്തിപ്പ്, ഡിപ്പോസിറ്റ് പണികൾ
- സൈറ്റ് കൈമാറുന്നതിലുള്ള കാലതാമസം
- അധികം നൽകൽ/ നികുതികൾ അടയ്ക്കാതിരിക്കൽ
- ആന്തരിക നിയന്ത്രണ വ്യവസ്ഥ

### 3.3.3 ധനാഗമം

സംസ്ഥാന സർക്കാർ ഗ്രാന്റ്, കേന്ദ്ര സർക്കാർ ഗ്രാന്റ്, തനത് ഫണ്ട്, വിവിധ ഏജൻസികളിൽനിന്നുള്ള വായ്പ തുടങ്ങി വ്യത്യസ്ത കേന്ദ്രങ്ങളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾ നടത്താനായി ഫണ്ട് ലഭിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം കൊടുക്കുന്ന വിവിധ വിഭാഗങ്ങളിലുള്ള പദ്ധതികളുടെ നടത്തിപ്പിന് ലഭിക്കുന്ന ഫണ്ട് മൂന്ന് മേഖലകളിലായി തരംതിരിക്കാം - ഉൽപ്പാദന മേഖല, അടിസ്ഥാന സൗകര്യ വികസന മേഖല, സേവന മേഖല.

2005-06 സാമ്പത്തിക വർഷം വരെ വിനിയോഗിക്കാതെ ബാക്കി നിന്നിരുന്ന വികസന ഫണ്ടും പരിപാലനഫണ്ടും അതാതുവർഷം സർക്കാരിലേക്ക് ലാപ്സാകുമായിരുന്നു. 2006-07 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിനിയോഗിക്കാതെ ബാക്കി വരുന്നതിൽ 20 ശതമാനം കഴിച്ചുള്ള തുക തുടർന്നുവരുന്ന രണ്ടാമത്തെ ധനകാര്യ വർഷത്തെ ബജറ്റ് വിഹിതത്തിൽ കുറവു ചെയ്യുന്നതായിരിക്കും.

### 3.3.4 പൊതുമരാമത്ത് പണികളുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

വികേന്ദ്രീകൃതാസൂത്രണത്തിൽ, ഗ്രാമസഭ/വാർഡ് കമ്മിറ്റി സമൂഹത്തിന്റെ മുഴുവൻ ആവശ്യങ്ങളും കണ്ടെത്തുകയും നിർദ്ദേശങ്ങളും അഭ്യർത്ഥനകളും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് സമർപ്പിക്കുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ വികസന റിപ്പോർട്ടുകൾ തയ്യാറാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ അവയെ അനുയോജ്യമായ പ്രോജക്ടുകളായി മാറ്റുകയും ചെയ്യുന്നു. ഈ പ്രോജക്ടുകളിൽ നിന്നും വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതികളുടെ പഞ്ചവത്സര പദ്ധതികളും തെരഞ്ഞെടുക്കുന്നു. പിന്നീട് ഈ പദ്ധതികൾ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിവഴി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന അനിവാര്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, നിലവിലുള്ള സാങ്കേതിക മാർഗ്ഗരേഖകൾ, പദ്ധതിച്ചെലവിന്റെ ന്യായയുക്തത എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നിർദ്ദേശങ്ങൾ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി പരിശോധിക്കുകയും ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നതോടുകൂടി പദ്ധതി നടത്തിപ്പിനായി തയ്യാറാവുന്നു.

### 3.3.4.1 പദ്ധതികൾ തീർപ്പാക്കുന്നതിലും പണി ഏൽപിക്കുന്നതിലുമുള്ള കാലതാമസംമൂലം പ്ലാൻഫണ്ടുകൾ ലാപ്സാകുന്നത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ, പദ്ധതികൾ തീർപ്പാക്കുന്നതിലും പണികൾ ഏല്പിക്കുന്നതിനലുമുള്ള കാലതാമസം കാരണം സാമ്പത്തിക വർഷത്തിന്റെ അന്ത്യത്തിലാണ് നടത്തുന്നത്. കൂടാതെ, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചശേഷം ഒന്നുമുതൽ മൂന്നുവരെ മാസങ്ങൾക്കുശേഷമാണ് ഈ പണികൾ നടത്തുവാനായി ഏൽപിക്കുന്നത്. ഇതുകാരണം പദ്ധതികൾ ഒറിജിനൽ പദ്ധതി റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ള കാലയളവിൽ പൂർണ്ണമാക്കാനാകാതെ അവശേഷിക്കാനിടയാകുന്നു. ഖണ്ഡിക 3.3.3-ൽ പറഞ്ഞതു പോലെ, 2005-06 വരെ വിനിയോഗിക്കാതെ മിച്ചംവന്ന പ്ലാൻ ഫണ്ടുകൾ സർക്കാരിലേക്ക് ലാപ്സായി. 2002-03 മുതൽ 2005-06 വരെ വർഷങ്ങളിൽ മുഴമിക്കാൻ കഴിയാതെ പോയ 827 പണികൾ 2003-04 മുതൽ 2006-07 വരെ സ്പിൽ ഓവർ പണികളായി ഏറ്റെടുക്കുകയുണ്ടായി. ഇതിന്റെ

ഫലമായി 16.71 കോടിയോളം രൂപ താഴെ കാണിക്കുംപ്രകാരം പ്ലാൻഫണ്ടിൽനിന്നും ലാപ്സാവുകയുണ്ടായി.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെപേര് | സ്പിൽ ഓവർ പണികളുടെ എണ്ണം | 2003-04 മുതൽ 2006-07 വരെയുള്ള സ്പിൽ ഓവർ പണികളുടെ ചെലവ് |
|---|---|---|---|
| 1 | പയ്യന്നൂർ മുനിസിപ്പാലിറ്റി | 99 | 112.23 |
| 2 | വർക്കല മുനിസിപ്പാലിറ്റി | 18 | 33.80 |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 143 | 500.77 |
| 4 | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 72 | 554.86 |
| 5 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 58 | 52.84 |
| 6 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 83 | 87.91 |
| 7 | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 76 | 142.65 |
| 8 | കോട്ടയം (മലബാർ) ഗ്രാമപഞ്ചായത്ത് | 17 | 16.48 |
| 9 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് | 22 | 11.02 |
| 10 | മാടായി ഗ്രാമപഞ്ചായത്ത് | 35 | 10.89 |
| 11 | ന്യൂ മാഹി ഗ്രാമപഞ്ചായത്ത് | 26 | 12.07 |
| 12 | തലക്കാട് ഗ്രാമപഞ്ചായത്ത് | 20 | 14.58 |
| 13 | തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് | 11 | 8.54 |
| 14 | തിരുനാവായി ഗ്രാമപഞ്ചായത്ത് | 12 | 9.13 |
| 15 | തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് | 85 | 76.87 |
| 16 | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | 50 | 26.71 |
| | **ആകെ** | **827** | **1671.35** |

## 3.3.5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ

സംസ്ഥാന സർക്കാർ 1997-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പണികളുടെ നടത്തിപ്പിനായി ചട്ടങ്ങൾ തയ്യാറാക്കിയെങ്കിലും 2007 വരെ പ്രത്യേക എൻജിനീയറിംഗ് കേഡർ രൂപീകരിക്കുകയുണ്ടായില്ല. സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പണികളുടെ

നടത്തിപ്പിനായി ടെക്നിക്കൽ/എൻജിനീയർ ഉദ്യോഗസ്ഥരുടെ എണ്ണം നിർണ്ണയിച്ചിരുന്നില്ല. ഇനിപ്പറയുന്ന വകുപ്പുകളിൽ നിന്ന് സ്റ്റാഫിനെ പിൻവലിച്ച് 2007 ജൂലൈയിൽ മാത്രമാണ് സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി എൻജിനീയറിംഗ് കേഡർ സൃഷ്ടിച്ചത്:

- പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്
- മുനിസിപ്പാലിറ്റിയിലേക്കും കോർപ്പറേഷനിലേയും എല്ലാ എൻജിനീയറിംഗ് സ്റ്റാഫുകൾ
- പഞ്ചായത്ത് വകുപ്പിലെ എല്ലാ എൻജിനീയറിംഗ് സ്റ്റാഫുകൾ
- ബ്ലോക്ക് പഞ്ചായത്തുകൾ, ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾ, കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി, ഗ്രാമ വികസന വകുപ്പ് എന്നിവയിലെ എല്ലാ എൻജിനീയറിംഗ് സ്റ്റാഫുകൾ.

2008 മാർച്ചിൽ നിർണ്ണയിച്ച ജീവനക്കാരുടെ എണ്ണവും നിലവിലുള്ളവരുടെ എണ്ണവും ഇനിപ്പറയും പ്രകാരമായിരുന്നു.

| ക്രമ നം | തസ്തികയുടെ പേര് | പഞ്ചായത്തുകൾ | നഗരസ്വയം ഭരണ സ്ഥാപനങ്ങൾ | ബ്ലോക്കിലെ സ്റ്റാഫ് | ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾ | കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി | ആകെ അനുവദിച്ച എണ്ണം | നിലവിലുള്ള എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | സി.ഇ | | | | | | 1 | 1 |
| 2 | എസ്.ഇ | 3 | 4 | | | 1 | 8 | 6 |
| 3 | ഇ.ഇ | 17 | 14 | | 14 | | 45 | 38 |
| 4 | എ.ഇ.ഇ | 94 | 43 | | 24 | 1 | 162 | 128 |
| 5 | എ.ഇ | 522 | 103 | 152 | | | 777 | 508 |
| | **ആകെ** | **636** | **164** | **152** | **38** | **2** | **993** | **681** |

സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നിയോഗിക്കാവുന്ന എൻജിനീയറിംഗ് സ്റ്റാഫിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ എണ്ണം സർക്കാർ നിശ്ചയിച്ചതെന്ന് 2008 ആഗസ്റ്റിൽ ചീഫ് എൻജിനീയർ (തദ്ദേശസ്വയംഭരണ വകുപ്പ്) അറിയിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണചട്ടങ്ങൾ നടപ്പിലാക്കുന്നതുമൂലമുള്ള വർദ്ധിച്ച ജോലി ഭാരം കൂടി പരിഗണിക്കുമ്പോൾ, ഇപ്പോൾ പഞ്ചായത്തുകളിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണെന്ന് കാണാൻ കഴിയും. പ്ലാൻ സ്കീമുകൾ കൂടാതെ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളും വിദേശ സഹായമുള്ള പദ്ധതികളും ഏറ്റെടുക്കേണ്ടി വരുന്നതുമൂലം നഗര സ്വയംഭരണ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും അപര്യാപ്തമായിരുന്നു.

### 3.3.6 പണികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

### 3.3.6.1 ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാത്ത പൊതുമരാമത്ത് പണികൾ

പദ്ധതികൾ തയ്യാറാക്കിയത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടാണോ, മേഖലാതലത്തിൽ ഫണ്ടുകൾ ജനറൽ, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ടോ, പദ്ധതി രേഖകളുടെ ഘടന പാലിച്ചിട്ടുണ്ടോ തുടങ്ങിയവ പരിഗണിച്ചശേഷമാണ് ജില്ലാ ആസൂത്രണ സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 2006 മാർച്ചിനും ആഗസ്റ്റിനും ഇടയിൽ 71 പ്രവൃത്തികൾക്ക് പ്രോജക്ടുകൾ തയ്യാറാക്കാതെയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം തേടാതെയും ടെൻഡർ വിളിക്കുകയുണ്ടായി. ഈ പ്രവൃത്തികൾക്ക് മുടക്കിയ 1.04 കോടി രൂപ 2006-07 ലെ പരിപാലന ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചിരുന്നത്. എന്നാൽ ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിന് നൽകിയ പരിപാലന പദ്ധതികളിലോ, വാർഷിക പദ്ധതികളിലോ ഇവ ഉൾപ്പെടുത്തിയിട്ടുമില്ലായിരുന്നു. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന്റെ അഭാവത്തിൽ ഈ പ്രവൃത്തികളുടെ പ്ലാനുകൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചാണോ തയ്യാറാക്കിയതെന്ന് തീർച്ചയാക്കുവാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

## 3.3.6.2 അധികാര പരിധിക്ക പുറത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവൃത്തികൾ

കേരളാ മുനിസിപ്പാലിറ്റി നിയമവും കേരളാ പഞ്ചായത്ത് രാജ് നിയമവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മറ്റു സംരംഭങ്ങൾക്കുവേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കാനോ, അവയുടെ ആസ്തികൾ പരിപാലിക്കാനോ അധികാരപ്പെടുത്തുന്നില്ല. എന്നാൽ ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താഴെ കാണിച്ചിട്ടുള്ള പ്രകാരം, അവ ഏറ്റെടുക്കേണ്ടതല്ലാത്ത 2.46 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാൻ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം സമ്പാദിച്ചിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നടത്തിയ പണിയുടെ പേര് | കാലം | ചെലവായ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | കെ.ഡബ്ല്യു.എ.യുടെ പൈപ്പുലൈനുകളുടെ അറ്റകുറ്റപ്പണി/മാറ്റിവയ്ക്കൽ | 2003-04 മുതൽ 2007-08 വരെ | 193.60 |
| 2 | തലശ്ശേരി മുനിസിപ്പാലിറ്റി | ഒരു പൊതുമേഖല സ്ഥാപനമായ കെ.എസ്.ആർ.റ്റി.സി.ക്കു വേണ്ടി അടിസ്ഥാന സൗകര്യമുൾപ്പെടെയുള്ള ബസ് ഡിപ്പോ നിർമ്മാണം | 2001-02 മുതൽ 2006-07 വരെ | 28.47 |
| 3 | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | കെ.എസ്.ആർ.റ്റി.സി.ക്കുവേണ്ടി വിഴിഞ്ഞം ഡിപ്പോയും വെയിറ്റിംഗ് ഷെഡ്ഡും നിർമ്മാണം, | 2004-05 & 2005-06 | 9.49 |
| | | പാലോട് ബസ് സ്റ്റാന്റ് നിർമ്മാണം | 2007-08 | 3.70 |
| 4 | കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് | പുതുക്കുറിച്ചിയിൽ കെ.എസ്.ആർ.റ്റി.സി.ക്കു വേണ്ടി വിശ്രമമുറി നിർമ്മാണം | 2006-07 & 2007-08 | 1.85 |
| | | ഒരു സാംസ്കാരിക സംഘടനയ്ക്കുവേണ്ടി തുറന്ന ഓഡിറ്റോറിയം നിർമ്മാണം | 2007-08 | 1.00 |
| 5 | തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് | കെ.ഡബ്ല്യു.എ.യുടെ ജലവിതരണ പദ്ധതിയുടെ പരിപാലനം | 2007-08 | 0.88 |
| 6 | വക്കം ഗ്രാമപഞ്ചായത്ത് | വീടുകൾക്ക് പ്രത്യേകമായി വാട്ടർ കണക്ഷൻ നൽകൽ | 2003-04 മുതൽ 2007-08 വരെ | 7.19 |
| | **ആകെ** | | | **246.18** |

ബന്ധപ്പെട്ട അധികാരികളെകൊണ്ട് പ്രവൃത്തികൾ ഏറ്റെടുപ്പിക്കുന്നതിനുപകരം തനതുഫണ്ട് വിനിയോഗിച്ച് മറ്റ് വകുപ്പുകളുടെ/ഏജൻസികളുടെ പ്രവൃത്തികൾ ഏറ്റെടുത്തതിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റു വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനുള്ള ഫണ്ട് കുറയുന്നതിനിടയായി. അംഗീകാരം നൽകുന്നതിനുമുമ്പ് ജില്ലാ ആസൂത്രണസമിതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിരുന്ന പദ്ധതി നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ചിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു.

### 3.3.6.3 ജില്ലാ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും അധികാരപരിധിക്കു പുറത്തുള്ള പ്രവൃത്തി നിർവ്വഹണം

ത്രിതല പഞ്ചായത്തുകളുടെ അധികാരങ്ങളും ചുമതലകളും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ III, IV, V പട്ടികകളിൽ വിവരിച്ചിരിക്കുന്നു. 2003-04 മുതൽ 2007-08 വരെയുള്ള കാലയളവിൽ മറ്റു തലത്തിലുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടി 11.94 കോടി രൂപയുടെ പ്രവൃത്തി നിർവ്വഹണവും വാങ്ങലുകളും 10 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നടത്തിയതായി ഓഡിറ്റ് പരിശോധനയിൽ വെളിവായി.(അനുബന്ധം- XI ).

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പദ്ധതികൾ അവയുടെ ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകൾക്കകത്ത് നിയന്ത്രിച്ചു നിർത്തുന്നതിൽ ജില്ലാ ആസൂത്രണ സമിതിക്കുണ്ടായ വീഴ്ചയുടെ ഫലമായി 1.94 കോടി രൂപയുടെ അനധികൃത ചെലവുണ്ടായി. പ്ലാൻ ഫണ്ടുകളുടെ ഇപ്രകാരമുള്ള വകമാറ്റത്തിന്റെ അനന്തരഫലമായി ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനങ്ങൾക്ക് അർഹതപ്പെട്ട വികസന ആവശ്യങ്ങൾ നിഷേധിക്കാനും ഇത് ഇടയാക്കി.

## 3.3.7 അടങ്കലുകൾ തയ്യാറാക്കൽ

പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനു മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിശദമായ പ്ലാനും അടങ്കലുകളും തയ്യാറാക്കേണ്ടതും അർഹതപ്പെട്ട അധികാരികൾ അവ വേണ്ട വിധം പരിശോധിച്ച് സാങ്കേതികാനുമതി

നൽകേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഉല്ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടത് തുടർന്നുവരുന്ന ഖണ്ഡികകളിൽ കൊടുത്തിരിക്കുന്നു.

### 3.3.7.1 അടങ്കലുകൾ തയ്യാറാക്കാതെ പണികൾ നടത്തി

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, 6-ാം ചട്ടം ബജറ്റ് വിഹിതം, ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ പ്ലാൻ, അടങ്കൽ എന്നിവ ഇല്ലാതെ പണികൾ ഏറ്റെടുക്കുന്നത് നിരോധിച്ചിരിക്കുന്നു. മേലുദ്ധരിച്ച ആവശ്യകതകൾ പാലിക്കാതെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് മൊത്തം 5.70 ലക്ഷം രൂപയുടെ രണ്ട് പണികൾ നടത്തുകയുണ്ടായി. 5.20 ലക്ഷം രൂപയുടെ പട്ടികജാതി കുടുംബങ്ങൾക്കുള്ള ജലവിതരണ പദ്ധതിയും 0.50 ലക്ഷം രൂപയുടെ സി.എഫ്.എൽ. വിളക്കുകളുടെ അറ്റകുറ്റപ്പണികളുമായിരുന്നു ഇവ. ഓരോ ഇനത്തിനും നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾ നിരക്കുകളും യഥാർത്ഥ ചെലവുകളും തമ്മിൽ താരതമ്യം നടത്തി പണികളുടെ ചെലവുകൾക്ക് വേണ്ട നിയന്ത്രണം നടത്തുന്നതിനുള്ള അവസരം ഗ്രാമപഞ്ചായത്തിന് അടങ്കലുകൾ തയ്യാറാക്കുന്നതിലും സാങ്കേതികാനുമതി വാങ്ങിക്കുന്നതിലുമുണ്ടായ വീഴ്ചമൂലം നഷ്ടമായി. കൂടാതെ, അർഹതപ്പെട്ട അധികാരിയിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാകാതിരുന്നതുമൂലം ഈ പണികളുടെ സ്ഥിരതയും ഈടും ഉറപ്പാക്കാൻ കഴിഞ്ഞിരുന്നുമില്ല.

### 3.3.7.2 വികലമായ അടങ്കൽ തയ്യാറാക്കൽ

മഞ്ചേരി ജില്ലാ ആശുപത്രിയുടെ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് മലപ്പുറം ജില്ലാ പഞ്ചായത്തിന് 2002 മാർച്ചിൽ സാങ്കേതികാനുമതി ലഭിച്ച അടങ്കൽ തുകയായ 7.98 കോടി രൂപയുടെ 15.1 ശതമാനം താഴെ തുക നിശ്ചയിച്ചുകൊണ്ടും പണി തീർക്കേണ്ട തീയതി 2005 മാർച്ചായി തീരുമാനിച്ചുകൊണ്ടും പ്രവൃത്തി ഒരു കരാറുകാരനെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ 2008 ജൂൺവരെയും പണികൾ പൂർത്തിയാക്കിയിരുന്നില്ല. പണിയുടെ ഒറിജിനൽ അടങ്കലിൽ " സുരക്ഷിതമായ പാറപൊട്ടിക്കലും കട്ടപ്പമേറിയ പാറ നീക്കം ചെയ്യലും" എന്നൊരിനം ഉണ്ടായിരുന്നു. ഇതിന്റെ ആകെ അളവ് 50

ഘനമീറ്ററും അംഗീകരിച്ച നിരക്ക് പത്ത് ഘനമീറ്ററിന് 3206.26 രൂപയുമായിരുന്നു. അവസാനം നൽകിയപണിയുടെ ബില്ലപ്രകാരം ഇതിന്റെ അളവ് 8223.29 ഘനമീറ്ററായി പണി നടത്തിയപ്പോൾ വർദ്ധിക്കുകയുണ്ടായി. ഈ വർദ്ധനവ് 164.5 ശതമാനമായിരുന്നു. കരാറുകാരന് അടങ്കലിൽ പ്രതീക്ഷിച്ചിരുന്ന ചെലവായ 0.16 ലക്ഷം രൂപയുടെ സ്ഥാനത്ത് ടെണ്ടർ കിഴിവ് കഴിച്ച് 26.37 ലക്ഷം രൂപ നൽകിയിരുന്നു. ഇതിന്റെ ഫലമായി 26.21 ലക്ഷം രൂപയുടെ അധികച്ചെലവുവന്നു. 2006 മേയിൽ അടങ്കൽ 9.41 കോടി രൂപയായി വർദ്ധിപ്പിച്ച് സാങ്കേതികാനുമതി പുതുക്കിയപ്പോൾ, ഈ ഐറ്റത്തിന്റെ അളവ് 8916.43 ഘനമീറ്ററായി കാണിക്കുകയുണ്ടായി. സ്ഥലത്തിന്റെ മതിയായ സർവ്വേയും ആവശ്യമായ അന്വേഷണവും നടത്താതെയാണ് പ്രവൃത്തികളുടെ അടങ്കലുകൾ തയ്യാറാക്കിയതെന്നാണ് വസ്തുതകൾ കാണിക്കുന്നത്. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ഈ വിധമുള്ള പിഴവുകൾ അധിക ചെലവുകൾ വരുത്തിയതിനു പുറമേ പദ്ധതി ചെലവുകൾ അസാധാരണമായി വർദ്ധിക്കാൻ കാരണമായി.

### 3.3.7.3 തറപ്പണിക്ക് തെറ്റായ നിരീക്ഷണ ഡേറ്റാ സ്വീകരിച്ചതുമൂലമുണ്ടായ അധികച്ചെലവ്

1965-ലെ സ്റ്റാൻഡേർഡ് ഡേറ്റാ ബുക്കിൽ സിറാമിക് തറയോടുകളുപയോഗിച്ചുള്ള തറപ്പണിയുടെ സ്റ്റാൻഡേർഡ് ഡേറ്റാ ലഭ്യമല്ല. അതുകൊണ്ട് സ്റ്റാൻഡേർഡ് ഡേറ്റാ ബുക്കിലെ വ്യവസ്ഥകൾ പ്രകാരം ഈ ഐറ്റത്തിന്റെ നിരക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി ചീഫ് എൻജിനീയറെക്കൊണ്ട് അംഗീകരിപ്പിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2004-05 മുതൽ 2007-08 വരെയുള്ള കാലയളവിൽ തറപ്പണിയുടെ ഡേറ്റായുടെ സ്ഥാനത്ത് ഡാഡോയിംഗ്ന്റെ ഡേറ്റാ സ്വീകരിച്ച് നിരക്കുകൾ തയ്യാറാക്കിയതായി, താഴെ സൂചിപ്പിക്കും പ്രകാരം ഓഡിറ്റിന്റെ പരിശോധനയിൽ വെളിവായി.

| ക്രമ നം | പ്രവൃത്തിയുടെ ഇനം | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കാലം | തുക |
|---|---|---|---|---|
| 1 | ഗ്രിപ്പ് ഓട്ടുകൾ ഉപയോഗിച്ചുള്ള തറപ്പണി | തളിപ്പറമ്പ് മുനിസിപ്പാലിറ്റി | 2006-07 | 1.20 |
| 2 | വിട്രിഫൈഡ് ഓട്ടുകൾ ഉപയോഗിച്ചുള്ള തറപ്പണി | തിരൂർ മുനിസിപ്പാലിറ്റി | 2005-06 & 2006-07 | 0.14 |
| | | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 2006-07 | 1.00 |
| 3 | 12. മീ. മീ ഘനം 1:4 സി എം. എൽ സിറാമിക്ക് ഓട്ടുകൾ ഉപയോഗിച്ചുള്ള തറപ്പണി | തളിപ്പറമ്പ് മുനിസിപ്പാലിറ്റി | 2006-07 | 2.21 |
| 4 | 12 മീ.മീ ഘനം 1:3 സി.എം.എൽ സിറാമിക്ക് ഓട്ടുകൾ ഉപയോഗിച്ചുള്ള തറപ്പണി | കണ്ണൂർ മുനിസിപ്പാലിറ്റി | 2004-05 മുതൽ 2006-07 വരെ | 0.50 |
| | | തലശ്ശേരി മുനിസിപ്പാലിറ്റി | 2004-05 & 2005-06 | 0.28 |
| | | തിരൂർ മുനിസിപ്പാലിറ്റി | 2006-07 | 0.76 |
| | | വർക്കല മുനിസിപ്പാലിറ്റി | 2005-06 | 1.33 |
| | | മലപ്പുറം ജില്ലാ പഞ്ചായത്ത് | 2004-05 | 0.96 |
| | | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2006-07 | 10.04 |
| | | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 2007-08 | 0.83 |
| | | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 0.94 |
| | | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 2004-05 | 1.03 |
| | | ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 3.06 |
| | | കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 1.34 |
| | | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 1.00 |
| | | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് | 2004-05 | 0.49 |

| | | | |
|---|---|---|---|
| | മാടായി ഗ്രാമ പഞ്ചായത്ത് | 2004-05 | 0.47 |
| | തിരുനാവായ ഗ്രാമപഞ്ചായത്ത് | 2005-06 | 0.07 |
| | വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് | 2005-06 | 0.30 |
| | വെട്ടം ഗ്രാമ പഞ്ചായത്ത് | 2005-06 | 0.13 |
| | തലക്കാട് ഗ്രാമ പഞ്ചായത്ത് | 2006-07 | 0.03 |
| | തേഞ്ഞിപ്പാലം ഗ്രാമ പഞ്ചായത്ത് | 2006-07 | 0.50 |
| | അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് | 2007-08 | 0.65 |
| | ചിറയിൽകീഴ് ഗ്രാമ പഞ്ചായത്ത് | 2007-08 | 0.12 |
| | കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് | 2007-08 | 0.05 |
| | മംഗലപുരം ഗ്രാമ പഞ്ചായത്ത് | 2007-08 | 0.15 |
| **ആകെ** | | | **29.58** |

തറപ്പണിയുടെ നിരക്കുകളേക്കാൾ ഡാഡോയിംഗിന്റെ പണിയുടെ നിരക്കുകൾ ഉയർന്നതാണ്. ഇപ്രകാരം തയ്യാറാക്കിയ നിരക്കുകൾക്ക് ചീഫ്എൻജിനീയറുടെ അംഗീകാരമോ സാക്ഷ്യപ്പെടുത്തലോ ഉണ്ടായിരുന്നില്ല. പരിശോധിച്ച 24 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തറപ്പണിക്ക് തെറ്റായ നിരീക്ഷണ ഡേറ്റാ സ്വീകരിച്ചതു മൂലം 29.58 ലക്ഷം രൂപയുടെ അധികചെലവ് വഹിക്കേണ്ടി വന്നു.

### 3.3.7.4 സാധനങ്ങൾക്ക് താലൂക്കതലത്തിലുള്ള ശരാശരി കടത്തുകൂലി സ്വീകരിച്ചതു മൂലമുള്ള അധികചെലവ്

കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ 18-ാം ചട്ടമനുസരിച്ച് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന അടങ്കലുകൾക്ക് സ്വീകരിക്കുന്ന സാധനങ്ങൾക്കുള്ള താലൂക്ക് തലത്തിലുള്ള ശരാശരി കൺവേയൻസ് നിരക്കുകൾ (കടത്തുകൂലി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പൊതുമരാമത്ത് പണികൾക്കും ബാധകമാണ്. തലശ്ശേരി മുനിസിപ്പാലിറ്റിയും കണ്ണൂർ മുനിസിപ്പാലിറ്റിയും ഈ നിരക്കുകൾ സ്വീകരിക്കുകയുണ്ടായില്ല. പകരം അവ ഉടച്ച പാറകൾ, ഗ്രാനൈറ്റ് മെറ്റൽ, ലാറ്ററൈറ്റ്

പാറകൾ, മണൽ എന്നീ സാധനങ്ങൾക്ക് സ്വന്തമായി നിരക്കുകൾ നിശ്ചയിക്കുകയും ഈ നിരക്കുകൾ പൊതുമരാമത്തു വകുപ്പിന്റെ നിരക്കുകളേക്കാൾ ഉയർന്നതായിരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി താഴെ സൂചിപ്പിച്ചിട്ടുള്ള പ്രകാരം 11.63 ലക്ഷം രൂപയുടെ അധികച്ചെലവു വന്നു.

| മുനിസിപ്പാലിറ്റി | വർഷം | പ്രവൃത്തികളുടെ എണ്ണം | അധികചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| കണ്ണൂർ | 2003-04 മുതൽ 2006-07 വരെ | 130 | 6.07 |
| തലശ്ശേരി | 2003-04 | 94 | 5.56 |
| | | **224** | **11.63** |

### 3.3.7.5 കൺവീണർമാർ/അക്രഡിറ്റഡ് ഏജൻസികൾ തുടങ്ങിയവർ നിർവ്വഹിച്ച പ്രവൃത്തികളുടെ അടങ്കലിൽ കരാറുകാരുടെ ലാഭം ഉൾക്കൊള്ളിച്ചതു മൂലമുള്ള അധികച്ചെലവ്

ഗുണഭോക്തൃ സമിതിയുടെ കൺവീനർമാർ, അക്രഡിറ്റഡ് ഏജൻസികൾ തുടങ്ങിയവർ വഴി നടത്തുന്ന പണികളുടെ അടങ്കലുകളിൽ കരാറുകാരുടെ ലാഭം ഉൾക്കൊള്ളിക്കാൻ പാടില്ലായിരുന്നു. എന്നാൽ താഴെ കാണിച്ചിട്ടുള്ള നാലു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൺവീനർമാരും അക്രഡിറ്റിഡ് ഏജൻസികളും വഴി നടത്തിയ ചില പ്രവൃത്തികളുടെ അടങ്കൽ തയ്യാറാക്കിയപ്പോൾ കരാറുകാരുടെ ലാഭം ഉൾക്കൊള്ളിച്ചതിന്റെ ഫലമായി 16.33 ലക്ഷം രൂപയുടെ അധികച്ചെലവുണ്ടായി.

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കാലം | പ്രവൃത്തികളുടെ എണ്ണം | ആർക്ക് ഏൽപ്പിച്ചു കൊടുത്തു | അധികച്ചെലവ് |
|---|---|---|---|---|---|
| 1 | തലശ്ശേരി മുനിസിപ്പാലിറ്റി | 2006-07 | 37 | അക്രഡിറ്റഡ് ഏജൻസി | 13.66 |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2003-04 മുതൽ 2006-07 വരെ | 10 | കൺവീനർമാർ | 2.17 |
| 3 | വക്കം | 2004-05 | 1 | കൺവീനർമാർ | 0.22 |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | | | | |
| 4 | മംഗമപുരം ഗ്രാമപഞ്ചായത്ത് | 2004-05 | 3 | കൺവീനർമാർ | 0.28 |
| **ആകെ** | | | **51** | | **16.33** |

അടങ്കലുകൾ തയ്യാറാക്കിയപ്പോൾ ചട്ടങ്ങളിലെ പ്രസക്തമായ വ്യവസ്ഥകൾ പാലിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വീഴ്ചയുടെ ഫലമായി 16. 33 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന അധികച്ചെലവ് ഉണ്ടായി.

### 3.3.8 സാങ്കേതികാനുമതി

### 3.3.8.1 സാങ്കേതികാനുമതി നൽകിയതിലുള്ള ക്രമക്കേട്

(എ) പൊതുമരാമത്ത് പണികളുടെ ഓരോ പ്ലാനിനും അടങ്കലിനും സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന ഓരോ ഗ്രേഡിലുള്ള എൻജിനീയർമാരുടെ സാമ്പത്തികാധികാരത്തിന് വിധേയമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരപ്പെടുത്തിയ എൻജിനീയർമാരിൽനിന്നും സാങ്കേതികാനുമതി വാങ്ങേണ്ടതാണ്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ രേഖകൾ പരിശോധിച്ചപ്പോൾ അവിടത്തെ എൻജിനീയർമാർ നിശ്ചിത സാമ്പത്തികാധികാര പരിധിക്കുമുകളിലുള്ള പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകിക്കൊണ്ടിരി ക്കുന്നതായി വെളിവായി. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പ്രവൃത്തികളുടെ എണ്ണം | അടങ്കൽ തുക | സാങ്കേതികാനുമതി നൽകാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ | സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ | സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ സാമ്പത്തിക അധികാര പരിധി |
|---|---|---|---|---|---|
| 1 | 13 | 15 ലക്ഷം രൂപയ്ക്കു മുകളിലുള്ള ഓരോ പ്രവൃത്തിക്കും | സൂപ്രണ്ടിംഗ് എൻജിനീയർ | എക്സിക്യൂട്ടീവ് എൻജിനീയർ | 15 ലക്ഷം രൂപ വരെ |
| 2 | 6 | 45 ലക്ഷം രൂപയ്ക്കു മുകളിലുള്ള ഓരോ പ്രവൃത്തിക്കും | ചീഫ് എൻജിനീയർ | സൂപ്രണ്ടിംഗ് എൻജിനീയർ | 15 ലക്ഷം രൂപയ്ക്കു മുകളിൽ 45 ലക്ഷം രൂപ വരെ |

(ബി) അടങ്കൽ തുക 6.5 ലക്ഷം രൂപ മുതൽ മുകളിലോട്ടുള്ള എല്ലാ ഇലക്ട്രിക്കൽ പണികളുടെയും സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ

വിഭാഗത്തിൽനിന്ന് വാങ്ങണമെന്ന് കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ 7-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഒരു അടങ്കൽപോലും സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിലേക്ക് അയച്ചിരുന്നില്ല. പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സാങ്കേതികാനുമതി ഒഴിവാക്കാനായി ഇലക്ട്രിക്കൽ പണികളുടെ അടങ്കലുകൾ 6.5 രൂപയ്ക്ക് താഴെ കൊണ്ടുവരുന്നതിനായി വിഭജിച്ചുകൊണ്ടിരുന്നു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സോഡിയം വേപ്പർ വിളക്കുകൾ നാട്ടുന്നതിനുള്ള പ്രവൃത്തികളുടേയും ഉയർന്ന കാലിൽ സ്ഥാപിക്കുന്ന (ഹൈമാസ്റ്റ്) വിളക്കുകൾക്കുള്ള പ്രവൃത്തികളുടേയും അടങ്കലുകൾ 6.50 ലക്ഷം രൂപയ്ക്കു താഴെ വരത്തക്കവണ്ണം ധാരാളം ചെറിയ പ്രവൃത്തികളായി താഴെ കൊടുത്തിട്ടുള്ളവിധം വിഭജിക്കുകയുണ്ടായി. ഇതുമൂലം, പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രിക്കൽ വിഭാഗത്തിൽനിന്നും സാങ്കേതികാനുമതി വാങ്ങിയിരുന്നില്ല.

**എ) സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിക്കൽ**

| വർഷം | ആകെ അടങ്കൽ തുക (രൂപ ലക്ഷത്തിൽ) | വർഷത്തിൽ ആകെ ഏറ്റെടുത്ത പ്രവൃത്തികൾ | വിഭജിച്ച പ്രവൃത്തികളും അടങ്കൽ തുകയും | | ടെണ്ടർ നടന്ന ദിവസങ്ങൾ | പങ്കെടുത്ത ടെണ്ടറുകാരുടെ എണ്ണം |
|---|---|---|---|---|---|---|
| | | | ഒരു ലക്ഷത്തിനു താഴെ | 6.5 ലക്ഷത്തിനു താഴെ ഒരു ലക്ഷം വരെ | | |
| 2003-04 | 176.34 | 163 | 150 | 13 | 29 | 1 മുതൽ 2 വരെ |
| 2004-05 | 288.74 | 277 | 266 | 11 | 44 | 1 മുതൽ 2 വരെ |
| 2005-06 | 246.60 | 237 | 225 | 12 | 38 | 1 മുതൽ 2 വരെ |
| 2006-07 | 276.36 | 275 | 265 | 10 | 33 | 1 മുതൽ 2 വരെ |
| 2007-08 | 229.82 | 168 | 147 | 21 | 26 | 2 മുതൽ 3 വരെ |

ബി) ഉയർന്നകാലിൽ വിളക്കുകൾ സ്ഥാപിക്കൽ

| വർഷം | പ്രവൃത്തികളുടെ മൊത്തം തുക (രൂപ ലക്ഷത്തിൽ) | ടെണ്ടറു ചെയ്യലും നടത്തിയതുമായ പ്രവൃത്തികളുടെ എണ്ണം | അടങ്കൽ തുക 6.5 ലക്ഷത്തിനു താഴെയായി വിഭജിച്ച പ്രവൃത്തികളുടെ എണ്ണം | പങ്കെടുത്ത ടെണ്ടറുകാരുടെ എണ്ണം | ടെണ്ടർ നടന്ന ദിവസങ്ങൾ | കുറിപ്പ് |
|---|---|---|---|---|---|---|
| 2004-05 | 85.25 | 14 | 14 | 3 | 3 | 3.11.04-ൽ 10 പണികൾക്ക് ടെണ്ടർ വിളിച്ചു |
| 2005-06 | 51.60 | 9 | 9 | 3 | 4 | |
| 2006-07 | 50.19 | 10 | 10 | 2 മുതൽ 3 വരെ | 6 | |
| 2007-08 | 54.10 | 11 | 11 | 2 മുതൽ 3 വരെ | 1 | എല്ലാ ക്വട്ടേഷനുകളും വിളിച്ചത് 30.06.07-ൽ ആയിരുന്നു. |

പ്രവൃത്തികൾ ഇപ്രകാരം വിഭജിച്ചതിന്റെ ഫലമായി കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്തു പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ 9-ാം ചട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം ടെണ്ടർ നോട്ടീസ് പത്രങ്ങളിൽ പരസ്യം ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാകുകയും തൽഫലമായി മത്സര സ്വഭാവമുള്ള നിരക്കുകൾ കിട്ടാതെ വരികയും ചെയ്തു. (പ്രവൃത്തികളുടെ അടങ്കലുകൾ വിഭജിക്കാതെ ഉയർന്ന പബ്ലിസിറ്റി നൽകി ടെണ്ടറുകൾ ക്ഷണിച്ചിരുന്നുവെങ്കിൽ കരാറുകാരിൽനിന്നും കൂടുതൽ പ്രതികരണം ലഭിക്കുകയും ചെലവിൽ കാര്യമായ കുറവ് ഉണ്ടാവുകയും ചെയ്യുമായിരുന്നു.

## 3.3.9 ടെണ്ടർ ക്ഷണിക്കൽ

### 3.3.9.1 ടെണ്ടറുകൾക്ക് പകരം ക്വട്ടേഷൻ

അടങ്കൽ തുക 20,000 രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തികൾക്കും വാങ്ങലുകൾക്കും ടെണ്ടർ ക്ഷണിക്കണമെന്ന് കേരള പഞ്ചായത്ത്രാജ്

(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലും കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങളിൽ അടങ്കലുകൾ 20,000 രൂപയ്ക്കു മുകളിലായിരുന്നപ്പോൾ ടെണ്ടറുകൾക്കു പകരം ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നതായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ടെണ്ടർ രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ വെളിവായി.

| വർഷം | പ്രവൃത്തികളുടെ സ്വഭാവം | കിട്ടിയ ക്വട്ടേഷന്റെ എണ്ണം | പ്രവൃത്തികളുടെ എണ്ണം. |
|---|---|---|---|
| 2007 -08 | അറ്റകുറ്റപ്പണികൾ, പരിപാലനപ്രവൃത്തികൾ, വാർഷിക പരിപാലന കരാർ, കമ്പ്യൂട്ടറുകൾ വാങ്ങൽ തുടങ്ങിയവ | 94 | 24 |
| 2004-05 മുതൽ 2007-08 വരെ | ഉയർന്ന കാലിൽ വിളക്കുകൾ സ്ഥാപിക്കൽ | 121 | 44 |

മേലുദ്ധരിച്ച പ്രവൃത്തികൾക്ക് ടെണ്ടറുകൾ ക്ഷണിച്ചിരുന്നെങ്കിൽ, കോർപ്പറേഷന് മത്സരസ്വഭാവമുള്ള പ്രതികരണങ്ങൾ ലഭിക്കുമായിരുന്നു ഇതുകൂടാതെ, ടെണ്ടർ ഫോറങ്ങളുടെ വിലയായി 1.41 ലക്ഷം രൂപയുടെ വരുമാനവും ടെണ്ടർ ക്ഷണിക്കുന്നതിലൂടെ ലഭ്യമാകുമായിരുന്നു.

### 3.3.9.2 ടെണ്ടർ ഷെഡ്യൂളുകൾ തെറ്റായി തയ്യാറാക്കിയതു മൂലമുള്ള അധികം നൽകൽ

നിലവിലുള്ള മാനദണ്ഡമനുസരിച്ച്, പ്രവൃത്തികളുടെ അടങ്കലുകൾ തയ്യാറാക്കുമ്പോൾ ടെണ്ടർ അധികവും ടെണ്ടർ കുറവും ഉൾക്കൊള്ളിക്കാറില്ല. കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് 2004-05 മുതൽ 2005-06 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ മൂന്ന് ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അടങ്കൽ തയ്യാറാക്കുകയും ഇതിൽ 35 ശതമാനം പ്രതീക്ഷിത ടെണ്ടർ അധികം ഉൾക്കൊള്ളിക്കുകയും ചെയ്തിരുന്നു. കരാറുകാരൻ ആവശ്യപ്പെട്ട ടെണ്ടർ അധികം അനുവദിച്ചുകൊണ്ടാണ് പ്രവൃത്തികൾ നടപ്പിലാക്കിയത്. പൊതുമരാമത്ത്

ഇലക്ട്രിക്കൽ വിഭാഗം തെറ്റായി ഉൾക്കൊള്ളിച്ച 35 ശതമാനം പ്രതീക്ഷിത ടെണ്ടർ അധികം ഉൾക്കൊണ്ട് അടങ്കൽ തുകയെ അടിസ്ഥാനമാക്കിയായിരുന്നു കരാറുകാരന് ടെണ്ടർ അധികം നൽകിയത് . ഇപ്രകാരം അധികം നൽകിയ തുക 0.74 ലക്ഷം രൂപയായിരുന്നു. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുന്നതിനുമുമ്പ് അടങ്കലുകൾ വേണ്ടവിധത്തിൽ പരിശോധിച്ചിരുന്നുവെങ്കിൽ ഈ വിധത്തിലുള്ള അധികം നൽകൽ ഒഴിവാക്കാമായിരുന്നു .

### 3.3.9.3 ടെണ്ടർ പ്രമാണങ്ങളിൽ കൃത്രിമം

തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ 2003 നവംബർ 11 -ന് 18 പ്രവൃത്തികളുടെ ടെണ്ടറുകൾ പൊട്ടിക്കുകയും ടെണ്ടർ രജിസ്റ്ററിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തുകയുമുണ്ടായി. ടെണ്ടറുകൾ പൊട്ടിച്ച സമയത്ത് സന്നിഹിതരായിരുന്ന കരാറുകാരുടെ ഒപ്പുകളും ടെണ്ടർ രജിസ്റ്ററിൽ വാങ്ങിയിരുന്നു . പിന്നീട് മറ്റൊരു പുതിയ ടെണ്ടർ രജിസ്റ്റർ എഴുതി ഉണ്ടാക്കുകയും അതിൽ മേൽപ്പറഞ്ഞ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ വീണ്ടും രേഖപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഇങ്ങനെ ചെയ്ത കൂട്ടത്തിൽ ആറ് പ്രവൃത്തികൾക്ക് ആദ്യം ക്വാട്ട് ചെയ്തിരുന്ന കുറഞ്ഞ നിരക്കുകളിൽ വർദ്ധന വരുത്തുന്നതിനുവേണ്ടി ടെണ്ടർ പ്രമാണങ്ങളിൽ അനധികൃത തിരുത്തലുകൾ വരുത്തുകയുണ്ടായി . ഇതിൽ നാല് പ്രവൃത്തികളുടെ ഫയലുകൾ മാത്രമാണ് ഓഡിറ്റിന് ലഭിച്ചത് . ഇവയിൽ മൂന്നെണ്ണം ഡ്യൂപ്ലിക്കേറ്റ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയ നിരക്കുകളനുസരിച്ചുള്ളവയായിരുന്നു . 0.47 ലക്ഷം രൂപയുടെ അധികച്ചെലവ് ഈ പ്രവൃത്തികളിൽ വന്നതായി കണ്ടു. ഇത് ചൂണ്ടിക്കാട്ടിയപ്പോൾ സംസ്ഥാന സർക്കാർ ജില്ല പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെക്കൊണ്ട് അന്വേഷണം നടത്തിക്കുകയും അധികം നൽകിയ തുക ബ്ലോക്ക് പഞ്ചായത്തിലെ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും വസൂലാക്കാൻ 2008 ജനുവരിയിൽ ഉത്തരവാകുകയും ചെയ്തു.

## 3.3.10 പ്രവൃത്തികൾ ഏല്പിക്കൽ

### 3.3.10.1 ചട്ട വിരുദ്ധമായി ടെണ്ടർ അധികം നൽകൽ

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ 12-ാം ചട്ടം പ്രകാരം അടങ്കൽ തുകയുടെ അഞ്ചു ശതമാനത്തിലധികം

വരുന്ന ചെലവുകൾ ടെക്നിക്കൽ കമ്മിറ്റിയുടെ മുൻകൂർ അനുവാദത്തോടുകൂടി മാത്രമേ പഞ്ചായത്ത് അനുവദിക്കാൻ പാടുള്ളൂ. തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ പടിഞ്ഞാറേക്കര ബീച്ചിലെ നടപ്പാത നിർമ്മാണത്തിന് 2004-ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അടങ്കലിന് 2005 ഏപ്രിലിൽ സാങ്കേതികാനുമതി നൽകുകയുണ്ടായി. ടെക്നിക്കൽ കമ്മിറ്റിയുടെ അനുവാദമില്ലാതെ പ്രവൃത്തി അടങ്കൽ തുകയുടെ 15 ശതമാനം മുകളിൽ നിശ്ചയിച്ച് 2005 മേയിൽ കരാറുകാരെ ഏൽപ്പിക്കുകയുണ്ടായി. 2007 ഏപ്രിലിൽ പ്രവൃത്തി പൂർത്തിയാക്കുകയും അവസാന ബിൽ തുകയായ 41.93 ലക്ഷം രൂപ 2007 ആഗസ്റ്റിൽ നൽകുകയും ചെയ്തു. പ്രവൃത്തിയ്ക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ മുൻകൂർ അനുമതി വാങ്ങാതെ 15 ശതമാനം ടെണ്ടർ അധികം നൽകിയത് ക്രമവിരുദ്ധമായിരുന്നു.

## 3.3.10.2 ക്രമവിരുദ്ധമായി പ്രവൃത്തി ഏൽപ്പിക്കൽ

(i) തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പിണറായി പഞ്ചായത്തിലെ 23 ലക്ഷം രൂപ അടങ്കലുള്ള പാണ്ടകപ്പാറ കായലോട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 2000 നവംബറിൽ ദർഘാസ് ക്ഷണിക്കുകയുണ്ടായി . പതിനേഴ് കരാറുകാർ ടെണ്ടർ ഷെഡ്യൂളുകൾ വാങ്ങിയിരുന്നുവെങ്കിലും രണ്ട് ദർഘാസ്സ് മാത്രമേ ലഭിച്ചിരുന്നുള്ളൂ. ഒന്ന് അടങ്കൽനിരക്കിന്റെ പത്ത് ശതമാനം മുകളിൽ ക്വാട്ട് ചെയ്ത ശ്രീമാൻ എ.അബ്ദുള്ളകുഞ്ഞിയിൽനിന്നും മറ്റൊന്ന് അടങ്കൽ നിരക്കിന്റെ 24.99 ശതമാനം താഴെ ക്വാട്ട് ചെയ്ത ശ്രീമാൻ കെ. മുഹമ്മദിൽ നിന്നും ആയിരുന്നു അവ ലഭിച്ചത്. ശ്രീമാൻ കെ മുഹമ്മദ് ക്വാട്ട് ചെയ്ത നിരക്ക് അടങ്കൽ നിരക്കിന്റെ 20 ശതമാനം മുകളിൽ എന്ന് പിന്നീട് സാക്ഷ്യപ്പെടുത്തൽ കൂടാതെ തിരുത്തുകയും ദർഘാസ് തുറന്നപ്പോൾ സന്നിഹിതനായിരുന്ന ശ്രീമാൻ അബ്ദുള്ളകുഞ്ഞിയുമായി കൂടിയാലോചിച്ച് പ്രവൃത്തി അടങ്കൽ തുകയിൽ ചെയ്യുവാനായി ഏല്പിക്കുകയുണ്ടായി. പ്രവൃത്തി 21. 18 ലക്ഷം രൂപ ചെലവിൽ 2003 മാർച്ചിൽ പൂർത്തിയാക്കിയിരുന്നു. ദർഘാസ് പ്രക്രിയയിൽ കരാറുകാരുടെ തുച്ഛമായ പങ്കെടുക്കലും ക്വാട്ട് ചെയ്ത നിരക്കുകളിലുള്ള തിരുത്തലും സൂചിപ്പിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവോടുകൂടിയുള്ള കരാറുകാരുടെ രഹസ്യധാരണയെയാണ്. വിശേഷവിധിയായി ഈ ഉദ്യോഗസ്ഥൻ കേരള

പഞ്ചായത്ത്‌രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നവിധം തിരുത്തലുകൾ രേഖപ്പെടുത്തുകയോ, സാക്ഷ്യപ്പെടുത്തുകയോ, അതുമല്ലെങ്കിൽ സ്വന്തം കൈപ്പടയിൽ ക്വാട്ട് ചെയ്ത നിരക്കുകൾ രേഖപ്പെടുത്തുകയോ ചെയ്തിരുന്നില്ല. ഇതുമൂലം 5 (വകുപ്പ് വിതരണം ചെയ്ത സാധനങ്ങളുടെ വിലകഴിച്ചുള്ള പ്രവൃത്തിയുടെ തുകയുടെ 24.99 ശതമാനം) ലക്ഷം രൂപയുടെ നഷ്ടമുണ്ടായി .

(ii) താഴെപ്പറയുന്ന കാര്യങ്ങളിലും ഇതുപോലെ ദർഘാസ് തുറന്ന ഉദ്യോഗസ്ഥൻ ക്വാട്ട് ചെയ്തിരുന്ന അസ്സൽ നിരക്കുകളിൽ സാക്ഷ്യപ്പെടുത്തൽ കൂടാതെ തിരുത്തലുകൾ നടത്തുകയുണ്ടായി.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | അസ്സലായി ക്വാട്ട് ചെയ്ത നിരക്ക് | ഭേദഗതി വരുത്തിയ നിരക്ക് |
|---|---|---|---|---|
| 1. | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ഈഴം പി.എച്ച്.സി. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ | അടങ്കൽ നിരക്കിന്റെ 10 ശതമാനം താഴെ | അടങ്കൽ നിരക്കിന്റെ 10 ശതമാനം മുകളിൽ |
| 2. | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | വൃദ്ധസദനം കെട്ടിടം | അടങ്കൽ നിരക്ക് | അടങ്കൽ നിരക്കിന്റെ 10 ശതമാനം മുകളിൽ |

നിരക്കുകളിൽ വർദ്ധന വരുത്തിയതിന്റെ ഫലമായി ടെണ്ടറുകൾ നിരസിക്കുവാനും അടങ്കൽ തുകകൾ ക്വാട്ട് ചെയ്ത മറ്റൊരു കരാറുകാരനെ പ്രവൃത്തികൾ ഏൽപിക്കാനും ഇതുമൂലം സാധിച്ചു

### 3.3.10.3 പ്രവൃത്തിക്കുള്ള ഉത്തരവ് സുദീർഘ കാലയളവിൽ പുറപ്പെടുവിക്കാത്തതു മൂലമുള്ള അധികച്ചെലവ്

കണ്ണൂർ ജില്ലാപഞ്ചായത്ത് നരുവാമ്പ്രത്ത് തയ്യലിനും വസ്ത്രനിർമ്മാണ സെന്ററിനും വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിന് അടങ്കൽ നിരക്കിന്റെ

6.10 ശതമാനം താഴെ ക്വാട്ട് ചെയ്ത ദർഘാസ് 2003-04-ൽ സ്വീകരിച്ചു. പ്രവൃത്തിയുടെ അടങ്കൽ തുക 7 ലക്ഷം രൂപയായിരുന്നു. എന്നാൽ പ്രവൃത്തിക്കുള്ള ഉത്തരവ് സുദൃഢ കാലയളവായ 120 ദിവസത്തിനകം പുറപ്പെടുവിച്ചിരുന്നില്ല. അനന്തരം പ്രവൃത്തി റീ-ടെണ്ടർ ചെയ്യുകയും അടങ്കൽ നിരക്കിന്റെ 7.50 ശതമാനം മുകളിൽ നിശ്ചയിച്ച് ഏല്പിക്കുകയുമുണ്ടായി. പഞ്ചായത്തിന്റെ ഈ പിഴവിന്റെ ഫലമായി 0.68 (വകുപ്പ് വിതരണം ചെയ്ത സാധനങ്ങളുടെ വിലകഴിച്ചുള്ള പ്രവൃത്തിയുടെ തുകയുടെ 24.99 ശതമാനം) ലക്ഷം രൂപയുടെ അധികച്ചെലവ് വന്നു.

### 3.3.11 ജാമ്യ നിക്ഷേപങ്ങൾ / ജാമ്യത്തുകകൾ

### 3.3.11.1 ജാമ്യനിക്ഷേപവും ജാമ്യത്തുകയും വസൂലാക്കാതിരിക്കൽ

ഏതു വ്യക്തി സമർപ്പിച്ച ദർഘാസാണോ സ്വീകരിക്കപ്പെട്ടത് അയാൾ, കരാർ സംഖ്യയുടെ 5 ശതമാനം (നിരതദ്രവ്യം ഉൾപ്പെടെ) ജാമ്യനിക്ഷേപമായി കെട്ടിവയ്ക്കേണ്ടതും കരാർപത്രം ഒപ്പിട്ടു നൽകേണ്ടതുമാണെന്ന് കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്തു പണികളുടെ നടത്തിപ്പും സാധനം വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 10(15) അനുശാസിക്കുന്നു. ഇനിപ്പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ജാമ്യ നിക്ഷേപമോ, ജാമ്യത്തുകയോ കരാർ നിറവേറ്റുന്നതിനുവേണ്ടി വസൂലാക്കിയിരുന്നില്ല.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | വസൂലാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1. | വർക്കല മുനിസിപ്പാലിറ്റി | കടപ്പുറത്തിന്റെ സൗന്ദര്യവൽക്കരണവും നടപ്പാത നിർമ്മാണവും കരാർ നം.29/04-05 | ഒന്നാമത്തെയും രണ്ടാമത്തെയും ഭാഗിക ബില്ലുകളിൽ നിന്നും റിട്ടെൻഷൻ തുകയായി 1.95 ലക്ഷം രൂപ. |
| 2. | വർക്കല മുനിസിപ്പാലിറ്റി | കമ്പോസ്റ്റ് ഷെഡ്, കക്കൂസ്, സെക്യൂരിറ്റി മുറി എന്നിവയുടെ നിർമ്മാണം കരാർ തീയതി 24-03-06 | ഒരു ലക്ഷം രൂപ ജാമ്യനിക്ഷേപം |

കരാറുകാർ പ്രവൃത്തി പൂർണ്ണമാക്കുന്നത് ഉറപ്പുവരുത്താനും മോശമായ പ്രവൃത്തികൾ നടത്തിയാൽ ജാമ്യനിക്ഷേപം കണ്ടുകെട്ടാനുമാണ് ധനപരമായ ഒരു ഉറപ്പ് എന്ന നിലയിൽ ജാമ്യ നിക്ഷേപവും ജാമ്യത്തുകയും സ്വീകരിക്കുന്നത്. മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളുടെ കാര്യത്തിലും ചട്ടങ്ങളുടെ ലംഘനംമൂലം പീനൽ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്റെ ഗുണഫലം മുനിസിപ്പാലിറ്റിക്ക് നഷ്ടമായി.

### 3.3.11.2 ലാപ്സായ നിക്ഷേപങ്ങൾ

പണമായി ലഭിച്ച നിരതദ്രവ്യം മൂന്ന് കൊല്ലത്തിലധികം തിരികെ വാങ്ങാതിരുന്നാൽ, അവയെ ലാപ്സായ നിക്ഷേപമായി കരുതി റവന്യൂവിലേക്ക് വരവുവെയ്ക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിലെ ഖണ്ഡിക 15.4.1 - ൽ നിർദ്ദേശിക്കുന്നു . ഇനിപ്പറയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1979-80 മുതൽ 2003-04 വരെ ലഭിച്ചതും എന്നാൽ തിരികെ വാങ്ങിയിട്ടില്ലാത്തതുമായ 12 ലക്ഷം രൂപയുടെ നിക്ഷേപങ്ങൾ റവന്യൂവിൽ വരവ് വെയ്ക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇപ്രകാരമുള്ള 12 ലക്ഷം രൂപയുടെ ലാപ്സായ നിക്ഷേപങ്ങൾ റവന്യൂവിൽ വരവു വെച്ചിരുന്നുവെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ തുക വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമായിരുന്നു.

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കാലയളവ് | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 1990-91 മുതൽ 2003-04 വരെ | 0.26 |
| 2 | തിരുനാവായ ഗ്രാമപഞ്ചായത്ത് | 1979-80 മുതൽ 2003-04 വരെ | 0.31 |
| 3 | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | 1986-87 മുതൽ 2003-04 വരെ | 0.16 |
| 4 | തലക്കാട് ഗ്രാമപഞ്ചായത്ത് | 1995-96 മുതൽ 2003-04 | 0.31 |

| | | | |
|---|---|---|---|
| | | വരെ | |
| 5 | കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് | 1996-97 മുതൽ 2003-04 വരെ | 0.30 |
| 6 | മാടായി ഗ്രാമപഞ്ചായത്ത് | 1997-98 മുതൽ 2003-04 വരെ | 3.27 |
| 7 | പോത്തൻകോട് ഗ്രാമപഞ്ചായത്ത് | 1999-00 മുതൽ 2003-04 വരെ | 0.39 |
| 8 | അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | 2002-03 മുതൽ 2003-04 വരെ | 0.31 |
| 9 | കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് | 2002-03 & 2003-04 | 1.90 |
| 10 | കോട്ടയം ആലമ്പടമ്പ ഗ്രാമപഞ്ചായത്ത് | 2002-03 & 2003-04 | 0.22 |
| 11 | നൃമാഹി ഗ്രാമപഞ്ചായത്ത് | 2002-03 & 2003-04 | 0.14 |
| 12 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് | 2003-04 | 0.16 |
| 13 | തിരുരങ്ങാടി ഗ്രാമപഞ്ചായത്ത് | 2003-04 | 3.62 |
| 14 | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | 2003-04 | 0.65 |
| | **ആകെ** | | **12.00** |

### 3.3.11.3 പലിശ കിട്ടുന്ന സെക്യൂരിറ്റികൾ മൂന്നു വർഷത്തിലധികമായി അവകാശപ്പെടാതെ കിടക്കുന്നത്

എ) 1981 ആഗസ്റ്റ് മുതൽ 2005 മാർച്ച് വരെ ജാമ്യം നിക്ഷേപമായി ലഭിച്ച 22.49 ലക്ഷം രൂപയുടെ പലിശ കിട്ടുന്ന സെക്യൂരിറ്റികൾ താഴെ വിശദീകരിക്കും പ്രകാരം, പരിശോധിച്ച 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പണമാക്കാതെ

മൂന്നു വർഷത്തിലധികം കാലം കിടന്നിരുന്നു. ഇന്ദിര വികാസ് പത്രങ്ങൾ , കിസാൻ വികാസ് പത്രങ്ങൾ , പോസ്റ്റ് ഓഫീസ് ടൈം നിക്ഷേപങ്ങൾ, സ്ഥിര നിക്ഷേപങ്ങൾ, ടേം നിക്ഷേപ രസീതുകൾ, 6 വർഷ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ, ക്യാഷ് സർട്ടിഫിക്കറ്റുകൾ എന്നിവ കാലാവധി കഴിഞ്ഞിട്ടും പുതുക്കുകയുണ്ടായില്ല. റവന്യൂവിലേക്ക് ഈ തുകകൾ വരവുവയ്ക്കുന്നതിനായി ഒരു നടപടിയും എടുക്കുകയുമുണ്ടായില്ല. ആയതിനാൽ വൻ തുകകൾ ഇത്തരം നിക്ഷേപ സർട്ടിഫിക്കറ്റുകളിൽ ഉപയോഗമില്ലാതെ കെട്ടിക്കിടന്നു.

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | സർട്ടിഫിക്കറ്റുകളുടെ എണ്ണം | കാലം | തുക |
|---|---|---|---|---|
| 1 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഫോർട്ടുകൊച്ചി മേഖല | 5 | 1999-2004 | 0.24 |
| 2 | കണ്ണൂർ മുനിസിപ്പാലിറ്റി | 50 | 1993-2004 | 3.12 |
| 3 | പയ്യന്നൂർ മുനിസിപ്പാലിറ്റി | 7 | 2002-2004 | 1.70 |
| 4 | തലശ്ശേരി മുനിസിപ്പാലിറ്റി | 11 | 1993-1994 | 1.17 |
| 5 | തളിപ്പറമ്പ് മുനിസിപ്പാലിറ്റി | 50 | 1998-2004 | 2.47 |
| 6 | തിരൂർ മുനിസിപ്പാലിറ്റി | 49 | 1987-2004 | 1.94 |
| 7 | വർക്കല മുനിസിപ്പാലിറ്റി | 2 | 2003-2004 | 0.67 |
| 8 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 17 | 2000-2004 | 8.41 |
| 9 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 19 | 1981-2003 | 1.39 |
| 10 | കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് | 2 | 2002-2004 | 0.16 |

| | | | | |
|---|---|---|---|---|
| 11 | കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് | 1 | 2002-2003 | 0.10 |
| 12 | കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് | 3 | 2003-2005 | 1.12 |
| | **ആകെ** | **216** | | **22.49** |

ബി) ഒൻപത് (കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, പയ്യന്നൂർ, തളിപ്പറമ്പ്, തിരൂർ, വർക്കല മുനിസിപ്പാലിറ്റികൾ, മലപ്പുറം, തിരുവനന്തപുരം ജില്ലാ പഞ്ചായത്തുകൾ, കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത്, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1981-82 മുതൽ 2008 മാർച്ചുവരെയുള്ള കാലയളവിൽ ലഭിച്ച നിരതദ്രവ്യവും നിക്ഷേപ ജാമ്യവും അടങ്ങിയ 5 ലക്ഷം രൂപ മൂല്യമുള്ള ഡി.ഡികളും ചെക്കുകളും കൈവശം സൂക്ഷിച്ചിരിക്കുന്നതായി പരിശോധനയിൽ കാണുകയുണ്ടായി. നൽകുന്ന ദിവസം മുതൽ ആറുമാസമാണ് നെഗോഷിയബിൾ ഇൻസ്ട്രുമെന്റ് നിയമമനുസരിച്ച് ഡി.ഡിയുടെയും ചെക്കുകളുടെയും കാലാവധി . ചെക്കുകളും ഡി.ഡികളും അവയുടെ കാലാവധിക്കുള്ളിൽ പണമാക്കുകയോ, പുതുക്കുകയോ ചെയ്യാതിരുന്നതിനാൽ ഈ ജാമ്യങ്ങളിൽ അവകാശപ്പെടാതെ കിടന്ന ഐറ്റങ്ങൾ റവന്യൂവിലേക്ക് വരവു വയ്ക്കാൻ കഴിഞ്ഞിരുന്നില്ല .

### 3.3.12 സൈറ്റുകൾ കൈമാറുന്നതിലുള്ള കാലതാമസം

### 3.3.12.1 സൈറ്റുകൾ കൈമാറുന്നതിൽ വന്ന കാലതാമസംമൂലമുള്ള ഒഴിവാക്കാമായിരുന്ന ചെലവ്

പ്രവൃത്തി നടത്തുവാൻ ആവശ്യമായ സ്ഥലം കരാറുകാരന് കൈമാറ്റം ചെയ്യാൻ റെഡിയായാൽ മാത്രമേ ദർഘാസുകൾ ക്ഷണിക്കാവൂ എന്ന് കേരള പൊതുമരാമത്തുവകുപ്പ് മാനുവലിന്റെ 15.2.2 ഖണ്ഡികയിൽ നിർദ്ദേശിച്ചിരിക്കുന്നു. നിലവിലുള്ള ബസ് സ്റ്റാന്റിന്റെ സ്ഥാനത്ത് മറ്റൊരു ബസ് സ്റ്റാന്റും കടകളുടെ സമുച്ചയവും നിർമ്മിക്കുവാൻ 1990 ഡിസംബറിൽ തളിപ്പറമ്പു മുനിസിപ്പാലിറ്റി തീരുമാനിച്ചു 1994 ഒക്ടോബറിൽ പ്രവൃത്തിക്കുവേണ്ടിയുള്ള ദർഘാസുകൾ ക്ഷണിക്കുകയുണ്ടായി. പ്രവൃത്തി 1992-ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അടങ്കൽ തുകയായ 64.85

ലക്ഷം രൂപയുടെ 75 ശതമാനം മുകളിൽ ഉറപ്പിച്ച് 1995 ഫെബ്രുവരിയിൽ കരാറുകാരനെ ഏല്പിക്കുകയുണ്ടായി. കരാറനുസരിച്ച് പ്രവൃത്തി 1996 ആഗസ്റ്റിൽ പൂർത്തിയാക്കേണ്ടിയിരുന്നു. പണിപൂർത്തിയാക്കേണ്ടിയിരുന്ന നിർദ്ദിഷ്ട തീയതിയ്ക്കു മുമ്പുപോലും നിലവിലുള്ള ബസ് സ്റ്റാന്റ് അനുയോജ്യമായ സ്ഥലത്തേക്ക് താൽക്കാലികമായി മാറ്റി, പ്രവൃത്തി നടത്തേണ്ട സ്ഥലം കരാറുകാരന് വിട്ടുകൊടുക്കുവാൻ മുനിസിപ്പാലിറ്റിയ്ക്ക് കഴിയാതിരുന്നതിനാൽ 1997 സെപ്റ്റംബറിൽ അയാൾ ടെണ്ടർ അധികം 75 - ൽ നിന്ന് 115 ശതമാനമായി ഉയർത്തി നൽകുവാൻ ആവശ്യപ്പെട്ടു. എന്നാൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റി കരാറുകാരന്റെ അപേക്ഷ നിരസിക്കുകയും 1998 ഒക്ടോബറിൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുകയും ചെയ്തു. റീ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ അടങ്കൽ നിരക്കിന്റെ 80 ശതമാനം മുകളിൽ നിശ്ചയിച്ച് ഏല്പിച്ചുവെങ്കിലും, ഇതിനെതിരെ മുൻ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവ് സമ്പാദിയ്ക്കുകയാണുണ്ടായത്. നിർമ്മാണ പ്രവൃത്തി അനിശ്ചിതമായി നീണ്ടുപോയതിനാൽ സർക്കാരിന്റെ 2004 ജനുവരിയിലെ നിർദ്ദേശാനുസരണം മുൻ കരാറുകാരനെ തന്നെ അടങ്കൽ നിരക്കിന്റെ 115 ശതമാനം മുകളിൽ പ്രവൃത്തി 2004 മാർച്ചിൽ വീണ്ടും ഏല്പിക്കുകയും സ്ഥലം കൈമാറുകയും ചെയ്യുകയുണ്ടായി. 2007 ജൂണിൽ പ്രവൃത്തി പൂർത്തിയാക്കു കയുണ്ടായി. വർദ്ധിപ്പിച്ച നിരക്ക് (115 ശതമാനം) വച്ച് നൽകിയ ടെണ്ടർ അധികം 74.74 ലക്ഷം രൂപയായിരുന്നു. ഇതിൽ ഒഴിവാക്കാമായിരുന്ന ചെലവ് 29.89 ലക്ഷം രൂപയായിരുന്നു.

ആദ്യം പ്രവൃത്തി ഏൽപ്പിച്ചത് 1995 ഫെബ്രുവരിയിലായിരുന്നെങ്കിലും മുനിസിപ്പാലിറ്റി സ്ഥലം കൈമാറിയത് ഒൻപതുവർഷത്തിനുശേഷം 2004 മാർച്ചിൽ മാത്രമായിരുന്നു. സ്ഥലം കൈമാറുന്നതിൽ അസാധാരണമായ കാലതാമസം നേരിട്ടതിന്റെ ഫലമായി 29.89 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന ചെലവ് മുനിസിപ്പാലിറ്റിക്ക് വരികയുണ്ടായി.

### 3.3.12.2 സ്ഥലം കൈമാറുന്നതിന വളരെ മുമ്പ് മുൻകൂർ നൽകിയതുമൂലമുള്ള പലിശനഷ്ടം

ഗ്രാമവികസന വകുപ്പിന്റെ സ്ഥലം കൈമാറി കിട്ടി എന്ന അനുമാനത്തിൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ കണ്ടൂർ മലയിൽ 33.83 ലക്ഷം രൂപ അടങ്കലിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിർമ്മിക്കുവാൻ 1997-98 -ൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചു. പ്രവൃത്തി ചെയ്യുവാനായി നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തുകയും മുൻകൂർ തുകയായി 27.54 ലക്ഷം രൂപ 1999 ഫെബ്രുവരി - മാർച്ച് മാസങ്ങളിലായി നൽകുകയും ചെയ്തിരുന്നു. ഗ്രാമവികസന വകുപ്പ് അതിന്റെ സ്വന്തം സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്താൻ ബ്ലോക്ക് പഞ്ചായത്തിന് അനുവാദം നൽകാഞ്ഞതുകൊണ്ട് സ്ഥലം കൈമാറാൻ കഴിഞ്ഞിരുന്നില്ല. ഇതേ കാലയളവിൽ പിണറായി ഗ്രാമപഞ്ചായത്ത് 2004 ഫെബ്രുവരിയിൽ 61 സെന്റ് സ്ഥലം എസ്റ്റേറ്റ് നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുകയും നേരത്തെ ആലോചിച്ചിരുന്ന 15 പ്രവൃത്തി ഷെഡ്ഡുകളുടെ നിർമ്മാണം ആറെണ്ണമായി പരിമിതപ്പെടുത്തി പണികൾ 2005 മാർച്ചിൽ 13.50 ലക്ഷം രൂപ ചെലവിൽ പൂർത്തികരിക്കുകയുണ്ടായി. നിർദ്ദിഷ്ട സ്ഥലം കൂടുതൽ പ്രവൃത്തി ഷെഡ്ഡുകൾ നിർമ്മിക്കാൻ അപര്യാപ്തമായതിനാൽ മിച്ചമുള്ള ഫണ്ട് നിർമ്മാണം പൂർത്തിയാക്കിയ ഷെഡുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ വിനിയോഗിക്കുകയുണ്ടായി. 2005 ആഗസ്റ്റിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. സ്ഥലം കൈമാറുന്നതിന് മുമ്പ് തുക മുൻകൂർ നൽകിയതിന്റെ ഫലമായി ഫണ്ടുകൾ കെട്ടിക്കിടക്കേണ്ടി വരികയും അനന്തരഫലമായി 1999 ഫെബ്രുവരി മുതൽ 2004 ഫെബ്രുവരി വരെയുള്ള കാലയളവിൽ 15.15 ലക്ഷം രൂപയുടെ പലിശയിനത്തിലുള്ള നഷ്ടം സംഭവിക്കുകയും ചെയ്തു.

### 3.3.12.3. അപ്രോച്ച് റോഡിന് സ്ഥലം അക്വയർ ചെയ്യാതെ സബ്‌വേ പണിക്ക് റെയിൽവേയെ ചുമതലപ്പെടുത്തിയത്

പാർലമെന്റ് മെമ്പർമാരുടെ പ്രാദേശിക വികസന പദ്ധതിയിൻ കീഴിൽ ഇടപ്പള്ളി റെയിൽവേ സ്റ്റേഷനടുത്തുള്ള മക്കപ്പറമ്പിൽ സബ്‌വേ നിർമ്മാണത്തിന്

ബഹുമാനപ്പെട്ട എറണാകുളം എം.പി.യുടെ നിർദ്ദേശാനുസരണം തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ (വർക്ക്സ്) 2000 ജൂണിൽ 23.43 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കി എറണാകുളം ജില്ലാ കളക്ടറെ ഏൽപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട എം.പി.യുടെ അകാലചരമത്തെത്തുടർന്ന് മത്സ്യബന്ധനത്തിന്റെയും വിനോദ സഞ്ചാരത്തിന്റെയും ചുമതലയുള്ള സംസ്ഥാനമന്ത്രി 2003 സെപ്റ്റംബറിൽ കൊച്ചി കോർപ്പറേഷൻ മേയറോട് മുഴുവൻ തുകയും (23.43 ലക്ഷം രൂപ), 2003-ലെ എം.എൽ.എ. ഫണ്ടിൽ നിന്ന് തിരിച്ചുനൽകാമെന്ന വ്യവസ്ഥയിൽ, കോർപ്പറേഷന്റെ ഫണ്ടിൽ നിന്നും മുൻകൂറായി റെയിൽവേയ്ക്ക് നൽകാൻ നിർദ്ദേശിച്ചിരുന്നു. 2003 നവംബറിൽ സെന്റേജ് നിരക്കുകൾ ഉൾപ്പെടുത്തി അടങ്കൽ 27 ലക്ഷം രൂപയായി പുതുക്കുകയും അതിനെതുടർന്ന് കോർപ്പറേഷന്റെ ഫണ്ടിൽ നിന്നും, ബാക്കി തുക 2003 നവംബറിലും 2004 ജൂലൈയിലുമായി റെയിൽവേയ്ക്ക് അടയ്ക്കുകയും ചെയ്തു. പിന്നീട് 2007 സെപ്റ്റംബറിൽ റെയിൽവേ അടങ്കൽ തുക 59 ലക്ഷമായി വീണ്ടും പുതുക്കിയതുകാരണം 32 ലക്ഷം രൂപകൂടി കോർപ്പറേഷൻ പദ്ധതി ഫണ്ടിൽനിന്നും 2008 മാർച്ചിൽ അടയ്ക്കുകയുണ്ടായി .

2005 ജനുവരിയിൽ 27 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും തിരിച്ചു നൽകാൻ കോർപ്പറേഷൻ അപേക്ഷിച്ചുവെങ്കിലും 2008 ആഗസ്റ്റ് വരെ ജില്ലാകളക്ടർ ഈ തുക നൽകുകയുണ്ടായില്ല. സബ്‌വേയിലേക്ക് പ്രവേശിക്കാനുള്ള അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലലഭ്യത ഉറപ്പുവരുത്താതെയാണ് പദ്ധതി ഏറ്റെടുത്തിരുന്നത്. സബ്‌വേയുടെ ഇരുവശങ്ങളിലും കോർപ്പറേഷന്റെ സ്ഥലം ലഭ്യമല്ലാതിരുന്നിട്ടും ആവശ്യമായ സ്ഥലം അക്വയർ ചെയ്യാൻ ഊർജ്ജിതമായ ഒരു നടപടിയും കോർപ്പറേഷന്റെ ഭാഗത്തുനിന്ന് എടുക്കുകയുണ്ടായില്ല. സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി മുടങ്ങിക്കിടക്കുന്നതിനാൽ റെയിൽവേ 2008 മാർച്ച് വരെയും സബ്‌വേയുടെ നിർമ്മാണം തുടങ്ങുകയുണ്ടായില്ല. അപ്രോച്ച് റോഡിനുവേണ്ട സ്ഥലത്തിന്റെ ലഭ്യത ഉറപ്പുവരുത്താതെ പണം മുൻകൂറായി നൽകിയതിന്റെ ഫലമായി 59 ലക്ഷം രൂപയുടെ ഫണ്ട് റെയിൽവേയുടെ കൈവശം കെട്ടിക്കിടക്കാനിടയായി.

## 3.3.13 കരാറുകൾ
## 3.3.13.1 ക്രമരഹിതമായ കരാറുകളുടെ നിർവ്വഹണം

ഋതുഭേദങ്ങൾ, സാധനങ്ങൾ സംഭരിക്കുന്നതിന് ആവശ്യമായേക്കാവുന്ന സമയം, വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ക്രമം, പരിമിതികളുള്ള മറ്റു ഘടകങ്ങൾ എന്നിവ കണക്കിലെടുത്ത് പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ സമയം ശ്രദ്ധാപൂർവ്വം നിർണ്ണയിച്ചശേഷം മാത്രമാണ് ദർഘാസുകൾ ക്ഷണിക്കേണ്ടത്. കരാറിൽ ഏർപ്പെടുമ്പോൾ പ്രവൃത്തി പൂർത്തിയാക്കുവാനുള്ള സമയവും പണിയുടെ നടത്തിപ്പിൽ കാലതാമസം നേരിടുന്നപക്ഷം പിഴ ഈടാക്കാനുള്ള വ്യവസ്ഥകളും നിർബ്ബന്ധമായും കരാറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇനിപ്പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാറുകാരുമായി പണിനടത്തിപ്പിന് കരാറുകൾ ഒപ്പിട്ടപ്പോൾ പ്രവൃത്തി പൂർത്തിയാക്കുവാനുള്ള സമയപരിധി ഉൾപ്പെടുത്തിയിരുന്നില്ല .

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | കരാർ വർഷം | ഇതുവരെയുള്ള ചെലവ് | കുറിപ്പ് |
|---|---|---|---|---|---|
| 1 | തളിപ്പറമ്പ് മുനിസിപ്പാലിറ്റി | ക്രോസ്ബാർ പ്രവൃത്തി കൾക്കുവേണ്ടിയുള്ള ഇൻഡസ്ട്രിയൽ ഷെഡ്ഡുകൾ വി.സി.ബി. പ്രവൃത്തി | 2001<br>2002<br>2003 | 5.77<br>7.49<br>8.56 | പൂർത്തിയാക്കിയില്ല<br>3/06-ൽ പൂർത്തിയാക്കി<br>7/06-ൽ പൂർത്തിയാക്കി |
| 2 | തിരൂർ മുനിസിപ്പാലിറ്റി | താലൂക്കാശുപത്രിയോടു ചേർന്നുള്ള | 2000 | 6.00 | പൂർത്തിയാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| | | പാരാമെഡിക്കൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ നിർമ്മാണം | | | |
| 3 | വർക്കല മുനിസിപ്പാലിറ്റി | ഖരമാലിന്യ സംസ്കരണ ഷെഡ്ഡുകളുടെ നിർമ്മാണം (പുതുക്കിയത്) | 2007 | 20.00 | പൂർത്തിയാക്കിയില്ല |
| 4 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | കക്കയത്ത് അംഗൻവാടി കെട്ടിട നിർമ്മാണം<br>ഓസ്സാൻപടി അംഗൻവാടി കെട്ടിട നിർമ്മാണം | 2008<br>2008 | 0.38<br>0.38 | പൂർത്തിയാക്കിയില്ല<br>പൂർത്തിയാക്കിയില്ല |
| 5 | കോട്ടയം (മലബാർ) ഗ്രാമപഞ്ചായത്ത് | മോവേരി ലക്ഷം വീട് കോളനിയിലെ ജലവിതരണ പദ്ധതി | 2004 | 0.25 | പൂർത്തിയാക്കിയില്ല |

കരാറിൽ പ്രവൃത്തി പൂർത്തിയാക്കുവാനുള്ള നിർദ്ദിഷ്ട തീയതിയുടെ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിൽ വന്ന വീഴ്ച പണിപൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിനു പുറമേ, ജനങ്ങൾക്ക് പദ്ധതിയിൽ നിന്നുള്ള ഉദ്ദിഷ്ട ഗുണഫലം നിഷേധിക്കുവാനുമിടയായി. ഇതു കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വീഴ്ച കരാറുകാർക്ക് പൊതുധനം (പബ്ലിക് മണി) അനിശ്ചിതകാലം കൈവശം വയ്ക്കാൻ സഹായകവുമായി .

## 3.3.14 പ്രവൃത്തികളുടെ നടത്തിപ്പ്

### 3.3.14.1 മണ്ണിട്ടു നികത്തുന്ന പണികളിൽ ഒരു ലീഡും ഒരു ലിഫ്റ്റും കുറവു ചെയ്യാത്തതുമൂലമുള്ള അധികം നൽകൽ

മൺവേലയുടെ ഉൽഖനനത്തിന്റെയും ലോറിയിൽ കടത്തുന്നതിന്റെയും നിരക്കുകൾ കൂട്ടിച്ചേർത്താണ് കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തുന്ന (എർത്ത് ഫില്ലിംഗ്) പ്രവൃത്തിയുടെ നിരക്ക് നിശ്ചയിക്കുന്നത്. രണ്ടു നിരക്കുകളിലും ഒരു ലീഡും ഒരു ലിഫ്റ്റും ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഇത് 2.1 സ്ത്രീ തൊഴിലാളികളുടെ വേതനത്തിനു തുല്യമായ തുകയാണ്. അതുകൊണ്ട് രണ്ടു നിരക്കുകളും കൂട്ടി സംയോജിപ്പിക്കുമ്പോൾ ഇരട്ടിപ്പ് ഒഴിവാക്കാനായി ഒരു ലീഡും ഒരു ലിഫ്റ്റും കുറവു ചെയ്യണമെന്ന് 1986 ഏപ്രിലിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പുറപ്പെടുവിച്ച ടെക്നിക്കൽ സർക്കുലറിൽ വിശദീകരിച്ചിട്ടുണ്ട് . ആറ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരമുള്ള കിഴിവ് കരാറുകാരന്റെ മണ്ണിട്ടു നികത്തുന്ന പ്രവൃത്തിയുടെ നിരക്ക് നിശ്ചയിച്ചപ്പോൾ നടത്താത്തതിന്റെ ഫലമായി കാണിച്ചിട്ടുള്ള പ്രകാരം 19.19 ലക്ഷം രൂപ അധികം നൽകേണ്ടി വന്നിരുന്നു.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | പ്രവൃത്തികളുടെ എണ്ണം | കാലം | 10 ക്യൂബിക് മീറ്ററിന് അനുവദനീയമായ നിരക്ക് രൂപ | 10 ക്യൂബിക് മീറ്ററിന് നൽകിയ നിരക്ക് രൂപ | നിരക്കുകളുടെ വ്യത്യാസം രൂപ | അളവ് | അധികം നൽകിയത് (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|
| 1 | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 1 | 2006-07 | 1570 | 1780 | 210 | 85690.00 | 17.99 |
| 2 | കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് | 2 | 2003-04 | 873 | 1044 | 171 | 344.44 | 0.06 |
| | | 1 | 2003-04 | 794 | 949 | 155 | 215.09 | 0.03 |
| 3 | അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | 1 | 2003-04 | 873 | 1044 | 171 | 1102.81 | 0.19 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | മംഗലപുരം ഗ്രാമപഞ്ചായത്ത് | 5 | 2003-04 | 873 | 1044 | 171 | 3223.92 | 0.55 |
| 5 | പോത്തൻകോട് ഗ്രാമപഞ്ചായത്ത് | | 2003-04 | 794 | 949 | 155 | 1184.63 | 0.18 |
| | | | 2003-04 | 873 | 1044 | 171 | 205.38 | 0.04 |
| 6 | തിരുരങ്ങാടി ഗ്രാമപഞ്ചായത്ത് | | 2006-07 | 1028 | 1236 | 208 | 742.87 | 0.15 |
| | | | | ആകെ | | | | **19.19** |

## 3.3.14.2 കരാറുകാർക്ക് അനർഹമായ സാമ്പത്തികസഹായം/ അധികം നൽകൽ

ഒൻപത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2003-04 മുതൽ 2007-08 വരെയുള്ള കാലത്ത് തെറ്റായ നിരക്കുകൾ സ്വീകരിക്കൽ, അനുവദനീയമല്ലാത്ത ടെണ്ടർ അധികം നൽകൽ, ക്വാട്ട് ചെയ്തിരുന്ന ടെണ്ടർ കുറവ് കണക്കിലെടുക്കാതിരിക്കൽ തുടങ്ങിയവമൂലം 17.99 ലക്ഷം രൂപ താഴെകാണിച്ചിട്ടുള്ള പ്രകാരം കരാറുകാർക്ക് അധികം നൽകിയിരുന്നു.

**(രൂപ ലക്ഷത്തിൽ )**

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ചെലവിന്റെ ഇനം | അധിക ചെലവ് |
|---|---|---|---|
| 1 | പയ്യന്നൂർ മുനിസിപ്പാലിറ്റി | 50 ലക്ഷം രൂപയ്ക്കു മുകളിൽ ചെലവു വരുന്ന മേജർ പ്രവൃത്തികൾക്ക് യഥാർത്ഥ ലീഡിനുപകരം ശരാശരി ലീഡ് അനുവദിക്കൽ | 0.13 |
| 2 | തളിപ്പറമ്പ് മുനിസിപ്പാലിറ്റി | ഒരിനം പ്രവൃത്തിയുടെ അടങ്കൽ പുതുക്കിയപ്പോൾ അനുവദനീയമല്ലാത്ത ടെണ്ടർ അധികം (115 ശതമാനം) അനുവദിക്കൽ . | 9.58 |
| | | കരാറിൽ കാണിച്ചിരുന്ന നിരക്കായ മെട്രിക് ടണ്ണിന് 8453 രൂപയ്ക്കു പകരം 13,700 രൂപ വച്ച് ടാറിന്റെ വില നൽകിയത്. | 4.55 |
| 3 | തിരൂർ മുനിസിപ്പാലിറ്റി | മണ്ണിട്ടു നികത്തുന്നതിന് അധിക നിരക്ക് നൽകൽ | 1.33 |

| | | | |
|---|---|---|---|
| 4 | വർക്കല മുനിസിപ്പാലിറ്റി | മണ്ണിട്ട നികത്തുന്നതിന് അധിക നിരക്ക് നൽകൽ | 0.52 |
| 5 | കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് | മണ്ണിട്ട നികത്തുന്നതിന് തെറ്റായ നിരക്ക് നൽകൽ. | 0.61 |
| | | നിരതദ്രവ്യം കണ്ടുകെട്ടാതിരിക്കൽ | 0.03 |
| 6 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മണ്ണിട്ട നികത്തുന്നതിന് സാധാരണ മണ്ണിനു പകരം പരുക്കൻ മണ്ണിന്റെ നിരക്ക് നൽകൽ | 0.13 |
| | | മണ്ണിട്ട നികത്തുന്നതിന് കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറയ്ക്കാതിരിക്കൽ | 0.16 |
| | | മണ്ണിട്ട നികത്തുന്നതിന് അധിക നിരക്ക് നൽകൽ | 0.13 |
| 7 | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | കമ്പോള നിരക്കിൽ ചെയ്ത പ്രവൃത്തികൾക്ക് അനുവദനീയമല്ലാത്ത ടെണ്ടർ അധികം നൽകൽ | 0.09 |
| 8 | കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് | മണ്ണിട്ട നികത്തുന്നതിന് അധിക നിരക്ക് നൽകൽ | 0.04 |
| 9 | മംഗലപുരം ഗ്രാമപഞ്ചായത്ത് | ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് പരിഗണിക്കാതെ അടങ്കൽ നിരക്കിൽ ബില്ലുകൾ നൽകൽ | 0.89 |
| | | **ആകെ** | **17.99** |

### 3.3.14.3 കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കിഴക്കൻ മേഖലയിൽ സോഡിയം വേപ്പർ വിളക്കുകളുടെ സർവേയ്ക്കും ആസ്തി രജിസ്റ്ററുകളുടെ തയ്യാറാക്കലിനുമായി മുടക്കിയ ഒഴിവാക്കാവുന്ന ചെലവ്

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ "കിഴക്കൻ മേഖലയിൽ സർവ്വേ നടത്തലും സോഡിയം വേപ്പർ വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കലും" എന്ന പ്രവൃത്തി ക്വട്ടേഷൻ ക്ഷണിച്ചശേഷം 2007 നവംബറിൽ 3.50 ലക്ഷം രൂപയ്ക്ക് ഒരു കരാറുകാരനെ ഏൽപ്പിക്കുകയുണ്ടായി. 2008 മേയിൽ പ്രവൃത്തി പൂർത്തിയാക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തിരുന്നു. സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിച്ചതിന്റെ തുക നൽകുന്നതിനുമുമ്പായി കോർപ്പറേഷൻ ഉദ്യോഗസ്ഥർ

വിളക്കുകളുടെ എണ്ണവും സ്ഥാനവും തിട്ടംവരുത്തേണ്ടതും അവയുടെ വിശദവിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയിരുന്നു. ആസ്തി രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്തിരുന്നുവെങ്കിൽ സർവ്വേ പ്രവൃത്തിക്ക് മുടക്കിയ ചെലവ് ഒഴിവാക്കാൻ കഴിയുമായിരുന്നു.

### 3.3.14.4 അളവ് എടുക്കാതെ പ്രവൃത്തിയുടെ പണം നൽകൽ

പൊതുമരാമത്ത് പ്രവൃത്തികളുടെ അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്താതെയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താതെയും ഭാഗികമായോ, പൂർണ്ണമായോ തുക നൽകുവാൻ പാടില്ലെന്ന് കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലും, കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്നു. അക്രഡിറ്റഡ് ഏജൻസികൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കും മെഷർമെന്റ് ബുക്ക് സൂക്ഷിക്കണമെന്നും അധികാരപ്പെടുത്തിയിട്ടുള്ള എൻജിനീയർ ആവശ്യപ്പെടുമ്പോൾ അവ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ജനുവരിയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇനിപ്പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മെഷർമെന്റ് ബുക്കുകൾ സൂക്ഷിക്കാതെ, വിനിയോഗ സർട്ടിഫിക്കറ്റിന്റെയും പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ തുക നൽകുകയുണ്ടായി.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | കാലം | നൽകിയ തുക |
|---|---|---|---|---|---|
| 1. | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | എസ്.എച്ച്.ജി. ട്രെയിനിംഗ് സെന്റർ | പിണറായി ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 01/2007-03/2008 | 17.16 |
| | | മേലൂർ ഖാദി സെന്ററിന്റെ കെട്ടിടം | പിണറായി ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി | 03/2008 | 4.4 |

| | | | | | |
|---|---|---|---|---|---|
| | | | ലിമിറ്റഡ് | | |
| 2. | കണ്ണൂർ മുനിസിപ്പാലിറ്റി | ഫെറോസിമന്റ് വാട്ടർ ടാങ്കിന്റെ നിർമ്മാണം | ഒളവറ ജലവിതരണ സൊസൈറ്റി | 2006 ഏപ്രിൽ, മേയ് | 2.18 |
| **ആകെ** | | | | | **23.74** |

ചട്ടങ്ങളുടെയും സർക്കാർ നിർദ്ദേശങ്ങളുടെയും ലംഘനംമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാനും തുക നൽകിയത് യഥാർത്ഥത്തിൽ നിർവ്വഹിച്ച പ്രവൃത്തിയുടെ അളവിനാണോ എന്ന് തീർച്ചപ്പെടുത്താനും കഴിഞ്ഞിരുന്നില്ല .

## 3.3.14.5 പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1994-95 മുതൽ 2004-05 വരെ ഏറ്റെടുത്ത മൊത്തം 1.99 കോടി രൂപയുടെ അനുബന്ധം XI1-ൽ കാണിച്ചിട്ടുള്ള 16 വികസന പ്രവൃത്തികൾ നിർദ്ദിഷ്ട പൂർത്തീകരണ തീയതിയ്ക്ക് വളരെക്കാലത്തിനുശേഷവും അപൂർണ്ണമായി നിലകൊണ്ടു. നിശ്ചിതകാലാവധിയ്ക്കുള്ളിൽ പണികൾ തീർക്കുന്നതിൽ വന്ന വീഴ്ച പ്രദേശവാസികൾക്ക് നിർദ്ദിഷ്ട ഗുണഫലങ്ങൾ നിഷേധിച്ചതിനു പുറമേ 1.99 കോടി രൂപയുടെ ഫണ്ട് കെട്ടിക്കിടക്കുന്നതിനും ഇടയാക്കി.

## 3.3.15 ഡിപ്പോസിറ്റ് പ്രവൃത്തികൾ

ഡിപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് ഭൂഗർഭ ജലവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കെഎസ്ഇബി, കെഡബ്ല്യുഎ തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവച്ചശേഷം ചെക്കുകൾ നൽകിയാണ്. കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽനിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കണം. ഇനിപ്പറയുന്ന ക്രമക്കേടുകൾ ഓഡിറ്റ് പരിശോധനയിൽ വെളിവായി.

### 3.3.15.1 നിയമവിരുദ്ധമായ സെന്റേജ് ചാർജ്ജ് നൽകൽ

പൊതുമരാമത്ത് വകുപ്പ് അക്കൗണ്ട് കോഡിലെ ഖണ്ഡിക 16.2.6 പ്രകാരം സംസ്ഥാനത്തെ പഞ്ചായത്തുകൾക്കുവേണ്ടി നടത്തുന്ന പ്രവൃത്തികളെ സെന്റേജ് ചാർജ്ജ് നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് രണ്ട് പ്രവൃത്തികൾക്ക് 2005 ഏപ്രിൽ മുതൽ 2007 ഏപ്രിൽ വരെ 0.31 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് സെന്റേജ് ചാർജ്ജായി നൽകിയിരുന്നു.

### 3.3.15.2 പ്രവൃത്തികൾക്ക് മുൻകൂർ നൽകിയതിന്റെ രജിസ്റ്റർ സൂക്ഷിക്കാതിരിക്കൽ

പരിശോധിച്ച 34 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഡിപ്പോസിറ്റ് പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. മുൻകൂറായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും പരിശോധിച്ച ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം പോലും ഇത് ചെയ്തു കണ്ടിരുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം ഖണ്ഡിതമായി എത്ര തുക ക്രമീകരിക്കാനുണ്ട് എന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ നിർവ്വഹണ ഏജൻസികൾ അധികം തുക കൈപ്പറ്റാനുള്ള സാധ്യത തള്ളിക്കളയാനുമാവില്ല.

### 3.3.15.3 ഡിപ്പോസിറ്റ് പ്രവൃത്തികൾ നിരീക്ഷിക്കാതിരിക്കൽ

കെ.ഡബ്ല്യുയുടെ രേഖകൾ പ്രകാരം, 1997-98 മുതൽ 2007-08 വരെ തെരഞ്ഞെടുത്ത 21 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 301 ഡിപ്പോസിറ്റ് പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിൽ 178 പ്രവൃത്തികൾ 2008 മാർച്ചുവരെ പൂർത്തിയാക്കുകയും, 19 എണ്ണം ഉപേക്ഷിക്കുകയും 104 എണ്ണം പൂർത്തിയാക്കാനുമുണ്ട്. (അനുബന്ധംXIII).

പണികൾ നടത്താനായി 10.71 കോടി രൂപ മുൻകൂറായി നൽകിയതിൽ, അപൂർണ്ണമായ പദ്ധതിയുടെ ചെലവുകൾ ഉൾപ്പെടെ 5.63 കോടി രൂപയാണ് കെഡബ്ല്യൂഎ വിനിയോഗിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡിപ്പോസിറ്റ് പ്രവൃത്തികളുടെ നടത്തിപ്പ് നിരീക്ഷണം നടത്തുകയോ, 1997-98 കാലം മുതൽ

ഇങ്ങോട്ട് ബാക്കിനിൽക്കുന്ന 5.08 കോടി രൂപ തിരിച്ച് വാങ്ങുകയോ ചെയ്തിട്ടില്ലായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിരുന്ന തുകകൾ കണക്കുകളിൽ മുൻകൂറായി കാണിക്കുന്നതിനുപകരം അന്തിമചെലവായി കാണിക്കുകയാണുണ്ടായത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ പതിവ് കെട്ടിച്ചമച്ച ആസ്തികളുടെ സൃഷ്ടിക്ക് വഴിവെയ്ക്കുകയുണ്ടായി. പരിത്യജിച്ച 19 പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക തിരിച്ചുവാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യാതൊരു നടപടിയും എടുത്തിരുന്നില്ല.

### 3.3.16 മുൻകൂർ നൽകൽ

### 3.3.16.1 ക്രമീകരിക്കാതെ കിടക്കുന്ന 6.21 കോടി രൂപയുടെ താൽക്കാലിക മുൻകൂറുകൾ

1967 -ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം മുൻകൂറുകൾ സാധാരണ രീതിയിൽ ഒരു മാസത്തിനകവും പ്രത്യേക സാഹചര്യങ്ങളിൽ മൂന്നുമാസത്തിനകവും ക്രമപ്പെടുത്തിയിരിക്കണം. എന്നാൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 1997-98 മുതൽ 2007-08 വരെ വകുപ്പിലെ സ്റ്റാഫിന് നൽകിയ 1015 മുൻകൂറുകളുടെ തുകയായ 6.21 കോടി രൂപ 2008 മാർച്ച് 31-ലും താഴെ വിശദീകരിക്കും പ്രകാരം ക്രമീകരിക്കാതെ കിടക്കുന്നതായി മുൻകൂറുകളുടെ രജിസ്റ്ററിന്റെ പരിശോധനയിലൂടെ വെളിപ്പെടുകയുണ്ടായി.

(രൂപ ലക്ഷത്തിൽ)

| വർഷം | ക്രമീകരിക്കാതെ കിടക്കുന്ന മുൻകൂറുകളുടെ എണ്ണം | തുക |
|---|---|---|
| 1997-98 | 86 | 8.19 |
| 1998-99 | 87 | 6.90 |
| 1999-00 | 94 | 77.02 |
| 2000-2001 | 108 | 61.10 |

| | | |
|---|---|---|
| 2001-02 | 107 | 5.79 |
| 2002-03 | 105 | 14.71 |
| 2003-04 | 73 | 9.01 |
| 2004-005 | 75 | 14.58 |
| 2005-06 | 79 | 25.41 |
| 2006-07 | 57 | 11.34 |
| 2007-08 | 144 | 386.59 |
| **ആകെ** | **1015** | **620.64** |

മേൽപ്പറഞ്ഞ മുൻകൂറുകൾ ആരോഗ്യം, എൻജിനിയറിംഗ്, ടൗൺ പ്ലാനിംഗ് തുടങ്ങിയ വകുപ്പുകളിലെ ഓഫീസർമാർക്ക് ഡ്രയിനേജ് വൃത്തിയാക്കൽ, അത്യാവശ്യ അറ്റകുറ്റപ്പണി നടത്തൽ, ചവർ നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾക്ക് വിതരണം ചെയ്തിരുന്നവയായിരുന്നു . മേലുദ്ധരിച്ച കാലയളവിൽ 3092 മുൻകൂറുകൾ നൽകിയതിൽ 2077 എണ്ണം മാത്രമേ ക്രമീകരിച്ചിരുന്നുള്ളൂ.

### 3.3.16.2 മുൻകറുകൾ ക്രമീകരിക്കാതിരിക്കൽ

ഗുണഭോക്തൃ സമിതികളുടെ കൺവീനർമാർ, അക്രഡിറ്റഡ് ഏജൻസികൾ തുടങ്ങിയവർക്ക് നൽകിയ മുൻകൂർ തുകകൾ അഡ്വാൻസ് രജിസ്റ്ററുകളിൽ രേഖപ്പെടുത്താതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളിൽ അവസാന ചെലവുകളായി കാണിക്കുകയാണ് പതിവ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർമാർക്ക് 1998-99 മുതൽ 2007-08 വരെയുള്ള കാലത്ത് വിവിധ പ്രവൃത്തികൾക്ക് നൽകിയ 3.51 കോടി രൂപയുടെ മുൻകൂറുകൾ 2008 ആഗസ്റ്റിലും ക്രമീകരിച്ചിട്ടുണ്ടായിരുന്നില്ല. വർഷങ്ങളായി മുൻകൂറുകൾ ക്രമീകരിക്കുന്നതിൽവന്ന ഉദാസീനതയുടെ ഫലമായി 3.51 കോടി രൂപയുടെ ഫണ്ട് താഴെ കൊടുത്തിരിക്കും പ്രകാരം കെട്ടിക്കിടക്കാനിടയായി.

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കാലം | മുൻകൂർ തുക (രൂപ ലക്ഷത്തിൽ) | ആർക്കാണ് നൽകിയത് |
|---|---|---|---|---|
| 1 | പയ്യന്നൂർ മുനിസിപ്പാലിറ്റി | 1998-99 മുതൽ 2006-07 വരെ | 6.12 | കൺവീനർമാർ |
| 2 | തളിപ്പറമ്പ് മുനിസിപ്പാലിറ്റി | 1998-99 മുതൽ 2002-03 വരെ | 2.53 | കൺവീനർമാർ |
| 3 | വർക്കല മുനിസിപ്പാലിറ്റി | 2007-08<br>2006-07<br>2006-07 &<br>2007-08 | 3.47<br>13.30<br>20.00 | കൺവീനർമാർ<br>സ്പെഷ്യൽ തഹസിൽദാർ (എൽഎ)<br>കാസർഗോഡ് സർവ്വീസ് സൊസൈറ്റി |
| 4 | കണ്ണൂർ ജില്ലാപഞ്ചായത്ത് | 2003-04&<br>2004-05<br>2006-07<br>2007-08 | 11.03<br>55.94 | കൺവീനർമാർ<br>നിർമ്മിതി കേന്ദ്രം |
| 5 | മലപ്പുറം ജില്ലാപഞ്ചായത്ത് | 1998-99 മുതൽ 2006-07 വരെ | 137.70 | കൺവീനർമാർ |
| 6 | ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 2001-02 മുതൽ 2003-04 വരെ | 7.80 | കൺവീനർമാർ |
| 7 | കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് | 2002-03 മുതൽ 2004-05 വരെ | 5.35 | കൺവീനർമാർ |
| 8 | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2007-08 | 1.14 | കൺവീനർമാർ |

| | | | | |
|---|---|---|---|---|
| 9 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2006-07&2007-08 | 23.64 | അക്രഡിറ്റഡ് ഏജൻസി |
| 10 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 1999-00<br>2007-08 | 4.74<br>0.42 | കൺവീനർ<br>മംഗലം ഗ്രാമപഞ്ചായത്ത് |
| 11 | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 1998-99<br>2006-07 | 0.50<br>4.75<br>2.96<br>1.54 | കൺവീനർ<br>കൺവീനർ<br>കൺവീനർ<br>റയിഡ്കോ |
| 12 | കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് | 2007-08 | 0.38 | കൺവീനർ |
| 13 | മാടായി ഗ്രാമപഞ്ചായത്ത് | 2004-05&<br>2006-07 | 0.48 | കൺവീനർമാർ |
| 14 | ന്യൂമാഹി ഗ്രാമപഞ്ചായത്ത് | 1998-99 മുതൽ 1999-00 വരെ | 0.72<br>17.10 | കൺവീനർ<br>മത്സ്യഫെഡ് |
| 15 | തിരുനാവായ ഗ്രാമപഞ്ചായത്ത് | 1998-99,1999-00&2001-02 | 4.48 | കൺവീനർമാർ |
| 16 | തലക്കാട് ഗ്രാമപഞ്ചായത്ത് | 1998-99 മുതൽ 2001-02 വരെ | 12.07 | കൺവീനർമാർ |
| 17 | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | 1998-99 മുതൽ 2001-02 വരെ | 3.06 | കൺവീനർമാർ |
| 18 | തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് | 1998-99 മുതൽ 1999-00 വരെ | 9.58 | കൺവീനർമാർ |
| | **ആകെ** | | **350.80** | |

## 3.3.17 അധികം നൽകൽ / നികുതികൾ ഒടുക്കാതിരിക്കൽ

### 3.3.17.1 വാറ്റ് അധികം നൽകൽ

നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ** കേരള വാല്യൂ ആഡഡ് ടാക്സ് നിയമത്തിൽ (വാറ്റ്) നിർദ്ദേശിച്ചിട്ടുള്ള നാലു ശതമാനത്തിനുപകരം 12.5 ശതമാനം നിരക്കിൽ വാറ്റ് നൽകി ടാർ വാങ്ങിയതിന്റെ ഫലമായി 6.90 ലക്ഷം രൂപ അധികം നൽകേണ്ടിവന്നു. അധികം നൽകിയ തുക സർക്കാരിലേക്ക് കണ്ടുകെട്ടുമെങ്കിലും, കേരള വാല്യൂ ആഡഡ് ടാക്സ് നിയമത്തിലെ 72(3) ഉപവകുപ്പു പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കണ്ടുകെട്ടലിന് ഉത്തരവു പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷത്തിനകം തുക തിരിച്ചുവാങ്ങാൻ അസ്സസിംഗ് അതോറിറ്റിക്ക് അപേക്ഷ നൽകാൻ കഴിയും . എന്നാൽ ഒറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനം പോലും അധികം നൽകിയ വാറ്റ് തിരിച്ചു വാങ്ങാൻ ഒരു നടപടിയും എടുത്തിരുന്നില്ല .

### 3.3.17.2 നിയമാനുസൃത കിഴിവുകൾ

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 2006 ഫെബ്രുവരി മുതൽ 2007 മേയ് വരെ ഖരമാലിന്യനീക്കത്തിന്റെ പ്രവൃത്തി ഏറ്റെടുത്ത മെസ്സേർസ് പോപ്പുലർ എൻവിയോൺമെന്റ് മാനേജ്മെന്റ് സർവ്വീസ്സസിൽ നിന്നും പിരിച്ചെടുത്ത ആദായനികുതി, വില്പന നികുതി, കേരള സംസ്ഥാന നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കുള്ള വിഹിതം തുടങ്ങിയ നിയമാനുസൃത കിഴിവുകളുടെ തുകയായ 16.08 ലക്ഷം രൂപ ബന്ധപ്പെട്ട വകുപ്പുകളിൽ അടയ്ക്കുകയുണ്ടായില്ല. നിയമാനുസൃത കിഴിവുകൾ അടയ്ക്കാത്തതുമൂലം ബന്ധപ്പെട്ട അഡ്മിനിസ്റ്ററിംഗ് അതോറിറ്റികളിൽനിന്ന് ശിക്ഷാ നടപടി ക്ഷണിച്ചുവരുത്താൻ ഇത് ഇടയാക്കിയേക്കാം.

## 3.3.18 ആന്തരിക നിയന്ത്രണ വ്യവസ്ഥ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്തു പണികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ആന്തരിക നിയന്ത്രണ വ്യവസ്ഥ ഫലപ്രദമായിരുന്നില്ല. വിശദവിവരങ്ങൾ ഇനിപ്പറയുന്ന ഖണ്ഡികകളിൽ കൊടുത്തിരിക്കുന്നു.

### 3.3.18.1 പലിശ കിട്ടുന്ന സെക്യൂരിറ്റികൾ സുരക്ഷിതമായി സൂക്ഷിച്ചില്ല

ഓഡിറ്റ് പരിശോധിച്ച 34 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒൻപതെണ്ണത്തിൽ മലപ്പുറം ജില്ല പഞ്ചായത്ത്, പയ്യന്നൂർ, തിരൂർ ബ്ലോക്ക് പഞ്ചായത്തുകൾ, മാടായി, കതിരൂർ, വള്ളിക്കുന്ന്, തിരൂരങ്ങാടി, തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തുകൾ, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ 2003-04 മുതൽ 2007-08 വരെയുള്ള കാലയളവിൽ 41 പ്രവൃത്തികൾക്ക് കരാറുകാരിൽനിന്ന് ജാമ്യനിക്ഷേപമായി ലഭിച്ച 5.46 ലക്ഷം രൂപ മൂല്യമുള്ള നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റുകൾ, സ്ഥിര നിക്ഷേപങ്ങൾ തുടങ്ങിയ പലിശ കിട്ടുന്ന സെക്യൂരിറ്റികൾ ഭദ്രമായി സൂക്ഷിക്കുന്നതിനുപകരം പ്രവൃത്തിയുടെ ഫയലിലോ, വൗച്ചറുകളുടെ കൂട്ടത്തിലോ അതുമല്ലെങ്കിൽ പ്രത്യേകമായോ സൂക്ഷിച്ചിരുന്നതായി കണ്ടിരുന്നു. കാരാറുകാരിൽനിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും തിരിച്ച് നൽകലും നിരീക്ഷിക്കുവാനുമായി കെ.പി.ഡബ്ല്യു.ഡി. ഫോറം 81-ൽ പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിലെ ഖണ്ഡിക 15.6.1 - ൽ വ്യവസ്ഥയുണ്ട്. മേൽപ്പറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായിരുന്നു. കരാറുകാർക്ക് ഈ സെക്യൂരിറ്റികൾ അവർ ഏറ്റെടുത്ത പ്രവൃത്തികൾ വിജയകരമായി പൂർത്തിയാക്കിയശേഷം തിരിച്ചുനൽകുവാനും അല്ലാത്തപക്ഷം അവയുടെ നഷ്ടം നികത്തി നൽകുവാനും ഉള്ള ബാധ്യത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട് . രജിസ്റ്ററിന്റെ അഭാവത്തിൽ ഈ തസ്വഭ സ്ഥാപനങ്ങൾ കൈപ്പറ്റിയതും തിരിച്ചു നൽകിയതുമായ സെക്യൂരിറ്റികളുടെ എണ്ണം നിശ്ചയിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിരുന്നില്ല .

### 3.3.18.2 ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തിയുടെ ഫയലുകൾ സൂക്ഷിക്കാത്തത്

ഓരോ പദ്ധതിയുമായും എൻജിനീയറിംഗ് പ്രവൃത്തികളുമായും ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയലുകൾ സൂക്ഷിക്കാനും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബാധ്യസ്ഥമാണ്. പരിശോധിച്ച എല്ലാ ഗ്രാമപഞ്ചായത്തുകളിലും രേഖകൾ വൗച്ചറുകളുടെ കൂട്ടത്തിൽ സൂക്ഷിക്കുകയായിരുന്നു.

എന്നാൽ പ്രവൃത്തിയുടെ ഫയലുകൾ സൂക്ഷിച്ചിരുന്നുമില്ല അതുകൊണ്ട് ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പണികളുടെ നടത്തിപ്പിൽ നിർദ്ദിഷ്ട മുറകളെല്ലാം പാലിച്ചിരുന്നോ എന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിരുന്നില്ല.

**3.3.18.3 രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കൽ / അപൂർണ്ണമായി സൂക്ഷിക്കൽ**

**(i) മുൻകൂർ രജിസ്റ്റർ**

1965 -ലെ കേരള മുനിസിപ്പൽ ചട്ടങ്ങൾ, 1965 -ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾ എന്നിവയിൽ കരാറുകാർ, കൺവീനർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, മറ്റ് ഏജൻസികൾ എന്നിവർക്ക് നൽകുന്നതും ക്രമീകരിക്കുന്നതുമായ മുൻകൂറുകൾ നിരീക്ഷിക്കുവാനായി മുൻകൂർ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കണ്ണൂർ, പയ്യന്നൂർ മുനിസിപ്പാലിറ്റികളിലും തിരൂർ ബ്ലോക്ക് പഞ്ചായത്തിലും മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുകയുണ്ടായില്ല .

**(ii) റോഡുകളുടെയും കലുങ്കുകളുടെയും പാലങ്ങളുടെയും ഓവുചാലുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിക്കാതിരിക്കൽ**

നിലവിലില്ലാത്ത കലുങ്കിനും പാലത്തിനും അറ്റകുറ്റപ്പണികൾ, ഒരേ കലുങ്കിനും പാലത്തിനും വർഷത്തിൽ ഒന്നിലധികം തവണ അറ്റകുറ്റപ്പണികൾ എന്നിവ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും റോഡുകളുടേയും കലുങ്കുകളുടേയും പാലങ്ങളുടേയും ഓവുചാലുകളുടേയും അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുവാൻ 1980 ഡിസംബറിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. ഇപ്രകാരം നിർദ്ദേശങ്ങൾ ഉണ്ടായിട്ടും പരിശോധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം ഒന്നുകിൽ ഈ രജിസ്റ്റർ സൂക്ഷിക്കാതിരിക്കുകയോ അല്ലെങ്കിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ നിർമ്മാണം നടത്തിയ വർഷം, ചെലവഴിച്ച തുക, വാർഷിക പരിപാലനച്ചെലവ് തുടങ്ങിയ അവശ്യ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിരുന്നില്ല. ആയതിനാൽ ഭാവിയിലും ഇത്തരം അഴിമതിക്കുള്ള സാധ്യത തള്ളിക്കളയാനാവില്ല .

### (iii) ടെണ്ടർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലുള്ള ക്രമക്കേടുകൾ

എല്ലാ ടെണ്ടർ ഫോറങ്ങൾക്കും വിലയിടണമെന്നും അവയുടെ പുറത്ത് വില മുദ്രണം ചെയ്യുകയോ കൈകൊണ്ട് എഴുതുകയോ വേണമെന്നും കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ അനുശാസിക്കുന്നു. ജൂനിയർ സൂപ്രണ്ടിന്റെയോ, ഹെഡ് ക്ലാർക്കിന്റെയോ സംരക്ഷണയിൽ വേണം ടെണ്ടർ ഫോറങ്ങൾ സൂക്ഷിക്കേണ്ടത്. വിലപിടിപ്പുള്ള വസ്തുക്കളുടെ രജിസ്റ്ററിൽ, ലഭിച്ചിട്ടുള്ള എല്ലാ ടെണ്ടർ ഫോറങ്ങളും രേഖപ്പെടുത്തണം. ലഭിച്ചതും വില്പന നടത്തിയതുമായ പ്രത്യേക ടെണ്ടറുകളുടെ തീയതി, വാങ്ങിയ വ്യക്തികളുടെ പേര്, ലഭിച്ച തുക എന്നിവ ടെണ്ടർ ഫോറത്തിന്റെ വില്പന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. 34 തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ പരിശോധിച്ചതിൽ 29 - ലും രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. തലശ്ശേരി, തിരൂർ ബ്ലോക്ക് പഞ്ചായത്തുകൾ, വക്കം ഗ്രാമ പഞ്ചായത്ത്, കണ്ണൂർ, തിരൂർ മുനിസിപ്പാലിറ്റികൾ എന്നീ അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രം ടെണ്ടർ ഫോറങ്ങളുടെ വില്പന രജിസ്റ്റർ സൂക്ഷിച്ചിരുന്നുവെങ്കിലും അവയിൽ ക്രമക്കേടുകൾ ശ്രദ്ധ യിൽപ്പെടുകയുണ്ടായി.

### (iv) ടെണ്ടർ നടപടിക്രമങ്ങളിലെ ദുരവസ്ഥ

2006-07 -ൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഒരു പ്രവൃത്തിയ്ക്ക് 42 ടെണ്ടർ ഫോറങ്ങൾ വിറ്റതിന്റെ സ്ഥാനത്ത് ടെണ്ടർ നടപടി ക്രമങ്ങളിൽ പങ്കെടുത്തവരുടെ എണ്ണം രണ്ടു മാത്രമായിരുന്നു. ഇതുപോലെ, മലപ്പുറം ജില്ലാ പഞ്ചായത്തിൽ 2004-05 -ൽ ഒൻപത് പ്രവൃത്തികൾക്ക് 263 ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയ സ്ഥാനത്ത് ലഭിച്ചത് 21 ടെണ്ടറുകൾ മാത്രമായിരുന്നു. ടെണ്ടർ രേഖകൾ വാങ്ങിയ ശേഷം തുടർച്ചയായി മൂന്നുതവണ ടെണ്ടറുകൾ സമർപ്പിക്കാത്ത കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുവാൻ പൊതുമരാമത്ത് മാനുവൽ വ്യവസ്ഥ ചെയ്യുന്നു. ടെണ്ടർ രേഖകളുടെ വില്പനയുടെ വിവരങ്ങളുടെ അഭാവത്തിൽ തെറ്റുകാരായ കരാറുകാരുടെ പേരിൽ നടപടി എടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് എന്തെങ്കിലും വീഴ്ചകളുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിരുന്നില്ല.

### 3.3.19 നിഗമനം

അധികാരവികേന്ദ്രീകരണത്തിൽ ഗുണഭോക്താക്കൾ, വർക്കിംഗ് ഗ്രൂപ്പുകൾ തുടങ്ങിയവരുടെ പങ്കാളിത്ത നിരീക്ഷണം വിഭാവനം ചെയ്തുവെങ്കിലും പദ്ധതികൾ വേണ്ടത്ര മുൻകൂട്ടി രൂപവൽക്കരിക്കുകയോ, സമയത്തിന് പൂർത്തീകരിക്കുകയോ ചെയ്തിരുന്നില്ല. ജില്ലാ ആസൂത്രണ സമിതി പദ്ധതി നിർദ്ദേശങ്ങൾ അധികാര പ്രത്യായോജന (ഡെലിഗേഷൻ ഓഫ് പവർ) പ്രകാരം നിയന്ത്രിക്കാത്തതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമം നൽകിയ അധികാരസീമ കടന്നും പ്രവൃത്തികൾ ഏറ്റെടുക്കുകയുണ്ടായി. ന്യൂനതയുള്ള അടങ്കലുകളുടെ തയ്യാറാക്കൽ, അധികച്ചെലവുകൾക്ക് കാരണമായി. എൻജിനീയറിംഗും, ടെക്നിക്കലും ആയ ഉദ്യോഗസ്ഥന്മാരുടെ വിന്യാസം പൂർത്തിയാക്കുകയുണ്ടായില്ല. പദ്ധതി നിർവ്വഹണത്തിന്റെ ഗതിവേഗത്തെ എൻജിനീയർമാരുടെയും ടെക്നിക്കൽ സ്റ്റാഫിന്റെയും ഈ കുറവ് സാരമായി ബാധിക്കുകയുണ്ടായി. വേണ്ടത്ര മേൽനോട്ടത്തിന്റെ കുറവും നിരീക്ഷണത്തിന്റെ അഭാവവും പദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നതിനും ഫണ്ടുകൾ മുടങ്ങിക്കിടക്കുന്നതിനും ഇടയാക്കി. കണക്കുകളിൽ മുൻകൂർ നൽകിയത് ഫൈനൽ ചെലവുകളായി രേഖപ്പെടുത്തിയതുമൂലം ഡിപ്പോസിറ്റ് പ്രവൃത്തികൾ നിരീക്ഷിക്കുകയുണ്ടായില്ല. ആന്തരിക നിയന്ത്രണ വ്യവസ്ഥ ദുർബലവും ഫലവത്തുമായിരുന്നില്ല .

### 3.3.20 ശിപാർശകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ വ്യാപ്തിക്കനുസരണമായി എൻജിനീയർമാരുടെയും മറ്റ് ടെക്നിക്കൽ സ്റ്റാഫിന്റെയും എണ്ണം സർക്കാർ നിശ്ചയിക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ മനുഷ്യശക്തി വർദ്ധിപ്പിക്കുവാനായി എൻജിനീയർമാരുടെയും ടെക്നിക്കൽ സ്റ്റാഫിന്റെയും വിന്യാസം ത്വരിതപ്പെടുത്തണം.
- പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനായി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ തസ്വഭവ സ്ഥാപനങ്ങൾ

വാർഷിക പദ്ധതികൾക്ക് രൂപം നൽകുന്നതും ജില്ലാ ആസൂത്രണ സമിതികൾ തക്കസമയത്ത് അവയ്ക്ക് അംഗീകാരം നൽകുന്നതും ഉറപ്പാക്കേണ്ടതുണ്ട്.

- ➢ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളുടെയും അധികാരങ്ങളുടെയും അതിവ്യാപനവും ധിക്കാരപൂർവ്വമുള്ള അടക്കിവാഴലും ഒഴിവാക്കാനായി ജില്ലാ ആസൂത്രണ സമിതികൾ പദ്ധതി നിർദ്ദേശങ്ങൾ അതിസൂക്ഷ്മമായി അവലോകനം നടത്തുവാൻ നിർദ്ദേശിക്കണം.
- ➢ ഡിപ്പോസിറ്റ് പ്രവൃത്തികൾ നിരീക്ഷിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നിർബന്ധിക്കാവുന്നതാണ്.
- ➢ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിനുമുമ്പായി സ്ഥലത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തണം.
- ➢ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫലവത്തായ നിർവ്വഹണത്തിന് ആന്തരിക നിയന്ത്രണ വ്യവസ്ഥ ശക്തമാക്കേണ്ടതുണ്ട്.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2008 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നു ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## അനുബന്ധം XI

## ജില്ലാപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും അധികാര പരിധിയിൽപ്പെടാത്ത പ്രവൃത്തികളുടെ നടത്തിപ്പ്

*(പരാമർശം ഖണ്ഡിക 3.3.6.3; പേജ് 86)*

| ക്രമ നം. | നടത്തിയ പ്രവൃത്തികൾ | വർഷം | പ്രവൃത്തി ചെയ്യാൻ അധികാരപ്പെട്ട പഞ്ചായത്തുകൾ | പ്രവൃത്തി ഏറ്റെടുത്ത പഞ്ചായത്തുകൾ | ചെലവ് ചെയ്ത തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെയും തെരുവു വിളക്കുകളുടെയും | 2003-04 മുതൽ 2007-08 | ഗ്രാമപഞ്ചായത്തുകൾ | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 14.29 |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണവും പുനരുദ്ധാരണവും | വരെ | | | |
| 2 | കൃഷിഭവൻ, മൃഗാശുപത്രി,യു.പി. സ്കൂൾ, ആയുർവ്വേദ ഡിസ്പെൻസറി, പി.എച്ച്.സി., ഹോമിയോ ഡിസ്പെൻസറി എന്നിവയുടെ നിർമ്മാണം, കോളനിയുടെ വൈദ്യുതീകരണം, ലൈൻ നീട്ടൽ, വിവിധ സ്ഥലങ്ങളിലെ വൈദ്യുതീകരണം | 2003-04 മുതൽ 2007-08 വരെ | ഗ്രാമപഞ്ചായത്തുകൾ | മലപ്പുറം ജില്ലാപഞ്ചായത്ത് | 762.89 |
| 3 | ഹരിജൻ കോളനികളുടെ വൈദ്യുതീകരണവും അംഗനവാടികളുടെ നിർമ്മാണവും | 2004-05 മുതൽ 2007-08 വരെ | ഗ്രാമപഞ്ചായത്ത് | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 28.35 |
| | ഹൈസ്കൂൾ കെട്ടിടത്തിന്റെയും ലബോറട്ടറിയുടെയും നിർമ്മാണം | | ജില്ലാപഞ്ചായത്ത് | | 4.84 |
| 4 | കോളനികളുടെ വൈദ്യുതീകരണം | 2004-05 മുതൽ 2005-06 വരെ | ഗ്രാമപഞ്ചായത്ത് | കണ്ണൂർ ജില്ലാപഞ്ചായത്ത് | 20.00 |
| 5 | കോളനികളുടെ വൈദ്യുതീകരണം, എൽ.പി.സ്കൂളുകളുടെ കെട്ടിടം/മതിൽ നിർമ്മാണം, അംഗൻവാടികളുടെ നിർമ്മാണം | 2003-04 മുതൽ 2007-08 വരെ | ഗ്രാമപഞ്ചായത്ത് | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 29.55 |
| 6 | കോളനികളുടെ വൈദ്യുതീകരണം, അംഗൻവാടികളുടെ നിർമ്മാണം , അംഗനവാടികൾക്കും എൽ.പി.സ്കൂളുകൾക്കുമുള്ള മതിൽ നിർമ്മാണം,സ്കൂൾ കെട്ടിട നിർമ്മാണം, ലൈൻ നീട്ടൽ | 2003-04 മുതൽ 2007-08 വരെ | ഗ്രാമപഞ്ചായത്ത് | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 12.38 |

| | | | | | |
|---|---|---|---|---|---|
| 7 | യു.പി. സ്കൂളുകളുടെ കെട്ടിടങ്ങളും മതിലും നിർമ്മിക്കൽ, ആയുർവ്വേദ ഡിസ്പെൻസറി, ലൈബ്രറികൾ, അംഗൻവാടികൾ എന്നിവയുടെ നിർമ്മാണം, ലൈൻ നീട്ടൽ പ്രവൃത്തികൾ,വിവിധ സ്ഥലങ്ങളിൽ വൈദ്യുതീകരണം | 2003-04 മുതൽ 2007-08 വരെ | ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 304.53 |
| 8 | കെട്ടിടങ്ങളുടെ നിർമ്മാണം, ലൈബ്രറികൾക്കും പി.എച്ച്.സി കൾക്കും മതിൽ നിർമ്മാണം പുസ്തകം വാങ്ങൽ എൽ.പി. സ്കൂളിന് ലൈബ്രറിയും സ്റ്റേജും നിർമ്മിക്കൽ, അംഗൻവാടികൾക്കുള്ള കളിപ്പാട്ടം വാങ്ങൽ, ലൈൻ നീട്ടൽ പ്രവൃത്തികൾ | 2003-04 മുതൽ 2007-08 വരെ | ഗ്രാമപഞ്ചായത്ത് | കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് | 13.71 |
| 9 | ലൈൻ നീട്ടൽ പ്രവൃത്തികൾ, വി.ഇ. ഓഫീസുകൾക്ക്/ഫർണിച്ചർ വാങ്ങൽ | 2003-04 | ഗ്രാമപഞ്ചായത്ത് | ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 0.83 |
| | ഹൈസ്കൂളുകൾക്ക് സയൻസ് ലബോറട്ടറികൾ | | ജില്ലാപഞ്ചായത്ത് | | 0.63 |
| 10 | ഹയർ സെക്കണ്ടറി സ്കൂളിന് ലബോറട്ടറി സൗകര്യം തയ്യാറാക്കൽ | 2005-06 | ജില്ലാപഞ്ചായത്ത് | പോത്തൻകോട് ഗ്രാമ പഞ്ചായത്ത്. | 2.37 |
| | **ആകെ** | | | | **1194.37** |

# അനുബന്ധം XII
## പ്രവൃത്തികളുടെ കാലതാമസം
*(പരാമർശം ഖണ്ഡിക 3.3.14.5; പേജ് 102)*

| തദ്ദേശ സ്ഥാപനം | പ്രവൃത്തിയുടെ പേര് | ചെലവായ തുക(രൂപ ലക്ഷത്തിൽ) | പ്രസ്താവം |
|---|---|---|---|
| പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | എക്സ്ക്ലൂസീവ് ടൈസം ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം അടങ്കൽ ചെലവ് 11 ലക്ഷം രൂപ 23.2.99-ൽ | 9.28 | നടത്തിയ പ്രവൃത്തി റിപ്പോർട്ടു ചെയ്യുകയോ, അളക്കുകയോ ചെയ്തിരുന്നില്ല. 9 വർഷങ്ങൾക്കു ശേഷവും പ്രവൃത്തി പൂർത്തിയാക്കാതെ കിടന്നു. |
| തിരൂർ മുനിസിപ്പാലറ്റി | തിരൂർ താലൂക്ക് ആസ്ഥാന ആശുപത്രിയോട് ചേർന്നുള്ള പാരാമെഡിക്കൽ ഭരണ വിഭാഗം എന്നീ ബ്ലോക്കുകൾക്കുള്ള രണ്ട് നിലകെട്ടിടത്തിന്റെ നിർമ്മാണം അടങ്കൽ ചെലവ് 09.45 ലക്ഷം രൂപ കരാർ-99/100 തീയതി 24/03/2000 മുനിസിപ്പൽ ടൗൺഹാളിൽ 63.3 കെ.വി.എ ഡിജി സെന്ററിന്റെ കമ്മീഷനിംഗ് | 6.00 | ആറുമാസത്തിനകം 1999 ആഗസ്റ്റിനും 2000 ജനവരിയ്ക്കും ഇടയ്ക്ക് തീർക്കേണ്ടിയിരുന്ന പ്രവൃത്തി 8 വർഷം കഴിഞ്ഞിട്ടും ഒന്നാം നിലയുടെ മേൽക്കൂരവരെ മാത്രമേ എത്തിയിട്ടുള്ളൂ. പ്രവൃത്തിയുടെ കാലാവധി കരാറിൽ നിർദ്ദേശിക്കാത്തതുകൊണ്ട് കരാർ ഏജൻസി (കോസ്റ്റ്ഫോർഡ്) ക്കെതിരെ ഫലപ്രദമായ നടപടി എടുക്കാൻ കഴിഞ്ഞില്ല. ചെയ്തു തീർത്ത പ്രവൃത്തിയുടെ തുക 3.63 ലക്ഷം രൂപ |
| | | | 17.05.2000-ൽ 3.45 ലക്ഷം രൂപയ്ക്ക് ജനറേറ്റർ വാങ്ങി. എന്നാൽ 19 മാസം കഴിഞ്ഞാണ് 1.03 ലക്ഷം രൂപ ചെലവിൽ ജനറേറ്റർ മുറിയുടെ നിർമ്മാണം പൂർത്തിയാക്കിയത് ദീർഘകാലം ഉപയോഗിക്കാതെ വച്ചിരുന്നതിനാൽ ജനറേറ്റർ തകരാറിലാവുകയും അത് പരിഹരിച്ച് 17.03.2006-ൽ സ്ഥാപിക്കുകയുണ്ടായി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അംഗീകാരം ലഭിക്കാത്തതുമൂലം 8 വർഷം കഴിഞ്ഞിട്ടും ജനറേറ്റർ കമ്മീഷൻ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| കണ്ണൂർ മുനിസിപ്പാലിറ്റി | മുക്കടവിൽ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം | 14.60 | നിർമ്മാണം പൂർത്തിയാക്കാനുള്ള തീയതി 21.2.06 ആയി നിശ്ചയിച്ച് 21.03.2005-ൽ കരാർ ഒപ്പുവച്ചു പ്രവൃത്തി ഇനിയും തുടങ്ങിയിട്ടില്ല. |
| | ചേരിനിവാസികൾക്കുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം | 1.08 | നിർമ്മാണം പൂർത്തിയാക്കാനുള്ള തീയതി 28.02.04 ആയി നിശ്ചയിച്ച് 28.06.03-ൽ കരാർ ഒപ്പുവച്ചു. പ്രവൃത്തി ഇനിയും തുടങ്ങിയിട്ടില്ല. |
| മലപ്പുറം ജില്ലാപഞ്ചായത്ത് | അടിയൻപാറ മിനി ജലവൈദ്യുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ | 2.00 | M/S സിൽക്കിന് തുക മുൻകൂറായി 19.03.02-ൽ നൽകി എന്നാൽ പദ്ധതി നടത്തിപ്പ്ഏൽപിച്ചിരുന്ന കെ.എസ്.ഇ.ബി., സിൽക്ക് തയ്യാറാക്കുന്ന പദ്ധതി റിപ്പോർട്ട് അംഗീകരിക്കുവാൻ തയ്യാറല്ലായിരുന്നു. സിൽക്ക് ഇതുവരെ പദ്ധതി റിപ്പോരട്ട് തയ്യാറാക്കുകയോ, തുക തിരിച്ച് നൽകുകയോ ചെയ്തില്ല. |
| പയ്യന്നൂർ മുനിസിപ്പാലിറ്റി | രക്തസംഭരണ മുറിയുടെ നിർമ്മാണം | 0.90 | 26.09.2004-ൽ ഒപ്പിട്ട കരാർ അനുസരിച്ച് 26.01.05-ൽ പൂർത്തിയാക്കേണ്ട പ്രവൃത്തി ഇനിയും പൂർത്തിയാക്കിയില്ല. |
| | മുനിസിപ്പാലിറ്റിയിൽ സമഗ്ര ഡ്രെയിനേജ് പദ്ധതി നടപ്പിലാക്കാനുള്ള ഡ്രെയിനേജ് സർവ്വേ | 2.20 | മെസ്സേർസ് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്ററിന് 2004-മാർച്ചിൽ തുക മുൻകൂർ നൽകി. 2004-മാർച്ചിൽ പൂർത്തിയാക്കാൻ നിർദ്ദേശിച്ചിരുന്ന പ്രവൃത്തി നാല് വർഷം കഴിഞ്ഞിട്ടും തുടങ്ങുക പോലും ചെയ്തില്ല. |
| കാങ്കോൽ ആലമ്പടമ്പ ഗ്രാമപഞ്ചായത്ത് | ഓഡിറ്റോറിയത്തിന്റെ നിർമ്മാണം | 41.74 | 2003 ജൂലൈയിൽ പ്രവൃത്തി തുടങ്ങി. ഫലദായക ആസ്തിയായി നാലു വർഷത്തിനകം പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചുവെങ്കിലും ഫണ്ടിന്റെ കുറവും ഒറിജിനൽ പ്ലാനിൽ നിന്നുള്ള വ്യതിയാനവുംമൂലം പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയില്ല. |
| കോട്ടയം | മേവേരി ലക്ഷംവീട് | 0.25 | സമയക്രമം നിശ്ചയിക്കാതെ 2002 |

| | | | |
|---|---|---|---|
| മലബാർ ഗ്രാമപഞ്ചായത്ത് | കോളനിയിലെ ജലവിതരണ പദ്ധതി | | മാർച്ചിൽ 0.25 ലക്ഷം രൂപ മുൻകൂർ നൽകി കാര്യക്ഷമതയുള്ള എൻജിനീയറിംഗ് സ്റ്റാഫ് ലഭ്യമല്ലാത്തതുകാരണം ജലവിതരണത്തിനുള്ള പൈപ്പ്ലൈനിന്റെ പദ്ധതി ഏറ്റെടുത്തുത്തിരുന്നില്ല. |
| തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | വേളിമുക്ക് ആയുർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം | 0.50 | 1998 മേയിൽ മുൻകൂർ നൽകിയെങ്കിലും അടിസ്ഥാനത്തിന്റെ പണി മാത്രമാണ് ഇതുവരെ പൂർത്തിയാക്കിയത്. |
| തിരുനാവായ ഗ്രാമപഞ്ചായത്ത് | കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം | 6.27 | 1994 ആഗസ്റ്റിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ അടിസ്ഥാനത്തിന്റെയും ആർ.സി.സി. കോളങ്ങളുടെയും പണി മാത്രമേ ഇതുവരെ കഴിഞ്ഞിരുന്നുള്ളൂ. സ്ട്രക്ചറുകളുടെ തകരാറുകൾമൂലം നിർമ്മിച്ച ഭാഗങ്ങൾ പൊളിച്ചുകളയുവാൻ 2008 മേയിൽ സർക്കാരിന്റെ അനുവാദം തേടിയിരിക്കുകയാണ്. |
| ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | അഴൂർ പഞ്ചായത്തിലെ അർ.ഐ.ഡി. എഫ്. VIII-ൽ കീഴിലുള്ള റോഡിന്റെ പുനരുദ്ധാരണം. അടങ്കൽ ചെലവ് 81.50 ലക്ഷം രൂപ. കരാർ തീയതി 3.6.04 | 73.47 | 2005 ജൂണിൽ പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിരുന്ന മെറ്റലിട്ട് ടാർ ചെയ്യേണ്ട പ്രവൃത്തി ഉനിയും പൂർത്തിയാക്കിയില്ല. റീട്ടെൻഷൻ തുക കരാറുകാരന് വിട്ടുകൊടുത്തു. 50,000 രൂപയുടെ ബാങ്ക് ഗ്യാരന്റി 2.6.04 വരെ മാത്രമേ സാധുവായിരുന്നുള്ളൂ. |
| തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ഒലവിളം പി.എച്ച്.സി. സബ്സെന്റർ കെട്ടിടനിർമ്മാണം | 5.72 | കെട്ടിടം പണി 2007 സെപ്റ്റംബറിൽ പൂർത്തിയായി. വൈദ്യുതീകരണത്തിന്റെ പണി നടക്കാനുണ്ട്. |
| | എരുവട്ടി വൃദ്ധസദനത്തിന്റെ നിർമ്മാണം | 5.74 | കെട്ടിടം പണി 2007 സെപ്തംബറിൽ പൂർത്തിയായി. വൈദ്യുതീകരണത്തിന്റെ പണി നടക്കാനുണ്ട്. |

| | | | |
|---|---|---|---|
| | എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ എസ്.എച്ച്.ജി. കെട്ടിട നിർമ്മാണം. | 23.75 | ഭാഗികമായി പൂർത്തിയായി. വൈദ്യുതീകരണത്തിന്റെ പണി നടക്കാനുണ്ട്. |
| **ആകെ** | | **198.57** | |

## അനുബന്ധം XIII
## കേരള വാട്ടർ അതോറിറ്റിയെ ഏൽപിച്ച ഡിപ്പോസിറ്റ് പ്രവൃത്തികൾ
*(പരാമർശം ഖണ്ഡിക 3.3.15.3; പേജ് 103)*

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | വർഷം | പദ്ധതികൾ | | | | രൂപ ലക്ഷത്തിൽ | | |
|---|---|---|---|---|---|---|---|---|---|
| | | | ഏൽപിച്ചത് | പൂർത്തിയാക്കിയത് | ഉപേക്ഷിച്ചത് | പൂർത്തിയാകാത്തത് | മുൻകൂർ നൽകിയത് | വിനിയോഗിച്ചത് | ബാക്കി |
| 1 | കണ്ണൂർ ജില്ലാപഞ്ചായത്ത് | 1997 മുതൽ 2006 വരെ | 104 | 79 | 19 | 6 | 483.67 | 389.49 | 94.18 |
| 2 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 98-99 മുതൽ 06-07 വരെ | 4 | 3 | | 1 | 14.00 | 1.56 | 12.44 |
| 3 | തളിപ്പറമ്പ് മുനിസിപ്പാലിറ്റി | 01-02 മുതൽ 05-06 | 3 | 0 | | 3 | 5.16 | 1.49 | 3.67 |
| 4 | കണ്ണൂർ മുനിസി | 97-98 മുതൽ | 40 | 8 | | 32 | 106.6 | 35.84 | 70.76 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പ്പാലിറ്റി | 07-08 | | | | | | | |
| 5 | മാടായി ഗ്രാമപഞ്ചായത്ത് | 00-01 മുതൽ 07-08 വരെ | 5 | 3 | | 2 | 4.41 | 1.69 | 2.72 |
| 6 | പയ്യന്നൂർ മുനിസിപ്പാലിറ്റി | 99-00 മുതൽ 05-06 വരെ | 4 | 2 | | 2 | 2.53 | 1.68 | 0.85 |
| 7 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് | 06-07 &07-08 | 2 | 0 | | 2 | 0.42 | 0.00 | 0.42 |
| 8 | മലപ്പുറം ജില്ലാപഞ്ചായത്ത് | 97-98 മുതൽ 07-08 വരെ | 56 | 20 | | 36 | 335.16 | 61.49 | 273.67 |
| 9 | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | 01-02 മുതൽ 07-08 വരെ | 4 | 3 | | 1 | 10.36 | 7.37 | 2.99 |
| 10 | വെട്ടം ഗ്രാമപഞ്ചായത്ത് | 97-98 മുതൽ 00-01 വരെ | 3 | 2 | | 1 | 12.04 | 6.3 | 5.74 |
| 11 | തലക്കാട് ഗ്രാമപഞ്ചായത്ത് | 97-98 | 1 | | | 0 | 0.70 | 0.58 | 0.12 |
| 12 | തിരുനാവായ ഗ്രാമപ | 98-99,01-02,03- | 3 | 3 | | 0 | 1.68 | 1.59 | 0.09 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഞ്ചായത്ത് | 04 | | | | | | | |
| 13 | തിരൂർ മുനിസിപ്പാലിറ്റി | 02-03 മുതൽ 07-08 വരെ | 47 | 31 | | 16 | 15.46 | 12.38 | 3.08 |
| 14 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 07-08 | 1 | 0 | | 1 | 1.02 | 0 | 1.02 |
| 15 | ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 99-00 മുതൽ 04-05 വരെ | 2 | 2 | | 0 | 3.46 | 2.76 | 0.70 |
| 16 | വർക്കല മുനിസിപ്പാലിറ്റി | 01-02 മുതൽ 07-08 വരെ | 7 | 7 | | 0 | 19.75 | 17.60 | 2.15 |
| 17 | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | 01-02 മുതൽ 07-08 വരെ | 5 | 5 | | 0 | 6.78 | 6.2 | 0.58 |
| 18 | കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് | 03-04 | 1 | 1 | | 0 | 0.46 | 0.40 | 0.06 |
| 19 | വക്കം ഗ്രാമപഞ്ചായത്ത് | 06-07 | 1 | 1 | | 0 | 0.06 | 0.06 | 0.00 |
| 20 | മംഗലപുരം | 03-04 | 1 | 1 | | 0 | 1.16 | 1.16 | 0.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | | | | | | | | |
| 21 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 99-00 മുതൽ 07-08 വരെ | 7 | 6 | | 1 | 46.26 | 13.16 | 33.10 |
| **ആകെ** | **301** | **178** | **19** | **104** | **1071.14** | **562.80** | **508.34** | | |

## 3.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ-പൊതുമരാമത്ത് പണികളുടെ നിർവ്വഹണം

62. പദ്ധതികൾ തീർപ്പാക്കുന്നതിലും പണി ഏൽപിക്കുന്നതിനുമുള്ള കാലതാമസം മൂലം പ്ലാൻ ഫണ്ടുകൾ ലാപ്സാകുന്നു എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി സമിതി അംഗീകരിച്ചു

63. <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള</u> സർക്കാർ മറുപടി പരിഗണിച്ച സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിംഗിന്റെ രൂപീകരണം സംബന്ധിച്ചും എഞ്ചിനീയറിംഗ് വിംഗ് ആരംഭിക്കുന്നതിനു മുമ്പ് മരാമത്ത് പ്രവൃത്തികൾ ആരുടെ മേൽനോട്ടത്തിലാണ് നടത്തിയിരുന്നത് എന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ആരാഞ്ഞു. 2008 മുതലാണ് "എൽ.എസ്.ജി.ഡി.യിൽ എഞ്ചിനീയറിംഗ് വിംഗ് ആരംഭിച്ചതെന്നും അതിനു മുമ്പ് മുനിസിപ്പൽ സർവ്വീസിൽ എഞ്ചിനീയർമാർ ഉണ്ടായിരുന്നുവെന്നും എന്നാൽ പഞ്ചായത്തുകളിലെ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പാണ് നടത്തിയിരുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതി മുമ്പാകെ അറിയിച്ചു. എൽ.എസ്.ജി.ഡി. യുടെ വർക്കുകൾ വർദ്ധിച്ച സാഹചര്യത്തിൽ അതിനനുസൃതമായ ജീവനക്കാരുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ജീവനക്കാരുടെ എണ്ണം കുറവാണെന്നും ഓരോ പഞ്ചായത്തിലും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ ഉണ്ടെന്നും എന്നാൽ മൂന്നോ നാലോ

ഓവർസീയർമാർകൂടി ആവശ്യമാണെന്നും 195 ഓവർസീയർ തസ്തിക അനുവദിച്ച് നൽകണമെന്ന് പ്രൊപ്പോസൽ സർക്കാരിന് നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതി മുമ്പാകെ ബോധിപ്പിച്ചു എഞ്ചിനീയർമാരുടെ അധിക തസ്തിക അനുവദിച്ച് നൽകിയിരുന്നുവെന്നും ഓവർസീയർ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ഉണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു

64. ഓവർസീയർ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള പ്രൊപ്പോസൽ പരിഗണിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

65. പുതിയ സിസ്റ്റം നിലവിൽ വന്നതോടുകൂടി ഫണ്ട് ലാപ്സാകുന്ന രീതി അവസാനിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു . ഫണ്ടിന്റെ അഭാവം മൂലം മാർച്ച് മാസം അവസാനം ലഭിച്ച ബില്ലുകൾ പാസ്സാക്കാൻ സാധിച്ചിട്ടില്ലെന്നും ആ ബില്ലുകൾ ക്യൂ സിസ്റ്റത്തിലേയ്ക്ക് മാറ്റുകയാണ് ചെയ്യുന്നതെന്നും മാർച്ച് മാസത്തിനു മുമ്പ് ബില്ലുകൾ ലഭിച്ചാൽ മാത്രമേ ധനകാര്യ വകുപ്പിന് അവ പാസ്സാക്കാൻ സാധിക്കുകയുള്ളുവെന്ന അവസ്ഥയുണ്ടെങ്കിലും എൽ.എസ്.ജി.ഡി. ബില്ലുകൾക്ക് നിയന്ത്രണം വയ്ക്കാറില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു പ്ലാനുകൾ നേരത്തെ തയ്യാറാക്കുമെങ്കിലും എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ആ ശുഷ്കാന്തി കാണിക്കുന്നില്ലെന്ന അപാകതകൂടി പരിഹരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു 2016-17-ൽ 47.7 ശതമാനവും 2017-18-ൽ 63 ശതമാനവും 2018-19-ൽ 64.6 ശതമാനവും ഈ വർഷം ഇതുവരെ 21.4 ശതമാനവുമാണ് എക്സ്പെൻഡിച്ചർ എന്നും കഴിഞ്ഞ 2 വർഷങ്ങളായി എക്സ്പെൻഡിച്ചറിൽ വർദ്ധനവുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു

66. കണ്ണൂർ ജില്ലാപഞ്ചായത്തിൽ സ്പിൽ ഓവർ വർക്കുകൾ കൂടുവാനുള്ള കാരണം സമിതി ആരാഞ്ഞതിന്. 2003-04 മുതൽ 2006-07 വരെയുള്ള സ്പിൽ ഓവർ വർക്കുകൾക്കാണ് കൂടുതൽ ചെലവ് വന്നിട്ടുള്ളതെന്നും നിലവിൽ സ്പിൽ ഓവർ വർക്കുകളില്ലെന്നും 100 ശതമാനം എക്സ്പെൻഡിച്ചർ ആണെന്നും കണ്ണൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി

67. മാടായി ഗ്രാമപഞ്ചായത്തിൽ 35 സ്പിൽ ഓവർ വർക്കുകൾ വന്നത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് മരാമത്ത് പ്രവൃത്തികളുടെ 30 ശതമാനം തുക ചെലവഴിച്ചിട്ടുണ്ടെന്നും. എഞ്ചിനീയർമാരുടെ കുറവാണ് പ്രധാന പ്രശ്നമെന്നും അതു കാരണം കോൺട്രാക്ടർമാർ വർക്ക് ഏറ്റെടുക്കാതിരിക്കുകയും മാർച്ച് ആകുമ്പോഴേയ്ക്കും പണി നടക്കാതെ സ്പിൽ ഓവർ ആകുകയുമാണ് ചെയ്യുന്നതെന്നും മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

68. തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിൽ 85 പ്രവൃത്തികൾ സ്പിൽ ഓവറായതെങ്ങനെയെന്ന് സമിതി ആരാഞ്ഞതിന്: തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി ആയി അപ്ഗ്രേഡ് ചെയ്തതായി തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്ലാൻ തയ്യാറാക്കാനും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനും സമയം നിശ്ചയിച്ചിട്ടുണ്ടോയെന്നും നിശ്ചയിച്ച പ്രകാരം വർക്ക് നടക്കുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യാറുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഉണ്ടെന്നും സെക്രട്ടറിമാരെ പഞ്ചായത്ത് തലത്തിലും എഞ്ചിനീയർമാരെ ചീഫ് എഞ്ചിനീയർ തലത്തിലും ഹിയറിംഗ് നടത്താറുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

69. പണികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം എന്നതിലെ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാത്ത പൊതുമരാമത്ത് പണികൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു

70. അധികാര പരിധിക്ക് പുറത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവൃത്തികൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി പരിശോധിച്ച സമിതി അധികാര പരിധിക്ക് പുറത്ത് എങ്ങനെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്നതെന്ന് ആരാഞ്ഞതിന് ഡി.പി.സി. അനുവാദത്തോടെയാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറും നാട്ടുകാരുടെ നിരന്തരമായ അഭ്യർത്ഥന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് ഡി.പി.സി.

അംഗീകാരത്തോടെയാണ് പ്രസ്തുത പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥനും അറിയിച്ചു പുരാതന കലകളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നതിന് ഓഡിറ്റോറിയം ഇല്ലാത്തതിനാൽ ഒരു ഓഡിറ്റോറിയം നിർമ്മിക്കണമെന്ന നാട്ടുകാരുടെ സമ്മർദ്ദം മൂലം ചെയ്തുവെന്ന് പറയുന്നത് ന്യായീകരിക്കാനാവില്ലെന്ന് അഭിപ്രായപ്പെട്ട സമിതി നിയമം മറികടന്ന് ഡി.പി.സിയ്ക്ക് എങ്ങനെയാണ് അനുവാദം നൽകാൻ സാധിക്കുന്നതെന്ന് ആരായുകയും നിയമ വിരുദ്ധമായ കാര്യങ്ങളാണ് നടന്നിട്ടുള്ളതെന്നും ഓഡിറ്റോറിയം ഉപയോഗിക്കുന്നുണ്ട്, നാട്ടുകാരുടെ ആവശ്യമായിരുന്നു തുടങ്ങിയ കാര്യങ്ങൾ നിയമത്തെ മറികടക്കാനുള്ള കാരണങ്ങളല്ല എന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

71. ജനങ്ങളുടെ കലാ-കായിക അഭിരുചികൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കണമെന്ന് IV-ാം പട്ടികയിൽ പറയുന്നുണ്ടെന്നും അതിന്റെ ഭാഗമായി കേരളോത്സവം പോലെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്നും ഗ്രാമവികസന വകുപ്പ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ അറിയിച്ചപ്പോൾ നിയമത്തിന്റെ പിൻബലം ഉണ്ടെങ്കിൽ മാത്രമേ ഇതൊക്കെ ന്യായീകരിക്കാൻ കഴിയുകയുള്ളൂവെന്നും അല്ലെങ്കിൽ ഫണ്ട് വിനിയോഗത്തിന് സർക്കാരിന്റെ അനുവാദം വാങ്ങണമെന്നും സമിതി അഭിപ്രായപ്പെട്ടു. ന്യായീകരിക്കാനാകാത്ത നടപടിയാണ് ഡി.പി.സി.യുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

72. ജില്ലാപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും അധികാര പരിധിക്കു പുറത്തുള്ള പ്രവൃത്തി നിർവ്വഹണം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടി പരിശോധിച്ച സമിതി എയ്ഡഡ് സ്കൂളുകളിൽ എങ്ങനെയാണ് ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിക്കുന്നതെന്നും എസ്.സി/എസ്.ടി കോളനിയിൽ വീടുകൾ നിർമ്മിച്ചു നൽകിയ പ്രവൃത്തി മാത്രമാണ് പ്രഥമദൃഷ്ട്യാ ന്യായീകരിക്കാനാകുന്ന ഒരേ ഒരു കാര്യമെന്നും പദ്ധതി

നടപ്പിലാക്കിയിരിക്കുന്ന രീതി തെറ്റാണെന്നും ഈ വിഷയം ഗൗരവമായി എടുക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ഈ പ്രവൃത്തിയ്ക്ക് ഡി.പി.സി. അംഗീകാരം നൽകിയത് ശരിയായ നടപടിയല്ലെന്നും നിലവിലുള്ള നിയമത്തെ മറികടന്ന് ധനവിനിയോഗം നടത്താനുള്ള അധികാരം പഞ്ചായത്തുകൾക്കില്ലെന്നും അഭിപ്രായപ്പെട്ട സമിതി ഇനി ഇത്തരം പ്രവൃത്തികൾ ആവർത്തിക്കുന്ന സാഹചര്യമുണ്ടായാൽ അത് പരിശോധിക്കുകയും അതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചു

73. 2008 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ സുലേഖ സോഫ്റ്റ്‌വെയർ മുഖേനയാണ് നടപ്പിലാക്കുന്നതെന്നും അതിനാൽ ഏതൊക്കെ പഞ്ചായത്തുകളിൽ എന്തൊക്കെ പ്രവൃത്തികൾ നടക്കുന്നുണ്ട് എന്ന് അറിയാൻ കഴിയുമെന്നും ഭാവിയിൽ ഇത്തരത്തിലുള്ള ധനവിനിയോഗ പ്രവൃത്തികൾ നടപ്പാക്കാൻ സാധിക്കില്ലെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു

74. അടങ്കലുകൾ തയ്യാറാക്കൽ എന്നതിലെ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച മറുപടി പരിശോധിച്ച സമിതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് ആരാഞ്ഞു. പട്ടികജാതി കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതി വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പ്രോജക്ട് ആയിരുന്നതിനാലാണ് എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതെന്നും തുക വകയിരുത്തി നിലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും മുൻകൂട്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല എന്നതുമാത്രമാണ് ഓഡിറ്റ് ഒബ്ജക്ഷൻ എന്നും ഇതുമൂലം യാതൊരു സാമ്പത്തിക നഷ്ടവും പഞ്ചായത്തിന് ഉണ്ടായിട്ടില്ല എന്നും കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

75. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

76. വികലമായ അടങ്കൽ തയ്യാറാക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു

77. തറപ്പണിക്ക് തെറ്റായ നിരീക്ഷണ ഡേറ്റാ സ്വീകരിച്ചതു മൂലമുണ്ടായ അധിക ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിശോധിച്ച സമിതി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് വിശദാംശങ്ങൾ ആരാഞ്ഞു

78. പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നുവോയെന്ന് സമിതി ആരാഞ്ഞതിന് അംഗീകാരം ലഭിച്ചിരുന്നുവെന്നും നിലവിൽ പണി പൂർത്തീകരിക്കുകയും തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് തിരുനാവായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇതു പൊതുവായ ഒരു വിഷയമാണെന്നും ബ്ലോക്ക് ലെവൽ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച റേറ്റ് അനുസരിച്ചാണ് തുക നൽകിയിട്ടുള്ളതെന്നും വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അറിയിച്ചു

79. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുകയുടെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തുക തിരിച്ചു പിടിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്ന് വെട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

80. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

81. സാധനങ്ങൾക്ക് താലൂക്ക് തലത്തിലുള്ള ശരാശരി കടത്തുകൂലി സ്വീകരിച്ചതുമൂലമുള്ള അധിക ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ നടപടി പരിശോധിച്ച സമിതി ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞു. 2003-04 മുതൽ 2006-07 വർഷങ്ങളിലെ 130 പ്രവൃത്തികളുടെ ഫയലുകളുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും ഫയൽ നമ്പർ വ്യക്തമാക്കാത്തതിനാൽ ടി പ്രവൃത്തികളുടെ ഫയൽ കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും കണ്ണൂർ മുനിസിപ്പാലിറ്റി അറിയിച്ചു. തുടർന്ന് നിലവിൽ പി.ഡബ്ല്യു.ഡി. റേറ്റ് പ്രകാരമാണോ വർക്കുകൾ ഏറ്റെടുക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് ആപ്രകാരമാണെന്നും കണ്ണൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

82. കണ്ണൂർ, തലശ്ശേരി മുനിസിപ്പാലിറ്റികളെ സംബന്ധിക്കുന്ന പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു

83. കൺവീനർമാർ/അക്രഡിറ്റഡ് ഏജൻസികൾ തുടങ്ങിയവർ നിർവ്വഹിച്ച പ്രവൃത്തികളുടെ അടങ്കലിൽ കരാറുകാരുടെ ലാഭം ഉൾക്കൊള്ളിച്ചതു മൂലമുള്ള അധിക ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി പരിഗണിച്ച സമിതി ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് ആരാഞ്ഞതിന് പഞ്ചായത്ത് തലത്തിൽ എഞ്ചിനീയർമാർ ഇല്ലാതിരുന്ന കാലഘട്ടത്തിൽ സാങ്കേതിക സമിതി തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുക മാത്രമാണ് പഞ്ചായത്ത് സെക്രട്ടറി ചെയ്തിരിക്കുന്നതെന്നും നിലവിൽ പഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിഭാഗം ഫലപ്രദമായി പ്രവർത്തിക്കുന്നതിനാൽ ഇത്തരം അപാകതകൾ സംഭവിക്കുന്നില്ലെന്നും കണ്ണൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

84. സാങ്കേതികാനുമതി നൽകിയതിലുള്ള ക്രമക്കേട് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിശോധിച്ച സമിതി ഓഡിറ്റ് പരാമർശം സംബന്ധിച്ച കൊച്ചി നഗരസഭയുടെ വിശദീകരണം അരാഞ്ഞു. അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 6.50 ലക്ഷം രൂപയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കുകയാണുണ്ടായതെന്നും ടി തുകയ്ക്ക് എല്ലാ വാർഡുകളിലെയും പ്രവൃത്തികൾ ചെയ്തില്ലെന്നാണ് ആക്ഷേപമെന്നും എല്ലാ വാർഡിലെയും പ്രവൃത്തികൾ ഒരുമിച്ച് ചെയ്യാൻ പ്രസ്തുത തുക മതിയാവുകയില്ലെന്നും കൗൺസിലർമാരുടെ ആവശ്യമനുസരിച്ച് ചില വാർഡുകളിൽ ലൈറ്റുകളുടെ അറ്റകുറ്റപ്പണി നടത്തുകയും പ്രയോറിറ്റിയനുസരിച്ച് മെയിന്റനൻസ് നടത്തുകയുമാണുണ്ടായതെന്ന് കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറി അറിയിച്ചു. വാർഡ് അനുസരിച്ച് സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ എണ്ണമെടുത്ത് വാങ്ങാത്തതെന്തുകൊണ്ടാണെന്നും അങ്ങനെ വാങ്ങിയിരുന്നുവെങ്കിൽ ഇളവ് ലഭിക്കുമായിരുന്നില്ലേയെന്നും സമിതി ആരാഞ്ഞതിന് സോഡിയം വേപ്പർ ലൈറ്റുകൾ വലിയ തോതിൽ വാങ്ങിവയ്ക്കുക പ്രായോഗികമല്ലാത്തതിനാലാണ് ഒരുമിച്ച് വാങ്ങാതിരുന്നതെന്ന് കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. കൂടാതെ നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതിക അനുമതിയോടുകൂടിയാണ് വാങ്ങിയതെന്നും നിലവിൽ നിയമമനുസരിച്ച് തന്നെയാണ്

എല്ലാ പർച്ചേയ്സുകളും നടത്തുന്നതെന്നും കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടിയായി അറിയിച്ചു. നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് 6.5 ലക്ഷം രൂപ വരെയുള്ള പർച്ചേയ്സുകൾക്ക് ഇത്തരത്തിൽ സാങ്കേതികാനുമതി നൽകാമെന്ന് നിയമമുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതി മുമ്പാകെ അറിയിക്കുകയും പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

85. ടെണ്ടർ ക്ഷണിക്കലിലെ ടെണ്ടറുകൾക്ക് പകരം ക്വട്ടേഷനെന്ന കൊച്ചി നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി പരിശോധിച്ച സമിതി ടെണ്ടറുകൾക്ക് പകരം ക്വട്ടേഷൻ എന്ന പരാമർശം സംബന്ധിച്ച് നഗരസഭയുടെ വിശദീകരണം ആരാഞ്ഞു. 20000/- രൂപയ്ക്ക് മുകളിൽ അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾക്ക് മേയറുടെ മുൻകൂർ അനുമതിയോടെ ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് പിന്നീട് കൗൺസിലിൽ വച്ച് പാസാക്കുകയുമാണ് ചെയ്യുന്നതെന്ന് കൊച്ചി നഗരസഭ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. കമ്പ്യൂട്ടർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വട്ടേഷൻ തുകയെക്കാൾ കുറഞ്ഞ തുകയ്ക്ക് ലഭിക്കുമായിരുന്നുവെന്ന് നിരീക്ഷിച്ച സമിതി ഇത് ഒരു തെറ്റായ കീഴ്വഴക്കമാണെന്ന് അഭിപ്രായപ്പെട്ടു.

86. തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി സമിതി അംഗീകരിച്ചു.

87. ടെണ്ടർ ഷെഡ്യൂളുകൾ തെറ്റായി തയ്യാറാക്കിയതുമൂലമുള്ള അധികം നൽകൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ മറുപടി പരിഗണിച്ച സമിതി എങ്ങനെയാണ് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് 35 ശതമാനം പ്രതീക്ഷിത ടെണ്ടർ അധികം നൽകാൻ കഴിയുന്നതെന്ന് ആരാഞ്ഞു. പ്രസ്തുത വർക്കുകൾ ചെയ്യുന്ന കാലയളവിൽ ഷെഡ്യൂൾ ഓഫ് റേറ്റ്സ് നിലവിലില്ലായിരുന്നുവെന്നും കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകളനുസരിച്ച് ടെണ്ടർ എക്സസ് മുഖേന അധികം പണം ലഭ്യമാക്കിയാണ് പ്രവൃത്തികൾ നടപ്പിലാക്കിയിരുന്നതെന്നും പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് വർക്കായി

ചെയ്തതിനാലാണ് അധിക തുക ഈടാക്കിയതെന്നാണ് മനസിലാക്കാൻ കഴിഞ്ഞതെന്നും 2004-ൽ ഷെഡ്യൂൾ ഓഫ് റേറ്റ്സ് നിലവിൽ വന്നെങ്കിലും പ്രാവർത്തികമായത് 2006-ൽ മാത്രമാണെന്നും യഥാർത്ഥത്തിൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്നും റിവിഷൻ നടക്കാതിരുന്നതിനാലാണ് അധിക തുക നൽകേണ്ടിവന്നതെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (കെട്ടിടം) മറുപടി നൽകി.

88. ടെണ്ടർ പ്രമാണങ്ങളിൽ കൃത്രിമം എന്ന ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള സർക്കാർ നടപടി സമിതി ചർച്ചയ്ക്കെടുത്തപ്പോൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് 2013 മേയ് 24 ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും പ്രസ്തുത കേസിൽ തിരൂർ ബിഡിഒ കക്ഷി അല്ലാത്തതിനാൽ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറാൻ സാധിക്കില്ലെന്നാണ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും അറിയാൻ കഴിഞ്ഞതെന്നും തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു ആരെയൊക്കെയാണ് പ്രസ്തുത കേസിൽ കക്ഷി ചേർത്തിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് പ്രിൻസിപ്പൽ സെക്രട്ടറി, സിആർഡി,ഡിസ്ട്രിക് കളക്ടർ, എ.ജി എന്നിവരാണ് പ്രസ്തുത കേസിലെ കക്ഷികളെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

89. അന്ന് ബിഡിഒ യുടെ ചുമതല ആർക്കായിരുന്നു എന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത കാലയളവിൽ എക്സ്റ്റൻഷൻ ഓഫീസർ (ഐആർഡി) ആയിരുന്ന ശ്രീ.പി. ഉണ്ണീൻകുട്ടി ആയിരുന്നു ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ ചുമതല വഹിച്ചിരുന്നതെന്നും ടെണ്ടർ പ്രമാണങ്ങളിൽ കൃത്രിമം കാട്ടിയതും യൂണിഫോം വാങ്ങിയതിലെ ക്രമക്കേടും സംബന്ധിച്ച് ടിയാനെതിരെ ആർ.ആർ. നടപടിയ്ക്ക് ശിപാർശ ചെയ്തിരുന്നുവെങ്കിലും അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

90. ഇതു സംബന്ധിച്ച് ഗവൺമെന്റിന് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ കേസ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണെന്ന് ഗ്രാമവികസന വകുപ്പ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ മറുപടി നൽകി

91. പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ആവശ്യപ്പെട്ടു.

92. ചട്ടവിരുദ്ധമായി ടെണ്ടർ അധികം നൽകൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 15 ശതമാനം അധിക നിരക്കിൽ ടെണ്ടർ അംഗീകരിച്ചതെങ്ങനെയെന്ന് ആരാഞ്ഞതിന് ബ്ലോക്ക് പഞ്ചായത്ത് ഡി.ടി.പി.സിയുമായി സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയായിരുന്നു പടിഞ്ഞാറെത്തറ ബീച്ച് നടപ്പാത നിർമ്മാണമെന്നും ബീച്ചിൽ നടപ്പാത നിർമ്മിക്കുന്നതിന് വാഹന സൗകര്യമില്ലാതിരുന്നതിനാൽ ഏകദേശം 400 മീറ്റർ ദൂരം ഹെഡ് ലോഡിംഗ് ആവശ്യമായിരുന്നുവെങ്കിലും ആയത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 25 മുതൽ 35 ശതമാനം അധികനിരക്കിലാണ് ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടതെന്നും നെഗോഷ്യേറ്റ് ചെയ്ത് 15 ശതമാനം അധിക നിരക്കിൽ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർമാന്റെ അനുവാദം വാങ്ങിയിരുന്നുവെന്നും തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി ഡി.ടി.പി.സി ചെയർമാന് അധികനിരക്ക് അനുവദിക്കുന്നതിന് അനുവാദം നൽകാൻ അധികാരമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഇല്ലായെന്ന് ഗ്രാമവികസന വകുപ്പ് എ.ഡി.സി മറുപടി നൽകി.

93. ഷെഡ്യൂൾ ഓഫ് റേറ്റ് റിവിഷൻ വൈകിയതുകൊണ്ട് 15 ശതമാനം അധിക നിരക്ക് അനുവദിക്കാൻ സർക്കാർ ഉത്തരവുണ്ടായിരുന്നതായി മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതി മുമ്പാകെ വ്യക്തമാക്കി.

94. പ്രസ്തുത പരാമർശത്തിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

95. ക്രമവിരുദ്ധമായി പ്രവൃത്തി ഏൽപ്പിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിശോധിച്ച സമിതി ദർഘാസ് തുറന്നു നോക്കി തിരുത്തൽ വരുത്തിയതെങ്ങനെയെന്ന് ആരാഞ്ഞു. തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ പിണറായി പഞ്ചായത്തിലെ പാണ്ഡകപ്പാറ/കായലോട് റോഡ് പുനരുദ്ധാരണം

നബാർഡിന്റെ 23 ലക്ഷം രൂപയുടെ പ്രവൃത്തിയായിരുന്നുവെന്നും ആയതിന് 17 കരാറുകാർ ടെണ്ടർ ഷെഡ്യൂളുകൾ വാങ്ങിയിരുന്നുവെങ്കിലും രണ്ട് ദർഘാസ് മാത്രമാണ് ലഭിച്ചതെന്നും ഒരാൾ 10 ശതമാനത്തിൽ കൂടുതലും മറ്റൊരാൾ 24 ശതമാനത്തിൽ കുറവുമാണ് ക്വാട്ട് ചെയ്തിരുന്നതെന്നും 24 ശതമാനത്തിൽ കുറവ് ക്വാട്ട് ചെയ്തയാൾ 20 ശതമാനമാക്കി തിരുത്തൽ വരുത്തിയതാണെന്നും തലശ്ശേരി ബി.ഡി.ഒ. മറുപടി നൽകി. ടെണ്ടർ ഓപ്പൺ ചെയ്ത ശേഷം തിരുത്തൽ വരുത്തുന്നതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത വിഷയം സംബന്ധിച്ച 2000 ലെ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ഇതെല്ലാം അന്വേഷണത്തിൽ മനസ്സിലായ കാര്യങ്ങളാണെന്നും നബാർഡ് വർക്കെടുക്കുമ്പോൾ കരാറുകാർ തമ്മിൽ ധാരണയിലെത്തി തിരുത്തൽ വരുത്താറുണ്ടെന്നും അദ്ദേഹം മറുപടി നൽകി. ക്വാട്ട് ചെയ്ത തുക ടെണ്ടർ ഓപ്പൺ ചെയ്യുന്നതിനു മുമ്പ് തിരുത്താമെന്നും തിരുത്തൽ വരുത്തിയ ഭാഗത്ത് ഇനിഷ്യൽ ചെയ്യാൻ വിട്ടുപോയതാകാമെന്നും ആ കാലഘട്ടത്തിൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കത്തി നശിച്ചിരുന്നുവെന്നും പല ഫയലുകളും റീ ക്രിയേറ്റ് ചെയ്താണ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നും ഗ്രാമവികസന വകുപ്പ് എ.ഡി.സി അറിയിച്ചു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന് 10 ശതമാനത്തിൽ കൂടുതൽ ക്വാട്ട് ചെയ്ത ആളാണ് വർക്ക് എടുത്തതെന്നും പിന്നീട് നെഗോഷ്യേറ്റ് ചെയ്ത് എസ്റ്റിമേറ്റ് റേറ്റിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്നും തലശ്ശേരി ബി.ഡി.ഒ സമിതി മുമ്പാകെ മറുപടി നൽകി.

96. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

97. പ്രവൃത്തിയ്ക്കുള്ള ഉത്തരവ് സുദൃഢകാലയളവിൽ പുറപ്പെടുവിക്കാത്തത് മൂലമുള്ള അധിക ചെലവ് എന്ന കണ്ണൂർ ജില്ലാപഞ്ചായത്തിനെ സംബന്ധിച്ച് ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി പരിശോധിച്ച സമിതി തയ്യൽ വസ്ത്ര നിർമ്മാണ കെട്ടിടം പണി പൂർത്തീകരിച്ചുവോയെന്ന് ആരാഞ്ഞതിന് പൂർത്തീകരിച്ചുവെന്നും ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ആയിരുന്ന നിർവ്വഹണോദ്യോഗസ്ഥനെന്നും അദ്ദേഹത്തിന്റെ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തീരുമാനപ്രകാരം റീ ടെണ്ടർ

അംഗീകരിച്ചതെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

98. ജാമ്യനിക്ഷേപവും ജാമ്യത്തുകയും വസൂലാക്കാതിരിക്കൽ എന്ന വർക്കല മുനിസിപ്പാലിറ്റിയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി ഓഡിറ്റ് പരാമർശം സംബന്ധിച്ച വർക്കല മുനിസിപ്പാലിറ്റിയുടെ വിശദീകരണം ആരാഞ്ഞു. ജാമ്യ നിക്ഷേപം കെട്ടിവയ്ക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതായി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. നിയമവിരുദ്ധമായി ആനുകൂല്യം നൽകിയെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

99. ലാപ്സായ നിക്ഷേപങ്ങൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

100. പലിശ കിട്ടുന്ന സെക്യൂരിറ്റികൾ മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാതെ കിടക്കുന്നത് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

**101.** **<u>സൈറ്റുകൾ കൈമാറുന്നതിലുള്ള കാലതാമസം</u>** എന്നതിലെ സൈറ്റുകൾ കൈമാറുന്നതിൽ വന്ന കാലതാമസം മൂലമുള്ള ഒഴിവാക്കാമായിരുന്ന ചെലവ് എന്ന തളിപ്പറമ്പ് മുനിസിപ്പാലിറ്റിയെ സംബന്ധിക്കുന്ന പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി കരാറുകാരൻ എഗ്രിമെന്റ് വച്ച് കഴിഞ്ഞിട്ടും പ്രവൃത്തി നടത്താനുള്ള സ്ഥലം മുനിസിപ്പാലിറ്റിയ്ക്ക് കൈമാറാൻ സാധിച്ചില്ലേയെന്ന് ആരാഞ്ഞു. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനു വേണ്ടി കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ആയതുപ്രകാരം കരാറുകാരൻ ഉടമ്പടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നും അതിനിടയിൽ ബസ്സ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും ഇക്കാരണങ്ങളാലാണ് ഉടമ്പടി പ്രകാരം സൈറ്റ് കൈമാറുന്നതിന്

കാലതാമസമുണ്ടായതെന്നും പ്രവൃത്തി പൂർത്തീകരിച്ച കഴിഞ്ഞതായും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു

102. തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിക്കുന്ന സ്ഥലം കൈമാറുന്നതിന് വളരെ മുമ്പ് മുൻകൂർ നൽകിയതു മൂലമുള്ള പലിശ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു

103. അപ്രോച്ച് റോഡിന് സ്ഥലം അക്വയർ ചെയ്യാതെ സബ്‌വേ പണിക്ക് റെയിൽവേയെ ചുമതലപ്പെടുത്തിയത് എന്ന കൊച്ചി നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി ആരാഞ്ഞു. നിലവിൽ സബ്‌വേയിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിച്ചുവരുന്നതായി കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

104. പ്രസ്തുത പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു

105. ക്രമരഹിതമായ കരാറുകളുടെ നിർവ്വഹണം എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി പരിഗണിച്ച സമിതി കോട്ടയം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും കൺവീനർക്ക് അഡ്വാൻസ് കൊടുത്ത തുക തിരിച്ച കിട്ടിയോ എന്നും ആരാഞ്ഞു. 2004-05 വർഷങ്ങളിലായി ടാങ്കിന്റെ നിർമ്മാണം മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളുവെന്നും ഉയർന്ന സ്ഥലമായതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കിണറിന്റെ ആഴം കൂട്ടി പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയതെന്നും എന്നാൽ റേറ്റുകൾ തമ്മിലുള്ള വ്യത്യാസം കാരണം ആരും പ്രവൃത്തി ഏറ്റെടുക്കാൻ മുന്നോട്ടുവരാത്തതിനാൽ പദ്ധതി പൂർത്തിയായിട്ടില്ലെന്നും ഇപ്പോൾ പ്രസ്തുത പ്രവൃത്തി കിഫ്ബി ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടെന്നും കൺവീനർക്ക് കൊടുത്ത അഡ്വാൻസ് തുക തിരിച്ച കിട്ടിയില്ലെന്നും ടി തുക ഉപയോഗിച്ച് ടാങ്ക് നിർമ്മിച്ചിട്ടുണ്ടെങ്കിലും അത് ഉപയോഗശൂന്യമായി കിടക്കുകയാണെന്നും കോട്ടയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

106. മണ്ണിട്ട നികത്തുന്ന പണികളിൽ ഒരു ലീഡും ഒരു ലിഫ്റ്റും കുറവു ചെയ്യാത്തതു മൂലമുള്ള അധികം നൽകൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

107. കരാറുകാർക്ക് അനർഹമായ സാമ്പത്തികസഹായം/അധികം നൽകൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച പയ്യന്നൂർ മുനിസിപ്പാലിറ്റിയുടെ മറുപടി സമിതി അംഗീകരിച്ചു.

108. തുടർന്ന് സമിതി തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ പ്രവൃത്തിയുടെ അടങ്കൽ പുതുക്കിയപ്പോൾ ടെണ്ടർ അധികമായി 115 ശതമാനം അനുവദിച്ചതെങ്ങനെയെന്ന് ആരാഞ്ഞു. പ്രസ്തുത പ്രവൃത്തിയുടെ ആദ്യത്തെ അടങ്കൽ തുക 80 ശതമാനമായിരുന്നുവെന്നും പിന്നീട് ജി.ഒ (പി)നം. 448/2014 സർക്കാർ ഉത്തരവ് പ്രകാരം റീടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കൂടിയ അടങ്കൽ തുക അനുവദിച്ചതെന്നും തളിപ്പറമ്പ് മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. 8456/-രൂപ കരാറിൽ കാണിച്ചിട്ട് 13700/-രൂപ കൂട്ടികൊടുത്തത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ മറുപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഒരാഴ്ച്ചക്കുള്ളിൽ സമിതി മുമ്പാകെ ഹാജരാക്കണമെന്ന് ആവശ്യപ്പെടുകയും പ്രസ്തുത വിശദാംശങ്ങൾ ഹാജരാക്കാമെന്ന് മുനിസിപ്പാലിറ്റി സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു.

109. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കിഴക്കൻ മേഖലയിൽ സോഡിയം വേപ്പർ വിളക്കുകളുടെ സർവ്വേയ്ക്കും ആസ്തി രജിസ്റ്ററുകളുടെ തയ്യാറാക്കലിനുമായി മുടക്കിയ ഒഴിവാക്കാവുന്ന ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി തെരുവു വിളക്കുകളുടെ എണ്ണം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിനുമുമ്പ് രേഖകളില്ലാതെ പണം മുൻകൂറായി നൽകിയത് എന്തിനാണെന്ന് ആരാഞ്ഞു. നഗരസഭയുടെ മുഴുവൻ വാർഡുകളിലെയും തെരുവ് വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിന് നിലവിൽ

ഒരു ഉദ്യോഗസ്ഥൻ മാത്രമാണുള്ളതെന്നും അതിനാലാണ് ഈ പ്രവൃത്തിക്ക് പുറംകരാർ നൽകിയതെന്നും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

110. നഗരസഭയുടെ ആവശ്യത്തിനായി സാധനങ്ങൾ വാങ്ങുമ്പോൾ അത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം ഇൻസ്റ്റാൾ ചെയ്യുകയാണ് വേണ്ടതെന്നും പകരം സമയാസമയങ്ങളിൽ അവ ആസ്തി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാത്തതിനാൽ ഓഡിറ്റ് ഒബ്ജക്ഷൻ വന്നപ്പോൾ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി പുറംകരാർ നൽകുകയാണുണ്ടായതെന്നും ആസ്തി രജിസ്റ്റർ തയ്യാറാക്കൽ പുറംകരാർ നൽകി ചെയ്യേണ്ട ജോലിയല്ലെന്നും നഗരസഭാ ഉദ്യോഗസ്ഥർ തന്നെ നിർവ്വഹിക്കേണ്ട ജോലിയ്ക്ക് പുറംകരാർ നൽകുകയാണുണ്ടായതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. സമയബന്ധിതമായി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. തുടർന്ന് സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

111. അളവ് എടുക്കാതെ പ്രവൃത്തിയുടെ പണം നൽകൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി പരിഗണിച്ച സമിതി ബ്ലോക്ക് പഞ്ചായത്തിലെ പ്രവൃത്തികൾ രേഖപ്പെടുത്തുന്നതിന് എം.ബുക്ക് നിലവിലുണ്ടോയെന്ന് ആരാഞ്ഞു. ആരംഭഘട്ടത്തിലെ പ്രവൃത്തികൾക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയാണ് ചെയ്തത് എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞതെന്നും നിലവിൽ എം.ബുക്ക് സൂക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാർട്ട് ബില്ലുകളും ഫൈനൽ ബില്ലുകളും മാറുകയാണ് ചെയ്ത് വരുന്നതെന്നും തലശ്ശേരി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ വ്യക്തമാക്കി.

112. പ്രസ്തുത മറുപടിയും കണ്ണൂർ നഗരസഭയെ സംബന്ധിക്കുന്ന സർക്കാർ മറുപടിയും സമിതി അംഗീകരിച്ചു.

113. പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിശദീകരണം സമിതി ആരാഞ്ഞു.

114. കമ്മ്യൂണിറ്റി ഹാൾ പൂർണ്ണമായും പൊളിച്ച് നീക്കുകയുണ്ടായോ, പ്ലാനിന് അനുമതി നൽകിയത് ആരാണ്, കെട്ടിടത്തിന്റെ സ്ട്രക്ച്ചറിൽ എന്ത് തകരാറാണുണ്ടായത്, അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നീ വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന് പ്ലാനിലെ തകരാർ മൂലം ഒരു ഭാഗം പൂർണ്ണമായും പൊളിച്ച് നീക്കിയെന്നും ഫയൽ ലഭ്യമല്ലാത്തതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെന്നും തിരുനാവായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

115. കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിയതാര്, അതിന് അനുമതി നൽകിയത് ആര്, കെട്ടിടത്തിന്റെ സ്ട്രക്ച്ചറിന് എന്ത് തകരാറാണുണ്ടായിരുന്നത് എന്നീ വിവരങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

116. കങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിൽ ഓഡിറ്റോറിയത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. ഓഡിറ്റോറിയത്തിന്റെ പണി പൂർത്തീകരിക്കുകയും നിലവിൽ പൊതു പരിപാടികൾക്കായി അനുവദിക്കുകയും ചെയ്യുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസമുണ്ടായത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്തിന്റെ തനതു ഫണ്ട് കുറവായതിനാലാണ് പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടതെന്നും 1999-2000 ൽ ലഭിച്ച മികച്ച പഞ്ചായത്തിനുള്ള അവാർഡ് തുകയും എം.എൽ.എ. ഫണ്ടും മറ്റ് ഫണ്ടുകളും ഉപയോഗിച്ചാണ് പ്രവൃത്തി പൂർത്തിയാക്കിയതെന്നും നിലവിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ് എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കോട്ടയം മുനിസിപ്പാലിറ്റി സമർപ്പിച്ച മറുപടി സമിതി അംഗീകരിച്ചു.

117. നേരുകടവ്-വയൽത്തിട്ട കോളം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുകയുണ്ടായോയെന്നും അതിന്റെ തുക ലഭ്യമാക്കിയോയെന്നും സമിതി ആരാഞ്ഞു. ടി പ്രവൃത്തി ജില്ലാപഞ്ചായത്ത്

ഏറ്റെടുത്ത് പൂർത്തീകരിച്ചതായി ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രവൃത്തി ആദ്യം ഏൽപ്പിച്ച കോൺട്രാക്ടർക്ക് പണം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് കോൺട്രാക്ടർക്കെതിരെ നൽകിയ കേസിന്മേലുള്ള നടപടികൾ നടന്നുവരികയാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു കേസിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത വിവരങ്ങൾ കൈവശമില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 73 ലക്ഷം രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നതെന്നും അത് സംബന്ധിച്ച ഗ്രാമവികസന വകുപ്പിന്റെ അഭിപ്രായം എന്താണെന്നും സമിതി ആരാഞ്ഞു. 73 ലക്ഷം രൂപ കൈമാറിയിട്ടുണ്ടെന്നും നബാർഡ് പ്രവൃത്തികൾക്ക് പ്രവൃത്തി പൂർത്തിയാക്കിയ ശേഷമാണ് തുക നൽകുന്നതെന്നും ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ഗ്രാമവികസന വകുപ്പ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ബോധിപ്പിച്ചു.

118. പ്രസ്തുത കേസ് സംബന്ധിച്ച് പരിശോധിച്ച് കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങൾ രണ്ടാഴ്ചയ്ക്കകം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

119. ഡിപ്പോസിറ്റ് പ്രവൃത്തികൾ എന്നതിലെ നിയമവിരുദ്ധമായ സെന്റേജ് ചാർജ്ജ് നൽകൽ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയതിന്റെ ആസ്തി രജിസ്റ്റർ സൂക്ഷിക്കാതിരുന്നത് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

120. ഡെപ്പോസിറ്റ് പ്രവൃത്തികൾ നിരീക്ഷിക്കാതിരിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി പരിശോധിച്ച സമിതി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ആരാഞ്ഞു. കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ 15,000/- രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ 10,000/- രൂപയ്ക്ക് പൂർത്തിയാക്കിയെങ്കിലും ബാക്കി 5,000/- രൂപ നാളിതുവരെയായി തിരികെ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ലെന്നും ഇത് ലഭിക്കുന്നതിനായി പല പ്രാവശ്യം രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ലെന്ന മറുപടിയാണ്

ലഭിച്ചിരിക്കുന്നതെന്നും ടി തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും വെട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

121. ക്രമീകരിക്കാതെ കിടക്കുന്ന 6.21 കോടി രൂപയുടെ താൽക്കാലിക മുൻകൂറുകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

122. മുൻകൂറുകൾ ക്രമീകരിക്കാതിരിക്കൽ, വാറ്റ് അധികം നൽകൽ, നിയമാനുസൃത കിഴിവുകൾ, പലിശ കിട്ടുന്ന സെക്യൂരിറ്റികൾ സുരക്ഷിതമായി സൂക്ഷിച്ചിട്ടില്ല, ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തിയുടെ ഫയലുകൾ സൂക്ഷിക്കാത്തത്, രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കൽ/അപൂർണ്ണമായി സൂക്ഷിക്കൽ എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**123. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചുവെങ്കിലും ജോലി ഭാരത്തിന് അനുസൃതമായി ജീവനക്കാരില്ലെന്ന് നിരീക്ഷിച്ച സമിതി ഓവർസീയർ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന് മുമ്പാകെ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പരിഗണിക്കുവാൻ ശിപാർശ ചെയ്യുന്നു.**

124. പുരാതന കലകളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നതിന് ഓഡിറ്റോറിയം ഇല്ലാത്തതിനാൽ ഓഡിറ്റോറിയം സ്ഥാപിക്കണമെന്ന നാട്ടുകാരുടെ സമ്മർദ്ദം കാരണമാണ് തോന്നയ്ക്കൽ നാട്യഗ്രാമത്തിൽ ഓഡിറ്റോറിയം നിർമ്മിച്ചതെന്ന കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്തിന്റെ മറുപടി ന്യായീകരിക്കാനാവുന്നതല്ലെന്നും അധികാര പരിധിയ്ക്ക് പുറത്ത് ഇത്തരം പ്രവൃത്തികൾ ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിയമവിരുദ്ധമായി അംഗീകാരം നൽകാൻ ഡി.പി.സിയ്ക്കും അധികാരമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. നിയമത്തിന്റെ പിൻബലം ഉണ്ടെങ്കിൽ

മാത്രമേ ഇത്തരം പ്രവൃത്തികൾ ന്യായീകരിക്കാൻ കഴിയുള്ളവെന്നും ഫണ്ട് വിനിയോഗത്തിന് സർക്കാരിന്റെ അനുവാദം വാങ്ങേണമായിരുന്നുവെന്നും അഭിപ്രായപ്പെട്ട സമിതി ബ്ലോക്ക് പഞ്ചായത്തിന്റെയും ഡി.പി.സി.യുടെയും നടപടി ന്യായീകരിക്കത്തക്കതല്ലെന്നും വിലയിരുത്തുന്നു.

125. ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികാര പരിധിയ്ക്ക് പുറത്ത് പ്രവൃത്തി നിർവ്വഹണം നടത്തരുതെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം ഈ വിഷയത്തിൽ ആവശ്യമായ കർശന നിർദ്ദശങ്ങൾ ഭരണ വകുപ്പ് പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഇത്തരം പ്രവൃത്തികൾ ആവർത്തിക്കുന്ന സാഹചര്യമുണ്ടായാൽ അത് പരിശോധിച്ച് ഭരണ വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

126. സാധനങ്ങൾക്ക് താലൂക്ക് തലത്തിലുള്ള അധിക കടത്തുകൂലി സ്വീകരിച്ചത് മൂലം കണ്ണൂർ നഗരസഭയ്ക്കുണ്ടായ നഷ്ടത്തിനുത്തരവാദികൾ ആരെന്ന് കണ്ടെത്തി തുക തിരിച്ചു പിടിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം മേലിൽ ഇത്തരത്തിലുള്ള ഓഡിറ്റ് പരാമർശങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ഭരണ വകുപ്പ് ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

127. ടെണ്ടറുകൾക്ക് പകരം ക്വട്ടേഷൻ ക്ഷണിച്ചത് കൊച്ചി നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ തെറ്റായ കീഴ്വഴക്കമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

128. തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ ടെണ്ടർ പ്രമാണങ്ങളിൽ കൃത്രിമം കാട്ടിയതുമായി ബന്ധപ്പെട്ട് നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ് കേരള അഡ്മിനിസ്റ്റ്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു.

129. ക്രമവിരുദ്ധമായി പ്രവൃത്തി ഏൽപ്പിക്കൽ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് രണ്ടു മാസത്തിനകം ലഭ്യമാക്കുവാൻ സമിതി അവശ്യപ്പെടുന്നു.

130. ജാമ്യ നിക്ഷേപവും ജാമ്യത്തുകയും വസൂലാക്കുന്നതിൽ വർക്കല നഗരസഭയുടെ ഭാഗത്തു നിന്നും നിയമവിരുദ്ധമായ നടപടിയുണ്ടായതായി നിരീക്ഷിച്ച സമിതി രണ്ടു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു.

131. നിർദ്ദിഷ്ട കാലാവധി കഴിഞ്ഞതും നാളിതുവരെ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിൽ വരവ് വയ്ക്കാത്തതുമായ നിക്ഷേപങ്ങൾ റവന്യൂ അക്കൗണ്ടിലേയ്ക്ക് വരവു വയ്ക്കുന്നതിനായി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

132. പലിശ കിട്ടുന്ന സെക്യൂരിറ്റികൾ മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാതെ കിടക്കുന്നത് റവന്യൂവിലേയ്ക്ക് വരവു വക്കുന്നതിനായി വർക്കല നഗരസഭ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ 15 ദിവസത്തിനുള്ളിൽ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

133. തിരൂർ മുനിസിപ്പാലിറ്റിയോട് ചേർന്നുള്ള പാരാമെഡിക്കൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

134. കരാറുകാർക്ക് അനർഹമായ സാമ്പത്തിക സഹായം/അധികൽ നൽകൽ എന്ന ഓഡിറ്റ് പരാമർശം പരിഗണിക്കുന്ന വേളയിൽ ടാറിന്റെ വില അധികം നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞ അവസരത്തിൽ ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന തളിപ്പറമ്പ് മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അടിയന്തരമായി സമിതി മുമ്പാകെ ഹാജരാകുവാൻ സമിതി ആവശ്യപ്പെടുന്നു.

135. കരാറുകാർക്ക് അനർഹമായോ അധികമായോ നൽകിയ തുക തിരിച്ച് പിടിക്കാൻ സ്വീകരിച്ച മറുപടി സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

136. പയ്യന്നൂർ മുനിസിപ്പാലിറ്റി പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതി മുമ്പാകെ ലഭ്യമാക്കുന്നതിൽ വരുത്തിയ വീഴ്ച സമിതി അതീവ ഗൗരവമായി കാണുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് 15 ദിവസത്തിനകം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

137. തിരുനാവായ ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിയതാരാണെന്നും കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതാണെന്നുമുള്ള വിശദാംശങ്ങളും കെട്ടിടത്തിന്റെ സ്ട്രക്ച്ചറിനുണ്ടായ തകരാറ് സംബന്ധിച്ച വിശദാംശങ്ങളും അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

138. ചിറയിൻകിഴ് ബ്ലോക്ക് പഞ്ചായത്തിലെ നേരുകടവ് വയൽതിട്ട കോളം റോഡ് പുനരുദ്ധാരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കോൺട്രാക്ടർക്കെതിരെ ഫയൽ ചെയ്ത ബഹു. ഹൈ ക്കോടതിയിൽ നിലവിലുള്ള കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

139. ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പി.ഡബ്ല്യു.ഡി, കേരള വാട്ടർ അതോറിറ്റി, കെ. എസ്.ഇ.ബി എന്നിവടങ്ങളിൽ നിക്ഷേപിച്ച തുകയിൽ ഉപേക്ഷിക്കപ്പെട്ട പ്രവൃത്തികളുടെ തുക തിരിച്ച് പിടിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

140. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ക്രമീകരിക്കപ്പെടാതെ ഇനിയും ശേഷിക്കുന്ന 16, 31, 336/- രൂപയുടെ താൽക്കാലിക മുൻകൂറുകൾ അടിയന്തരമായി ക്രമീകരിച്ച് വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

141. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർമാർക്കും അക്രഡിറ്റഡ് ഏജൻസികൾക്കും വിവിധ കാലയളവിൽ നൽകിയ മുൻകൂറുകളിൽ ഇനിയും ക്രമവത്കരിക്കപ്പെടാതെ ശേഷിക്കുന്ന തുകകൾ അടിയന്തരമായി ക്രമവത്കരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 മാർച്ച് 16

## അനുബന്ധം 1

## പ്രധാന നിഗമനങ്ങൾ / ശിപാർശകൾ

| ക്രമ നം | ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം | ഖണ്ഡിക നം. | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | തദ്ദേശസ്വയംഭരണ വകുപ്പ് | 19 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് നിലവിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നടപടികൾ തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. |
| 2 | തദ്ദേശസ്വയംഭരണ വകുപ്പ് | 20 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സർവ്വേ നടത്തുന്നതിനും ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഭരണ വകുപ്പ് ഉറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | തദ്ദേശസ്വയംഭരണ വകുപ്പ് | 21 | സംരക്ഷണ ഗ്രാന്റിന്റെ വിതരണത്തിനായി യുക്തമായ നടപടികൾ സ്വീകരിക്കണമെന്നും ആസ്തികളുടെ പരിപാലനത്തിനായി ആവശ്യമായ പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 4 | തദ്ദേശസ്വയംഭരണ വകുപ്പ് | 22 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംരക്ഷണ ഗ്രാന്റ് അവയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ പരിപാലനത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും സംരക്ഷണ ഗ്രാന്റിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി വൻതോതിൽ നടക്കുന്ന വകമാറ്റം ഒഴിവാക്കുവാനും അനുയോജ്യമായ നിയന്ത്രണ നടപടികൾ ഭരണ വകുപ്പ് ഉറപ്പു വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| 5 | തദ്ദേശസ്വയംഭരണ വകുപ്പ് | 23 | സംരക്ഷണ ഗ്രാന്റിൽ നിന്ന് തനത് ഫണ്ടിലേയ്ക്ക് അനധികൃത വകമാറ്റം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വൈക്കം മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |

| | | | |
|---|---|---|---|
| 6 | തദ്ദേശസ്വയംഭരണ വകുപ്പ് | 58 | തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളുടെ/റവന്യൂ റിക്കവറി നടപടി കളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം കുടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുത്ത് റിപ്പോർട്ട് ലഭ്യമാക്കു വാനും സമിതി നിർദ്ദേശിക്കുന്നു. |
| 7 | തദ്ദേശസ്വയംഭരണ വകുപ്പ് | 59 | വാർഷിക വരുമാനം തെറ്റായി കണക്കാക്കിയത് മൂലം ഓഡിറ്റ് ചാർജ്ജ് ഇനത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് അധികം നൽകിയ തുക തിരിച്ച് പിടിക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും അധികമായി നൽകിയ തുക തിരിച്ച് പിടിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു. |
| 8 | തദ്ദേശസ്വയംഭരണ വകുപ്പ് | 60 | തൃശ്ശൂർ നഗരസഭയിലെ ജലവിഭാഗം 2006-07 മുതൽ നാളിതുവരെയുള്ള ഡി. സി. ബി പത്രികകൾ കാലികമാ ക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഡി.സി.ബി പത്രികകൾ കാലികമാക്കുന്നതിനോടൊപ്പം പിരിഞ്ഞു കിട്ടുവാനുള്ള വെള്ളക്കരം കുടിശ്ശിക എത്രയെന്ന് തിട്ടപ്പെടുത്തി ആയത് പിരിച്ചെടുക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | തദ്ദേശസ്വയംഭരണ വകുപ്പ് | 61 | കേരള വാട്ടർ അതോറിറ്റിയുടെ സ്വന്തവും അവർ തന്നെ കൈകാര്യം ചെയ്യുന്നതുമായ പീച്ചി ഡാമിന്റെ പരിപാലനത്തിനായി സംരക്ഷണ ഗ്രാന്റിൽ നിന്നും നഗരസഭ ക്രമരഹിതമായി വകമാറ്റിയ തുകയിൽ തിരികെ ലഭ്യമാക്കുവാനുള്ള തുക തിരിച്ച് പിടിക്കുന്നതിനായി 2010 ന് ശേഷം നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 10 | | 123 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചു വെങ്കിലും ജോലി ഭാരത്തിന് അനുസൃതമായി ജീവനക്കാരി ല്ലെന്ന് നിരീക്ഷിച്ച സമിതി ഓവർസീയർ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന് മുമ്പാകെ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പരിഗണിക്കുവാൻ ശിപാർശ ചെയ്യുന്നു. |